

# ശബരിമല അയ്യപ്പൻ സങ്കല്പവും യാഥാർത്ഥ്യവും

ശ്രീനി പട്ടത്താനം

# ശബരിമല അയ്യപ്പൻ
# സങ്കല്പവും യാഥാർത്ഥ്യവും

ശ്രീനി പട്ടത്താനം

പ്രസാധകർ
മാസ് പബ്ളിക്കേഷൻസ്
കൊല്ലം – 691004



## ശ്രീനി പട്ടത്താനം

1974 മുതൽ പ്രമുഖ ആനുകാലികങ്ങളിൽ എഴുതിത്തുടങ്ങി. 1978 നവംബറിൽ രണരേഖ എന്ന സാഹിത്യ - സാംസ്ക്കാരിക മാസിക ആരംഭിച്ചു. 1979 മുതൽ 80 വരെ തീരഭൂമി ദിനപ്പത്രത്തിൽ പത്രാധിപ സമിതി അംഗമായി പ്രവർത്തിച്ചു. 1981 ആഗസ്ററ് മുതൽ രണരേഖ യുക്തിവാദ മാസികയായി പുനപ്രസിദ്ധം ചെയ്തുതുടങ്ങി. 1986-ൽ മാസിക മുടങ്ങുന്നതുവരെ മുഖ്യ പത്രാധിപർ. 1988-ൽ യുക്തിരാജ്യം എന്ന യുക്തിവാദ മാസിക ആരംഭിച്ചു. ഇപ്പോൾ മാസികയുടെ പത്രാധിപർ. 1985 മാർച്ച് മുതൽ ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ സെക്രട്ടറിയായും സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ മനുഷ്യദൈവങ്ങൾ, അമൃതാനന്ദമയി ദിവ്യമാതാവോ?, കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും, ശബരിമല അയ്യപ്പൻ സങ്കല്പവും യാഥാർത്ഥ്യവും, കേരളത്തിലെ മനുഷ്യദൈവങ്ങൾ-കുറെക്കൂടി എന്നിവ പ്രധാന കൃതികൾ. താമസം കൊല്ലത്തിനടുത്തുള്ള അയത്തിൽ. വിലാസം:—
ആരാമം, കിളികൊല്ലൂർ പി. ഒ., കൊല്ലം-4.

# ശബരിമല
# അയ്യപ്പൻ
# സങ്കല്പവും
# യാഥാർത്ഥ്യവും

Sabarimala Ayyappan
Sankalpavum Yatharthyavum
Malayalam
Sreeni Pattathanam
Editor : Sreekumar
First Published May 1989
Printed at G. K. Printers
Quilon - 1
Second Edition February 1995
Printed at Rekha Printers, Kollam.
Cover Design
K. V. Jyothilal
Published by
Mass Publications, Kollam-4.
Copy right reserved
Price Rs. 30/-

# ഒന്നാം പതിപ്പിൻെറ ബാക്കിപത്രം

രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്ന ഈയവസരത്തിൽ ഒരു കാര്യം ഒന്നുകൂടി വിശദീകരിക്കുവനാഗ്രഹിക്കുന്നു.

ശബരിമലയിലെ വാവർ ഒരു ഇസ്ലാമല്ലെന്ന എൻെറ വാദം ഹിന്ദുവിനു ശബരിമലയിൽ പൂർണ സ്വാതന്ത്ര്യം നേടിക്കൊടുക്കുകയെന്ന ഉദ്ദേശ്യം വെച്ചുകൊണ്ടുള്ളതല്ല. മറിച്ചു ചരിത്രത്തിൻെറ ഇടിഞ്ഞുവീണ മൺകൂനകൾക്കുള്ളിൽ നിന്നും യാഥാർത്ഥ്യം ചികഞ്ഞെടുക്കാനുള്ള ശ്രമം മാത്രമാണ് ആ കാര്യത്തിൽ ഞാൻ വിജയിച്ചിട്ടുള്ളതായിട്ടാണ് തുടർന്നുള്ള പഠനം തെളിയിക്കുന്നതും.

ഒന്നാം പതിപ്പിൽ ഞാൻ സൂചിപ്പിച്ചിരിക്കുന്ന വാവർ പന്തളംകൊട്ടാരത്തിലെ പ്രഗത്ഭനായ പുരോഗിതനും രാജാവിൻെറ നിർദ്ദേശപ്രകാരം ശബരിമലയിൽ പുരോഗിത കർമ്മങ്ങൾ നടത്തിയിരുന്ന ഒരു ഹിന്ദുവുമാണെന്നതാണ്.

ഇതിന് ഉപോദ്ബലകമായി ലഭിച്ച മറ്റൊരറിവ് ബുദ്ധകേന്ദ്രങ്ങളിൽ പുരോഗിത കർമ്മങ്ങൾ നടത്തുന്നത് ബാവർമാരാണെന്നുള്ളതാണ്. നമ്മുടെ ബാബ്റി മസ്ജിദ് അതിനൊരുദാഹരണമാണ്. ഒരു ഹിന്ദു ക്ഷേത്രത്തിൻേറയോ മുസ്ളീം പള്ളിയുടെയോ വസ്തു ശില്പവുമായി ബന്ധമില്ലാത്ത ഒരു കേന്ദ്രമായിരുന്നു് ബാബ്റി മസ്ജിദ് അതു പൂർണ്ണമായും ഒരു ബുദ്ധമത വിഹാരമായിരുന്നു. അന്നു് അവിടുത്തെ പ്രധാന പൂജാ കർമ്മങ്ങൾ നടത്തിയിരുന്നതു് ബാബറിയ വിഭാഗത്തിൽപ്പെട്ട ബ്രാഹ്മണരായിരുന്നു. ബുദ്ധൻെറ കാലത്തു് മഹാ കോസലത്തിലെ ഭരണാധികാരി പ്രസേനജിത്തായിരുന്നു. അദ്ദേഹത്തിൻെറ കുടുംബ പുരോഹിതന്മാരായിരുന്നു് ബാവ്റിയ ബ്രാഹ്മണർ. പ്രസേനജിത്ത് ബുദ്ധമതം സ്വീകരിച്ചപ്പോൾ ബ്രാഹ്മണരും ബുദ്ധമതം സ്വീകരിച്ചു. പിന്നീട് ബുദ്ധമതം ക്ഷയിച്ചപ്പോൾ പലരും ഇസ്ളാം മതം സ്വീകരിച്ചു. അങ്ങനെ ബാബറിയാവിഹാരം ബാബ്റി മസ്ജീദായി മാറിയെന്നു് 'ബുദ്ധകാലീൻ രാജ് പരിവാർ' എന്ന ഗ്രന്ഥത്തിൽ പറയുന്നു.

ഈ വസ്തുതയുടെ പശ്ചാത്തലത്തിൽ ശബരിമലയെ പരിശോധിക്കുമ്പോൾ ശബരിമല ഒരു ബുദ്ധമത കേന്ദ്രമായിരുന്നുവെന്നതു് ചരിത്ര സത്യമാണ്. അക്കാലത്തു് ബുദ്ധമതം സ്വീകരിച്ച രാജാക്കന്മാരുടെ പട്ടികയിൽ പന്തളം രാജാക്കന്മാരും ഉണ്ടാകണം. അവരായിരിക്കണം ശബരിമലയുടെ കാര്യങ്ങൾ നിയന്ത്രിച്ചവർ

അവരുടെ അഭ്യർത്ഥന പ്രകാരം പുരോഗിത പ്രമാണികളായ ബാബറിയാ ബ്രാഹ്മണർ ശബരിമലയിൽ വന്നു് പൂജാദി കാര്യങ്ങൾ നോക്കിയിട്ടുണ്ടാവണം. ബാവർ എന്ന ശബ്ദം ഉദയം ചെയ്തതു് അങ്ങനെയാവണം.

കാലക്രമത്തിൽ ശബരിമല ക്ഷേത്രം കൊള്ളക്കാരുടെ ആക്രമത്തിനും അനവധി തീപിടുത്തങ്ങൾക്കും ഇരയായിട്ടുണ്ടു്. കാലപ്പഴക്കത്തിൽ പിന്നീടു് ശബരിമലയുടെ അവകാശികളായി വന്നവർ, ബുദ്ധമത ശത്രുക്കളായ അദ്വൈതികളായിരുന്നു. അവർ ഹരിയുടെയും ഹരന്റെയും പുത്രനായ അയ്യപ്പ (ഹരിഹരസുതൻ)നെ പല കെട്ടുകഥകൾ രചിക്കുകയും ചെയ്തു. അങ്ങനെയാണു് ബ്രാഹ്മണനായ ബാവർ മുസ്ലീമായ വാവരായി മാറുന്നതു്.

അദ്വൈത സൃഷ്ടിയുടെ പൊയ്മുഖം വലിച്ചു് കീറുന്നതിനും യാഥാർത്ഥ്യത്തിന്റെ പവിത്രത ഉൾക്കൊള്ളുന്നതിനുമായി പ്രബുദ്ധരായ വായനക്കാരുടെ മുന്നിലേയ്ക്കു് ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

—ശ്രീനി പട്ടത്താനം

ദൈവങ്ങളെ ഭാവനകൊണ്ട് സൃഷ്ടിച്ചെടുത്ത പ്രാചീന മനുഷ്യർ തങ്ങൾക്കുള്ള ജീവിത സൗകര്യങ്ങൾ മാത്രമാണ് തങ്ങളുടെ സൃഷ്ടികൾക്കും നൽകിപ്പോന്നിരുന്നത്. ആഹാരം, പാർപ്പിടം ഇവയുടെ കാര്യത്തിൽ ദൈവങ്ങൾ തങ്ങളെക്കാൾ സമ്പന്നരോ തങ്ങളിൽനിന്ന് വ്യത്യസ്തരോ ആയിരിക്കണമെന്ന് അവരാഗ്രഹിച്ചിരുന്നില്ല.

ദൈവങ്ങളും മനുഷ്യരുംതമ്മിൽ കുറഞ്ഞ അകലം മാത്രമുണ്ടായിരുന്ന ആ പ്രാചീന ഘട്ടത്തിൽനിന്ന് സ്ഥിതികളേറെ മാറിയിന്ന്. കൽച്ചുമരുകളും മേൽക്കൂരയുമില്ലാതെ മരച്ചുവട്ടുകളിൽ പ്രതിഷ്ഠിച്ചിരുന്ന ദൈവങ്ങളെ ക്ഷേത്രങ്ങൾക്കുള്ളിലാക്കി പ്രതിഷ്ഠിച്ചു. ജനങ്ങളെ ചൂഷണം ചെയ്യാനും നിയന്ത്രണത്തിലാക്കി വയ്ക്കാനും പററിയ ഏററവും നല്ല ഉപാധിയായി ക്ഷേത്രങ്ങളേയും ദൈവങ്ങളേയും വരേണ്യവർഗ്ഗം മാററിയെടുത്തു.

ഈ മേഖലയിലെ സാദ്ധ്യതകൾ കണ്ടറിഞ്ഞ മതമേധാവികളും പുരോഹിതന്മാരും പുതിയ പുതിയ ദൈവങ്ങളെ സൃഷ്ടിച്ചു. അവയുടെ ഉല്പത്തിയെക്കുറിച്ചും അത്ഭുത ശക്തികളെക്കുറിച്ചും ചമയ്ക്കപ്പെട്ട കഥകളിലൂടെ ജനങ്ങളിൽ വിശ്വാസം സ്ഥാപിച്ചെടുക്കുകയും ചെയ്തു. ചരിത്ര പുരുഷന്മാരും സങ്കല്പ കഥാപാത്രങ്ങളുമൊക്കെ ഈ രീതിയിൽ ദൈവവല്ക്കരിക്കപ്പെട്ടവരിൽ ഉൾപ്പെടും. ഇങ്ങനെ രൂപംകൊണ്ടൊരു ദൈവമാണ് ശബരിമല അയ്യപ്പൻ. അയ്യപ്പന്റെ ഉല്പത്തിയെക്കുറിച്ച് അനവധി കഥകളും ഉപകഥകളുമൊക്കെ പ്രചാരത്തിലുണ്ട്. മകരജ്യോതി, ദിവ്യനക്ഷത്രം, പരുന്തുപറക്കൽ തുടങ്ങിയ ദിവ്യാത്ഭുതങ്ങളുടെ പിൻതുണയും അയ്യപ്പകഥയ്ക്കുണ്ട്. ചരിത്രത്തിന്റേയും യുക്തിയുടേയും അടിസ്ഥാനത്തിൽ അയ്യപ്പകഥയെ പരിശോധിക്കുകയാണീ ഗ്രന്ഥത്തിൽ.

പുരോഗമനോന്മുഖമായ ചരിത്രഗതിക്ക് തടസ്സം സൃഷ്ടിക്കുന്ന ശക്തിയായി മതവർഗ്ഗീയത മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു ഗ്രന്ഥത്തിന് ഏറെ പ്രസക്തിയുണ്ട്. അതാണീ പുസ്തകത്തിന്റെ പ്രസാധനത്തിനുള്ള പ്രേരണയും.

— എഡിററർ

# മുഖവചനം

നമ്മുടെ ക്ഷേത്രങ്ങളും പള്ളികളും ഇന്ന് വിഷ സർപ്പങ്ങൾക്ക് തുല്യമാണ്.

ആരാധനാലയം സർപ്പമാണെങ്കിൽ ആരാധനാവിഗ്രഹം സർപ്പ വിഷമാണ്.

സർപ്പവിഷം മനുഷ്യനിൽ ബാധിച്ചാൽ ബോധം നിലക്കുന്നതു പോലെ വിഗ്രഹങ്ങളെക്കുറിച്ചുള്ള ബോധം മനസ്സിലുണ്ടാകുമ്പോഴും ബോധം നിലക്കുന്നു.

സർപ്പവിഷമേൽക്കുന്നവൻ മരിക്കുകയാണെങ്കിൽ വിഗ്രഹ ബോധവിഷം ഏൽക്കുന്നവൻ ഭ്രാന്തനായി മാറുകയും സ്വന്തം സഹോദര ങ്ങളെപ്പോലും കൊല ചെയ്യുകയും ചെയ്യുന്നു.

ശിരസ്സററ സഹോദരൻെറ നെഞ്ചിൽ കയറിനിന്ന് അവൻ പിന്നെ താണ്ഡവം ആടുന്നു. അററ ശിരസ്സിൽനിന്നും കണ്ഠത്തിൽ നിന്നും ചീററിയൊഴുകുന്ന രക്തം കണ്ട് അവൻ ആർത്തട്ടഹസിക്കുന്നു. ഭ്രാന്തമായ അവൻെറ ആനന്ദം കണ്ട് ചുററും നിൽക്കുന്നവർ അമ്പര ന്നോടുന്നു.

ഇത്തരം കൊലക്കളങ്ങൾ നമ്മുടെ നാട്ടിൽ നിത്യവും പെരുകി ക്കൊണ്ടിരിക്കുന്നു. സാഹോദര്യത്തിൻെറയും മിത്രസ്നേഹത്തിൻെറ യും ശാന്തിയുടെയും ഒരു ജീവിതം നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നമ്മു ടെ ജീവിതം ശിഥിലമാക്കുന്ന ഈ വിഗ്രഹങ്ങൾ നമുക്കെന്തിന്. അവ നമുക്ക് വലിച്ചെറിയാം. പകരം ശാസ്ത്രബോധം തുടിക്കുന്ന അക്ഷ രങ്ങളുടെ നിരകൾ നമുക്ക് സ്ഥാപിക്കാം.

* * * * * *

മനുഷ്യ മനസ്സിൽ ബാധിച്ചിരിക്കുന്ന എല്ലാ ദൈവങ്ങളും സങ്ക ല്പങ്ങളാണ്. യഹോവയും അല്ലാഹുവും ബ്രഹ്മാവും ശിവനും

വിഷ്ണുവും അയ്യപ്പനുമൊക്കെ ഇത്തരം വിശ്വാസങ്ങളാണു്. ഇവയെ നാം സൂക്ഷ്മമായി പരിശോധിച്ചാൽ സത്യം മനസ്സിലാക്കാവുന്നതാണു്. അങ്ങനെയൊരു എത്തിച്ചേരലിന്റെ ഫലമാണ് ഈ ഗ്രന്ഥം. ഇത്തരം പരിശോധന നമ്മുടെ എല്ലാ ദൈവങ്ങളുടെ മേലിലും നടക്കേണ്ടിയിരിക്കുന്നു. ആ പൊളിച്ചെഴുത്തുകളിലൂടെ എല്ലാ ദൈവങ്ങളുടേയും യാഥാർത്ഥ്യം നമുക്കു മനസ്സിലാക്കാൻ കഴിയും. ആ യജ്ഞം പൂർത്തിയാകുമ്പോൾ നമ്മുടെ പ്രപഞ്ചത്തിൽനിന്നും എല്ലാ ദൈവങ്ങളും മരിച്ചിരിക്കും. ആ യജ്ഞത്തിനു് നമുക്കു് വ്യാപൃതരാകാം.

— ശ്രീനി പട്ടത്താനം

ഒന്ന്

# അയ്യപ്പനും ഐതിഹ്യങ്ങളും

# വിശ്വഹിന്ദു പരിഷത്തിൻെറ അയ്യപ്പപുരാണം

ശബരിമല അയ്യപ്പനെക്കുറിച്ച് അനവധികഥകൾ നിലവിലുണ്ട്. അവ ഓരോന്നും പരിശോധിച്ചാൽ ഓരോന്നിലും ചരിത്രവും സങ്കല്പവും ഇടകലർന്ന് കിടക്കുന്നതു കാണാം. നമുക്കതു് ഓരോന്നും പരിശോധിക്കാം.

നിലവിലുള്ള അയ്യപ്പഭക്തന്മാർക്കുവേണ്ടി ഹിന്ദുമുന്നണി നേതാവും വിശ്വഹിന്ദുപരിഷത്ത് പ്രവർത്തകനുമായ കുമ്മനം രാജശേഖരൻെറ നിർദ്ദേശപ്രകാരം എൻ. കൃഷ്ണമൂർത്തി എഴുതി തയ്യാറാക്കി വിശ്വഹിന്ദുപരിഷത്ത് പ്രസിദ്ധീകരിച്ച 'ശ്രീഅയ്യപ്പൻ' എന്ന ഗ്രന്ഥത്തിൽ പറയുന്ന കഥ ആദ്യം നോക്കാം.

"അപ്സരസ്ത്രീകൾ സുഗന്ധപുഷ്പങ്ങളെക്കൊണ്ട് അതിമനോഹരമായ ഒരു മാല്യം ചമച്ച് അതു് ആർക്കാണ് സമ്മാനിക്കേണ്ടതു് എന്ന് ആലോചിക്കവെ, ദുർവ്വാസാവ് അവിടെ വന്നുചേർന്നു. ദേവസ്ത്രീകൾ ആ മാല മഹർഷിക്ക് സമ്മാനിച്ചു. കേവലം ത്യാഗിയായ തനിക്ക് ഈ മാലയുടെ ആവശ്യം കാണായ്കയാൽ അതു ചൂടാതെയും ഛിന്നഭിന്നമാക്കാതെയും ധരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ദുർവ്വാസാവ് പ്രകൃതമാല്യം ദേവേന്ദ്രന് നൽകി.

ദേവേന്ദ്രൻ തൻെറ നാൽക്കൊമ്പനാനയുടെ പുറത്തിരുന്ന് ഗജത്തിൻെറ മസ്തകത്തിൽ മാല വെച്ച്, തലമുടി വിടർത്തിക്കെട്ടാൻ ശ്രമിച്ചപ്പോൾ നിരവധി ഷഡ്പദങ്ങൾ പൂവിലേയ്ക്ക് ആകർഷിക്കപ്പെട്ടു. വണ്ടുകളുടെ ശല്യം അസഹ്യമായപ്പോൾ, ഐരാവതം തുമ്പിക്കൈകൊണ്ട് മാല വലിച്ചെടുത്തു് കാലുകൊണ്ട് ചവുട്ടിഞെരിച്ചു. തന്നോടുള്ള അനാദരവ് നിമിത്തമാണ് ഇപ്രകാരം സംഭവിച്ചതെന്ന് കരുതി ദുർവ്വാസാവ് ദേവേന്ദ്രനും ദേവന്മാർക്കും ജരാനര ബാധിക്കട്ടെ എന്ന് ശപിച്ചു.

ദേവേന്ദ്രൻ പരിഭ്രാന്തനായി നടന്ന സംഭവമെല്ലാം മഹർഷിയെ വിനീതമായി അറിയിച്ചു. ശാപമോക്ഷം നൽകണമെന്ന് അപേക്ഷിച്ചു. കാര്യങ്ങൾ ഗ്രഹിച്ച് ശാന്തനായി, അമൃതു് സേവിച്ചാൽ ജരാനര മാറുമെന്നും അമരത്വം കൈവരുമെന്നും മുനി അരുളിച്ചെയ്തു.

മഹർഷിയുടെ ശാപത്താൽ ജരാനര ബാധിച്ച ദേവേന്ദ്രാദികൾ മഹാവിഷ്ണുവിനെ അഭയംപ്രാപിച്ചു. പാൽക്കടലിൻെറ അധോഭാഗത്തു് സ്ഥിതിചെയ്യുന്ന അമൃതു് മഥനംചെയ്തു് എടുക്കാൻ വൈരികളെങ്കിലും അസുരന്മാരെയും കൂട്ടുപിടിക്കണമെന്ന് മഹാവിഷ്ണു നിർദ്ദേശിച്ചു. ദേവാസുരന്മാർ ഒന്നുചേർന്ന് പാലാഴിമഥനം ആരംഭിച്ചു.

മന്ഥരപർവ്വതത്തെ മത്തായും വാസുകിയെന്ന മഹാസർപ്പത്തെ കയറായും ഉപയോഗിച്ച് അവർ പാലാഴികടഞ്ഞപ്പോൾ അമൃതകുംഭം ഉയർന്നുവന്നു. വിരുതന്മാരായ അസുരന്മാർ അമൃതകലശവുംകൊണ്ട് പമ്പ കടന്നു

ദേവേന്ദ്രാദികൾ അടുത്ത നിവൃത്തിമാർഗ്ഗം ചിന്തിച്ചു. മഹാവിഷ്ണുവിനെത്തന്നെ വീണ്ടും അഭയം പ്രാപിക്കാൻ തീരുമാനിച്ചു. തന്നെ അഭയംപ്രാപിച്ച ദേവന്മാരുടെ നിസ്സഹായതകണ്ട് ഇതിനു പരിഹാരം കാണണമെന്ന് വിഷ്ണുഭഗവാൻ ഉറച്ചു. ദേവേന്ദ്രാദികളോട് സമാധാനമായി പൊയ്ക്കൊള്ളുവാൻ പറഞ്ഞിട്ട്, വിഷ്ണുഭഗവാൻ മോഹിനീരൂപം ധരിച്ചു. മാദകസുന്ദരിയായ മോഹിനി അസുരന്മാരെ സമീപിച്ചു.

മായാ മോഹിതരായ അസുരന്മാർ മോഹിനിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായി. ഈ തക്കംനോക്കി അമൃതകുംഭവുംകൊണ്ട് മോഹിനി അപ്രത്യക്ഷയായി. ദേവലോകത്തെത്തിയ മോഹിനി ദേവന്മാർക്കെല്ലാം അമൃതു് വിളമ്പി. അവരെല്ലാം പൂർവ്വസ്ഥിതിയെ പ്രാപിച്ചു.

മായാമോഹിനിയായി അസുരന്മാരെ വശീകരിച്ച വിഷ്ണുഭഗവാനെ ദേവേന്ദ്രാദികൾ പ്രശംസിച്ചു. മോഹിനിരൂപം തനിക്കും കാണണമെന്ന് പരമശിവൻ ആഗ്രഹം പ്രകടിപ്പിച്ചു. മഹാവിഷ്ണു ആദ്യം തടസ്സം പറഞ്ഞുവെങ്കിലും ശ്രീപരമേശ്വരന്റെ നിർബ്ബന്ധത്തിനു വഴങ്ങി ഒരിക്കൽക്കൂടി മോഹിനിയായി.

മഹാവിഷ്ണു തന്റെ മായാശക്തികൊണ്ട് നയന സുന്ദരമായ ഒരു ഉദ്യാനം നിർമ്മിച്ചു. മോഹിനിയുടെ തരുണീസൗന്ദര്യം കണ്ട് പരമശിവൻ എല്ലാം മതിമറന്നു. അവർ പ്രണയബദ്ധരായി ആലിംഗനംചെയ്തു. അങ്ങനെ ഹരിഹരപുത്രനായി അയ്യപ്പൻ അവതരിച്ചു.

ശിവനും വിഷ്ണുവും കൈലാസ വൈകുണ്ഠങ്ങളിലേക്ക് പോയി. മനുഷ്യശിശുവിന്റെ രൂപം ധരിച്ച്, ഹരിഹരസുതൻ കാട്ടിൽ അനാഥനായി കിടന്നു് കരഞ്ഞുകൊണ്ടിരുന്നു.

പന്തളത്തു രാജാവു് രാജശേഖരൻ നായാട്ടിനായി ആ വനത്തിൽ വന്നുചേർന്നു. മൃഗങ്ങളെ വേട്ടയാടി തളർന്ന രാജാവു് അൽപ്പം വിശ്രമിച്ചു. ശരീരക്ഷീണത്താൽ തെല്ലൊന്നു മയങ്ങി. സന്താനമില്ലായ്കയാലുള്ള ദുഃഖത്താൽ അദ്ദേഹം ദുഃഖിതനായിരുന്നു.

ദൈവനിശ്ചയമെന്നു പറയട്ടെ, ഹരിഹരസുതന്റെ ദീനരോദനം രാജാവിന്റെ ചെവികളിൽ മുഴങ്ങി. അത്ഭുതപരതന്ത്രനായ രാജാവു് ചാടിയെണീററ് ചുററുപാടും നോക്കി. സൂര്യചന്ദ്രന്മാരുടെ ശോഭയെ വെല്ലുന്ന മുഖകാന്തിയുള്ള ഒരു കുഞ്ഞു് തന്റെ മുമ്പിൽ കിടക്കുന്നതുകണ്ട് രാജാവു് സന്തോ

ഷിച്ചു. രാജാവു് ആ ബാലനെ കൊട്ടാരത്തിൽ കൂട്ടിക്കൊണ്ടുപോയി മകനായി വളർത്തി. കുഞ്ഞിന്റെ കഴുത്തിൽ ഒരു മണി ഉണ്ടായിരുന്നതിനാൽ ബാലനു് മണികണ്ഠൻ എന്നു നാമകരണം ചെയ്യപ്പെട്ടു.

മണികണ്ഠൻ പന്തളരാജാവിന്റെ സംരക്ഷണത്തിൽ വളർന്നുവന്നു. ക്ഷത്രിയോചിതമായ വിദ്യകൾ ആ ബാലൻ അഭ്യസിച്ചു. അൽപ്പകാലത്തിനുള്ളിൽ വേദശാസ്ത്രാദികളിലും അസ്ത്രശാസ്ത്രാദികളിലും മണികണ്ഠൻ പ്രാവീണ്യം നേടി. ചെറുപ്പത്തിൽത്തന്നെ അദ്ദേഹം പല അൽഭുതങ്ങളും കാട്ടിയിരുന്നു. ഗുരുകുലത്തിൽവെച്ച് ഒരു ബാലന്റെ അന്ധത്വവും മൂകത്വവും അകററുവാൻ മണികണ്ഠനു് കഴിഞ്ഞു.

വാവരുടെ നേതൃത്വത്തിൽ ഒരു കൊള്ള സംഘം ഉണ്ടായിരുന്നു. നാട്ടുകാരുടെ പേടിസ്വപ്നമായ വാവരെ നേരിടാൻ ആർക്കും ധൈര്യം ഉണ്ടായിരുന്നില്ല. കഠിനഹൃദയനും ക്രൂരചിത്തനുമായ വാവർ രാജ്യത്തിലുടനീളം കൊള്ളയും കവർച്ചയും ആരംഭിച്ചു. ജനങ്ങളെല്ലാം പരിഭ്രാന്തരായി. പന്തളം രാജാവു് നിസ്സഹായനായി നോക്കി നിന്നു. വാവരെ നേരിടാൻ തന്നെ അനുവദിക്കണമെന്നു് മണികണ്ഠൻ രാജാവിനോട്ടു് അപേക്ഷിച്ചു. മനസ്സില്ലാമനസ്സോടെ അദ്ദേഹം മണികണ്ഠനെ ആശീർവദിച്ചു യാത്രയാക്കി.

ഘോരയുദ്ധം നടന്നു. വാവരുടെ സൈന്യത്തെയെല്ലാം തന്റെ അമാനുഷശക്തിയിൽ ചെറുത്തു തോൽപ്പിക്കാൻ മണികണ്ഠനു നിഷ്പ്രയാസം സാധിച്ചു. വാവർ മാനസാന്തരപ്പെട്ടു് മണികണ്ഠന്റെ കാൽക്കൽ വീണു് മാപ്പപേക്ഷിച്ചു. വാവർക്കു് തത്വോപദേശം നൽകി മണികണ്ഠൻ തന്റെ ശിഷ്യനായി സ്വീകരിച്ചു.

വാവരെ തോൽപ്പിച്ചതോടെ മണികണ്ഠന്റെ യശസ്സു് രാജ്യമെങ്ങും വ്യാപിച്ചു. രാജശേഖര രാജാവു് സന്തോഷിച്ചു. ജനങ്ങളെല്ലാം മണികണ്ഠന്റെ ചുററും ആനന്ദനൃത്തം ചെയ്തു.

ഇക്കാലത്തു് രാജശേഖര രാജാവിന്റെ പത്നി ഗർഭം ധരിച്ചു് യഥാകാലം രാജ്ഞി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. 'രാജരാജൻ' എന്ന പേരിൽ ആ ബാലനും കൊട്ടാരത്തിൽ വളർന്നുവന്നു. രാജാവു് മണികണ്ഠനെ സീമന്തപുത്രനായിത്തന്നെ കരുതിയെങ്കിലും രാജ്ഞിക്കു് അതിനു് കഴിഞ്ഞില്ല. അവർ സ്വന്തം പുത്രനെ കൂടുതൽ ലാളിക്കാനും സ്നേഹിക്കാനും ആരംഭിച്ചു.

കുട്ടികൾ ഇരുവരും വളർന്നു വലുതായി. വാർദ്ധക്യത്താൽ രാജശേഖരരാജാവിനു് രാജ്യഭരണം നിർവ്വഹിക്കാൻ ബുദ്ധിമുട്ടു് അനുഭവപ്പെട്ടു. മഹാരാജാവിന്റെ കൽപ്പനപ്രകാരം മണികണ്ഠനെ രാജാവാക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചു.

രാജാവിൻെറ നീക്കങ്ങൾ മന്ത്രിക്ക് രസിച്ചില്ല. അയാൾ രാജപത്നിയെ സമീപിച്ച് കാര്യങ്ങൾ ഗ്രഹിപ്പിച്ചു. സ്വന്തം പുത്രനെ അവഗണിച്ച് വളർത്തു പുത്രനെ രാജാവാക്കുന്നതു കണ്ടിരിക്കാൻ ഒരു മാതൃഹൃദയത്തിനു് എങ്ങിനെ കഴിയും? രാജ്യം അന്യാധീനപ്പെടുത്തുന്നതിനു തുല്യമായ പ്രവൃത്തിയല്ലേ അതു്? നിങ്ങൾക്ക് മണികണ്ഠൻെറ ദാസിയായി കഴിയേണ്ടിവരികയില്ലേ? തുടങ്ങിയ മന്ത്രിയുടെ സങ്കുചിത വചനങ്ങൾ കേട്ട് രാജ്ഞി ദുഃഖിതയായി.

എങ്ങിനെയെങ്കിലും ഈ അപകടത്തിൽനിന്നും തന്നെയും തൻെറ കുമാരനെയും രക്ഷിക്കണമെന്നു് രാജ്ഞി മന്ത്രിയോട് ആവശ്യപ്പെട്ടു. മന്ത്രിയുടെ വീട്ടിൽവെച്ചുനടന്ന ഒരു വിരുന്നിൽ രഹസ്യമായി വിഷം കലർത്തിയ ഭക്ഷണം മണികണ്ഠനു് നൽകപ്പെട്ടു. എന്നാൽ ആ ദിവ്യകുമാരനു് യാതൊന്നും സംഭവിച്ചില്ല.

രാജ്ഞിയും മന്ത്രിയും ഗൂഢാലോചന പുനരാരംഭിച്ചു. അവർ മറെറാരു നാടകം അഭിനയിച്ചു. ഒരു വൈദ്യരെയും അവർ കൂട്ടുപിടിച്ചു. മണികണ്ഠനും രാജാവും ഇതൊന്നും അറിഞ്ഞതേയില്ല.

അടുത്തദിവസം പ്രഭാതത്തിൽ രാജ്ഞി രോഗിണിയായി അഭിനയിച്ച് രോഗശയ്യയിൽ കിടന്നു് അവർ നിലവിളിക്കാൻ ആരംഭിച്ചു.

രാജാവു് മന്ത്രിയോടു് വൈദ്യനെ കൂട്ടിക്കൊണ്ടുവരാൻ ആവശ്യപ്പെട്ടു. വൈദ്യൻ വന്നു് രാജ്ഞിയെ വിശദമായി പരിശോധിച്ചു. അതികലശലായ തലവേദനനിമിത്തമാണു് രോഗി കരയുന്നതെന്നും രോഗം മാററാൻ സിദ്ധവൈദ്യപ്രകാരം ഒരേയൊരു ഒററമൂലിയെ ഉള്ളുവെന്നും പുലിപ്പാലിൽ ചേർത്തു കഴിച്ചാലെ ദീനം മാറുകയുള്ളു എന്നും വൈദ്യൻ വിധികല്പിച്ചു.

രാജാവു് അങ്ങേയററം ദുഃഖിതനായി. പുലിപ്പാൽ കൊണ്ടുവരാൻ മനുഷ്യനു് സാധിക്കുമോ? പുലിപ്പാൽ കിട്ടാതെ രോഗം ചികിത്സിച്ചു മാററാൻ തരമില്ലെന്നു വൈദ്യൻ വിധിക്കുന്നു. ഇനിയെന്തുചെയ്യും?

കാര്യങ്ങൾ ഗ്രഹിച്ച മണികണ്ഠൻ രാജാവിൻെറ മുമ്പിൽവന്നു് ഇപ്രകാരം പറഞ്ഞു—'താതൻ ഞാൻ ജീവിച്ചിരിക്കുമ്പോൾ മാതാപിതാക്കളുടെ ആവശ്യങ്ങൾ അപൂർണ്ണം നിറവേററപ്പെടും. അമ്മയുടെ രോദനം കേൾക്കാൻ ഞാൻ അശക്തനാണു്. ഞാനിതാ കാട്ടിലേക്കു പോകുന്നു. അമ്മയുടെയും അച്ഛൻെറയും അനുഗ്രഹത്താൽ നിമിഷങ്ങൾക്കുള്ളിൽ പുലിപ്പാലുമായി ഞാനിവിടെ മടങ്ങിയെത്തും. അങ്ങ് സന്തോഷത്തോടെ എനിക്ക് യാത്രാനുമതി നൽകിയാലും.'

പുത്രവത്സലനായ രാജാവിനു് ആ നിർദ്ദേശം സ്വീകാര്യമായിത്തോന്നിയില്ല. ഇത്തരം സാഹസങ്ങൾക്ക് മകനെ നിയോഗിക്കാൻ ആ പിതൃഹൃദയം അനുവദിച്ചില്ല. യുവരാജാവാകേണ്ട മണികണ്ഠൻ വ്യാഘ്രത്തിൻെറ ഘോരദംഷ്ട്രങ്ങൾക്കിടയിൽ പിടഞ്ഞു മരിക്കുന്ന ചിത്രം അദ്ദേഹത്തിൻെറ മനസ്സിൽ പൊന്തിവന്നു.

ക്ഷത്രിയധർമ്മമനുസരിച്ച് താൻ ചെയ്യുന്ന പ്രവർത്തികൾക്ക് രാജാവു് തടസ്സം നിൽക്കുന്നതു് ഉചിതമല്ലെന്നും, പ്രിയപുത്രൻെറ അഭിലാഷം മനസ്സിലാക്കി പുലിപ്പാൽ കൊണ്ടുവരാൻ അനുവദിക്കണമെന്നും മണികണ്ഠൻ അറിയിച്ചു. രാജാവിനു് ഒടുവിൽ സമ്മതം നൽകേണ്ടിവന്നു.

മണികണ്ഠൻ ശ്രീപരമേശ്വരനേയും, മഹാവിഷ്ണുവിനേയും ധ്യാനിച്ചുകൊണ്ടു് വനത്തിലേക്കോടി. ഈ കാഴ്ചകണ്ടു് ചിലർ സന്തോഷിച്ചു. മററുചിലർ മണികണ്ഠൻെറ രക്ഷക്കായി പ്രാർത്ഥനകൾ നടത്തി. വേറെ ചിലർ പരിഹാസമായി, മടങ്ങിവരുമ്പോൾ ഞങ്ങൾക്കും ഓരോ പുലിക്കുട്ടികളെത്തരണം എന്നു നിന്ദിച്ചു പറഞ്ഞു.

മണികണ്ഠൻെറ പ്രാർത്ഥന കൈലാസനാഥൻെറ കണ്ണു് തുറപ്പിച്ചു. മണികണ്ഠനെ രക്ഷിക്കാൻ ശ്രീപരമേശ്വരൻ തൻെറ ഭൂതഗണങ്ങളെ പറഞ്ഞയച്ചു. വിഷ്ണുഭഗവാൻ തൻെറ മായാശക്തിയാൽ പുലികളെ സൃഷ്ടിച്ച് അവയോടു് മണികണ്ഠൻെറ ആജ്ഞാനുവർത്തികളായി വർത്തിക്കാൻ ആജ്ഞാപിച്ചു.

അക്കാലത്തു് ദത്തൻ എന്ന ദേവകുമാരൻ ലീല എന്ന ദേവസ്ത്രീയിൽ അനുരക്തനായി. ഒടുവിൽ ദത്തൻ ലീലയെ മഹിഷിയായി സ്വീകരിച്ചു. ധർമ്മതൽപ്പരനായിരുന്ന ദത്തനു് ലോകവിരക്തി സംഭവിച്ചു. ധർമ്മപ്രചരണത്തിനിറങ്ങിത്തിരിച്ച ദത്തനെ അതിൽനിന്നും പിൻതിരിപ്പിക്കാൻ ലീല ഉദ്യമിച്ചു. തൻെറ സദുദ്യമത്തെ വിലക്കിയ മഹിഷിയെ 'നീ മഹിഷരൂപത്തോടെ അസുരവംശത്തിൽ ജനിക്കാൻ ഇടവരട്ടെ' എന്നു ദത്തൻ ശപിച്ചു. 'ഞാൻ മഹിഷിയായി ജനിക്കുമ്പോൾ അങ്ങു് ഒരു മഹിഷമായി ജനിച്ച് എന്നോടുകൂടി രമിക്കാൻ ഇടവരട്ടെ' എന്നു ലീലയും ദത്തനെ ശപിച്ചു.

ദത്ത ശാപത്താൽ മഹിഷീമുഖിയായ ലീല ക്രൂരാട്ടഹാസത്തോടെ വനത്തിലേക്കോടി. അവർ ഘോര തപസ്സുചെയ്തു് ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തി. കാലാന്തരത്തിൽ അവർ ദേവലോകത്തെ ഒന്നടങ്കം പിടിച്ചുകുലുക്കി. ദേവേന്ദ്രനെയും ദേവന്മാരെയും അവൾ പോരിനുവിളിച്ചു. ദേവേന്ദ്രാദികൾ ബ്രഹ്മാവിനോടു് സങ്കടമുണർത്തിച്ചു. ബ്രഹ്മാവു് പരമശിവനുമായും മഹാവിഷ്ണുവുമായും ചർച്ചകൾ നടത്തി. ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാർ ഒരുമിച്ചു് മായാശക്തിയാൽ ഒരു സുന്ദര മഹിഷത്തെ സൃഷ്ടിച്ചു.

സുന്ദരമഹിഷത്തിൽ മഹിഷി അനുരക്തയായി. മഹിഷവും മഹിഷിയും ഭൂമിയിലെത്തി. ഇന്നു കാണുന്ന കാട്ടുപോത്തുകൾ അവരുടെ സന്തതിപരമ്പരകളാണെന്നു് വിശ്വസിക്കപ്പെടുന്നു. മഹിഷി വീണ്ടും ദേവന്മാരെ ഉപദ്രവിച്ചുവന്നു. ദേവന്മാർ മണികണ്ഠനിലൂടെ മഹിഷിവധം നടത്തണമെന്നു് തീർച്ചപ്പെടുത്തി.

പുലിപ്പാൽ തേടി വനത്തിലെത്തിയ മണികണ്ഠൻെറമേൽ മഹിഷി ചാടിവീണു. വീരശൂരപരാക്രമിയായിരുന്ന മണികണ്ഠൻ തൻെറ ബലിഷ്ഠ

കരങ്ങളാൽ മഹിഷിയെ പൊക്കിയെടുത്തു് ദൂരെയെറിഞ്ഞു. മഹിഷി രക്തം ഛർദ്ദിച്ചു് നിലംപതിച്ചു. ഹരിഹരപുത്രന്റെ അനുഗ്രഹത്താൽ മഹിഷി പൂർവ്വ രൂപം പ്രാപിച്ചു. അവൾ സുന്ദരിയായ ലീലയായി മാറി.

ശ്രീഭൂതനാഥന്റെ കാൽക്കൽവീണു് ലീല തന്നെ സഹധർമ്മിണിയായി സ്വീകരിക്കണമെന്നു് അപേക്ഷിച്ചു. നൈഷ്ഠികബ്രഹ്മചാരിയായ ഹരിഹര പുത്രൻ അതിനു് വിസമ്മതിച്ചു. എന്നാൽ തന്റെ സഹോദരിയായി വാമഭാഗത്തു് അല്പം അകലെ സ്ഥിതിചെയ്യുവാൻ അനുവാദം നൽകി. അങ്ങനെ ആ ദേവസ്ത്രീ മാളികപ്പുറത്തമ്മയായി രൂപാന്തരപ്പെട്ടു.

മഹിഷീമർദ്ദനനായ ശ്രീഭൂതനാഥന്റെ മുൻപിൽ ശ്രീപരമേശ്വരൻ പ്രത്യക്ഷപ്പെട്ടു. പരമശിവൻ മണികണ്ഠനോടു് ഇപ്രകാരം അരുളിച്ചെയ്തു.

'താരകബ്രഹ്മമയനായ നിന്റെ പ്രവൃത്തികൊണ്ടു് ഞാൻ അത്യധികം സന്തോഷിക്കുന്നു. ശബരകുലത്തിൽ ശബരി എന്ന യോഗിനി ബ്രഹ്മസായൂജ്യത്തിനായി നിന്നെ കാത്തിരിക്കുന്നു. അവൾക്കു് സായൂജ്യം നൽകിയാലും. അനന്തരം പുലികളുമായി പന്തളരാജസന്നിധിയിലെത്തുക. നിന്റെ പ്രവൃത്തികൾ നിനക്കു് അനശ്വരമായ യശസ്സു് പ്രദാനംചെയ്യും.

പരമശിവൻ നിർദ്ദേശിച്ചതനുസരിച്ചു് മണികണ്ഠൻ ശബരിക്കു് ദർശനം നൽകി. ശബരിക്കു് ബ്രഹ്മസായൂജ്യം ലഭിച്ചു. ശാസ്താവു് ശബരിക്കു് ബ്രഹ്മസായൂജ്യം നൽകിയ സ്ഥലം ശബരിമല എന്നറിയപ്പെട്ടു. ശബരി പീഠം ശബരിയുടെ സ്മാരകമായി ഇന്നും നിലകൊള്ളുന്നു.

മണികണ്ഠൻ അനേകം പുലികളോടുകൂടി വ്യാഘ്രാരൂഢനായി പന്തളത്തെത്തി. വ്യാഘ്രവൃന്ദത്തെക്കണ്ടു് ജനങ്ങൾ ഭയന്നു് നിലവിളിച്ചു. മണികണ്ഠൻ രാജസന്നിധിയിലെത്തി വിവരം ഉണർത്തിച്ചു. രാജാവു് രാജ്ഞിയുടെ ദീനം ഭേദമായി എന്നും ഇനി പുലിപ്പാൽ ആവശ്യമില്ലെന്നും അറിയിച്ചു. പുലികളെ എത്രയുംവേഗം കാട്ടിൽ തിരിച്ചുകൊണ്ടുവിടണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. രാജാവിനു് തന്റെ മുൻപിൽ നിൽക്കുന്നതു് ഹരിഹരസുതനായ ധർമ്മശാസ്താവാണെന്ന ബോധം കൈവന്നു. രാജ്ഞിയുടെയും മന്ത്രിയുടെയും കുതന്ത്രങ്ങൾ മനസ്സിലാക്കിയ അദ്ദേഹം അവരെ ശിക്ഷിക്കണമെന്നു് തീർച്ചപ്പെടുത്തി. അവിടെ അഗസ്ത്യമഹർഷി പ്രത്യക്ഷനായി, ശ്രീഭൂതനാഥനായ ധർമ്മശാസ്താവിന്റെ അവതാര രഹസ്യമെല്ലാം അദ്ദേഹം വെളിപ്പെടുത്തി.

രാജാവു് അപേക്ഷിച്ചതനുസരിച്ചു് ഹരിഹരസുതൻ തന്റെ വിശ്വരൂപം പ്രദർശിപ്പിച്ചു. അഭീഷ്ടത്തിനു വരം നൽകി. രാജാവു് ഭൂതനാഥനെ സ്തുതിച്ചു–

ഭൂതനാഥസദാനന്ദ
സർവ്വഭൂതദയാപര
രക്ഷരക്ഷ മഹാബാഹോ
ശാസ്ത്രേ തുഭ്യം നമോനമഃ

അഗസ്ത്യമഹർഷി രാജാവിന്ന് തത്വോപദേശം നൽകി. രാജ്ഞിയും മന്ത്രിയും ദേവൻെറ കാൽക്കൽ വീണു മാപ്പപേക്ഷിച്ചു. ഭഗവാൻ അവരെ അനുഗ്രഹിച്ചു.

ശബരിയുടെ തപശ്ശക്തിയാൽ പരിപാവനമായ ശബരിമലയിലേക്ക് താൻ പോകുന്നതായി ഭഗവാൻ അറിയിച്ചു. തുടർന്ന് മണികണ്ഠൻ രാജാവിനെ ഇപ്രകാരം അറിയിച്ചു. എന്നെ ദർശനം നടത്താൻ ആഗ്രഹിക്കുന്നവർ ശബരിമലയിൽ വ്രതാനുഷ്ഠാനങ്ങളോടെ വരട്ടെ. അങ്ങ് എനിക്ക് അവിടെ ഒരു ക്ഷേത്രം നിർമ്മിക്കണം. ഞാൻ ഇതാ ഒരു ശരം അയക്കുന്നു. ഈ ശരം ചെന്നു പതിക്കുന്ന സ്ഥലത്ത് ക്ഷേത്രം പടുത്തുയർത്തുക.

രാജഭൃത്യനായ കടുത്തയാൽ അനുഗതനായി മണികണ്ഠൻ ശബരിമലയിലേക്ക് തിരിച്ചു. വ്യാഘ്രവൃന്ദം അപ്രത്യക്ഷമായി.

സ്വാമിയുടെ ശബരിമലയാത്രയ്ക്ക് ഭൂതഗണങ്ങളും വാവരും കടുത്തയും അകമ്പടി സേവിച്ചു. അവർ എരുമേലി, പേരൂർത്തോട്, കാളകെട്ടി, അഴുതാനദി, കല്ലിടാംകുന്ന്, ഇഞ്ചിപ്പാറക്കോട്ട, കരിമല ഇവയെല്ലാം കടന്ന് പമ്പയിൽ വന്നുചേർന്നു. അവിടെ വിശ്രമിച്ചശേഷം അയ്യപ്പഭഗവാൻ പരിവാരങ്ങളുമൊത്ത് ശബരിമലയിലേക്ക് യാത്രതിരിച്ചു.

## ഭൂതനാഥോപാഖ്യാനം ബ്രഹ്മാണ്ഡ പുരാണത്തിൽനിന്ന്—ഒരു കള്ളക്കഥ

ഈ കഥ ഏറെക്കുറെ 'ഭൂതനാഥോപാഖ്യാനം' എന്ന ഗ്രന്ഥത്തെ അവലംബമാക്കി എഴുതിയിട്ടുള്ളതാണ്.

അതുകൊണ്ട് ഭൂതനാഥോപാഖ്യാനത്തിൻെറ ആധികാരികതയെക്കുറിച്ച് ഒന്നറിയേണ്ടതാണ്.

ഭൂതനാഥോപാഖ്യാനം ബ്രഹ്മാണ്ഡപുരാണത്തിൽനിന്നും എടുത്തിട്ടുള്ള ഒരു ഭാഗമാണെന്നാണ് ഭൂതനാഥോപാഖ്യാനകർത്താവായ ഗ്രന്ഥകാരൻ പറയുന്നത്. എന്നാൽ ഭൂതനാഥോപാഖ്യാനത്തെക്കുറിച്ച് പഠനം നടത്തിയ ചരിത്രകാരന്മാർ പറയുന്നത് ഇങ്ങനെയൊരു ഭൂതനാഥോപാഖ്യാനം ബ്രഹ്മാണ്ഡപുരാണത്തിൽ ഇല്ലെന്നാണ്.

ഈ ഗ്രന്ഥം ഒരു സംസ്കൃത കൃതിയാണ്. പതിനഞ്ചദ്ധ്യായങ്ങളിലായിട്ടാണ് ശാസ്താവിന്റെ കഥ പ്രതിപാദിച്ചിരിക്കുന്നത്. ഇത് മലയാളത്തിലേയ്ക്ക് പദ്യരൂപത്തിൽ കല്ലറയ്ക്കൽ കൃഷ്ണൻകർത്താവ് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരിഭാഷപ്പെടുത്തിയപ്പോൾ പ്രസ്തുത ഗ്രന്ഥത്തിന് കർത്താവ് 'ഭൂതനാഥോപാഖ്യാനം കിളിപ്പാട്ട്' എന്ന് പേർ നൽകുകയുണ്ടായി. പിന്നീട് ശ്രീഭൂതനാഥൻ എന്ന പേരിൽ ഈ ഗ്രന്ഥം ഗദ്യരൂപത്തിൽ കലവൂർ പി. എൻ. കൃഷ്ണനുണ്ണി എഴുതുകയുണ്ടായി.

"ഇതിബ്രഹ്മാണ്ഡപുരാണേ മദ്ധ്യമഖണ്ഡേ കേരള മാഹാത്മ്യേ ഭൂതനാഥോപാഖ്യാന (ശ്രീമൽ ബ്രഹ്മാണ്ഡപുരാണത്തിലുള്ള കേരളമാഹാത്മ്യത്തിൽ പ്രസ്താവിതമായിരിക്കുന്ന "ശ്രീ ഭൂതനാഥോപാഖ്യാനം" ശ്രീഭൂതനാഥൻ എന്ന് ഗദ്യഗ്രന്ഥത്തിൽ) പ്രസ്താവിച്ചുകാണുന്നു.

ബ്രഹ്മാണ്ഡപുരാണത്തിൽനിന്നും അടർത്തിയെടുത്തതാണ് "ഭൂതനാഥോപാഖ്യാനം" എന്ന കഥ ഒരു നുണപ്രചരണമാണെന്ന് പണ്ഡിതന്മാർ പറയുന്നു.

ബ്രഹ്മാണ്ഡപുരാണം പരിശോധിച്ചവർ പറയുന്നു: പുരാണങ്ങളുടെ പഴക്കവും പദ്യങ്ങളിലെ പ്രതിപാദനരീതിയുംവെച്ച് നോക്കുമ്പോൾ ഭൂതനാഥോപാഖ്യാനത്തിലെ പദ്യങ്ങൾ ബ്രഹ്മാണ്ഡപുരാണത്തോട് കിടപിടിക്കാവുന്നതല്ല എന്നാണ്.

പുരാണകൃതികളുടെ പഴക്കം പാണിനിയുടെ കാലശേഷം കലിവർഷം 3600-നോട് അടുത്താണെന്ന് ആര്യാവർത്തം വ്യക്തമാക്കുന്നു.

ഭൂതനാഥോപാഖ്യാനത്തിൽ കാണുന്ന പല സംസ്കൃത പദ്യങ്ങളുടെയും ആശയാനുവാദം പല സന്ദർഭങ്ങളിലും കാണുന്നതിൽനിന്നും പല അഭ്യൂഹങ്ങളും ഉണ്ടാകുന്നതായി വിദ്വാൻ കുറുമള്ളൂർ നാരായണപിള്ള ഏറ്റുമാനൂർ പറയുന്നത് നോക്കുക.

"രംഗം വിശ്വമിദം വിധിനേ പഥ്യേ ശോജഗല്പതിഃ
യാമി നീ ചാപ്യവനികം ദീപം സാക്ഷാദ്ദിനേശ്വരഃ
ഭവന്തി ജീവാശ്ചാത്രാസ്മ രാജർഷേതച്ചം വിചാരയ,
കർമ്മ മാർദ്ദഗികം നൂനം വാസനാഗാനമപ്യഹോ
ഏവമു നാടകക്രീഡാം കുർവന്തി മനുജാഭുവി;
ഏവം നാടകരംഗം വാലോകമിത്യവധാരയ."
"യഃ കൃത്വാ വിശ്വരാഗം രജനീയവനികം
പ്രോജ്ജ്വലദ്ഭാനുദീപം
ശശ്വത് സമ്പ്രുഷ്യ സമ്പ്രേക്ഷകമഖിലജഗൽ
ഭാന്തി നാട്യം വിതത്യ
കർമ്മാഘോച്ചണ്ഡ മാർദ്ദംഗികലയവശഗാൻ
വാസനാഗാനസക്താ-
നസ്മിൻ കൃത്വാ മുകുന്ദഃ സ്വയമഭിരമതേ
ക്രീഡയൻ സോസ്തുഭൂത്യൈ."

എന്നുള്ള മേൽപ്പത്തൂർ ഭട്ടതിരിപ്പാടിലെ ഒററ ശ്ലോകത്തിൻെറ പരാവർത്തനമാണെന്നുകാണാം. ഭട്ടതിരിപ്പാടിൽനിന്നും അന്യാശയം പകർത്തിയെന്നു വിചാരിക്കുവാൻ തോന്നുന്നില്ല. ഇനിയും ഉദാഹരണങ്ങൾ അവിടവിടെ കാണാവുന്നതാണു്. അടിയിൽച്ചേർക്കുന്ന ഭാഗങ്ങൾ പരിശോധിച്ചു നോക്കുക.

(1) "ഏവന്തു പഞ്ചഭൂതേഭ്യോപ്രപഞ്ചേദമജായത"

(2) "സമൗസതരജൗവായൗവർത്തതേ രാജപുംഗവ!"

(3) "ഏവം ഭൂതേഷുപഞ്ചേഷുത്രിഗുണാഃസന്തിസർവ്വദാ"

(4) "ഷണ്ണവത്യാനി തത്വാനി സന്തിമർത്യകളേബരേ"

(5) "പ്രാതശ്ശംഖനിനാദം ചശുശ്രുവുർജ്ജനമണ്ഡലൈ"

(6) ദൃശ്യന്തി ജന്തവോരാജൻ ....

(7) സ്വപ്നം ദൃശ്യന്തി വാദ്ധിതം......

(8) "സിന്ധോദസ്തോയാന്യഥാ രാജൻദിനനാഥസ്യാതേജസാ
ഭൂതാചഘനവൽഭൂമൗ വർഷിച്യ പുനരർണ്ണവം"

(9) യാമിനീ ചാപ്യവനികം

10) സൽക്കർമ്മ ഹീനചിത്തേസ്മിൻ നിർമ്മമത്വം നവേശതി

ഇത്യാദി പ്രയോഗങ്ങൾ ചെയ്യുന്നതിനു് യാതൊരു ക്ലേശവും ഭൂതനാഥോപാഖ്യാനകർത്താവു് കാണിക്കുന്നില്ല. മുകളിൽ ഉദ്ധരിച്ച ഭാഗങ്ങൾ ഭൂതനാഥഗീതയിൽ ഉള്ളവയാണു്. വിസ്താരഭയത്താൽ ഉദ്ധാരണം ചുരുക്കി എന്നു മാത്രമേയുള്ളു. പുരാണാന്തർഗ്ഗതങ്ങളായ ഭാഗങ്ങളിൽ ഇപ്രകാരമുള്ള വിലക്ഷണ പ്രയോഗങ്ങളും അപഭ്രംശങ്ങളും കാണുവാൻ തരമില്ല. എന്നുതന്നെയുമല്ല ഒരു അവിദഗ്ദ്ധ ഹസ്തത്തിൻെറ അലസനടനം പലടത്തും ഈ കൃതി വായിക്കുമ്പോൾ പ്രത്യക്ഷപ്പെടുന്നുണ്ടെന്നുള്ളതും പ്രസ്താവിക്കാതെ കഴിയുകയില്ല. ഭൂതനാഥഗീതി, പൂജാവിധി മുതലായ ഘട്ടങ്ങൾ വായിക്കുമ്പോഴും നവീനതയുടെ ഒരു നിഴൽ തോന്നാതിരിക്കുന്നില്ല. ഇവയെല്ലാം ആലോചിച്ചുനോക്കുമ്പോൾ ഭൂതനാഥോപാഖ്യാനം ബ്രഹ്മാണ്ഡപുരാണത്തിൽ അന്തർഭവിച്ചിട്ടുള്ളതാണെന്നു വിശ്വസിക്കുവാൻ വഴികാണുന്നില്ല.

എനിക്കു് പന്തളം നൈതല്ലൂർ കോയിക്കൽ രോഹിണിനാൾ വലിയ തമ്പുരാൻ തിരുമനസ്സിലെ തിരുവുള്ളത്താൽ ഒരു ഭൂതനാഥോപാഖ്യാനം ഗ്രന്ഥം കിട്ടുവാൻ ഇടയായി. അതു് നൈതല്ലൂർ കോയിക്കൽ വലിയതമ്പുരാൻ തിരുമനസ്സിൽ നിന്നെഴുതിയതാണെന്നും അറിയുന്നു. പ്ലാവട കൃഷ്ണൻനായർ വഴിയായി എൻെറ കയ്യിൽ കിട്ടിയ കർത്താവവർകളുടെ തർജ്ജിമക്കു് വിധേയമായ മൂലഗ്രന്ഥവും പ്രസ്തുതകൃതിയും തമ്മിൽ ഒത്തുനോക്കിയതിൽ പലഭാഗങ്ങളിലും സാരമായ വ്യത്യാസങ്ങൾ കാണുവാൻ കഴിഞ്ഞു. സർഗ്ഗങ്ങളിലെ പദ്യസംഖ്യ

കളം വൃത്തരീതികളം പലടത്തും വ്യത്യാസം കാണുന്നുണ്ട്. ഈ രണ്ട കൃതികളേയും യഥാക്രമം 'ക' പാഠമെന്നും 'പ' പാഠമെന്നും സംജ്ഞ നൽകി താഴെക്കാണിക്കുന്ന ഭാഗങ്ങളിലുള്ള വ്യത്യാസം പരിശോധിക്കാവുന്നതാണു്.

| 'ക' | 'പ' |
| --- | --- |
| താരകം ഘോരസംസാര | അപാരഘോരസംസാര |
| താരകസുതതാരകം | താരകം ലോകതാരകം |
| കൈവല്യായാസ്തുയുഷ്മാകം | ഏകംസുഖകരം വസ്തു |
| വസ്തുലോകൈകശങ്കരം | മംഗലായാസ്തുവസ്സദാ |
| (1—9) | (1—9) |
| ലീലാസാനീലപത്മാക്ഷീ | ലീലാതുമഹിഷീവക്ത്രാ |
| കരംഭസ്യസുരദ്വിഷ | കരംഭാസുരനന്ദിനീ |
| തനയാഹ്യഭവൽഭൂമൗ | കരംഭാഗ്രജരംഭസ്യ |
| മഹിഷീമുഖ സംയുതാ | മഹിഷഃസസുതോഭവൽ |

ഇപ്രകാരം എത്ര പദ്യങ്ങൾ വേണമെങ്കിലും ഉദ്ധരിച്ചു കാണിക്കാവുന്നതാണു്. മിക്ക പദ്യങ്ങളിലും ഈദൃശ സാമ്യവ്യത്യാസങ്ങൾ കാണുന്നുണ്ട്. ബ്രഹ്മാണ്ഡ പുരാണത്തിൽ ഉൾപ്പെട്ട ഒരു ഭാഗത്തിനു് ഇപ്രകാരം വളരെ പാഠഭേദങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നു തോന്നുന്നില്ല.

കുറുമള്ളൂർ നാരായണപിള്ളയുടെ അഭിപ്രായത്തിനു് സമാനമായി ഗവേഷകനായ എ. ആർ. ശ്രീനിവാസൻ 1961 ജനുവരി 21-ാം തീയതി മലയാള മനോരമ വാരികയിൽ ഭൂതനാഥോപാഖ്യാനം എന്ന ഗ്രന്ഥത്തിന്റെ പൊള്ളത്തരത്തെക്കുറിച്ചു് എഴുതുകയുണ്ടായി. അതു് ഇങ്ങനെയാണു്.

"ഭൂതനാഥോപാഖ്യാന"മെന്ന പേരിൽ ഇന്നു് പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്ന കഥ ബ്രഹ്മാണ്ഡ പുരാണത്തിൽ ഉണ്ടെന്നു് തത്പരകക്ഷികൾ പറയുന്നുണ്ടെങ്കിലും അത്തരത്തിലൊരു ഉപാഖ്യാനം ബ്രഹ്മാണ്ഡപുരാണത്തിൽ ഇല്ല എന്നു് പണ്ഡിതന്മാർ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഇത്ര യുക്തിവിഹീനവും ചരിത്രദൃഷ്ട്യാ സാധൂകരിക്കാൻ അസാദ്ധ്യവുമായ കൃത്രിമത്വം ആരുടെ കല്പനാശക്തിയിൽ പെട്ടതായാലും അഗണ്യമത്രെ എന്നു പറഞ്ഞു് രാമവർമ്മരാജ അവർകൾ ശ്രീ അയ്യപ്പൻ ചരിത്രത്തിൽ ആ കഥ തീരെ ഉപേക്ഷിക്കുകയാണു് ചെയ്തിരിക്കുന്നതു്—ഈ ഉപാഖ്യാനം ആധുനികകാലത്തു് ഔചിത്യബോധം ലേശമില്ലാത്ത ഏതോ ഒരു വിദ്വാൻ ഉണ്ടാക്കിയതാണെന്നു് നിസംശയം പറയാം.

പണ്ഡിതന്മാരുടെ ഈ അഭിപ്രായത്തിൽ ഭൂതനാഥോപാഖ്യാനത്തിനു് പുരാണവുമായി പുലബന്ധംപോലുമില്ല. അതുകൊണ്ടു് വിശ്വഹിന്ദുപരിഷ ത്തിൻെറ ആധികാരികമായ അയ്യപ്പകഥയുടെ പൊള്ളത്തരം വ്യക്തമാവുക യാണു്.

# അയ്യപ്പൻ മലയാളിയല്ല, തമിഴനാണു്.

ഇനി ശ്രീ കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതീഹ്യമാലയിൽ പറ യുന്ന അയ്യപ്പകഥ പരിശോധിക്കാം.

പണ്ടൊരുകാലത്തു് പാണ്ഡ്യരാജ കുടുംബക്കാർ രണ്ടായി പിരിഞ്ഞു് ഒരു കൂട്ടക്കാർ വള്ളിയൂർ എന്ന ദേശത്തും, മററവർ മധുരയിലും താമസിച്ചിരുന്നു. മധു രയിൽ താമസിച്ചിരുന്ന ശാഖയിലെ വലിയ രാജാവു് ഒരുദിവസം നായാട്ടിനായി വനപ്രദേശത്ത് ചെന്നപ്പോൾ അവിടെയൊരു യുവാവു് വേട്ടയാടി വിനോ ദിച്ചു് നടക്കുന്നതായി കണ്ടു. വില്ലുമമ്പും ധരിച്ചു് നടന്നിരുന്ന ആ യുവാവു് കാഴ്ചയിൽ അതിമനോഹരനും ശരപ്രയോഗത്തിൽ അത്യന്തം സമർത്ഥ നുമായിരുന്നു. ആയുധങ്ങൾ പ്രയോഗിച്ചു് ദുഷ്ടമൃഗങ്ങളെ നിഗ്രഹിക്കു ന്നതിനു് അദ്ദേഹത്തിനുണ്ടായ പാടവം കണ്ടു് വിസ്മയവിഹ്വലനായി ത്തീർന്ന രാജാവു് ആ യുവാവിനെ അടുക്കൽ വിളിച്ചു് ദേശം, നാമം, മുത ലായവയെല്ലാം ചോദിച്ചു. അതിനുത്തരമായി ആ യുവാവു് "എനിയ്ക്കു് പ്രത്യേ കമായി ഒരു ദേശവുമില്ല, ലോകമെല്ലാം എൻെറ ദേശം തന്നെ, എൻെറ പേരു് സാധാരണയായി ജനങ്ങൾ പറഞ്ഞുവരുന്നതു് 'അയ്യപ്പൻ' എന്നാണ് എൻെറ അച്ഛൻ ഒരു മലയാളിയാണു്. അതുകൊണ്ടു് ഞാനും ഒരു മലയാളി തന്നെ. എനിക്കു് മാതാപിതാക്കന്മാർ ഇല്ലെന്നുതന്നെ പറയാം. സാക്ഷാൽ മഹാമായ അമ്മയും ലോകൈകനാഥനായിരിക്കുന്ന ഈശ്വരൻ അച്ഛനും എന്നു വിചാരിച്ചു് ഞാനിങ്ങനെ നടക്കുന്നു എന്നു മാത്രമേയുള്ളു. ഇത്രയുമൊക്കെയല്ലാ തെ ഇതിലധികമായി എന്നെക്കുറിച്ചൊന്നും അറിയിക്കാനില്ല". എന്നുപറഞ്ഞു. ഇതു കേട്ടു് രാജാവു് "ഇവൻ നാടും വീടും ഇല്ലാത്ത ഒരഗതിയാണെങ്കിലും ആയു ധാഭ്യാസത്തിൽ അതിസമർത്ഥനുമാണു്. അതുകൊണ്ടു് ഇവനെ കൂടെക്കൊണ്ടു പോയി നമ്മുടെ സൈന്യത്തിൽ ചേർക്കണം." എന്നു വിചാരിച്ചുകൊണ്ടു് "എന്നാൽ നിനക്കു് എൻെറ കൂടെവന്നു് നമ്മുടെ അടുക്കൽ താമസിക്കാമോ?" എന്നു ചോദിച്ചു. "ഓഹോ, യാതൊരു വിരോധവുമില്ല." എന്നു് യുവാവു് സമ്മ തിച്ചു പറയുകയാൽ രാജാവു് ആ യുവാവിനെ കൂടെക്കൊണ്ടുപോയി തൻെറ സൈനികനാക്കി താമസിപ്പിച്ചു.

അക്കാലത്തു് ശത്രുക്കളുടെ ആക്രമണവും യുദ്ധവും സകല രാജ്യങ്ങളിലും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുക സാധാരണമായിരുന്നതിനാൽ ആ ഉപദ്രവം പാണ്ഡ്യ രാജാവും അനുഭവിച്ചുകൊണ്ടുതന്നെയാണിരുന്നതു്. അങ്ങനെ യുദ്ധമുണ്ടാകുന്ന കാലങ്ങളിൽ ചെന്നു് നേരിട്ടു് യുദ്ധംചെയ്തു് ശത്രുക്കളെ ജയിച്ചുവരുന്നതിനു് ഈ പുതിയ സൈനികനു് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. അദ്ദേഹത്തെ സഹായിക്കാൻ മററാരും കൂടെ ചെല്ലണമെന്നുതന്നെ ഉണ്ടായിരുന്നില്ല. ശത്രുക്കൾക്കു് സൈന്യബലവും പരാക്രമവും എത്രമാത്രമുണ്ടായിരുന്നാലും ഈ അയ്യപ്പൻ തനിച്ചുപോയി യുദ്ധംചെയ്തു് ജയിച്ചുവരിക പതിവായി. അതിനാൽ പാണ്ഡ്യരാജാവു് സന്തോഷിച്ചു് അയ്യപ്പനെ തന്റെ സേനാനായകനാക്കി. അയ്യപ്പൻ പാണ്ഡ്യരാജ്യത്തു് സ്ഥിരതാമസമായപ്പോൾ അദ്ദേഹത്തെ ഭയപ്പെട്ടു് ശത്രുക്കൾ ആ രാജ്യത്തെ ആക്രമിക്കാതെയുമായി. അതിനാൽ പാണ്ഡ്യരാജാവിന്റെ മനസ്സിൽ സമാധാനവും അയ്യപ്പനെക്കുറിച്ചുള്ള സന്തോഷ ബഹുമാനങ്ങളും സീമാതീതമായി വർദ്ധിച്ചു എന്നു മാത്രമല്ല രാജാവിനു് പഴയ സൈനികന്മാരോടും മററുമുണ്ടായിരുന്ന സന്തോഷാദരങ്ങൾ വളരെ കുറയുകയുംചെയ്തു. അതിനാൽ അവിടെയുണ്ടായിരുന്ന പഴയ സൈനികന്മാർക്കു് അയ്യപ്പനെക്കുറിച്ചു്, സാമാന്യത്തിലധികം അസൂയ ഉണ്ടായിത്തീർന്നു. ഏതുവിധവും ഈ അയ്യപ്പനെ തുലയ്ക്കണമെന്നു് അവരെല്ലാവരും കൂടി ആലോചിച്ചു് നിശ്ചയിച്ചു. പിന്നെ അതിനെന്താണു് വേണ്ടതെന്നു് അവരെല്ലാവരും കൂടി ആലോചിക്കുകയും ഒരു കൗശലം കണ്ടുപിടിക്കുകയും ചെയ്തു.

## പുലിപ്പാൽസംഭവം നടന്നതു് പന്തളത്തല്ല.

അനന്തരം അവരെല്ലാവരുംകൂടി ഗൂഢമായിചെന്നു് രാജാവിന്റെ ഭാര്യയെ ചില തിരുമുൽക്കാഴ്ചകൾ വെച്ചു് സങ്കടമറിയിച്ചു. 'അല്ലയോ പൊന്നുതമ്പുരാട്ടീ ഇവിടെ വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ സേവകനായി ഒരു മലയാളി വന്നുചേർന്നതില്പിന്നെ തിരുമനസ്സിലേയ്ക്കു് അടിയങ്ങളെക്കുറിച്ചുണ്ടായിരുന്ന വാത്സല്യവും കരുണയും നിശ്ശേഷംനശിച്ചിരിക്കുന്നു. അടിയങ്ങളെ ഒരു കാര്യത്തിനും ഇപ്പോൾ കൽപ്പിച്ചു വിളിക്കാറില്ലെന്നല്ല, അടിയങ്ങൾ തിരുമുമ്പിൽ ചെല്ലുന്നതുതന്നെ അവിടെയ്ക്കിപ്പോൾ രസമല്ലാതെയാണു് തീർന്നിരിക്കുന്നതു്. ഈ സ്ഥിതിയിൽ ഇവിടെത്താമസിക്കുന്ന കാര്യം അടിയങ്ങൾക്കു് വലിയ സങ്കടമാണു്. ഈ പുതിയ മലയാളിയുടെ ഏഷണിനിമിത്തമാണു് തിരുമനസ്സിലേയ്ക്കു് അടിയങ്ങളിൽ കൃപയില്ലാതെയായതു്. ഇതിലേയ്ക്കു് ഇവിടുന്നു് എന്തെങ്കിലും ഒരു സമാധാനമുണ്ടാക്കി അടിയങ്ങളെ രക്ഷിക്കണം. ഗുണവതിയും കരുണാനിധിയുമായിരിക്കുന്ന ഇവിടുന്നല്ലാതെ അടിയങ്ങൾക്കു് മറെറാരു ശരണവുമില്ല. ഇവിടുന്നും അടിയങ്ങളെ ഉപേക്ഷിക്കുകയാണെങ്കിൽ അടിയങ്ങൾ ഈ നാടുവിട്ടുപോകണമെന്നാണു് വിചാരിക്കുന്നതു്'

ഇപ്രകാരം സൈനികന്മാർ മുതലായവരുടെ സങ്കടം കേട്ടു് ആർദ്രമാനസയായിത്തീർന്ന രാജ്ഞി "നിങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ ഞാൻ സന്നദ്ധയാണു്. ഞാനെന്താണു് ചെയ്യേണ്ടതെന്നു് നിങ്ങൾതന്നെ ആലോചിച്ചു പറഞ്ഞാൽ ഞാനതുപോലെ ചെയ്യാം. ആ മലയാളിയെക്കുറിച്ചു് നമ്മുടെ തിരുമനസ്സിലേക്കു് സാമാന്യത്തിലധികം സ്നേഹവും ബഹുമാനവുമുണ്ടെന്നു് എനിക്കുമറിയാം. അവനെ ഇവിടെനിന്നു് വിട്ടയക്കണമെന്നോ അവൻ പറയുന്നതുപോലെയൊന്നും ചെയ്യരുതെന്നോ പറഞ്ഞാൽ തിരുമനസ്സിലേക്കു് സമ്മതമാവുകയില്ലെന്നല്ല, പറയുന്നവരോടു് വിരോധമുണ്ടായേക്കാനുമിടയുണ്ടു്. അവിടുത്തെ അടുക്കൽ അറിയിക്കാൻ നിവൃത്തിയില്ല. നിങ്ങൾ തന്നെ ആലോചിച്ചു് ഒരു കൗശലം നിശ്ചയിക്കണം" എന്നു പറഞ്ഞു. അപ്പോൾ ആ സൈനികന്മാർ ഇവിടുന്നു് തിരുവയററിൽ ഒരു വേദനയാണെന്നു് കൽപ്പിച്ചുകൊണ്ടു് ആലസ്യം നടിച്ചുകിടന്നു് നിലവിളിക്കണം. വൈദ്യന്മാർവന്നു് ചികിത്സകൾ ചെയ്യുന്തോറും അധികമധികമാണെന്നു് കല്പിച്ചുകൊണ്ടിരിക്കണം. ഇത്രയും ചെയ്താൽമതി ശേഷമൊക്കെയും അടിയങ്ങൾ ശരിയാക്കിക്കൊള്ളാം. എന്നറിയിക്കുകയും അങ്ങനെ ചെയ്യാമെന്നു് സമ്മതിച്ചു് രാജ്ഞി രോഗം നടിച്ചുകിടന്നു് നിലവിളിക്കുകയും ചെയ്തു.

രാജാവു് രാജ്ഞിക്കു് സുഖക്കേടാണെന്നറിഞ്ഞു് വൈദ്യന്മാരെ വരുത്തി മുറയ്ക്കു് ചികിൽസകൾ ചെയ്യിച്ചുതുടങ്ങി. ചികിൽസകൾ ചെയ്യുന്തോറും രോഗം വർദ്ധിച്ചുവരുന്നതല്ലാതെ ലേശംപോലും ശമനം കാണായ്കയാൽ രാജാവു് ഏററവും വിഷണ്ണനായിത്തീർന്നു. അപ്പോൾ പഴയ സൈനികന്മാർ ഒരു ദുഷ്ടനെ വൈദ്യവേഷം ധരിപ്പിച്ചു് കൈക്കൂലിയും കൊടുത്തു് വേണ്ടതെല്ലാം ഉപദേശിച്ചു് രാജസന്നിധിയിലേക്കയച്ചു. ആ കള്ളവൈദ്യൻ രാജാവിൻെറ മുമ്പിൽചെന്നു് തൊഴുതുകൊണ്ടു്, അല്ലയോ തിരുമേനി തമ്പുരാട്ടിയുടെ ശീലായ്മ അടിയൻ ഭേദമാക്കാം. ഇതുവരെ വൈദ്യവേഷം ചമഞ്ഞു് ഇവിടെ വന്നവരൊക്കെ ശുദ്ധമേ കള്ളന്മാരാണു്. അവർ വൈദ്യശാസ്ത്രം കണ്ടിട്ടുപോലുമില്ല. രോഗമറിയാതെയാണു് അവരൊക്കെ ചികിൽസിച്ചതു്. തമ്പുരാട്ടിയെ ബാധിച്ചിരിക്കുന്നതു് ഒരു വല്ലാത്ത കടുത്ത വ്യാധിയാണു്. അതിൻെറ കാഠിന്യം അറിയാവുന്നവർക്കുമാത്രമേ അറിഞ്ഞുകൂടൂ. ശരിയായ ചികിൽസചെയ്തു് വേഗത്തിൽ ഭേദമാക്കാതെ ഈ രോഗം ഈവിധത്തിൽ ഒരു പത്തുദിവസംകൂടി വെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പിന്നെ തമ്പുരാട്ടിയുടെ കഥ ഈശ്വരനുമാത്രമറിയാമെന്നല്ലാതെ അടിയനൊന്നും അറിയിക്കുന്നില്ല. ഈ രോഗത്തിനു് വിധിച്ചിട്ടുള്ള മരുന്നു് ഒന്നുമാത്രമേയുള്ളു. അതു് പുലിപ്പാലാണു്. ഒരു മുന്നാഴി പുലിപ്പാൽ കിട്ടിയാൽ മുന്നേമുക്കാൽ നാഴികകൊണ്ടു് ഈ രോഗം ഭേദമാക്കാമെന്നുള്ളതിനു് യാതൊരു സംശയവുമില്ല എന്നറിയിച്ചു. 'പൊറുക്കാത്ത ദീനത്തിനു് കിട്ടാത്ത മരുന്നു് എന്നുള്ള പഴഞ്ചൊല്ലു് ഇപ്പോൾ ശരിയായി. പെററു കിടക്കുന്ന പുലിയെ പിടിച്ചു് പാൽ കറന്നെടുത്തുകൊണ്ടു് വരുവാൻ മനുഷ്യൻ

വിചാരിച്ചാൽ സാധിക്കുകയില്ലല്ലോ. അതില്ലാതെ ഇതു് ഭേദപ്പെടുത്താൻ ആരാലും സാദ്ധ്യമല്ല' എന്നു പറഞ്ഞു. അപ്പോൾ വൈദ്യൻ "ഇവിടെ തിരുമേനിയുടെ സേവകനും സേനാനായകനുമായിത്താമസിക്കുന്ന മലയാളിയെ കല്പിച്ചയച്ചാൽ ഇതു് സാധിക്കും" എന്നറിയിച്ചു. ഉടനെ രാജാവു് അയ്യപ്പനെവരുത്തി ഈ വിവരം പറഞ്ഞു. 'പരീക്ഷിച്ചു നോക്കാം' എന്നുപറഞ്ഞിട്ട് അയ്യപ്പൻ അപ്പോൾ തന്നെ പോയി.

"അയ്യപ്പനെ ഇങ്ങനെ പറഞ്ഞയച്ചാൽ അവൻ കൊടുങ്കാട്ടിൽച്ചെന്നു് ഈററപ്പുലിയെ കടന്നുപിടിക്കും. പുലികടിച്ചു് അവൻെറ കഥ കഴിയും, അങ്ങനെ ഇവൻനിമിത്തമുള്ള ഉപദ്രവം തീരും" എന്നു വിചാരിച്ചാണു് പഴയ സൈനികന്മാർ കള്ളവൈദ്യനെ അയച്ചു് ഇങ്ങനെ പറയിച്ചതു്. പക്ഷെ അതുഫലിച്ചില്ല.

അയ്യപ്പൻ കാട്ടിൽച്ചെന്നു് ഒട്ടുവളരെ പുലികളെയും പുലിക്കുട്ടികളെയും തട്ടത്തടിച്ചുകൊണ്ടു് ഒരു വ്യാഘ്റത്തിൻെറ പുറത്തുകയറി രാജധാനിയിലേയ്ക്കു്വന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന തിക്കുകളും കോലാഹലങ്ങളുമെല്ലാം അവർണ്ണനീയങ്ങൾതന്നെയായിരുന്നു. പുലികളെ കണ്ടു് പേടിച്ചു് നാട്ടുകാരും രാജധാനിയിലുണ്ടായിരുന്ന സൈനികന്മാർ മുതലായവരുമെല്ലാം ഓടിയൊളിച്ചു. പുലികളുടെ ശബ്ദം കേട്ടപ്പോൾതന്നെ വയറുവേദന ഭേദമായി രാജ്ഞി എഴുന്നേററു നടന്നുതുടങ്ങി രാജാവു് ഏററവും ഭയാക്രാന്തനായിത്തീർന്നു. അയ്യപ്പൻ ഒരു അമാനുഷ പ്രഭാവനാണെന്നുള്ള വിചാരം അദ്ദേഹത്തിനു് മുമ്പുതന്നെ ഉണ്ടായിരുന്നു. പുലികളെ കൊണ്ടുവരികയുംകൂടിചെയ്തപ്പോൾ ഇദ്ദേഹം ഒരു മനുഷ്യനല്ലെന്നുതന്നെ തീർച്ചപ്പെടുത്തി. രാജാവു് ചെന്നു അയ്യപ്പൻെറ പാദത്തിങ്കൽ വീണു് സാഷ്ടാംഗം നമസ്കരിച്ചിട്ട് അല്ലയോ സ്വാമിൻ അവിടുന്നു് ആരാണെന്നുള്ള വാസ്തവം അറിയായ്കകൊണ്ടു് ഞാൻ അവിടുത്തെ ഇവിടെ വേണ്ടതുപോലെ ആദരിക്കുകയും ആചരിക്കുകയും ചെയ്തിരുന്നില്ല. അവിടുത്തെ ഒരു സേവകൻെറ നിലയിൽ മാത്രമാണു് ഞാൻ ഇതുവരെ വിചാരിച്ചു പോന്നതു്. എൻെറ ഈ അപരാധത്തെ അവിടുന്നു് ദയാപൂർവ്വം ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കണം. ഈ പുലികളെ കണ്ടിട്ടു് ഇവിടെയുള്ളവരെല്ലാം ഏററവും ഭയപരവശരായിത്തീർന്നിരിക്കുന്നു. അതിനാൽ ഇവയെയെല്ലാം കാട്ടിലേയ്ക്കുതന്നെ അവിടുന്നു് സദയം വിട്ടയക്കണം. അവിടുന്നു് ആരാണെന്നു് സൂക്ഷ്മമായി ഞാനിപ്പോഴും അറിയുന്നില്ല. അതിനാൽ അതു് അവിടുന്നു് സദയം സ്പഷ്ടമായി അരുളിച്ചെയ്യണമെന്നും ഞാൻ സാദരം അപേക്ഷിച്ചുകൊള്ളുന്നു എന്നറിയിച്ചു. അതിനുമറുപടിയായി അയ്യപ്പൻ 'അല്ലയോ രാജാവെ! ഭവാൻ എന്നെ ഇവിടെ ഒട്ടും അനാദരിച്ചിരുന്നില്ലെന്നല്ല, സാദരം ബഹുമാനിച്ചുകൊണ്ടു്തന്നെയാണിരുന്നിട്ടുള്ളതു്. അതിനാൽ ഭവാനെക്കുറിച്ചു് ഞാൻ അത്യന്തം സന്തുഷ്ടനായിരിക്കുന്നു. ഇവിടെയുള്ള ചില സൈനികന്മാർക്കു് എൻെറപേരിൽ ഏററവും അസൂയയുണ്ടായിട്ടുണ്ടു്. അതു് അവരുടെ അജ്ഞതകൊണ്ടെന്നല്ലാതെ മറെറാന്നും ഞാൻ വിചാരിക്കുന്നില്ല. എൻെറ പരമാർത്ഥമെല്ലാം മുമ്പേതന്നെ ഞാൻ ഭവാനോടു് പറഞ്ഞിട്ടുണ്ടു്. അതിൽ കൂടുതലായി ഇനിയൊന്നും പറഞ്ഞറിയിക്കേണ്ട

തായിട്ടില്ല. പോരാത്തതെല്ലാം കാലക്രമേണ ഭവാനറിയാറാകും. എന്നെക്കുറിച്ച് ഇവിടെയുള്ള സൈനികന്മാർക്കും മററും രസമില്ലാതെ ഇരിക്കുന്നതുകൊണ്ട് ഞാനിനി ഇവിടെത്താമസിക്കണമെന്ന് വിചാരിക്കുന്നില്ല. ഞാൻ ഇപ്പോൾ തന്നെ മലയാളരാജ്യത്തേയ്ക്ക് പോകുന്നു. എന്റെ ഈ നായ്ക്കളെ ഞാൻ കൊണ്ട് പൊയ്ക്കൊള്ളാം. ഭവാനും ഈ ദിക്കിലുള്ള വാസം സുഖകരമായിരിക്കയില്ല. അതിനാൽ മലയാളത്തിലേയ്ക്ക് പോരികയാണ് നല്ലതു്. അവിടെ വരുമ്പോൾ എന്റെ സ്ഥിരവാസം എവിടെയാണെന്ന് ഞാനറിയിക്കാം. ആ സ്ഥലത്ത് വന്നാൽ എന്നെക്കാണാം എന്ന് പറഞ്ഞു. ഇത്രയും പറഞ്ഞ് കഴിഞ്ഞുടനെ അയ്യപ്പൻ പുലികളോടുകൂടി അന്തർദ്ധാനം ചെയ്തു. അയ്യപ്പൻ പിരിഞ്ഞ് പോയതുകൊണ്ട് പാണ്ഡ്യരാജാവിനു അപാരമായ മനസ്താപമുണ്ടായി എന്നുള്ളത് പറയണമെന്നില്ലല്ലോ. അദ്ദേഹം അയ്യപ്പൻ മറഞ്ഞദിക്കുനോക്കി വീണ്ടും നമസ്കരിച്ചിട്ട് സ്വമന്ദിരത്തിലേയ്ക്കുപോയി"

## അയ്യപ്പനെ ശിശുവായിട്ടല്ല കിട്ടിയതു് യുവാവായിട്ടാണു്

ഈ കഥയിൽനിന്നും നമുക്ക് മനസ്സിലാകുന്നതു് അയ്യപ്പന്റെ കഥ പന്തളം കേന്ദ്രീകരിച്ച നടന്നതല്ലെന്നും മധുര കേന്ദ്രീകരിച്ച് നടന്നതാണെന്നുമാണ്.

പന്തളം രാജാവു് നായാട്ടിനു വന്നപ്പോൾ പമ്പയുടെ തീരത്ത് ഒരനാഥശിശുവിനെ കണ്ടു. ആ കുട്ടിയെ രാജാവു് എടുത്തുകൊണ്ടുപോയി കൊട്ടാരത്തിൽ വളർത്തവേയാണ് പുലിപ്പാൽ സംഭവം ഉണ്ടാകുന്നതു്, എന്നാണ് ചില കഥകളിൽ.

എന്നാൽ ഈ കഥയിൽ മധുരയിൽ താമസിച്ചിരുന്ന വലിയരാജാവു് നായാട്ടിനു് ചെന്നപ്പോൾ വളരെ സമർത്ഥമായി ആയുധങ്ങൾ പ്രയോഗിച്ചും മൃഗങ്ങളെ കൊല്ലുന്ന ഒരു യുവാവിനെ കാണുകയും അയാളെ രാജാവു് സ്വന്തം സൈന്യത്തിലേയ്ക്ക് ക്ഷണിക്കുകയും അവസാനം സേനാനായകനാവുകയും ചെയ്തതിനെ തുടർന്നാണ് പുലിപ്പാൽ സംഭവം ഉണ്ടാകുന്നതു്.

ഈ വ്യത്യാസം എങ്ങനെയുണ്ടായി? ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നതു് പാണ്ഡ്യരാജാക്കന്മാർ പന്തളത്തേയ്ക്ക് വരുന്നതിനു് മുമ്പ് അവർക്ക് അയ്യപ്പകഥയുടെ സ്വാധീനമുണ്ടെന്നുള്ളതാണു്.

ലോകമെല്ലാം എന്റെ ദേശമാണെന്നും എനിക്ക് പ്രത്യേകമായി ഒരു ദേശമില്ലെന്നും സാക്ഷാൽ മഹാമായ അമ്മയും ലോകൈകനാഥനായിരിക്കുന്ന ഈശ്വരൻ അച്ഛനും എല്ലാവരും എന്നെ അയ്യപ്പനെന്നു വിളിക്കുന്നുവെന്നും ഈ കഥയിൽ അയ്യപ്പൻ പറയുന്നു. അതു് പറയുമ്പോൾ തന്നെ അയ്യപ്പൻ എന്റെ അച്ഛൻ ഒരു മലയാളിയാണെന്നും പറയുന്നു.

വൈരുദ്ധ്യം നിറഞ്ഞ ഈ അഭിപ്രായങ്ങൾ അയ്യപ്പചരിതത്തിൽ കൃത്രിമത്വം ഉണ്ടെന്ന് വ്യക്തമാക്കുന്നു.

സാധാരണ അനാഥരോട് ചോദിച്ചാൽ ആരും ഈ ഉത്തരങ്ങൾ ആയിരിക്കും പറയുക. കാരണം അവർക്ക് സ്ഥിരതാമസമോ ബന്ധുക്കളൊ ഇല്ല. ദൈവം തന്നെ മാതാവും പിതാവുമെന്നും ഈ ഭൂലോകമെല്ലാം എൻെറ ദേശം തന്നെന്നും അനാഥൻ പറയുക പതിവാണു്. ഈ അഭിപ്രായം പറയുന്നതിനു് അമാനുഷികതയൊന്നും വേണ്ട.

ഈ കാര്യങ്ങൾവച്ചുകൊണ്ടു് അയ്യപ്പൻ ദൈവമാണെന്നു് വിധിയെഴുതുന്നതു് സാമാന്യബുദ്ധിക്കു് നിരക്കാത്ത കാര്യമാണ്.

അതുപോലെ അനാഥരായി നടക്കുന്നവരെ പലരും ഇരട്ടപ്പേരിട്ടു് വിളിക്കുക പതിവാണു്—വലിയ നേതാക്കന്മാരുടെയോ മഹാന്മാരുടെയോ പേരിൽ.

അയ്യപ്പനെ അയ്യപ്പനെന്നു് എല്ലാവരും വിളിച്ചതങ്ങനെയാകാം.

## അയ്യപ്പൻ തമിഴനാണു്

ഈ കഥയിൽ അയ്യപ്പൻ പറയുന്നു എൻെറ അച്ഛൻ ഒരു മലയാളിയാണു്. അതുകൊണ്ടു് ഞാനും മലയാളിതന്നെ. അപ്പോൾ അയ്യപ്പൻ എങ്ങനെ തമിഴനാകും എന്നു ചോദിക്കാം.

മലയോടു് ചേർന്നു് കിടക്കുന്ന ഭാഗത്തെ മലയാളം (മലൈ+അളം, അളം-ദേശം) എന്നു് വിളിച്ചിരുന്നതായി പ്രൊഫ: സി. ജെ. മണ്ണുമ്മൂടു് സാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നുണ്ടു്. ഇതിൻെറ അടിസ്ഥാനത്തിൽ മലയാളിയെന്നു് പറഞ്ഞാൽ പന്തളത്തുകാരൻ ആകണമെന്നില്ല. മധുരക്കു സമീപമുള്ള ഏതോ മലയോരദേശക്കാരനാണെന്നു് കരുതാവുന്നതാണു്.

# രാജാവിനുകിട്ടിയതു് ബുദ്ധവിഗ്രഹം

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ കഥയിൽനിന്നും ഒരുപടികൂടി മുന്നോട്ടുപോയ മറെറാരു കഥയാണു് വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപീഡിയയിൽ പറയുന്ന അയ്യപ്പകഥ.

ഒരുപക്ഷെ ശങ്കുണ്ണിയുടെ അയ്യപ്പകഥ മൂലമായി സ്വീകരിച്ചുകൊണ്ടു് ബാക്കികൂടി സാങ്കൽപ്പികമായി എഴുതിച്ചേർത്തതാണോ എന്നു് സംശയമുണ്ടു്. കാരണം ശങ്കുണ്ണിയുടെ കഥയിൽ അയ്യപ്പൻ മലയാളരാജ്യത്തിലേക്കു് വരുന്നതോടുകൂടി കഥ അവസാനിക്കുന്നു. എന്നാൽ വെട്ടംമാണി ആ കഥ മുഴവൻ സ്വീ

കരിച്ചതിനുശേഷം മലയാളത്തിൽ വന്നതിനുശേഷമുള്ള കഥകൂടി പറയുന്നു. ശ്രദ്ധിക്കുക.

"പ്രാചീനകാലത്തു് പാണ്ഡ്യരാജകുടുംബം രണ്ടു് ശാഖകളായി പിരിഞ്ഞു് ഒരു ശാഖ വെള്ളിയൂർ എന്ന ദേശത്തും മറേറ ശാഖ മധുരയിലും താമസിച്ചിരുന്നു. മധുരയിലെ രാജാവു് ഒരു ദിവസം നായാട്ടിനായി വനത്തിലൂടെ സഞ്ചരിക്കവെ, കോമളനും വീരശൂരപരാക്രമിയുമായ ഒരു മലയാളി യുവാവിനെ കണ്ടെത്തി. രാജാവിനു് അദ്ദേഹത്തോടു് സ്നേഹം തോന്നുകയും തൻെറ സൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തു. ആ യുവാവു് പടിപടിയായി ഉയർന്നു് സേനാനായകനായി. ഈ ഉയർച്ചയിൽ അസൂയാകുക്ഷികളായിത്തീർന്ന മററുദ്യോഗസ്ഥന്മാർ അയ്യപ്പനെ അവിടെനിന്നു് അകററുന്നതിനുള്ള ഗൂഢാലോചന നടത്തിത്തുടങ്ങി. മഹാറാണി അവരുടെ ഒരായുധമായിത്തീർന്നു. ഏഷണിക്കാരുടെ നിർദ്ദേശമനുസരിച്ചു് റാണി ഒരു രോഗിണി എന്ന നിലയിൽ മയങ്ങിക്കിടന്നു. വൈദ്യന്മാരെല്ലാം തോററു പിന്മാറി. ഒടുവിൽ ഏഷണിക്കാരുടെ പിണിയാളായ ഒരു കൃത്രിമ വൈദ്യൻ പ്രവേശിച്ചു് മുന്നാഴി പുലിപ്പാലുണ്ടെങ്കിൽ മൂന്നേമുക്കാൽ നാഴികകൊണ്ടു് രോഗം ഭേദമാക്കാമെന്നു് അഭിപ്രായപ്പെട്ടു. രാജാവു് അയ്യപ്പനെ വിളിച്ചു് വിവരം പറഞ്ഞു.

അയ്യപ്പൻ വനത്തിൽച്ചെന്നു് അനേകം പെൺപുലികളെ കൂട്ടിക്കൊണ്ടു് കൊട്ടാരത്തിൽ വന്നു. അദ്ദേഹം ഒരു കടുവായുടെ പുറത്താണു് സഞ്ചരിച്ചിരുന്നതു്. പുലികളെക്കണ്ടു് കൊട്ടാരവാസികൾ ഭയപ്പെട്ടു. അയ്യപ്പൻ ഒരു സാമാന്യപുരുഷനല്ലെന്നു് രാജാവിനു് മനസ്സിലായി. അയ്യപ്പൻെറ വിവരങ്ങൾ രാജാവു് ചോദിച്ചു. ഈശ്വരനാണു് തൻെറ അച്ഛനെന്നും ലോകമാണു് ഭവനമെന്നും മറുപടി പറഞ്ഞു. ഏഷണിക്കാരോടൊന്നിച്ചു് കഴിഞ്ഞുകൂടാൻ ആഗ്രഹമില്ലാത്തതിനാൽ അദ്ദേഹം മലയാളനാട്ടിലേക്കു് മടങ്ങിപ്പോന്നു.

അയ്യപ്പൻെറ വേർപാടു് രാജാവിനെ അസഹ്യപ്പെടുത്തി. അദ്ദേഹം സ്ഥാവര വസ്തുക്കളെല്ലാം പാട്ടത്തിനു് കൊടുത്തശേഷം പണവും പണ്ടങ്ങളും ഭരണിപ്പാത്രങ്ങളും മററുമെടുത്തുകൊണ്ടു് മലയാളനാട്ടിലേക്കു് യാത്രതിരിച്ചു. പല ദേശങ്ങൾ കടന്നു് അദ്ദേഹം പന്തളത്തു് വന്നുചേർന്നു. ആ പ്രദേശം അക്കാലത്തു് 'കൈപ്പുഴ തമ്പാൻ' എന്ന പ്രസിദ്ധനായിരുന്ന ഒരു ഇടപ്രഭുവിൻെറ കയ്യിലായിരുന്നു. തമ്പാനോടു് കുറേ സ്ഥലം വിലയ്ക്കുവാങ്ങി അദ്ദേഹം ഒരു കോവിലകം പണിയിച്ചു് കുടുംബസഹിതം അവിടെ താമസമുറപ്പിച്ചു.

അയ്യപ്പസ്വാമി മലയാളത്തിലേയ്ക്ക് പോരുംവഴി പരശുരാമ മഹർഷിയെ കണ്ടെത്തി. പരശുരാമൻ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: 'സ്വാമി, ഞാൻ ഈ കേരളത്തിന്റെ രക്ഷയ്ക്കുവേണ്ടി മലമുകളിലും കടൽത്തീരങ്ങളിലും സ്വാമിയുടെ ഏതാനും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി സ്വാമിയെ കണ്ടെത്തിയതായ ഈ ശബരിമലയിലും ഞാൻ ഒരു വിഗ്രഹം പ്രതിഷ്ഠിക്കുന്നതാണ്', അന്നുമുതൽ ശബരിമലയിൽ അയ്യപ്പസ്വാമി വാസം തുടങ്ങി.

ആയിടയ്ക്കാരിക്കൽ പന്തളത്തുവന്ന് താമസിക്കുന്ന പാണ്ഡ്യരാജാവിന് ഒരു സ്വപ്നമുണ്ടായി. സ്വപ്നത്തിൽ അയ്യപ്പസ്വാമി പ്രത്യക്ഷപ്പെട്ട് താൻ ശബരിമലയിലാണ് വസിക്കുന്നതെന്നും അവിടെവന്നാൽ കാണാമെന്നും അറിയിച്ചു. അടുത്തദിവസം രാവിലെ രാജാവു് പരിവാരങ്ങളോടുകൂടി ശബരിമലയിലേയ്ക്ക് പുറപ്പെട്ടു. അവിടെയെത്തി കാടുകൾ വെട്ടിത്തെളിച്ച് നോക്കി ചെന്നപ്പോൾ പരശുരാമൻ പ്രതിഷ്ഠിച്ച ഒരു വിഗ്രഹം കണ്ടെത്തി. രാജാവു് ഒരു ക്ഷേത്രം പണിയിച്ച് അയ്യപ്പസ്വാമിയുടെ ഒരു വിഗ്രഹം അവിടെ പ്രതിഷ്ഠിച്ചു. പ്രസിദ്ധ തന്ത്രിയായ താഴമൺ പോററിയെക്കൊണ്ട് കലശവും നടത്തി, ക്ഷേത്രത്തിൽ പിന്നീട് നടക്കേണ്ടുന്ന കാര്യങ്ങൾക്ക് പതിവുകളും നിശ്ചയിച്ചു. ദുഷ്ടമൃഗങ്ങൾ നിറഞ്ഞ ആ വനപ്രദേശത്ത് എന്നും മനുഷ്യർ താമസിച്ച് പൂജയും മററും നടത്താൻ പ്രയാസമുള്ളതിനാൽ മാസംതോറും അഞ്ചു ദിവസം മാത്രം പൂജനടത്തിയാൽ മതിയെന്നും മകര സംക്രാന്തി വാർഷിക വിശേഷദിവസം ആയിരിക്കണമെന്നും അന്നുമുതൽ അഞ്ചുദിവസം ദേവനെ എഴുന്നെള്ളിച്ച് ഒരു ഉത്സവമായി ആചരിക്കണമെന്നും മകരമാസം അഞ്ചാം തീയതി തോറും ഒരു കളഭവും ഏഴാംതീയതി തോറും ഒരു കുരുതിയും നടത്തണമെന്നും നിശ്ചയിച്ചു".

ഈ കഥയിൽ നിന്നും മനസ്സിലാവുന്ന ഒരു കാര്യമുണ്ട്. കാടുവെട്ടിത്തെളിച്ചപ്പോൾ രാജാവിന് കിട്ടിയെന്ന് പറയുന്ന വിഗ്രഹത്തിന്റെ കഥ.

കാട്ടിൽ ഈ വിഗ്രഹം എങ്ങനെ വന്നു? ഈ വിഗ്രഹം എന്തായിരിക്കാം?

രാജാവിന് സ്വപ്നദർശനം ഉണ്ടായെന്നു പറയുന്ന ദിവ്യകഥയ്ക്ക് ഒരർത്ഥവുമില്ല. ബോധമനസ്സിന്റെ നടക്കാത്ത കാര്യങ്ങളുടെ സാക്ഷാത്ക്കരണമാണല്ലോ സ്വപ്നം. മനശ്ശാസ്ത്രം വികസിക്കാത്ത കാലത്ത് രാജാവിന് ഈ തോന്നൽ ഉണ്ടായെങ്കിൽ രാജാവിനെ കുററം പറഞ്ഞിട്ട് കാര്യമില്ല.

പക്ഷെ രാജാവിന് ശബരിമലയിൽ കാടുവെട്ടിത്തെളിക്കാൻ ഈ സ്വപ്നം ഒരു കാരണമായി. വിഗ്രഹം കിട്ടിയപ്പോൾ സ്വപ്നവും വിഗ്രഹവുമായി രാജാവു് ബന്ധിച്ചു. അങ്ങനെയാണു് രാജാവു് അവിടെ ക്ഷേത്രംപണിഞ്ഞതും അയ്യപ്പനെ ഇരുത്തിയതും പൂജതുടങ്ങിയതുമൊക്കെ.

ഇവിടെ നമ്മെ ചിന്തിപ്പിക്കുന്നതു് രാജാവിന് കിട്ടിയ വിഗ്രഹം എന്താണെന്നാണു്.

ശബരിമലയിലെ വിഗ്രഹത്തെക്കുറിച്ച് വ്യത്യസ്തമായ പല അഭിപ്രായങ്ങളുണ്ടു്. ശബരിമലയിലെ വിഗ്രഹം അയ്യപ്പന്റെതാണെന്നും ശാസ്താവിന്റെതാണെന്നും ബുദ്ധന്റെതാണെന്നും അഭിപ്രായമുണ്ടു്. ഇതിൽ ചരിത്രപ്രാധാന്യമുള്ളതു് ബുദ്ധന്റെ വിഗ്രഹത്തിനാണു്. 970 AD യിൽ പരശുരാമൻ കേരളത്തെ ആക്രമിക്കുന്നതുവരെ ബുദ്ധമതം കേരളത്തിലെ ഒരു പ്രബലമതമായിരുന്നു. "പാണ്ഡ്യനാട്ടിന്റെ പടിഞ്ഞാറെ അതിരും ദക്ഷിണ കേരളത്തിന്റെ കിഴക്കേഅതിരും ആയ സഹ്യപർവ്വതനിരകൾപ്പെടെയുള്ള എട്ടുമലകളിൽ ബുദ്ധമതപ്രചാരകന്മാരായ ഭിക്ഷുക്കൾ ധാരാളമായി പാർത്തുവന്നിരുന്നു. ഈ കാര്യം തിരുവിളൈയാടൽ തുടങ്ങിയ തമിഴ്പുരാണഗ്രന്ഥങ്ങൾ വിശദമാക്കിയിട്ടുണ്ടു്. തിരുവിളൈയാടൽ പുരാണത്തിലുള്ള ആനയെയ്ത്ത പടലത്തിൽ ഈ മലകളുടെ പേരുകൾ പ്രത്യേകമായി എടുത്തുപറഞ്ഞിരിക്കുന്നു. അഞ്ജനമല, ഗോവർദ്ധനമല, കുഞ്ജരമല. യമകൂടമല, വിന്ദമല, ക്രൗഞ്ചമല, ത്രികൂടമല എന്നിങ്ങനെ എട്ടാണവ. ഈ മലകളിലെല്ലാംകൂടി എണ്ണായിരം ബുദ്ധഭിക്ഷുക്കൾ നിവസിച്ചുവന്നിരുന്നതായും ആ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്.

ഇവയിൽ പാണ്ഡ്യനാട്ടിന്റെയും ദക്ഷിണകേരളത്തിന്റെയും പൊതുവതിരായി സ്ഥിതിചെയ്യുന്ന കരിമലയെ അഞ്ജനമലയെന്നും, പൊന്നമ്പലമേട്ടിനെ കാഞ്ചിമലയെന്നും, ഗോവർദ്ധനമലയെ പശുമലയെന്നും കുററാലത്തിനടുത്തുള്ള ത്രികൂടാചലത്തെ ത്രികൂടമലയെന്നും ഒരുകാലത്തു് ഒരു പ്രശസ്ത ബുദ്ധദേവാലയമായിരുന്ന പഴനിമലയെ ക്രൗഞ്ചമലയെന്നും പരിഗണിക്കുന്നതിൽ തെററില്ല."

(കേരളചരിത്രം പരശുരാമനിലൂടെ, തിരുവാങ്ങാട്ടു് കൃഷ്ണക്കുറുപ്പ്)

എന്നാൽ ശബരിമല (കരിമല) യിലെ ബുദ്ധക്ഷേത്രം എങ്ങനെ നശിച്ചുപോയി എന്നറിയേണ്ടിയിരിക്കുന്നു. അതെന്താണെന്നു് നമുക്കു് നോക്കാം.

"ചോഴമണ്ഡലത്തിൽപ്പെട്ട തഞ്ചാവൂർ ജില്ലയിലുള്ള ശീർകാഴി എന്ന ദേശത്തിൽ സംബന്ധമൂർത്തിയെന്ന വാചാലനും സമർത്ഥനുമായ ഒരു വൈദീക ബ്രാഹ്മണനുണ്ടായിരുന്നു. 640 എ. ഡി. യിൽ അദ്ദേഹം പാണ്ഡ്യനാട്ടിന്റെ തലസ്ഥാനമായ മധുരയിൽ ചെന്ന് ചേർന്നു. പാണ്ഡ്യരാജാവിന്റെ മന്ത്രിയെ അദ്ദേഹം ആദ്യമായി വശീകരിച്ചു. മന്ത്രിയിൽകൂടി രാജപത്നിയേയും. ഇവരിരുവരിലും കൂടി രാജാവിനെയും അദ്ദേഹം ശീഘ്രത്തിൽത്തന്നെ സ്വാധീനപ്പെടുത്തി. മധുരയുടെ പടിഞ്ഞാറുഭാഗത്തായി സ്ഥിതിചെയ്യുവന്ന എട്ടുമലകളിലായി താമസിച്ചിരുന്ന എണ്ണായിരം ബുദ്ധ ഭിക്ഷുക്കളെയും പാണ്ഡ്യരാജകിങ്കരന്മാരെ അയച്ച് അദ്ദേഹം മധുരയിൽ പിടിച്ച് കൊണ്ടുവരുവിച്ചു.

രാജപത്നിയും, മന്ത്രിയും സംബന്ധനും ചേർന്ന് രാജാവിനെ പ്രേരിപ്പിച്ചതനുസരിച്ച് രാജാവ് ഈ ബുദ്ധഭിക്ഷുക്കളുമായി സംബന്ധനെ ഒരു മതവാദത്തിൽ ഇടപെടുവിച്ചു. വാദത്തിൽ തോൽക്കുന്ന കക്ഷി വധിക്കപ്പെടുന്നതാണെന്നുള്ള വ്യവസ്ഥയിൽ വാതുകെട്ടുകയും ചെയ്തു. മതവാദത്തിൽ സംബന്ധൻ തോററുവെങ്കിലും ചില ചെപ്പടി വിദ്യകൾ കാണിച്ചു കൊണ്ട് ബുദ്ധഭിക്ഷുക്കൾ തോററതായി അവസാനം തീർച്ചചെയ്യപ്പെട്ടു.

സംബന്ധന്റെ നേതൃത്വത്തിൽ യാതൊരു സങ്കോചവും കൂടാതെ മധുരയിലുള്ള വൈകയീ നദീ തീരത്തിൽ ശൂലങ്ങൾ നാട്ടി ഈ എണ്ണായിരം ഭിക്ഷുക്കളെയും ജീവനോടുകൂടിത്തന്നെ അവയിൽ കയററി നിർദ്ദയം കൊന്നൊടുക്കി. തമിഴിലുള്ള 'തേവാരം' എന്ന മുഖ്യ ശൈവമത ഗ്രന്ഥത്തിന്റെ ഒരു ഭാഗമായ സംബന്ധകന്റെ കൃതിയിൽപ്പെട്ട 'ആലവായിപതികം' എന്ന പേരിൽ അറിയപ്പെടുന്ന പദ്യങ്ങൾ ഈ സംഭവത്തെപ്പററി പാടപ്പെട്ടതാണ്.

ദീനദീനവും ഭയാനകവുമായ ഈ ചിത്രവധത്തിന്റെ സ്മാരകമായി വൈദിക ബ്രാഹ്മണർ ഒത്തുചേർന്ന് വർഷം തോറും മധുരയിൽ വെച്ച് 'കഴവേററി തിരുവിഴാ' എന്ന പേരിൽ ഒരു ഉത്സവം ഇന്നും കൊണ്ടാടിവരുന്നു" (കേരളചരിത്രം പരശുരാമനിലൂടെ)

ഇതിനെത്തുടർന്നായിരിക്കാം ശബരിമല നശിച്ചുപോയിട്ടുള്ളത്. ആരും ഇതിനെ സംരക്ഷിക്കാനില്ലാതെ വന്നപ്പോൾ കാടുകേറിനശിച്ചുപോയിട്ടുണ്ട്. ഇങ്ങനെ കാടുകേറിക്കിടക്കുന്ന അവസരത്തിലായിരിക്കാം പന്തളം രാജാവ് സ്വപ്നദർശനവും കഴിഞ്ഞ് ശബരിമലയിൽ കാടുവെട്ടിത്തെളിക്കാൻ ചെന്നിട്ടുള്ളത്. അപ്പോഴായിരിക്കും ബുദ്ധസന്യാസിമാർ വെച്ചാരാധിച്ചിരുന്ന ആ പഴയ ബുദ്ധവിഗ്രഹം കിട്ടിയിട്ടുള്ളത്. തുടർന്ന് രാജാവ് അവിടെ ക്ഷേത്രം പണിഞ്ഞ് ആരാധന തുടങ്ങിയിട്ടുള്ളതായിരിക്കാം.

രണ്ട്

# അയ്യപ്പനും ചരിത്രങ്ങളും

## അയ്യപ്പൻെറ പിതാവു് ജയന്തൻ എന്ന ബ്രാഹ്മണൻ

അയ്യപ്പനെക്കുറിച്ചുള്ള ചില ഐതീഹ്യങ്ങളാണു് നാം ഇതുവരെ കണ്ടതു്. ഇനി ചില ചരിത്ര പഠനങ്ങൾ നോക്കാം.

ഡോ: എസ്. കെ. നായരുടെ അഭിപ്രായം അയ്യപ്പൻ ഒരു ബ്രാഹ്മണനു് ജനിച്ച കുട്ടിയാണെന്നാണു്. ഈ അഭിപ്രായത്തെ അവലംബമാക്കി പുരാണ നിഘണ്ടുവിൽ പറയുന്ന ഭാഗം നോക്കുക.

"ശബരിമലയ്ക്കു് അല്പം പടിഞ്ഞാറുമാറിയുള്ള കരിമലയിൽ ഒരു തസ്കര സംഘം താമസിച്ചിരുന്നു. ഉദയനനായിരുന്നു അതിൻെറ നായകൻ. സമീപ പ്രദേശങ്ങളിൽ പോയി മോഷണം നടത്തിക്കൊണ്ടുവന്നു് സുഖമായി ആരേയും ഭയപ്പെടാതെ താമസിക്കയായിരുന്നു അവരുടെ പതിവു്. ഒന്നുരണ്ടു് തവണ അവൻ പന്തളം രാജധാനി കൊള്ളയടിക്കാൻ ചെന്നിട്ടു് സാധിച്ചില്ല. ശബരിമല ശാസ്താവു് അവരുടെ കുലദൈവമായതുകൊണ്ടു് അദ്ദേഹത്തിൻെറ ശക്തിനിമിത്തമാണു് കൊള്ളയടിക്കാൻ സാധിക്കാതെ വരുന്നതെന്നു് ആരോ പറഞ്ഞറിഞ്ഞ ഉദയനൻ ശബരിമല ക്ഷേത്രം തീവെച്ചു് നശിപ്പിക്കുകയും അന്നത്തെ ശാന്തിക്കാരനെ വധിക്കുകയും ചെയ്തു.

കൊല്ലപ്പെട്ട ശാന്തിക്കാരൻെറ മകൻ ജയന്തൻനമ്പൂതിരി പിതൃമരണമറിഞ്ഞു് ദുഃഖിതനായി. ഏതു് വിധവും ഇതിനു് പ്രതികാരം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ശബരിമലയിലേക്കു് പോയി. അവിടെ ചെന്ന അദ്ദേഹം കിഴക്കുള്ള പൊന്നമ്പലമേട്ടിൽ പോയി തപസ്സുചെയ്തു് താമസിച്ചു.

അങ്ങിനെയിരിക്കെ ഉദയനൻ പന്തളം രാജധാനിയിൽനിന്നൊരു രാജകന്യകയെ ഭാര്യയാക്കുന്നതിനായി പിടിച്ചുകൊണ്ടു് പോയി. ഇതറിഞ്ഞും പൊന്നമ്പലമേട്ടിൽ തപസ്സു് ചെയ്തുകൊണ്ടിരുന്ന ബ്രാഹ്മണയുവാവു് അവിടെനിന്നും കരിമലയിൽ വേഷംമാറിച്ചെന്നു് രാജകന്യകയേയുംകൊണ്ടു് പൊന്നമ്പലമേട്ടിലേക്കു് പോയി. അവിടെ താമസിക്കുന്നകാലത്തു് അവർക്കൊരു കുട്ടി ജനിച്ചു. ആ കുട്ടിയെ അവർ പത്തുപന്ത്രണ്ടു് വയസ്സുവരെ വളർത്തിയതിനുശേഷം പന്തളരാജധാനിയിലേക്കയച്ചു. മോഷ്ടിക്കപ്പെട്ട കന്യകയുടെ മകനാണു് വന്ന കുട്ടി എന്നറിഞ്ഞപ്പോൾ മാതുലനായ രാജാവിനു് സന്തോഷം തോന്നി അയ്യപ്പാ എന്നുവിളിച്ചു. അന്നുമുതൽ ആ കുട്ടി അയ്യപ്പനായി.

## അയ്യപ്പൻെറ പിതാവു് ചീരപ്പൻചിറ മൂപ്പൻ

ഇനി ചീരപ്പൻചിറ മൂപ്പൻെറ മകനാണു് അയ്യപ്പൻ എന്നു് പറയുന്ന പഠനം നോക്കാം. കെ. ഈ. ഭാസ്കരൻ തിരുവാർപ്പു് എഴുതിയ 'ശ്രീ അയ്യപ്പൻ' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം വെളിപ്പെടുത്തുന്നു.

"പണ്ടു് ജന്മിനാടുവാഴിത്ത കാലഘട്ടത്തിൽ പലപല ജന്മിമാർ അതാതു് സ്ഥലത്തെ ഭരണകർത്താക്കളായിരുന്നു. അവർ തമ്മിൽ ഭൂമിക്കു് വേണ്ടിയും മററും പല യുദ്ധങ്ങളും നടന്നിരുന്നു. ഈ ഭരണകർത്താക്കളുടെ അനുഗ്രഹത്തോടുകൂടിത്തന്നെ പല ഉന്നത കുടുംബങ്ങളിലും കളരിയും കളരിപ്പയററു് സംഘങ്ങളും നിലനിന്നിരുന്നു. ശത്രുക്കളുടെ ആക്രമണങ്ങൾ ഉണ്ടാകുമ്പോൾ രാജാക്കന്മാരെ സഹായിക്കുന്നതിനു് ഈ കളരിപയററു് സംഘങ്ങളെ ക്ഷണിക്കുക പതിവായിരുന്നു. ചീരപ്പൻചിറ കുടുംബത്തിൽ പണിക്കരാശാൻെറ നേതൃത്വത്തിൽ ഒരു കളരിപ്പയററു് സംഘം ഉണ്ടായിരുന്നു. അമ്പലപ്പുഴ, ചേർത്തല, പന്തളം, കോട്ടയം എന്നീ രാജാക്കന്മാരുമായി ഈ സംഘം സൗഹൃദത്തിൽ കഴിഞ്ഞിരുന്നു. വനങ്ങളിൽ കൊള്ളചെയ്തു് ജീവിച്ചുപോന്ന ഒരു സംഘം കാട്ടാളന്മാർ (വനവർഗ്ഗക്കാർ) ഉദയനൻ എന്ന പേരോടുകൂടിയ ഒരു വലിയ കൊള്ളക്കാരൻെറ നേതൃത്വത്തിൽ ഇടക്കിടക്കു് ചില രാജകുടുംബങ്ങളേയും മററു പല ആളുകളേയും കൊള്ളചെയ്തു് ജീവിച്ചുപോന്നു. പന്തളത്തു് രാജധാനിയെ ആക്രമിക്കാൻ ഉദയനനും സംഘവും വരുമെന്നറിഞ്ഞു് പന്തളത്തു് രാജാവു് പണിക്കരാശാനെയും സംഘത്തേയും ദൂതന്മാർ മുഖാന്തിരം വിവരമറിയിച്ചു. ആശാനും സംഘവും ഉടൻതന്നെ പന്തളത്തേയ്ക്കു് പുറപ്പെട്ടു. ഇവർ അവിടെ ചെല്ലുന്നതിനു് മുമ്പായിത്തന്നെ ഉദയനനും സംഘവും പന്തളത്തു് രാജധാനിയെ ആക്രമിച്ചു. അവിടെയുണ്ടായിരുന്ന ധാന്യങ്ങളും രാജാവിൻെറ ഇളയ സഹോദരിയേയും അപഹരിച്ചു് കൊണ്ടുപോയി. വിവരമറിഞ്ഞ ആശാനും സംഘവും വനത്തിൽക്കൂടി തിരഞ്ഞു് നടന്നു. കരിമലമുകളിൽവെച്ചു് ഈ സംഘത്തെ കണ്ടുമുട്ടി. ആശാനും ഉദയനനും തമ്മിൽ ഉഗ്രയുദ്ധം നടന്നു. ഉദയനനെ തോല്പിച്ചു് രാജകുമാരിയേയും കൊണ്ടു് ആശാനും സംഘവും തിരിച്ചുപോന്നു. അന്യജാതിക്കാർ തൊട്ടാൽ ഭ്രഷ്ടു് കല്പിക്കുമായിരുന്നതുകൊണ്ടു് രാജാവു് അവരെ സ്വീകരിക്കുമായിരുന്നില്ല. അതിനാൽ ഈ സ്ത്രീയെ ആശാൻതന്നെ സ്വീകരിച്ചു ചീരപ്പൻചിറ കൊണ്ടുപോയി താമസിപ്പിച്ചു. ആശാനു് ഈ സ്ത്രീയിൽ ഒരു കുട്ടിയുണ്ടായി. കുട്ടിയ്ക്കു് അയ്യൻ എന്നു് പേരിട്ടു. കുട്ടി വളർന്നുവന്നു. ചെറുപ്പത്തിൽത്തന്നെ ആശാനു് അറിയാമായിരുന്ന സകല വിദ്യകളും അയ്യനെ പഠിപ്പിച്ചു. അയ്യൻ പല കളരികളിലും പോയി കായികാഭ്യാസങ്ങൾ അഭ്യസിക്കുകയും മററു് പലരെയും പഠിപ്പിക്കയും ചെയ്തു. കേരളത്തിൻെറ പല ഭാഗങ്ങളിലായി അയ്യനു് അനേകം ശിഷ്യന്മാരുണ്ടായി. ആ കാലഘട്ടത്തിൽ അറേബ്യായിൽനിന്നും ഒരു സംഘം മുസൽമാൻമാർ പാക്കപ്പലിൽ ചേർത്തല വന്നടുക്കുകയും ആ പ്രദേശങ്ങളിൽ പല സ്ഥലത്തും കൊള്ളകൾ നടത്തുകയും ചെയ്തുപോന്നു. ആലപ്പുഴ ചേർത്തല പ്രദേശങ്ങളിലുണ്ടായിരുന്ന ജനങ്ങൾക്കു് ഈ കൊള്ളസംഘത്തെ വലിയ ഭയമായിരുന്നു. ഈ സംഘത്തെ നയിച്ചിരുന്നതു് വാവരു് എന്ന പേരോടുകൂടിയ ഒരു മുസ്ലീമായിരുന്നു. ഒരിക്കൽ അയ്യൻ ഈ സംഘവുമായി ഏററുമുട്ടി. കായികാഭ്യാസ വിദഗ്ധനായ അയ്യനെ തോല്പിക്കുവാൻ വാവർക്കു് കഴിഞ്ഞില്ല. വാവരുടെ കൂട്ടുകാരെല്ലാം ഓടിപാക്കപ്പലിൽ കയറി സ്ഥലംവിട്ടു. വാവരു്

പോയില്ല. വാവരു് ആയുധംവെച്ചു് കീഴടങ്ങി അയ്യന്റെ ശിഷ്യനായിമാറി. അന്നുമുതൽ അവർ രണ്ടുപേരും ഒന്നിച്ചുതന്നെ കഴിഞ്ഞുകൂടി. സ്വന്തം മാതാവിൽ നിന്നും തന്റെ ചരിത്രമറിഞ്ഞിരുന്ന അയ്യൻ പന്തളത്തു് രാജധാനിയിൽ പോകണമെന്നും തന്റെ അമ്മയെ ഉപദ്രവിച്ച ഉദയനനേയും അവന്റെ വംശത്തേയും നശിപ്പിക്കണമെന്നും തീരുമാനിച്ചു. അയ്യനും ശിഷ്യന്മാരുമായി രാജധാനിയിലേക്കു് തിരിച്ചു. പന്തളത്തു് രാജാവിനു് സന്താനങ്ങളില്ലാതിരുന്നതിനാൽ രാജ്യഭരണം ആരെ ഏൽപ്പിക്കുമെന്നു് ഖേദിച്ചിരുന്ന അവസരത്തിലാണു് അയ്യൻ അവിടെ ചെന്നതു്. സ്വന്തം സഹോദരിയുടെ പുത്രനും കായികാഭ്യാസ വിദഗ്ധനുമായ അയ്യപ്പനെത്തന്നെ രാജ്യഭാരം ഏൽപ്പിക്കുവാൻ രാജാവു് തീരുമാനിച്ചു. ഈ തീരുമാനത്തെ തോൽപ്പിക്കുന്നതിനു് രാജ്ഞിയും മന്ത്രിയും കൂടി പല ഉപായങ്ങൾ പ്രവർത്തിച്ചു് രാജ്ഞിക്കു് സുഖക്കേടു് ഭാവിച്ചു് കിടന്നുകൊണ്ടു്, പുലിപ്പാൽ ചേർത്തു് മരുന്നുണ്ടാക്കണമെന്നു് വൈദ്യന്മാരെക്കൊണ്ടു് തന്നെ പറയിപ്പിച്ചു. അയ്യപ്പനെ വിട്ടാൽ പുലിപ്പാൽ കൊണ്ടുവരുമെന്നും അവരെക്കൊണ്ടുതന്നെ പറയിച്ചു. രാജാവിനു് ഇഷ്ടമില്ലായിരുന്നുവെങ്കിലും അയ്യപ്പൻ സ്വമനസ്സാലെ പുലിപ്പാലിനുപോയി. വനത്തിൽ ചെന്നു് ആ നാട്ടിൽ വലിയ ശല്യമുണ്ടാക്കിക്കൊണ്ടിരുന്ന കാട്ടുപോത്തിനെയും മററും കൊന്നതിനുശേഷം പുലിയെ പിടിച്ചു് വള്ളികൾ കൊണ്ടു കെട്ടി രാജധാനിയിൽ കൊണ്ടു് ചെന്നു. ജനങ്ങൾ ഭയവിഹ്വലരായി ഓടിയൊളിച്ചു. ഈ സംഭവങ്ങൾ കഴിഞ്ഞു് അവിടെ താമസിക്കുന്നതു് ഉചിതമായിരിക്കില്ലാ എന്നു് തീരുമാനിച്ചു.

## അയ്യപ്പൻ ആശാന്റെ സഹോദരിയുടെ മകളെ കല്യാണം കഴിച്ചു.

അയ്യപ്പൻ വീണ്ടും ചീരപ്പൻചിറയിലേക്കു് പോയി. അവിടെച്ചെന്ന ഉടനെ അയ്യപ്പൻ വിവാഹം കഴിക്കണമെന്നു് ആശാൻ തീരുമാനിച്ചു. ആശാന്റെ സഹോദരിയുടെ മകളെ വിവാഹം കഴിച്ചു. എങ്കിലും സ്വന്തം അമ്മയെ ഉപദ്രവിച്ച ഉദയനനേയും അവന്റെ വർഗ്ഗത്തേയും കൊന്നൊടുക്കിയതിനു് ശേഷമെ വിശ്രമമുള്ളുവെന്നു് ദൃഢനിശ്ചയം ചെയ്തുകൊണ്ടു് അയ്യപ്പനും സംഘവും വനത്തിലേക്കു് പുറപ്പെട്ടു. പലേടങ്ങളിലും അന്വേഷിച്ചു്, പൊന്നമ്പലമേട്ടിൽവെച്ചു് ഉദയനനേ കണ്ടുമുട്ടി. അവിടെവെച്ചുണ്ടായ യുദ്ധത്തിൽ ഉദയനനെയും അവന്റെ വർഗ്ഗത്തേയും കൊന്നൊടുക്കി.

## അയ്യപ്പനെ വാവർ കൊന്നു

അതിനുശേഷം അവർ ശബരിമലയിൽ വന്നു് അവിടെ വിശ്രമിച്ചു. വിശ്വസ്തഭാവേന വാവരും കൂടെയുണ്ടായിരുന്നു. നേരം വെളുത്തപ്പോൾ അയ്യപ്പൻ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ദുഃഖാർത്തരായ ശിഷ്യഗണങ്ങൾ ശവശരീരം അവിടെ അടക്കം ചെയ്തിട്ടു് എരുമേലിയിൽവന്നു. അവിടെവെച്ചു് അയ്യപ്പനെ വാവരു്കൊന്നതാണെന്നു് സംശയിക്കുകയും വാവരെ അവിടെവെച്ചു് വെട്ടി

കൊല്ലുകയും ചെയ്തു. പന്തളത്തു് രാജാവിനേയും പണിക്കരാശാനേയും ആളയച്ചുവരുത്തി എല്ലാവരുംകൂടി ശബരിമലവന്നു് അയ്യപ്പനുവേണ്ടി ഒരു സ്മാരകം നിർമ്മിച്ചു. അയ്യപ്പൻെറ ഭാര്യയും അവരുടെ കൂട്ടുകാരായ കറുപ്പയും കടുത്തയും ശബരിമലവെച്ചു് ആത്മഹത്യ ചെയ്തു.

## അയ്യപ്പൻെറ മാതാവും പിതാവും ആദിവാസി

ഇതുവരെ നമ്മൾ കണ്ടതു് അയ്യപ്പൻെറ മാതാവു് പന്തളം രാജാവിൻെറ സഹോദരിയാണെന്നാണു്. പിതാവു് ജയന്തൻ എന്ന ബ്രാഹ്മണനോ ചീരപ്പൻചിറ മൂപ്പൻ എന്ന ഈഴവനോ ആണെന്നാണു്. എന്നാൽ അയ്യപ്പൻ ഒരു ആദിവാസി സ്ത്രീയുടെയോ പുരുഷൻെറയോ പുത്രനാകാം എന്നൊരു നിഗമനം പി. എസ്. തെക്കുംഭാഗത്തിനുണ്ടു്. ശബരിമല ഐതീഹ്യവും ചരിത്രവും എന്ന ഗ്രന്ഥത്തിൽ അതു് പ്രതിപാദിക്കുന്നു. അദ്ദേഹം പറയുന്നതു് നോക്കുക. "ആദിവാസി സ്ത്രീക്കു് പന്തളരാജാവിനു് ജനിച്ചതോ പന്തളത്തെ മായയ്ക്കു് ആദിവാസി പുരുഷനു് ജനിച്ചതോ ആയിരിക്കാം അയ്യപ്പൻ" (പേജ്-63) എന്നാണു്.

ഇതിൽ ആദിവാസി സ്ത്രീക്കു് പന്തളരാജാവിൽനിന്നും ഉണ്ടായ കുട്ടിയാണു് അയ്യപ്പൻ എന്ന നിഗമനത്തിനു് അനുയോജ്യമായ ചില വിശ്വാസങ്ങൾ ഇന്നു് നിലവിലുണ്ടു്.

കക്കി-പമ്പാ, പൊന്നമ്പലമേട്ടു് തുടങ്ങിയ മലയോര ഭാഗത്തു് താമസിക്കുന്ന മലപ്പണ്ടാരങ്ങളുടെ വിശ്വാസത്തെക്കുറിച്ചു് പൊന്നമ്പലമേട്ടിലെ തലൈവർ പറയുന്നതു് നോക്കുക:

പന്തളം രാജാവു് നായാട്ടിനു് പോകവെ ഒരു മലപ്പണ്ടാരം സ്ത്രീയിൽ അനുരക്തനായി. ആ അടുപ്പത്തിൽ സ്ത്രീ ഗർഭിണിയായി. കുലശാപം ഭയന്നു് വഴി പിഴച്ച സ്ത്രീയെ രാജാവു് വേളികഴിക്കണമെന്നു് മലപ്പണ്ടാരങ്ങളുടെ മൂപ്പൻ ആവശ്യപ്പെട്ടു. അയിത്തമുള്ളതുകൊണ്ടു് വേളികഴിക്കാൻ കഴിയില്ലെന്നും കുട്ടിയെ കാട്ടിലുപേക്ഷിച്ചാൽ ഇനി വേട്ടയ്ക്കു വരുമ്പോൾ കുട്ടിയെ കൊട്ടാരത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി വളർത്തിക്കൊള്ളാമെന്നും പറഞ്ഞു. ആ വ്യവസ്ഥ അവസാനം അവർ അംഗീകരിച്ചു. അങ്ങനെ അടുത്തപ്രാവശ്യം വേട്ടയ്ക്കു് വന്നപ്പോൾ രാജാവു് കുട്ടിയെ കൂട്ടിക്കൊണ്ടുപോയി. ആ കുട്ടിയാണു് പിന്നീടു് അയ്യപ്പനായി വളർന്നതു്.

## അയ്യപ്പൻെറ അമ്മ ആത്മഹത്യചെയ്തു

ഇനി മറെറാരു കഥയുണ്ടു്. അതു് ചിററാർ, സീതത്തോട്ടു് പ്രദേശത്തുള്ളവരുടെ വിശ്വാസമാണു്. 1959 കാലഘട്ടത്തിൽ സീതത്തോട്ടിലുള്ള ഗുരുനാഥൻമണ്ണു് ട്രൈബൽ സ്കൂളിൽ പഠിപ്പിച്ചിരുന്ന ശിവരാജനോടു് അവിടെ

താമസിച്ചിരുന്ന മലപ്പണ്ടാരങ്ങളുടെ തലവനായ മൂപ്പൻ പറഞ്ഞതാണ് ഈ കഥ. കഥ ചുവടെ ചേർക്കുന്നു:

ഒരു ആദിവാസി പെൺകുട്ടി വഴിപിഴച്ചു. ഗർഭിണിയായ അവളെ അവർ അവരുടെ ആചാരപ്രകാരം പുറംതള്ളി. അലഞ്ഞുതിരിഞ്ഞ അവൾ ഓമനയായ ഒരു ആൺകുട്ടിയെ പ്രസവിച്ചു. പ്രസവിച്ചശേഷം മാനസികമായി തകർന്ന അവൾ കുട്ടിയെ കാട്ടിൽ ഉപേക്ഷിച്ചശേഷം അടുത്തുള്ള ഒരു ചുഴിയിൽ പോയി ആത്മഹത്യചെയ്തു. കാട്ടിൽ ഒററപ്പെട്ട പിഞ്ചുകുഞ്ഞിനെ നായാട്ടിനുവന്ന രാജാവു് കൊട്ടാരത്തിലേയ്ക്കു് എടുത്തുകൊണ്ടുപോയി.

## വിക്രമാദിത്യ വരഗുണനാണ് അയ്യപ്പൻ

ഈ ചരിത്രപഠനങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു നിഗമനമാണ് പ്രൊഫസ്സർ പി. മീരാക്കുട്ടിക്കുള്ളതു്. അദ്ദേഹം അയ്യപ്പചരിത്രത്തെക്കുറിച്ചു് പറയുന്നതു് നോക്കുക:

"വിക്രമാദിത്യ വരഗുണന്റെ ഭരണകാലം കൊല്ലവർഷം 60–101 വരെയാണെന്നു് പ്രൊഫ: ഇളംകുളം തെളിയിച്ചിട്ടുണ്ടു്. ജീവിതകാലം അല്ലെന്നു് ഓർക്കണം. അയ്യപ്പൻ ജീവിച്ചിരുന്നതു് കൊല്ലവർഷം രണ്ടാം നൂററാണ്ടിൽ ആയിരിക്കുമെന്നു് പന്തളം രാജ്യചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ. എൻ. പി. ചെല്ലപ്പൻനായർ അനുമാനിച്ചിരിക്കുന്നു. പാണ്ഡ്യരുടെ പതനം കൊല്ലവർഷം രണ്ടാം ശതകത്തിന്റെ ആദ്യപാദത്തിൽ ആയിരുന്നു. ആയ്‌രാജ്യത്തിന്റെ അന്തർദ്ധാനവും ഇക്കാലത്തിനു് അടുത്തുതന്നെ. അതുകൊണ്ടു് അയ്യപ്പൻ വിക്രമാദിത്യ വരഗുണൻതന്നെ എന്നു് കരുതാം.

ഐതീഹ്യാധിഷ്ഠിതമായ അയ്യപ്പചരിതവും വരഗുണ ചരിത്രവും എങ്ങനെ പൊരുത്തപ്പെടുന്നുവെന്നു് പരിശോധിക്കാം.

പന്തളം രാജാവു് നായാട്ടിനുപോയവഴിക്കു് പമ്പാസരസ്സിന്റെ തീരത്തുനിന്നു് ലഭിച്ച അനാഥ ബാലനാണു് അയ്യപ്പൻ എന്നു് വിശ്വസിച്ചുപോരുന്നു. ഇവിടെ ഒരു ചരിത്രവസ്തുതയും ഐതീഹ്യവും സഹായത്തിനുണ്ടു്. ആദ്യകാലത്തു് ആയരും പാണ്ഡ്യരും തമ്മിൽ തുടരെത്തുടരെ അധികാരമത്സരം നടന്നിരുന്നു. പാണ്ഡ്യ രാജാവായ ശ്രീവല്ലഭന്റെ വിഴിഞ്ഞം ആക്രമണംപോലും കൊല്ലവർഷം ആദ്യശതകത്തിലായിരുന്നു. ആയർ പാണ്ഡ്യരുടെ ആധിപത്യം സ്വീകരിച്ചതിനു് തെളിവൊന്നുമില്ല. വിക്രമാദിത്യ വരഗുണന്റെ തൊട്ടു് മുൻഗാമിയായിരുന്ന കരുനന്തടക്കന്റെ കാലത്തുപോലും ആയർക്കു് പാണ്ഡ്യരെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടു്. ഇവർ തമ്മിലുള്ള ഏതോ ഒരു യുദ്ധത്തിൽ പരാജയപ്പെട്ടു്

പലായനംചെയ്തപ്പോൾ രക്ഷിക്കാനാവാതെ ഉപേക്ഷിക്കപ്പെട്ട ആയ് രാജകുമാരനായിരുന്നു അയ്യപ്പൻ. ഈ അനുമാനത്തിന് ആധാരം ഒരു ഐതീഹ്യമാണു്. കൊല്ലത്തിനടുത്തുള്ള പേരൂരിൽ ഇപ്പോഴുള്ള അതിപ്രാചീനവും പ്രശസ്തവുമായ ആയിരൂർ കുടുംബത്തിന്റെ ആഗമനത്തെപ്പററിയുള്ള ഐതീഹ്യമാണ് ഇതു്. ഏതോ ഒരു യുദ്ധത്തിൽ പങ്കെടുത്തു് പരാജയപ്പെട്ട ഒരു ആയൻ ഭാര്യയേയും മക്കളേയും ഉപേക്ഷിച്ചു് ഈ സ്ഥലത്തു് അഭയംപ്രാപിക്കുകയും ദേവപ്രതിഷ്ഠ നടത്തി സ്ഥിരവാസം ഉറപ്പിക്കുകയുംചെയ്തു. ആയരുടെ ഊരാണ് അയിരൂർ. പേരൂരിലെ കൊച്ചുകാവിൽ ഇപ്പോഴും കണ്ണാടിക്കല്ലു് പ്രതിഷ്ഠയാണുള്ളതു്. പേരൂർ കരിനല്ലൂർക്കാവിലെ പ്രതിഷ്ഠയും കണ്ണാടിക്കല്ലായിരുന്നത്രെ. ബുദ്ധസന്യാസിമാർക്കു് വനപ്രദേശത്തോടുള്ള പ്രതിപത്തി സ്മരണീയമാണ്. ഇപ്പോഴുമുണ്ടിവിടെ കാടു്. ഇപ്പോഴത്തെ കരിക്കോടിന്റെയും പേരൂരിന്റെയും ഏതാനും ഭാഗം ഉൾപ്പെട്ട ഭൂഭാഗം പണ്ടത്തെ കാരൈക്കോട്ടയായിരുന്നു. കരുനന്തൻ എന്ന ആയ് രാജാവിന്റെ കാലത്തു് നടന്ന കാരൈക്കോട്ട യുദ്ധവും പാണ്ഡ്യരുടെ പരാജയവും ഇവിടെ സംഗതമാണ്. ഐതീഹ്യമനുസരിച്ചു് പരാജയപ്പെട്ടു് പലായനംചെയ്ത ആയൻ കരുനന്തടക്കനും ആയിരൂർ കുടുംബത്തിന്റെ സ്ഥാപകൻ അദ്ദേഹത്തിന്റെ അംഗരക്ഷകനുമായിരിക്കാം. ഒരു ആയ് രാജാവോ ആയ് സേനാനിയോ പരാജയപ്പെട്ടു് ഓടി ഈ കോട്ടയിൽ അഭയംപ്രാപിച്ചു എന്നും അദ്ദേഹം ഒരു ബൗദ്ധനായിരുന്നു എന്നും ഐതീഹ്യത്തിലും കണ്ണാടിക്കല്ലു് പ്രതിഷ്ഠയിലുംനിന്നു് ഊഹിക്കാം. ആയൻ പ്രാണരക്ഷാർത്ഥം ഓടിയപ്പോൾ ഉപേക്ഷിച്ച കുമാരനെ പാണ്ഡ്യൻ കൊന്നുകളയാതെ രാജധാനിയിലേക്കു് കൊണ്ടുപോയിരിക്കും. ഇങ്ങനെ ആയിരിക്കാം അയ്യൻ പന്തളം രാജാവിന്റെ വളർത്തുപുത്രനായതു്. പാണ്ഡ്യരുടെ വംശക്കാരാണ് പന്തളം രാജാക്കന്മാർ.

## പുലിപ്പാൽക്കഥയും പുലിയടയാളവും

യുവാവായപ്പോഴേക്കും അയ്യൻ ധനുർവിദ്യ ഉൾപ്പെടെയുള്ള എല്ലാ വിദ്യകളിലും ശാസ്ത്രത്തിലും നൈപുണ്യം നേടി. അയ്യന്റെ അസാധാരണമായ പാടവംമൂലം പന്തളം രാജാവിന്റെ പ്രത്യേക പ്രീതിക്കു് പാത്രീഭവിച്ചു. യുവരാജാവായി വാഴിക്കാൻ പന്തളഭൂപൻ തീരുമാനിച്ചു. രാജകുടുംബാംഗങ്ങൾ, വിശേഷിച്ചും രാജ്ഞി, ഈ തീരുമാനത്തോടു് വിയോജിച്ചു. അയ്യന്റെ പരാക്രമ പ്രൗഢിയും ആത്മാർത്ഥതയും യുവരാജാവാകാനുള്ള അർഹതയും തെളിയിച്ചു് രാജകുടുംബാംഗങ്ങളുടെ നീരസം നിർമ്മാർജ്ജനംചെയ്യാനുള്ള അവസരം കാത്തിരുന്ന രാജാവു് ഉടനെയുണ്ടായ ചോളാക്രമണത്തെ നേരിടാൻ അയ്യനെത്തന്നെ നിയോഗിച്ചു. ഈ പോരാട്ടത്തിൽ അദ്ദേഹം വിജയശ്രീലാളിതനായി തിരിച്ചെത്തി.

അജയ്യരെന്നു കരുതിയിരുന്ന ചോളരെപ്പോലും പരാജയപ്പെടുത്തിയ പരാക്രമശാലി എന്ന പദവിയുടെ പരിണാമമാകാം പുലിപ്പാൽക്കഥ. ചോളരുടെ കൊടി അടയാളം പുലിയായിരുന്നു.

## ബാവർ പുലിയാണു്

പുലിപ്പാൽക്കഥയ്ക്കു് മറ്റൊരടിസ്ഥാനം കൂടിയയുണ്ടു്. കായംകുളം, കരുനാഗപ്പള്ളി പ്രദേശങ്ങളിൽ ബുദ്ധമതാനുയായികൾക്കു് ഭീഷണിയായി തീർന്ന ബാവരെ അയ്യപ്പൻ ബന്ധനസ്ഥനാക്കിയതാണു് ആ അടിസ്ഥാനം. ബാബർ എന്ന അറബിവാക്കിന്റെ തത്ഭവമാണു് ബാവർ. ഈ പദത്തിന്റെ അർത്ഥം പുലി എന്നും.

## അയ്യപ്പൻ ബുദ്ധമതത്തിൽ ചേർന്നു

പന്തളം രാജകുടുംബാംഗങ്ങളുടെ നീരസത്തിനു് പാത്രമായ അയ്യൻ വ്രണിത ഹൃദയനായി വളർത്തച്ഛനോടു് വിടവാങ്ങി ആയ് രാജ്യത്തു് തിരിച്ചെത്തി. അയ്യൻ കരുനന്തടക്കനു് ശേഷം ഭരണഭാരം ഏറ്റെടുത്തു. ദക്ഷിണഭാരതത്തിൽ പാണ്ഡ്യരും ചോളരും തമ്മിൽ അധികാരത്തിനുവേണ്ടി നടന്ന സമരം നിർണ്ണായകമായ നിലയിൽ അദ്ദേഹത്തിന്റെ ഭരണത്തെയും ബാധിച്ചു. ഈ പോരാട്ടങ്ങളിൽ നിന്നും വേറിട്ടുനില്ക്കാൻ ആയ് രാജാവിനും കഴിഞ്ഞില്ല. പാണ്ഡ്യരാജാവംശജനായ പന്തളം രാജാവിന്റെ വളർത്തുമകനായ അയ്യനു് പാണ്ഡ്യപക്ഷത്തു് ചേരാൻ ധാർമ്മികമായ ചുമതലയുണ്ടായിരുന്നു. നിരന്തരമായ പോരാട്ടങ്ങളിൽ പൊറുതിമുട്ടിയപ്പോൾ മഹാനായ അശോകചക്രവർത്തിയുടെ മാതൃക അദ്ദേഹം സ്വീകരിച്ചു ബുദ്ധമതം സ്വീകരിച്ചു് അതിന്റെ പ്രചാരണത്തിനു് പ്രയത്നിച്ചു.

അയ്യൻ ബുദ്ധസന്യാസിയായി തപോമയ ജീവിതം വരിച്ചിരിക്കാം. ഇക്കാലത്തു് ഉദയനൻ എന്നകൊള്ളത്തലവനോ മറവപ്രമാണിയോ ശബരിമലയിലെ ശാസ്താക്ഷേത്രം നശിപ്പിച്ചു. ശബരിമല ക്ഷേത്രം നശിപ്പിച്ച വാർത്തയറിഞ്ഞപ്പോൾ അയ്യന്റെ തീഷ്ണമായ ബുദ്ധമതഭക്തി ജ്വലിച്ചു. പരാക്രമം പതഞ്ഞുപൊന്തി. അദ്ദേഹത്തെക്കൊണ്ടു് വീണ്ടും ആയുധം എടുപ്പിച്ചു. കടുത്ത, കറുപ്പൻ, ബാവർ ആദിയായ അനുചരന്മാരോടുകൂടി ശബരിമലയിലേയ്ക്കു തിരിച്ചു. അതൊരു ജൈത്രയാത്രയായിരുന്നു. വിമതരെയൊക്കെ വശത്താക്കുകയോ വധിക്കുകയോ ചെയ്തു. മഹിഷി എന്ന വനറാണിയെ വധിക്കാൻ നിർബന്ധിതനായി. ഉദയനന്റെ കഥകഴിച്ചു് ശാസ്താക്ഷേത്രം വീണ്ടെടുത്തു.

അദ്ദേഹം പുനഃപ്രതിഷ്ഠ നടത്തി. കട്ടത്ത, കറുപ്പൻ ബാവരു് തുടങ്ങിയ ഉററവരും കരുത്തരുമായ അനുയായികളോട്ടുകൂടി ക്ഷേത്രത്തിനു് കാവലിരുന്നു, സന്യാസ ജീവിതം തുടർന്നു. അയ്യൻ ശാസ്താക്ഷേത്രം വീണ്ടും പണികഴിച്ചപ്പോൾ തികഞ്ഞ ദീർഘവീക്ഷണം പ്രകടിപ്പിച്ചിട്ടുണ്ടു്. ഭാവിയിൽ ഉണ്ടായേക്കാവുന്ന കടന്നാക്രമണങ്ങളെ എളുപ്പത്തിൽ എതിർത്തു തോൽപ്പിക്കാൻ വേണ്ടിയാവണം ഉയർന്ന വേദിയും ഇടുങ്ങിയ സോപാനമാർഗ്ഗവും (പതിനെട്ടാംപടി) നിർമ്മിച്ചതു്.

ക്ഷേത്രത്തിൻെറ പുനർനിർമ്മാണത്തിനു് കേരളത്തിലെ മുഴവൻ ബുദ്ധമതക്കാരുടെയും സഹായവും സഹകരണവും ലഭിച്ചു. ശബരിമലയിലെ പുനപ്രതിഷ്ഠ അക്കാലത്തെ ഒരു മഹാസംഭവമായിരുന്നു. ബ്രാഹ്മണരുടെ കടന്നാക്രമണങ്ങൾ മൂലം പൊറുതിമുട്ടിക്കൊണ്ടിരുന്ന ബൗദ്ധർക്കു് ഒരു നവോന്മേഷം കൈവന്നു. ആവുന്നവരൊക്കെ ശബരിമലയിലെത്തി. ക്ഷേത്രപുനർനിർമ്മാണത്തിൽ സജീവമായി സഹകരിച്ചു, മററുള്ളവർ പുനഃപ്രതിഷ്ഠാ ദിനത്തിലെങ്കിലും എത്തിച്ചേരത്തക്കവണ്ണം കാലേക്കൂട്ടിത്തന്നെ ശബരിമലയിലേയ്ക്കു് പുറപ്പെട്ടു. 'ശരണമയ്യപ്പാ' എന്നു് ഘോഷിച്ചുകൊണ്ടായിരുന്നു അവരുടെയെല്ലാം യാത്ര. വിമതരെയെല്ലാം കിടിലം കൊള്ളിച്ച അയ്യൻെറ നാമോച്ചാരണം അപായം ഒഴിവാക്കുമെന്നു് അവർ കരുതി. അദ്ദേഹം കേരളത്തിലെ ബുദ്ധമത സംരക്ഷകൻെറ പദവിയിലേയ്ക്കു് ഉയർന്നു് കഴിഞ്ഞിരുന്നു. ഇങ്ങനെ അയ്യൻ അയ്യപ്പനായിത്തീർന്നു.

ആക്രമണങ്ങളെ മുന്നിൽ കണ്ടു് കൊണ്ടു് വരഗുണൻ ക്ഷേത്ര നിർമ്മാണം നടത്തി. അക്കാലത്തു് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന പത്നിക്കും രക്ഷാസങ്കേതം ഉറപ്പിച്ചു. ഈ രക്ഷാസങ്കേതം ഒരു ഉയർന്ന സ്ഥാനത്തായിരുന്നു സുരക്ഷിതമായ ഒരുയർന്ന സ്ഥാനത്തു് ഈ മഹതിയെ കാണാനിടയായ തീർത്ഥാടകർ മാളികപ്പുറത്തമ്മ എന്നു് വിശേഷിപ്പിച്ചു. വരഗുണൻെറ പത്നി മുരുകൻ ചേന്നിയായിരുന്നു. ഈ മഹതിയെ 'ആയ്കുലമാതേവി' (മഹാദേവി) എന്നു് കൊണ്ടാടിയിരുന്നു. ഈ അപരനാമം മാളികപ്പുറത്തമ്മയെക്കുറിച്ചുള്ള അനുമാനം അർത്ഥവത്താക്കുന്നു."

# അയ്യപ്പനും ഐതീഹ്യവും ചരിത്രവും

അയ്യപ്പൻ എങ്ങനെയുണ്ടായി എന്നറിയുന്നതിനുവേണ്ടിയാണു് നാം ചില ഐതീഹ്യങ്ങളും പഠനങ്ങളും പരിശോധിച്ചതു്. രാജാവു് നായാട്ടിനു് വനത്തിൽ ചെന്നപ്പോൾ സൂര്യചന്ദ്രന്മാരുടെ ശോഭയെ വെല്ലുന്ന മുഖകാന്തിയുള്ള ഒരു കുഞ്ഞിനെ രാജാവിനു് കിട്ടിയതായിട്ടാണു് നിലവിലുള്ള അംഗീകൃതമായ ഒരു കഥ. ഐതീഹ്യമാലയിലും പുരാണിക് എൻസൈക്ലോപീഡിയയിലും പറയുന്ന കഥകളിൽ നായാട്ടിനു് വനത്തിൽ ചെന്ന രാജാവിനു് വളരെ സമർത്ഥമായി ആയുധങ്ങൾ പ്രയോഗിച്ചു് രസിക്കുന്ന ഒരു യുവാവിനെ കിട്ടുന്നതായിട്ടാണു്.

അതുപോലെ പഠനങ്ങളിൽ അയ്യപ്പന്റെ പിതൃത്വത്തെക്കുറിച്ചു് വ്യത്യസ്ത അഭിപ്രായങ്ങളാണു് ഗവേഷകർക്കുള്ളതു്. ഒരാൾ ബ്രാഹ്മണനു് ജനിച്ച പുത്രനാണെന്നു് പറയുമ്പോൾ ഒരാൾ ഈഴവനു് പിറന്നവനാണെന്നും മറെറാരാൾ ആദിവാസിയിൽ പിറന്നതാണെന്നും ഉള്ള അഭിപ്രായങ്ങളാണു് പ്രകടിപ്പിക്കുന്നതു്. അതല്ല, ആര്യവംശത്തിലെ വരഗുണൻ ആണെന്നു് വേറെരു പക്ഷവും ഉണ്ടു്.

പുരാണങ്ങളുടെ തുടർച്ചക്കഥകളാണോ ഈ പഠനങ്ങൾ എന്നു് തോന്നിപ്പോകും. പുരാണങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു കോണിലേക്കാണു് പഠനം തിരിഞ്ഞിട്ടുള്ളതു്.

പുരാണങ്ങളിൽ കാണാത്ത ഒരു കഥാപാത്രം ഇതിൽ ഉദയം ചെയ്യുന്നു. കൊള്ളക്കാരനായ ഉദയനൻ. ഉദയനനെ പരാജയപ്പെടുത്തുന്ന അയ്യപ്പനെയും മററും പഠനങ്ങളിൽ കാണാം.

ചുരുക്കത്തിൽ ഇതുവരെ പരിശോധിച്ച കഥകളിൽനിന്നും പഠനങ്ങളിൽനിന്നും മനസ്സിലാവുന്നതു് നിലവിലുള്ള വിശ്വാസങ്ങളും കാലാകാലങ്ങളിൽ ചിന്തകർക്കുണ്ടാകുന്ന അഭിപ്രായങ്ങളും ചേർന്നതാണു് അയ്യപ്പചരിതമെന്നാണു്. കാരണം കഥകളിലും പഠനങ്ങളിലും വ്യത്യസ്ത അഭിപ്രായങ്ങളാണും കാണുന്നതു്. അതിനു് മതിയായൊരു തെളിവാണു് മഠം പരമേശ്വരൻ നമ്പൂതിരി 'ആര്യാമൃതം' അയ്യപ്പചരിത്ര മഹാകാവ്യം എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ എഴുതിയിരിക്കുന്ന കഥ. 1971-ൽ പുറത്തിറങ്ങിയ ആ കഥയിൽ ഐതീഹ്യവും അതുവരെയുള്ള പഠനങ്ങൾ പുതിയ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നതും നമുക്കു് കാണാവുന്നതാണു്. ആ കഥ ഇവിടെ ഉദ്ധരിക്കാം.

## അയ്യപ്പന്റെ കാമുകി സുഭദ്രയും വീരൻ എന്ന മലയരയപ്രമാണിയും

“പാണ്ഡ്യരാജവംശത്തിലെ ഒരു ശാഖ തെങ്കാശിയിൽനിന്നും സഹ്യപർവ്വതം കടന്നു് കേരളത്തിൽ വന്നു് പന്തളത്തടുത്തുള്ള അയിരൂരും പിന്നീട്ടു് പന്തളത്തും താമസമുറപ്പിച്ചു. ആ വംശത്തെ ആയിരൂർ സ്വരൂപം എന്നു് വ്യവഹരിച്ചുപോന്നു. എരുമേലിക്കും കുമളി പുരത്തിനും തെക്കോട്ടു് അച്ചൻകോവിൽപ്പുഴ വരെ ഓടനാടിനും മലയപർവ്വതത്തിനുമിടയ്ക്കുള്ള പ്രദേശം അവർ അടക്കിഭരിച്ചുപോന്നു. കിഴക്കൻമലകളിൽ പരശുരാമൻ പ്രതിഷ്ഠിച്ചിരുന്ന എട്ടു് ശാസ്താക്കന്മാരിൽ ശബരിമല അയ്യപ്പനായിരുന്നു അവരുടെ പരദേവത. ഇവർ കേരളത്തിൽ വന്നതു് എ. ഡി. പത്താം ശതകത്തിലാണെന്നു് ചരിത്രം പറയുന്നു.

കുറച്ചുനാൾ കഴിഞ്ഞു് പന്തളത്തു് കേരളവർമ്മ എന്നൊരു രാജാവും സഹോദരി സുഭദ്ര എന്നൊരു രാജ്ഞിയും ഏകസന്താനം അംബിക എന്നൊരു കുമാരിയും മാത്രമെ ഉണ്ടായിരുന്നുള്ളു. ആ കുമാരിയെ സാത്വികനും മാന്ത്രികനും പണ്ഡിതശ്രേഷ്ഠനുമായ താമരശ്ശേരി ദാമോദരൻ നമ്പൂതിരി പാണിഗ്രഹണം ചെയ്തു് കൂട്ടിരിപ്പായി. രാജകുമാരിക്കു് 24 വയസ്സു് തികഞ്ഞിട്ടും സന്താനമൊന്നുമുണ്ടായിക്കാണാഞ്ഞതിൽ അവർക്കു് വിഷാദമായി. സന്താനലബ്ധിക്കു് ശാസ്താവിനെ പ്രാർത്ഥിച്ചുകൊണ്ടു് അവർ നാൾ കഴിച്ചുകൂട്ടി ആയിടക്കു് ഒരുദിവസം തമ്പുരാൻ പള്ളിനായാട്ടു് ചെയ്യാത്തതിനാൽ വനത്തിൽ ദുഷ്ടമൃഗങ്ങളുടെ ശല്യംനിമിത്തം പൊറുക്കാൻ നിവൃത്തിയില്ലെന്നു് ഗിരിവർഗ്ഗക്കാർ വന്നു് തമ്പുരാനോടു് പരാതിപ്പെട്ടു. അതനുസരിച്ചു് തമ്പുരാൻ നായാട്ടിനു് പുറപ്പെട്ടു. നായാട്ടിനിടയിൽ അദ്ദേഹം ഒരു മാനിനെ പിൻതുടർന്നു് അതിവേഗം കൂട്ടവിട്ടു് കാട്ടിൽ വളരെ ദൂരം തനിച്ചകപ്പെട്ടു. ഭയപ്പെട്ടു് കൂട്ടരെ തിരക്കിനടന്നു. ദിക്കറിയാതെ പമ്പയുടെ തെക്കേക്കരയിൽ ചെന്നുവശായി. നേരവും വൈകിത്തുടങ്ങി. അദ്ദേഹമങ്ങനെ അന്ധാളിച്ചുനിൽക്കുമ്പോൾ ഒരു പിഞ്ചുപൈതലിന്റെ ദീനരോദനം കേട്ടു. ആ ശബ്ദത്തെ ലക്ഷ്യമാക്കി നടന്നു. അവിടെ കരയുന്ന ഒരു കൊച്ചുകുഞ്ഞിനെയാണു് അദ്ദേഹം കണ്ടതു്. കുനിൽക്കുരുവെന്നപോലെ വീണ്ടുമൊരു വിഷമത്തിൽപ്പെട്ടു് അദ്ദേഹം പതുങ്ങി നിൽക്കുമ്പോൾ:

“രാജാവെ! സംശയിക്കേണ്ട. കുട്ടിയെ എടുത്തുകൊണ്ടു് പന്തളത്തേക്കു് പൊയ്ക്കോള്ളു. എന്റെ അനുഗ്രഹഫലമാണതു്. പന്തളം രാജകുടുംബത്തിനു് ഇവൻ വേണ്ട ഭാവുകങ്ങളെല്ലാം നൽകും”. എന്ന അശരീരിവാക്യമാണു് കേട്ടതു്. അദ്ദേഹം കുട്ടിയെ കയ്യിലെടുത്തു. അപ്പോഴേക്കു പരിവാരങ്ങൾ അന്വേഷിച്ചു് അടുത്തെത്തി. എല്ലാവരുംകൂടി പന്തളത്തേക്കു് തിരിച്ചു. സ്വന്തം മകനായിട്ടു് കുഞ്ഞിനെ വളർത്തി. ഒരു വർഷത്തിനകം അംബികാരാജ്ഞിക്കും ഒരു പെൺകുട്ടി പിറന്നു. വലിയ തമ്പുരാനു് അമ്മച്ചിയിലും ഒരു പുത്രൻ ജനിച്ചു. വളർത്തുപുത്രനു് ശാസ്താവിന്റെ സ്മരണയ്ക്കുവേണ്ടി ‘ആര്യൻ’ എന്നു് പേരി

ട്ടു. മാത്രമല്ല ശാസ്താവിന്റെ പര്യായങ്ങളെല്ലാം ഓമനപ്പേരായി വിളിച്ചുവരികയും ചെയ്തു. കുമാരിക്ക് മുറപ്രകാരം മുത്തശ്ശിയുടെ പേരായ സുഭദ്ര എന്ന് നാമകരണം ചെയ്തുവെങ്കിലും അയ്യപ്പന്റെ ഓർമ്മയ്ക്കുവേണ്ടി 'ആര്യ' എന്ന് അമ്മമാർ വാത്സല്യത്തോടെ വിളിച്ചുപോന്നു. രാജാവിന്റെ പുത്രന് 'വീരുതൻ' എന്ന് പേർ വിളിച്ചു.

യഥാവസരം കുട്ടികളെ എഴുത്തിനിരുത്തി. കുമാരീ–കുമാരന്മാരെ അച്ഛൻ ദാമോദരൻ നമ്പൂതിരിതന്നെ വിദ്യയഭ്യസിപ്പിച്ചു. വേദവേദാന്തങ്ങളിലും മററു കലകളിലും അവർ എളുപ്പം വലിയ പ്രാവീണ്യം നേടി. അറിവിനുവേണ്ട വിദ്യാഭ്യാസത്തിനുശേഷം കുമാരനും തമ്പിയും പയററുമുറയഭ്യസിക്കുവാൻ കച്ച കെട്ടിത്തുടങ്ങി. അവരുടെ കളരിയാശാൻ ഗോവിന്ദൻ കുട്ടത്ത എന്ന ആളായിരുന്നു. കൊച്ചുതമ്പുരാന്ന് കളരിയിൽ സഹപാഠിയായിട്ട് കുട്ടത്തയാശാന്റെ മകൻ കൊച്ചുരാമനുമുണ്ടായിരുന്നു. പയററു വിദ്യയിൽ തമ്പുരാനും രാമനും അതിവിദഗ്ധന്മാരായി. തമ്പി കുറെ മോശവുമായിരുന്നു. തന്നിമിത്തം തമ്പിക്ക് തമ്പുരാനോട്ട് ദുസ്സഹമായ അസൂയ തുടങ്ങുകയും ചെയ്തു.

രാജകുമാരി കുമാരനിൽനിന്ന് അഭ്യാസമുറകളെല്ലാം ശീലിച്ചു. ആത്മരക്ഷയ്ക്കു വേണ്ടതിൽ കവിഞ്ഞ പരിചയം നേടി.

മഹാരാജാവിന്ന് വാർദ്ധക്യമായതുകൊണ്ട് കുമാരന്റെ അരങ്ങേററം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ യുവരാജാവാക്കി വാഴിച്ചു.

## ഒരമ്മയുടെ മുലകുടിച്ച അയ്യപ്പനും കാമുകിയും

കുമാരിക്ക് കൊച്ചുതമ്പുരാനോടുള്ള സ്നേഹം പ്രേമമായി മാറാൻതുടങ്ങി. ഇരുവരും ഒരമ്മയുടെ മുല കുടിച്ചു വളർന്നവരാണെങ്കിലും രക്തബന്ധമൊന്നുമില്ലാത്തതുകൊണ്ട് അവർതമ്മിൽ പ്രേമബന്ധത്തിലേർപ്പെട്ടതിൽ കുററമൊന്നുമില്ല.

തമ്പിക്ക് കുമാരിയിലും പ്രേമം ജനിച്ചു. മാത്രമല്ല, കോയിക്കലെ ഏകസന്താനമായ കുമാരിയെ പരിഗ്രഹിച്ചാൽ രാജ്യവും അധികാരവുംകൂടി കയ്യടക്കാമെന്നൊരു ദുരാശയുംകൂടി അതിന്ന് സഹായമായി. ദുരാഗ്രഹംമൂത്ത അമ്മച്ചിക്കുമതു് സമ്മതമായി. സ്വന്തമായ ചില ലാഭം കണക്കാക്കി മന്ത്രി കുരുക്കളും അതിനനുകൂലിച്ചു. എന്നാൽ അതിന്ന് തടസ്സമായി വന്നുകൂടിയതു് തത്ക്കാലം തെണ്ടിക്കോയിമ്മയായി കുട്ടിയിരിക്കുന്ന ആര്യകുമാരനാകുന്നു. അതുകൊണ്ട് തമ്പിയും കൂട്ടരുംകൂടി കുമാരനെ നാട്ടിൽനിന്നോടിക്കുവാനുള്ള കുമാർഗ്ഗങ്ങളാലോചിച്ചുതുടങ്ങി. കുമാരനെ കുടുക്കുവാൻ മന്ത്രി കുരുക്കൾ ഒരു മാർഗ്ഗം നിർദ്ദേശിച്ചു. അമ്മച്ചി ഒരു ഗുന്മന്റെ നോവഭിനയിക്കുക. അതിന്ന് സാധാരണ ചികിത്സയൊന്നും ഫലിക്കായ്കകൊണ്ട് കൊട്ടാരവൈദ്യൻ പുലിപ്പാൽകൊണ്ടൊരു മരുന്ന് നിശ്ചയിക്കുക. വൈദ്യൻ കുരുക്കൾ വശഗനാണു്. ആ നിലയ്ക്കതു സാധിക്കാം. വലിയതമ്പുരാനെ വശപ്പെടുത്തി

പുലിപ്പാലു് കൊണ്ടുവരാൻ കുമാരനെ അയപ്പിക്കുക. ആ ചതിയിൽ ഇളമുറയുടെ കഥകഴിക്കാം. ഈ നിർദ്ദേശം നടപ്പിലാക്കി. പക്ഷേ, കുമാരൻ കാട്ടിൽചെന്നു് സ്വന്തം മഹിമാവുകൊണ്ടു് അവിടെയുള്ള പുലികളെ മുഴുവൻ പന്തളത്തെത്തിച്ചു. അതിലെല്ലാവരും പരാജിതരായി. മഹാരാജാവിന്റെ അപേക്ഷപ്രകാരം കുമാരൻ പുലികളെ ആർക്കും ഒരു ശല്യവുമേല്പിക്കാതെ കാട്ടിലേക്കു് തിരിച്ചയച്ചു. ആദ്യത്തെ ചതിപ്രയോഗം അങ്ങനെ വിഫലമായി.

## വീരൻ എന്ന കുറവപ്രമാണി

ആയിടയ്ക്കു് കൊച്ചുതമ്പുരാനു് ഭരണവിഷയത്തിൽ മറ്റൊരു ഭീഷണികൂടി നേരിടേണ്ടതായി വന്നു. അതായതു് പന്തളം രാജാക്കന്മാരുടെ കീഴിൽ മലയോരപ്രദേശം ഭരിച്ചുകൊണ്ടു് ഒരു കുറവൻ കരിമല ആസ്ഥാനമാക്കി വാണിരുന്നു. വീരൻ എന്നായിരുന്നു ആ മലയരയപ്രമാണിയുടെ പേരു്. അടുത്തകാലത്തയാൾ മേൽക്കോയ്മയെ അവഗണിച്ചു് അക്രമവും കൊള്ളയും തുടങ്ങി. നിലയ്ക്കൽ, ശബരിമല തുടങ്ങിയ ക്ഷേത്രങ്ങൾ കൊള്ളിവച്ചു് മുതൽ മുഴുവൻ കയ്യടക്കി നാട്ടിലും കടന്നു് ഉപദ്രവം തുടങ്ങി. രാജധാനിപോലും ആക്രമിക്കുമെന്ന നിലയായി. അവനെ അമർത്തുവാനുള്ള ശ്രമത്തിലായി ആര്യകുമാരൻ. അതിനു് കേരളത്തിലെ രാജാക്കന്മാരെ ഒരുമിച്ചുചേർത്തു് "ഏകകേരളം" സംഘടിപ്പിക്കുവാൻ തമ്പുരാൻ ഉറച്ചു. രാജാക്കന്മാരെ കാണുവാൻ ഒരു പര്യടനം നടത്തുവാൻ അദ്ദേഹം തയ്യാറായി. തെക്കൻദിക്കിലേക്കു് എഴുത്തുംകൊടുത്തു് തന്റെ ഉററമിത്രമായ കൊച്ചുരാമനെ അയച്ചു. വടക്കോട്ടു് അദ്ദേഹം നേരിട്ടും പുറപ്പെട്ടു. തമ്പുരാൻ ആരുമറിയാതെയാണു് പോയതെങ്കിലും തമ്പിയും കൂട്ടരും കാര്യം മനസ്സിലാക്കി. ആ തക്കം പാഴിലാക്കാതെ കരിമലനാഥൻ വീരനെ കൂട്ടുപിടിച്ചുകൊണ്ടു് ഒരു രാത്രി രാജകുമാരിയെ കട്ടിലോടുകൂടി അപഹരിച്ചു് കരിമലയിൽ കൊണ്ടുപോയി ഒളിപ്പിച്ചു. വലിയതമ്പുരാനും റാണിമാരും വിലപിച്ചുകൊണ്ടിരിക്കുമ്പോൾ കൊച്ചുരാമൻ മടങ്ങിവന്നു. കുമാരൻ ആ സമയം പൂഞ്ഞാർ കൊട്ടാരത്തിലുണ്ടായിരിക്കുമെന്നു് രാമനിൽനിന്നും മനസ്സിലാക്കി. ഉടനെ കുമാരനെ വിവരമറിയിക്കുവാൻ രാമനെത്തന്നെ സന്ദേശവുംകൊടുത്തു് തമ്പുരാൻ പൂഞ്ഞാറിലേക്കു് അയച്ചു. വിവരമറിഞ്ഞു് കുമാരൻ ക്ഷണത്തിൽ പന്തളത്തു് തിരിച്ചെത്തി. കൊട്ടാരം ജീവനക്കാരെ വരുത്തി വിസ്തരിച്ചപ്പോൾ കാര്യസ്ഥിതി ഏറെക്കുറെ ഇളയരാജാവിനു് പിടികിട്ടി. തമ്പിയേയും കൂട്ടരേയും ഉടനെ കരുതൽത്തടങ്കലിലാക്കി.

അക്കാലത്തു് അറേബ്യയിൽനിന്നും വ്യാപാരത്തിനായിട്ടു് കേരളത്തിലും പണ്ടകശാല തീർത്തു് താമസിക്കുന്ന സമർത്ഥനും സമ്പന്നനും സിദ്ധനും സമരപടുവുമായ വാവർ എന്നൊരു സഹയാത്രികൻ ഉണ്ടായിരുന്നു. അയാൾക്കും കരിമലനാഥൻ ഒരു ഭീഷണിയായിരുന്നു. അയാളെ അടിപ്പെടുത്തുന്നതു് വാവർ

കൾ ആവശ്യമായിരുന്നു. തന്നിമിത്തം ആളുകൊണ്ടും അർത്ഥംകൊണ്ടും അയാൾ തമ്പുരാന് തുണയായിത്തീർന്നു.

തമ്പുരാൻ രാമനെ പറഞ്ഞയച്ച് അയൽരാജ്യങ്ങളിൽനിന്ന് വേണ്ട സഹായമാർജ്ജിച്ചു. തക്കതായ ഒരുക്കങ്ങളോടുകൂടി കുമാരൻ എരുമേലിയിലെത്തി. വിവരമറിഞ്ഞ് കരിമലനാഥൻ സ്വന്തം സേനാനി പുതുശ്ശേരിമുണ്ടനെ പടയോടുകൂടി തമ്പുരാനെ എതിർക്കുവാൻ എരുമേലിക്കയച്ചു. തമ്പുരാനുമായുള്ള ഏററുമുട്ടലിൽ മുണ്ടനും കൂട്ടരും മുഴുവൻ മുതിയടഞ്ഞു. കുമാരൻ നേരിട്ട് സപരിവാരം കരിമലയിലേക്കു പുറപ്പെട്ട് വീരനുമായുള്ള യുദ്ധത്തിൽ അയാളെ നിഗ്രഹിച്ച് രാജകുമാരിയേയുംകൊണ്ട് പന്തളത്തേയ്ക്കു പോന്നു. കുമാരിയെ അമ്മമാർക്ക് കാഴ്ചവച്ചു. അവിടെ ജയിലിൽക്കിടന്ന തമ്പി നിരാശനിമിത്തം ആത്മഹത്യചെയ്തു. അങ്ങനെ പന്തളത്തെ ബാധകളെല്ലാം ഒരുവിധത്തിലൊഴിഞ്ഞു എന്ന മട്ടായി.

അനന്തരം വലിയതമ്പുരാൻെറ നിർദ്ദേശപ്രകാരം കുമാരൻ ശബരിമല ക്ഷേത്രം പുതുക്കിപ്പണിതു് നവീകരണകലശത്തിന് വേണ്ട ഒരുക്കമെല്ലാം ചെയ്തു. പന്തളത്തുനിന്ന് വലിയതമ്പുരാനുൾപ്പെടെ രാജകുടുംബം മുഴുവൻ ധർമ്മശാസ്താവിൻെറ പ്രതിഷ്ഠ കണ്ട് തൊഴാൻ ശബരിമലയിലെഴുന്നള്ളിയിരുന്നു. കുംഭാഭിഷേകദിവസം പ്രതിഷ്ഠ കഴിഞ്ഞ് ബ്രഹ്മകലശം ആടിത്തീർന്നപ്പോൾ നടയിൽ തൊഴുതുകൊണ്ടുനിന്നിരുന്ന കുമാരൻ ഒരു തേജഃപുഞ്ജമായി മാറി. എല്ലാവരും കാൺകെത്തന്നെ ഉടലോടെ ആ ശാസ്താവിഗ്രഹത്തിൽ ലയിച്ചു. അതുപോലെ സുഭദ്രകുമാരിയും സ്ത്രീരൂപമായ ഒരു തേജസ്സായിട്ട് മഞ്ചാംബിക (മാളികപ്പുറത്തമ്മ) യിലും ലയിച്ചു. ഉടനെ ആ സന്നിധാനത്തിലുള്ള സകലരുടെയും മനസ്സിലെന്നപോലെ പമ്പാടവിയിൽ മുഴുവനുമൊരു ദിവ്യചൈതന്യവും പ്രകാശവും പരത്തിക്കൊണ്ട് ഒരാകാശവാണി മുഴങ്ങുന്നതു് കേൾക്കായി—"ഇപ്പോൾ ഇവിടെ നടന്ന സംഭവത്തിൽ ആരും വ്യാകുലപ്പെടരുതു്. എൻെറയും എൻെറ ശക്തിയുടെയും പൂർണ്ണാവതാരങ്ങളാണു് കുമാരനും കുമാരിയും. അവർ അവതാരോദ്ദേശ്യം സാധിച്ച് തിരിയെ മടങ്ങുകമാത്രമാണു് ചെയ്തതു്. അതു് സ്വാഭാവികമാണു്. എൻെറ സഹായികളായിരുന്ന വാവരും രാമനും ഇവിടെ ക്ഷേത്രപാലകന്മാരായി കഴിയട്ടെ. കാലശേഷം അവരും ഇവിടെ ഉപദേവന്മാരായി തീർന്നുകൊള്ളും. പന്തളം രാജകുടുംബത്തിൽ ഉടനെ തക്ക സന്താനങ്ങളുണ്ടായിക്കൊള്ളും. അതു് മേൽക്കുമേലഭിവൃദ്ധി പ്രാപിക്കും. എൻെറ ഭക്തജനങ്ങൾ മേലിൽ ആദ്യമായിട്ട് എൻെറ രക്ഷിതാവായ പന്തളത്തു് തമ്പുരാനെ വണങ്ങിയിട്ടേ എന്നെ ഭജിക്കേണ്ടതുള്ളു. എല്ലാവർക്കുമനുഗ്രഹം". കലശത്തിൻെറ ബാക്കി ചടങ്ങുകൾ കഴിഞ്ഞു് എല്ലാവരും പിരിഞ്ഞുപോയി. കല്പനപോലെതന്നെ പന്തളം രാജവംശം ഇന്നും സർവ്വോൽക്കർഷേണ വർത്തിക്കുന്നു."

ഈ കഥയ്ക്കുള്ള പ്രത്യേകത ഈ കഥയിലെ ഐതീഹ്യാംശങ്ങൾ ഒഴിച്ചാൽ അവശേഷിക്കുന്ന ഭാഗങ്ങൾക്ക് പതിയൊരു ചരിത്ര പശ്ചാത്തലമുള്ളതായി

കാണാം. പാണ്ഡ്യരാജവംശത്തിലെ ഒരു ശാഖ തെങ്കാശിയിൽനിന്നും സഹ്യപർവ്വതം കടന്ന് കേരളത്തിൽ വന്ന് പന്തളത്തിനടുത്തുള്ള അയിരൂരും, പന്തളത്തും താമസിച്ചുവെന്നും, അവർ പിന്നീട് അയിരൂർ സ്വരൂപമായിയെന്നും, ഏതുമേലിക്കും കുമളി ചുരത്തിനും മലയപർവ്വതത്തിനുമിടയ്ക്കുള്ള പ്രദേശം അടക്കിഭരിച്ചു എന്നു പറയുന്നതും, കുമളിവഴി മധുരയും പന്തളവുമായുള്ള വ്യാപാരത്തിന്റെ തകർച്ച, ശബരിമല, നിലയ്ക്കൽ മുതലായ ക്ഷേത്രങ്ങളുടെ തകർച്ച, രാമൻ നാഞ്ചനാട്ടിൽ, വേണാട്ടിൽ, ഇരണിയൽ (രണസിംഹനല്ലൂർ) കൊട്ടാരത്തിലെത്തുന്നു, ശ്രീവാഴുംകോട്ട ശാഖയിൽ, തൃപ്പാപ്പൂർ ശാഖയിൽ, ചെറവായ് ശാഖയിൽ (ചിറയിൻകീഴ്), കൊല്ലത്ത്, കായങ്കുളത്ത് (ഓടനാട്) കായങ്കുളത്തെ പല കാഴ്ചകളും കാണുന്നു, സമുദ്രവർണ്ണനം, ഓച്ചിറപ്പടനിലത്തിലെ യുദ്ധപരിശീലനം കാണാൻ പോകുന്നു, ചെങ്ങന്നൂർ, തിരുവല്ല, കവിയൂർ, തൃക്കൊടിത്താനം, മണികണ്ഠപുരം (വാകത്താനം) വെന്നിമല, തിരുവഞ്ചിയൂർ, സൂര്യകാലടിമന, കുമാരനല്ലൂർ, ഏററുമാന്നൂർ, കിടങ്ങൂർ, പുലിയന്നൂർ, ഭരണങ്ങാനം, ഈരാററുപേട്ട, പൂഞ്ഞാർ, തുടങ്ങിയ ഗ്രന്ഥത്തിലെ ഉള്ളടക്കത്തിലെ കവിതകളുടെ തലക്കെട്ടുകളായ സ്ഥല നാമങ്ങളും മററും ചരിത്രവുമായി ബന്ധമുള്ളതാണ്. എന്നാൽ ഈ കഥ ഒരു ചരിത്രമാണെന്ന് പറയാൻ വയ്യ. കാരണം മതിയായ ഒരു തെളിവുമില്ല.

ഉമാകേരളത്തെ അനുകരിച്ച് ഒരു സന്ദേശകാവ്യമായി എഴുതിയതാണ് ഈ മഹാകാവ്യമെന്ന് അവതാരികകാരനായ പി. വി. കൃഷ്ണൻനായർ പറയുന്നുണ്ട്. അത് കൊണ്ട് സന്ദേശകാവ്യം രചിക്കാനുള്ള തൃഷ്ണ കോർത്തിണക്കിയെന്ന് മാത്രമെയുള്ളു. അല്ലാതെ ചരിത്രയാഥാർത്ഥ്യങ്ങളാണെന്ന് പറയുവാൻ വയ്യ.

നേരത്തെ കണ്ട പഠനങ്ങളിൽ ഉദയനൻ മോഷ്ടിച്ചുകൊണ്ടുപോകുന്ന രാജകുമാരി രാജാവിന്റെ സഹോദരിയാണെങ്കിൽ ഈ കഥയിൽ മോഷ്ടിക്കപ്പെടുന്ന രാജകുമാരി രാജാവിന്റെ സഹോദരിയുടെ മകളുടെ മകളാണ്.

ചീരപ്പൻചിറ മൂപ്പന്റെ മകളായ ലളിതയുമായിട്ടാണ് അയ്യപ്പന് പ്രേമം ഉണ്ടായിരുന്നതായി പി. എസ്. തെക്കുംഭാഗം പറയുന്നത്. പക്ഷേ ഈ കഥയിൽ അയ്യപ്പന് പ്രേമമുണ്ടാകുന്നത് രാജാവിന്റെ സഹോദരിയുടെ മകളുടെ മകളായ സുഭദ്രയിലാണ്. ഇങ്ങനെ അനവധി വ്യത്യാസങ്ങൾ കാണാം. അതുകൊണ്ട് ഈവക കാര്യങ്ങൾ പുതിയ പഠനങ്ങളുടെ പരിണാമമാണെന്ന് കരുതാവുന്നതാണ്. ഇതിൽനിന്നും ഒരുകാര്യം വ്യക്തമാവുന്നു. കഥകളും അയ്യപ്പനെക്കുറിച്ചുള്ള പുതിയ പഠനങ്ങളും സമന്വയിപ്പിച്ചുകൊണ്ടാണ് പുതിയ അയ്യപ്പകഥകൾക്ക് ഓരോരുത്തരും ജന്മംകൊടുക്കുന്നതെന്ന്.

# മൂന്ന്

# ഐതീഹ്യങ്ങളും കഥാപാത്രങ്ങളും

നാം അയ്യപ്പനെക്കുറിച്ചുള്ള ചില ഐതീഹ്യങ്ങളും ചരിത്രകാരന്മാരുടെ വീക്ഷണങ്ങളും കണ്ടുകഴിഞ്ഞു. ഇനി മററുചില കാര്യങ്ങൾ പരിശോധിക്കാം.

അയ്യപ്പകഥകളിൽ ഒരു പ്രധാനപങ്കാണു് വാവർക്കുള്ളതു്. വാവരെപ്പററി പല ഐതീഹ്യങ്ങളുമുണ്ടു്, ആ ഐതീഹ്യങ്ങളിൽ എത്രമാത്രംയാഥാർത്ഥ്യങ്ങളുണ്ടെന്നു് നമുക്കിനി നോക്കാം.

# വാവർ ഇസ്ളാമല്ല

പതിനെട്ടാംപടിക്കു് താഴെ കിഴക്കുവശത്തു് അല്പം വടക്കുമാറിയാണു് വാവരുടെ ഇരിപ്പിടം. ഈ വാവർക്കു് പൂജാകർമ്മങ്ങൾ നടത്തുന്നതു് ഇന്നു് ഒരു മുസ്ളീം ആണു്. മണ്ഡപത്തിൽ വച്ചിരിക്കുന്ന കലശത്തിൽ കാണിക്ക ഇടുന്നതിനുപുറമേ നെല്ലു്, നാളികേരം, നെയ്യു്, കുരുമുളകു്, ചന്ദനം, സാമ്പ്രാണി പനിനീർ തുടങ്ങിയവ വഴിപാടായി നൽകുന്നുണ്ടു്. കൂടാതെ ആടുകളേയും വഴിപാടായി കിട്ടുന്നുണ്ടു്. ശബരിമലയ്ക്കു് നേർച്ചയ്ക്കയക്കുന്ന ആടുകൾ പ്രത്യേകം നിയന്ത്രണമൊന്നുമില്ലെങ്കിലും ജനങ്ങളോടൊരുമിച്ചു് യാത്രചെയ്തു് പതിനെട്ടാം പടിക്കൽ എത്തിച്ചേരുമെന്നൊരു വിശ്വാസമുണ്ടു്.

വാവർ ഒരു മുസ്ളീംസ്ത്രീയിൽ പരമശിവനുണ്ടായ കുട്ടിയാണെന്നാണു് ഒരു ഐതീഹ്യ കഥ. ആ കഥ ഉദ്ധരിക്കാം.

“മഹാവിഷ്ണു മായകൊണ്ടു് കാതി എന്നൊരു ഉമ്മയെ പുണർന്നുപോലും. മഹാവിഷ്ണു തന്നെ കാതിക്കു് മാലയിട്ടു. മൂന്നേമുക്കാൽ നാഴികകൊണ്ടു് കാതിഉമ്മയ്ക്കു് ഗർഭമുണ്ടായി. പത്തും തികഞ്ഞപ്പോൾ കാതിഉമ്മ ഒരു പെൺകുഞ്ഞിനെ പെററു. ആ കുട്ടിയാണു് പാത്തുമ്മ. പാത്തുമ്മയ്ക്കു് യൗവ്വനം വന്നു. പാത്തുമ്മയുടെ സൗന്ദര്യം പരമശിവനെ ഹരംപിടിപ്പിച്ചുപോലും. ഒരു ദിവസം പരമശിവൻ വൃക്ഷമായി അവതരിച്ചു. ആ വൃക്ഷത്തിനു് നാലു് യോജന നീളമുണ്ടു്. രണ്ടു്യോജന തടിയും, നാലുഭാഗത്തേയ്ക്കു് നാലു് കൊമ്പും, നാലു കൊമ്പിലും നാലുവീതം പുഷ്പവുമുണ്ടു്. കന്നിരാശിയിൽ താഴ്ന്നകൊമ്പിൽ കൈനാറി എന്നൊരു പുഷ്പവുമുണ്ടായിരുന്നു. ആ പുഷ്പത്തിൻെറ വാസന വന്നപ്പോൾ പാത്തുമ്മ ഉമ്മയോടു് ചോദിച്ചു.

“എന്തു് എൻെറ പെററോരുമ്മേ
പുഷ്പം തന്നുടെ വാസനയിവിടെ?”

ഉമ്മയുടെ മറുപടിഇതായിരുന്നു.

“മായാ പുഷ്പവാസന മകളെ
അതുകൊണ്ടൊട്ടും മോഹിക്കവേണ്ട”

പാത്തുമ്മവീണ്ടും ചോദിച്ചു.

"ചൊല്ലുചൊല്ലെൻെറ പെററോരുമ്മേ
പൂമരം കാണുവാൻ പോകുക വേണം"

കാതിയുമ്മയ്ക്കു ദേഷ്യം വന്നു.

"പോകവേണ്ടപാത്തു നീയ്യ്
പോകുന്നാകിൽ ഗർഭമുണ്ടാകും."

കാതി പറഞ്ഞതു് പാത്തുമ്മ കേട്ടില്ല. കാററിൽ ഒഴുകിവന്ന പൂവിൻെറ സുഗന്ധം പാത്തുമ്മയെ ഹരം പിടിപ്പിച്ചിരുന്നു. അവൾ പൂപെറുക്കുന്ന തൊട്ടിയെടുത്തു് പൂമരത്തിൻെറ ചുവട്ടിലെത്തി വലംവെച്ചു. ഉയരത്തിലുള്ള പൂക്കൾ പറിക്കുവാൻ അവളുടെ കൈകൾ എത്തുമായിരുന്നില്ല. അവൾ ദുഃഖാകുലയായി നിൽക്കുമ്പോൾ ഒരു കൊമ്പു് താഴ്ന്നു വന്നു. പാത്തുമ്മ ആ കൊമ്പിൻ കയറി ഇരുന്നു. അവൾ ഒരു പൂപറിച്ചു. അതു് കയ്യിൽ നിന്നും വഴുതി പോയി. രണ്ടാമതു് ഒരു പൂകൂടി പറിച്ചു. അതു് കരിഞ്ഞും പോയി. മൂന്നാമതു് ഒരു പൂപറിച്ചു് പാത്തുമ്മ മണത്തു. അവൾ ഗർഭിണിയായി. കാതിഉമ്മ ഇതറിഞ്ഞപ്പോൾ മകളെ ജാതിയിൽ നിന്നും പുറത്താക്കി. അങ്ങനെ പരമശിവനു് പാത്തുമ്മയിലുണ്ടായ സന്താനമാണു് വാവരു്."

## ഇനി മറെറാരു കഥ

"തകിർതിത്താൻ തോട്ടത്തിലാണു് വാവർ ജനിച്ചതു്. അറേബ്യയിലെ ഒരു പ്രധാന സ്ഥലമാണത്രേ തകിർതിത്താൻ തോട്ടം. സെയ്താലി പാത്തുമ്മ ദമ്പതിമാരുടെ മകനായിരുന്നു വാവരു്. ജന്മനാലെ വികലാംഗനായ വാവരെ വളർകാലൻ വാവരെന്നാണു് മാതാപിതാക്കൾ വിളിച്ചിരുന്നതു്. വാവർ വളർന്നകാലത്തു് നാട്ടിൽ പട്ടിണിയായിരുന്നുപോലും. അക്കാലം വിളയുന്ന നെല്ലൊന്നും വിളഞ്ഞില്ല. പൂക്കുന്ന മാവൊന്നും പൂത്തില്ല. ഗോതമ്പും തിനയും മാത്രമെ ഉണ്ടായിരുന്നുള്ളുവത്രെ. ഇതു് തിന്നാണു് വാവർ വളർന്നതു്.

വാവരെ പെററകാലം നെല്ലൊന്നും വിളഞ്ഞില്ല
ഗോതമ്പും തെനയരിതിന്നുവളർന്നല്ലേവാവരുണ്ണീ.

വാവരുടെ കാലത്തെക്കുറിച്ചു് സവർണ്ണർ സൃഷ്ടിച്ച ഈരടിയാണിതു്. മൂന്നാം വയസ്സിൽ വാവരുടെ മുടിയിറക്കി. ഏഴാം വയസ്സിൽ എഴുത്തിനിരുത്തി. പത്താം വയസ്സിൽ പയററിനാക്കി. ഉണ്ണിയായ വാവർ വെട്ടും പയററും പഠിച്ചു. മുമ്പും പിമ്പും ചാടിമറിയാൻ വാവരു് അഭ്യസിച്ചു. അങ്ങനെയിരിക്കെ വാവർക്കൊരു കൊതി തോന്നി. കടലിൽ കപ്പലോട്ടിക്കണമെന്നു്. വാവർക്കു് ബാപ്പയും ഉമ്മയും അതിനനുമതി നൽകി. കപ്പലോട്ടക്കാലത്തു് മറുനാടുകളിൽച്ചെന്നു് വാവരു് കണ്കെട്ടും ചെപ്പടിവിദ്യയും മന്ത്രവാദവും പഠിച്ചു."

('അയ്യപ്പൻ' ഡോ: എസ്. കെ. നായർ-പേജ്-75, 77)

ഭൂതനാഥോപാഖ്യാനത്തിൽ വാവരെക്കുറിച്ച് പറയുന്ന കഥ ഇതിൽനിന്നും വ്യത്യസ്തമാണ്. കഥയിതാണ്:

അയ്യപ്പൻ പുലിപ്പാലിനായി വനത്തിൽ പ്രവേശിക്കുമ്പോൾ മഹേശ്വരനാൽ നിയുക്തനായി അയ്യപ്പനെ വന്നു വണങ്ങുന്ന ശിവഭൂതങ്ങളിൽ ഒരാളായിട്ടാണു് വാവരെ അവതരിപ്പിച്ചിരിക്കുന്നത്. വാവരുടെ പേരു് ഇതിൽ വാപരെന്നാണു്. നോക്കുക:

"പാരാതെ ഭൂതേശ്വരൻ നഗരം വിട്ടുശീഘ്രം
ഘോരകാനനം തന്നിൽ ചെന്നൊരു നേരത്തിങ്കൽ
ഇന്ദുശേഖരാജ്ഞയാ ഭൂതവൃന്ദങ്ങളെല്ലാം
വന്നുടൻ മണികണ്ഠ സ്വാമിയെ വണങ്ങിനാർ
വാപരൻ, കട്ടശബ്ബൻ ഘോരനാംവീരഭദ്രൻ
കൂപകർണ്ണനും ഘണ്ടാകർണ്ണനും കൂപനേത്രൻ
ഇത്യാദി ലക്ഷലക്ഷം ഭൂതവൃന്ദങ്ങളോടു—
മെത്തിനാൻ പമ്പാനദീതീരത്തിൽ ഭൂതേശ്വരൻ"

(പേജ് 38, പഞ്ചമാദ്ധ്യായം)

ഈ കഥകൾക്കുടാതെയാണ് വാവർ കൊള്ളക്കാരനായിരുന്നുവെന്നും അയ്യപ്പനുമായി യുദ്ധം ചെയ്തുവെന്നും അവസാനം പരാജിതനായ വാവർ അയ്യപ്പന്റെ ശിഷ്യനും അടുത്തസുഹൃത്തുമായി മാറിയെന്നുമുള്ള മറെറാരുകഥ.

എന്നാൽ ഈ കഥകളിൽ എത്ര മാത്രം യാഥാർത്ഥ്യമുണ്ടെന്നുള്ളതു് പരിശോധിക്കേണ്ടിയിരിക്കുന്നു.

പുരാണങ്ങളിൽ നിന്നും അടർത്തിയെടുത്ത ഗ്രന്ഥമെന്നവ്യാജേനയാണു് ഭൂതനാഥോപാഖ്യാനം അവതരിപ്പിച്ചിരിക്കുന്നതു്. ഒരു ഗോസായിയുടെ കയ്യിൽ നിന്നും കല്ലറയ്ക്കൽ കൃഷ്ണൻ കർത്താവിനു് കിട്ടിയ ഗ്രന്ഥത്തിന്റെ കിളിപ്പാട്ടാവിഷ്ക്കാരമാണ് ഭൂതനാഥോപാഖ്യാനമെന്നു് 104-ൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത ഗ്രന്ഥത്തിന്റെ മുഖവുരയിൽ പ്രസാധകനായ പ്ളാവട കൃഷ്ണൻ നായർ വെളിപ്പെടുത്തിയിട്ടുണ്ടു്.

ഈ ഗ്രന്ഥത്തിലാണു് വാവർ വാപരനായി വന്നിട്ടുള്ളതു്. ഭൂതനാഥോപാഖ്യാനത്തിന്റെ മൂലഗ്രന്ഥം ഗോസായിയുടെ കയ്യിൽ നിന്നും കിട്ടിയതാണെങ്കിലും ഭൂതനാഥോപാഖ്യാനത്തിൽ വന്നിട്ടുള്ള പരാമർശങ്ങളുടെ ആധികാരികതയെപ്പററിയും അതിന്റെ ചരിത്രപരമായ അടിസ്ഥാനത്തെക്കുറിച്ചും ആദ്യ അദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു.

ഇനി വാവരെക്കുറിച്ചുള്ള ആദ്യം പറഞ്ഞ ഐതീഹ്യങ്ങൾ നോക്കാം. അതു് പരിശോധിക്കുവാൻ വളരെ സഹായകരമായ ഒരു രേഖ നമുക്ക് ലഭിച്ചിട്ടുണ്ടു്. കൊല്ലവർഷം 968-ാമാണ്ടു് കർക്കിടകം പതിനഞ്ചാം തീയതി ഞായറാഴ്ച

പന്തളം രാജാവു് കാഞ്ഞിരപ്പള്ളി ശിങ്കാരമുഹമ്മദിനു് കൊടുത്ത ഒരു ചെമ്പുപട്ടയമാണതു്.

പട്ടയം ചുവടെ ചേർക്കുന്നു.

(മുദ്ര)

കൊല്ലം തൊള്ളായിരത്തി അറുപത്തിയെട്ടാമാണ്ടു് കർക്കിടകം ഞായർ പതിനഞ്ചാം തീയതി എഴുതുന്ന തിരുവടയാള പട്ടയം ആവിതു്.

കാഞ്ഞിരപ്പള്ളി പ്രവർത്തിയിൽ കാഞ്ഞിരപ്പള്ളി മുറിയിൽ പള്ളിവീട്ടിൽ കുടിയിരിക്കും ശിങ്കാരമുഹമ്മദ് മഹദുവിനു് തന്നു് ഉടയപേർക്കായി നമ്മുടെ വകയായി എഴുതിതീരുവയില്ലാത്ത ശബരിമല ക്ഷേത്രത്തിൽ അയുർവേദ ഗുരുഭൂതൻ ആയ ബാവർ സ്വാമിതന്നുടെ പേർക്കായി നമ്മുടെ വക ശബരിമല ക്ഷേത്രത്തിൽ ആണ്ടുതോറും ഉള്ള മകരവിളക്കു് തിരുവുൽസവ സംബന്ധമായി ആണ്ടുതോറും മേട്ടംപ്രത്തു് ഗുരുതി ആയതിലേയ്ക്കു് 36 ഇടങ്ങഴി ഉണക്കലരിയും അഞ്ചേകാൽ ഇടങ്ങഴി പഴയ അരിയും ഏഴരവീതം ചിലവരിയും രണ്ടുറാത്തൽ സാമ്പ്രാണിയും രണ്ടുറാത്തൽ ചന്ദനവും രണ്ടുറാത്തൽ ചൂടാനം (കർപ്പൂരം) ഒന്നര വെളിച്ചെണ്ണയും മുപ്പത്തിയാറു് ആടും കെട്ടിയൊരുക്കം ആയിരം പണവും ഈ വകസാമാനങ്ങൾ ക്ഷേത്രത്തിങ്കൽ ചെന്നു് ആണ്ടുതോറും വന്നു് വാങ്ങി ഈ ഉൽസവ സംബന്ധമായ പൂജാദിഷ്ഠാതികളെ നിങ്ങളും നിങ്ങൾ കുടുംബത്തോടും കൂടി അനുഷ്ഠിക്കണം. അതിനു് അവിടെവന്നു് പാളയം അടിച്ചു് താമസിക്കുന്നതിനു് നാല്പതുകോൽ സമചതുരസ്ഥലവും പതിനെട്ടാം പടിക്കു് താഴെ അനുവദിച്ചു് തിരുവടയാള നീട്ടു് തന്നിരിക്കുന്നു.

പുല്ലിക്കാട്ടുകണ്ണൻ കേരളൻ
പന്തളത്തു് (ഒപ്പ്)
(ശരിപകർപ്പു്)

ഈ പട്ടയത്തിൽനിന്നും നിലവിലുള്ള സങ്കല്പങ്ങൾക്കു് വിരുദ്ധമായി വാവരെക്കുറിച്ചു് പുതിയൊരു വിവരം നമുക്കു് ലഭിക്കുന്നുണ്ടു്. വാവർ ഒരു ആയുർവ്വേദ ഗുരുഭൂതനായിരുന്നുവെന്നാണു് ആ വിവരം.

(ആയുർവ്വേദ ഗുരുഭൂതനെന്നാൽ ആയുർവ്വേദാചാര്യൻ (ശബ്ദതാരാവലി) എന്നർത്ഥം. ബാബർ അഥവാ വാവർ എന്നാൽ പിതാവു് (ശബ്ദതാരാവലി) എന്നർത്ഥം. സ്വാമി എന്നു പറഞ്ഞാൽ—രക്ഷിക്കുന്ന, അധികാരമുള്ള, വിദ്വാനായ ബ്രാഹ്മണൻ, രാജ്യസഭാംഗങ്ങളിൽ ഒന്നു്, ആദ്ധ്യാത്മിക ഗുരു (ശബ്ദതാരാവലി) എന്നൊക്കെ അർത്ഥം.)

ഈ ആയുർവ്വേദ ഗുരുഭൂതൻ ശബരിമലയിൽ എങ്ങനെ വന്നുവെന്നു് നോക്കാം.

## രാമനെയും, ബാവരെയും തമ്പുരാൻ ക്ഷേത്രപാലകരായി നിയമിക്കുന്നു

ബാവരെ ശബരിമലയുടെ നടത്തിപ്പിനായി നിയോഗിക്കുന്നുവെന്ന അനുമാനത്തിന് സഹായകരമാണ് മഠം പരമേശ്വരൻനമ്പൂതിരി ആര്യാമൃതം എന്ന ഗ്രന്ഥത്തിൽ ക്ഷേത്രപാലകനായി ബാവരെ നിയമിക്കുന്നതായി കവിതാരൂപത്തിൽ എഴുതിയിട്ടുള്ളത്. ആ കവിതാഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

"ബലശവിധി സമാപിച്ചപ്പൊളാപ്പന്തളേന്ദ്രൻ
മലയിൽ മുസലിരാമൻ രണ്ടുപേരേയുമൊപ്പം
ഉലകിനുടയവൻ തന്നമ്പലം കാക്കവോരാ-
യലഘുപദവിയോടേവാഴവാനാജ്ഞനൽകി
അവരിരുവരുമിന്നും തേവരേസ്സേവ ചെയ്താ-
ശ്ശബരിമലയിൽ വാഴ്‌വൂ ശാശ്വതായുസ്സുനേടി
ഭവജന തിരുമുമ്പിൽ സേവചെയ്‌വോർക്ക് വാഴ്‌ച-
യ്ക്കവധിഗണനയുണ്ടോമർത്ത്യലോകത്തിലേപ്പോൽ.
ഹരിഹര സുതനേത്താനോർത്തുകൊണ്ടാത്തഭക്ത്യാ
ഗിരിയിൽ മരുവിയോരാരാമനും ഹാജിയാരും
ദുരിത മഖിലമററാദ്ദിവ്യ ചൈതന്യമേന്തി
ശ്ശരിവരെയിരുപേരും സ്വാമി സാലോക്യമാർന്നാൽ"

(ആര്യാമൃതം, മഠം പരമേശ്വരൻ നമ്പൂതിരി)

രാജാക്കന്മാർക്ക് വിക്രമാദിത്യസദസ്സുപോലെ വിദ്വൽസദസ്സുകളുണ്ടല്ലോ. കലയിലും, സാഹിത്യത്തിലും, തത്വചിന്തയിലും, ജ്യോതിഷത്തിലും, മരുന്നിലും, മന്ത്രത്തിലുമൊക്കെ, കാളിദാസൻ, വേതാളഭട്ടൻ, ഘടകർപ്പരൻ വരാഹമിഹിരൻ, വരരുചി, ധന്വന്തരി തുടങ്ങിയവർ വിക്രമാദിത്യസദസ്സിലെ, പ്രമുഖന്മാരായിരുന്നുവല്ലോ.

അതുപോലെ പന്തളം രാജാവിനും പ്രമുഖന്മാർ കണ്ടിരിക്കണം. ആയുർവ്വേദാചാര്യനായ ധന്വന്തരിയെപ്പോലെ ആയുർവ്വേദ ഗുരുഭൂതനായ ബാവർ സ്വാമി പന്തളം രാജസദസ്സിലെ പ്രമുഖഭിഷഗ്വരനായിരിക്കാം. അദ്ദേഹം വൈദ്യൻ മാത്രമല്ല രാജകൊട്ടാരങ്ങളെ കേന്ദ്രീകരിച്ചുനടക്കുന്ന പൂജകളുടെയും ഹോമങ്ങളുടെയും മന്ത്രവാദങ്ങളുടെയും കുലദൈവാരാധനകളുടെയും ഒരു പുരോഹിതൻ കൂടിയായിരിക്കാം. മരുന്നിലും മന്ത്രത്തിലും പ്രഗൽഭനായ ബാവരെ (ബാവർ ഒരു ബാവയായിരിക്കാൻ സാദ്ധ്യതയുണ്ട്. പട്ടയത്തിൽ കാണുന്ന കുരുത്വ നടത്തിപ്പുകാരന്റെ മുൻഗാമിയെന്നനിലയിൽ മരുന്നുമാത്രമല്ല മന്ത്രവും അറിയാവുന്ന ആളായിരിക്കാമെന്ന് കരുതാവുന്നതാണ്. അതുകൊണ്ടുതന്നെ ബാവർ ഒരു സിദ്ധൻ കൂടിയായിരുന്നിരിക്കണം. സിദ്ധന്മാർ ഇന്നും ദൈവമാണെന്ന്

അവകാശപ്പെടാറുണ്ടല്ലോ. ദൈവത്തിനു് പിതാവു് (ബാവ-പിതാവു, ശബ്ദതാരാവലി) എന്നർത്ഥമുണ്ടല്ലോ. ഇങ്ങനെ അവകാശപ്പെടുന്ന സിദ്ധന്മാരാണല്ലോ ഭഗവാൻ സത്യസായി ബാബയും ശിർദ്ദിസായിബാബയും മററനവധി ബാബമാരും. ഇതിൻെറ അടിസ്ഥാനത്തിൽ ബാവരെ നമുക്കു് ഒരു ബാബയായി കാണാവുന്നതാണു്.) ആദ്യകാലത്തു് രാജാവു് ശബരിമലയുടെ നടത്തിപ്പുകാര്യങ്ങൾക്കായി നിയോഗിച്ചിരിക്കണം. ക്രമേണ ബാവർ ശബരിമലയിൽ സ്ഥിരതാമസമാക്കുകയും ക്ഷേത്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരിക്കണം. അന്നൊക്കെ ക്ഷേത്രത്തിൽ നടത്തിയിരുന്ന ഹോമങ്ങൾക്കും ഗുരുതികൾക്കും ബാവരായിരിക്കാം നേതൃത്വം വഹിച്ചിട്ടുള്ളതു്. മുഗബലി സന്നിധാനം അശുദ്ധി വരുത്തുന്നതായതു് കൊണ്ടു് പതിനെട്ടാം പടിക്കു്താഴെവെച്ചു് നടത്തിയിരിക്കണം. ഗുരുതി നടത്തിയിരുന്നതു് ബാവരായതുകൊണ്ടാണു് രാജാവു് ഗുരുതി നടത്തുന്നതിനായി കാഞ്ഞിരപ്പള്ളി ശിങ്കാരമുഹമ്മദ് മഹദുവിനു് കൊടുത്ത ചെമ്പു് പട്ടയത്തിൽ ആയുർവേദ ഗുരുഭൂതനായ ബാവർ എന്നു് എഴുതിയിരുന്നതു്. ഈ ചെമ്പുപട്ടയം രാജാവിനു് പററിയ ഒരമളിയാണു്. കാഞ്ഞിരപ്പള്ളി ശിങ്കാരമുഹമ്മദും സംഘവും നടത്തിയ ശ്രമത്തിൻെറ ഫലമായി നേടിയതാണീ പട്ടയം. ബാബ അഥവാ വാവ യെന്നൊക്കെ മുസ്ളിംങ്ങൾക്കു് ചില പ്രാദേശികനാമങ്ങളുണ്ടു്. ഈ നാമങ്ങളുടെ ശബ്ദത്തിൽ നിന്നും ബാബരു് മുസ്ളീം ആണെന്നു് തെററിദ്ധരിച്ചോ, തെററിദ്ധരിപ്പിച്ചോ അന്നത്തെ രാജാവിൽ നിന്നും നേടിയെടുത്തിട്ടുള്ളതാവാം ഈ ചെമ്പുപട്ടയം. യഥാർത്ഥത്തിൽ ചെമ്പുപട്ടയം കൊടുത്ത രാജാവിൻെറ കാലത്തുള്ള ആളല്ല ബാവർ. ബാവരുടെ മരണാനന്തരമാണു് പട്ടയം കൊടുത്തിട്ടുള്ളതെന്നു് പട്ടയത്തിൽ നിന്നും വ്യക്തമാവുന്നുണ്ടു്. ബാവർക്കുവേണ്ടി ശിങ്കാരമുഹമ്മദിനു് എഴുതിക്കൊടുത്ത പട്ടയമാണിതു്. ബാവർ അന്നു് ജീവിച്ചിരിപ്പുണ്ടെങ്കിൽ ശിങ്കാരമുഹമ്മദിനു് എഴുതികൊടുക്കേണ്ടതില്ലല്ലോ. ബാവരെക്കുറിച്ചുള്ള കേട്ടുകേഴ്വിയിൽ നിന്നും, ബാവരെക്കുറിച്ചു് അജ്ഞനായ അന്നത്തെ പന്തളം രാജാവു് എഴുതിക്കൊടുത്തതാകാം ഈ പട്ടയം.

ബാവരും അയ്യപ്പനുമായുള്ള ബന്ധം ഇത്രമാത്രമാണു്. അതുകൊണ്ടു് ബാവരുടെ സമകാലികനാണു് അയ്യപ്പൻ എന്ന ചില ചരിത്രകാരന്മാരുടെ അഭിപ്രായവും തെററാണു്. അയ്യപ്പക്ഷേത്രത്തിൽ പൂജചെയ്ത ഒരാൾ മാത്രമാണു് ബാവർ. ഇതുമാത്രമാണു് ബാവർക്കു് അയ്യപ്പനുമായുള്ള ബന്ധം.

# അയ്യപ്പനും, ഭാര്യമാരും

ശബരിമല ചരിത്രത്തിലെ മറെറാരു പ്രധാനകഥാപാത്രമാണ് മാളികപ്പുറത്തമ്മ.

സന്നിധാനത്തിൽ നിന്നും ഏകദേശം നൂറുവാര അകലത്തിലാണ് മാളികപ്പുറത്തെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഇവിടെ നട തുറന്നുള്ള ദർശനം ഇല്ല. ദേവിയുടെ അരുളപ്പാടുണ്ടാകുമ്പോൾ മാത്രമെ നടതുറക്കാവൂ. ത്രിശൂലവും വിളക്കമാണു് ഇവിടുത്തെ പ്രതിഷ്ഠ. ഇവിടുത്തെ പ്രധാന വഴിപാട് നാളികേരം, വെററില, മഞ്ഞൾപ്പൊടി, പട്ട്, കുങ്കുമം, കാനിയ്ക്കയിടൽ എന്നിവയാണു്. നാളികേരം ഇവിടെ ഉടയ്ക്കുവാൻപാടില്ല. മാളികപ്പുറത്തമ്മയെ മനസ്സിൽവിചാരിച്ച് നാളികേരം ഉരുട്ടിയാൽ മതി. ശയനപ്രദക്ഷിണമാണു് പ്രധാന നേർച്ച. ദേവിയുടെ നടയിൽ നിന്നും ലഭിക്കുന്ന മഞ്ഞൾ പ്രസാദം കഴിക്കുകയോ, ലേപനം ചെയ്യുകയോ ചെയ്താൽ പലതരത്തിലുള്ള അസുഖങ്ങൾ മാറുമെന്നാണു് വിശ്വാസം.

മഹിഷിയുടെ പുനർജന്മമാണു് മാളികപ്പുറത്തമ്മയെന്ന് പുരാണകഥയിൽ പറയുന്നു. ചില ഗവേഷകർ അയ്യപ്പന്റെ ഭാര്യയാണു് മളികപ്പുറത്തമ്മയെന്ന് അഭിപ്രായപ്പെടുന്നു.

പുരാണത്തിൽ അയ്യപ്പൻ നൈഷ്ഠിക ബ്രഹ്മചാരിയാണു്. ഗവേഷകർ നടത്തിയ പഠനങ്ങളിൽനിന്നും അയ്യപ്പന് ഭാര്യയുണ്ടായിരുന്നതായി പറയുന്നതോടെ അയ്യപ്പൻ ബ്രഹ്മചാരിയാണെന്ന സങ്കല്പം തകരുന്നു. ബ്രഹ്മചാരിയായതുകൊണ്ട് ശബരിമലയിൽ സ്ത്രീകൾ ചെല്ലരുതെന്ന അഭിപ്രായത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

നമുക്ക് പുരാണകഥകൾ മുതൽ പരിശോധിച്ചു തുടങ്ങാം. മഹിഷിയുടെ പുനർജന്മമാണു് മാളികപ്പുറത്തമ്മയെന്ന് പറയുന്ന കഥ ഭൂതനാഥോപാഖ്യാനത്തിൽ ഉണ്ട്. ഭൂതനാഥോപാഖ്യാനത്തെ അവലംബമാക്കി ആശ്രമം ദാമോദരൻ എഴുതിയ കഥ നോക്കുക:

"സുന്ദരമഹിഷത്തോടൊപ്പം വനാന്തരങ്ങളിൽ കാമകേളികളാടി വിഹരിച്ചിരുന്ന മഹിഷിയെ ദാനവർ ചെന്ന് കണ്ടു. പല സന്ദർഭങ്ങളിൽ പല രീതികളിൽ വഞ്ചിതരും പരാജിതരുമായ അസുരവർഗ്ഗത്തിന്റെ ശോചനീയ നിലയും, ഇന്ദ്രപദവി കരസ്ഥമാക്കിയ മഹിഷിയുടെ അധഃപതനത്തിന്റെ പിന്നിലുള്ള ഗൂഢതന്ത്രവും മനസ്സിലായപ്പോൾ മഹിഷി ദിഗന്തങ്ങൾ ഞെട്ടുമാറുച്ചത്തിൽ ഗർജ്ജിച്ചു. വരശക്തിയാൽ സ്വന്തം രോമകൂപങ്ങളിൽ നിന്ന് അനേക സഹസ്രം മഹിഷികളെ ഉൽഭവിപ്പിച്ച്, അസുരഗണത്തോടുകൂടി സ്വർല്ലോകത്തെത്തി. ദേവകൾ ഭൂതനാഥനെ അഭയംതേടി. ഭൂതനാഥനക്കണ്ട് മഹിഷി

അലറിപ്പാഞ്ഞടുത്തു. അത്യത്ഭുതകരമായ വിധത്തിൽ, ഭൂതനാഥൻ മഹിഷിയുടെ ശൃംഗങ്ങളിൽ പിടിച്ചുയർത്തി വട്ടംചുഴററി ഊക്കോടെ എറിഞ്ഞു. മഹിഷി ചെന്നുവീണതു് അഴുതാനദിയുടെ തീരത്താണു്. ഭൂതനാഥൻ കുതിച്ചുചാടി മഹിഷിയുടെ ഭീമമായ ശരീരത്തിൽ താണ്ഡവമാടി. ലോകം കമ്പനം കൊണ്ടു. മഹാവിഷ്ണുവും പരമശിവനും ആ രംഗത്തിനു് സാക്ഷ്യം വഹിച്ചു. ശക്തി ക്ഷയിച്ചു് ഗർവ്വടങ്ങിയ മഹിഷി സ്വമൃത്യുകാരനായ ഹരിഹരപുത്രനെ സ്തുതിച്ചു. തെററുകളിൽ പശ്ചാത്തപിച്ചു് മാപ്പപേക്ഷിച്ചു. ശരണം തേടി. തെറററിഞ്ഞു് മനം തിരുത്തിയ മഹിഷിയെ ഭൂതനാഥൻ ദയാമസൃണമായി മന്ദംമന്ദം തലോടി ശാപവിമുക്തയായിത്തീർന്ന ലീല സർവ്വാംഗസുന്ദരിയും തേജോമയിയുമായി പുനർജനിച്ചു.

ഭൂതനാഥന്റെ മായാശക്തിയായിത്തന്നെ സ്വീകരിക്കണമെന്നു് ലീല അഭ്യർത്ഥിച്ചു. ഭൂതനാഥാവതാരം ബ്രഹ്മചര്യാനിഷ്ഠമായതിനാൽ, സഹോദരീ ഭാവത്തോടുകൂടി മഞ്ചമാതാവായി (മാളികപ്പുറത്തമ്മ) തന്നിൽ നിന്നു് കുറച്ചു് ദൂരെ ഇടതുവശത്തായി കുടി കൊള്ളണമെന്നായിരുന്നു മറുപടി.

മഹിഷിയുടെ ഭൗതിക ശരീരം അഴുതയുടെ തീരത്തു് സംസ്കരിച്ചു. അതു് വളർന്നു് വലുതാകാതിരിക്കുവാൻ അതിനുമുകളിൽ കല്ലുകളിട്ടു് കുന്നാക്കി ത്തീർത്തു."

(അയ്യപ്പസർവ്വസ്വം ഹിന്ദുമതസാരം പേജ് —45, 46)

## ലളിത

അയ്യപ്പനു് ചീരപ്പൻചിറ മൂപ്പന്റെ മകൾ ലളിതയുമായി ബന്ധമുണ്ടെന്നു പറയുന്ന പഠനമാണു് ചുവടെ ചേർക്കുന്നതു്. പി. എസ്. തെക്കുംഭാഗത്തിന്റെ അഭിപ്രായമാണിതു്.

"ചീരപ്പൻചിറ തറവാടു്.

കൂററൻ കോട്ടകളും പടിപ്പുരകളുമുണ്ടായിരുന്ന ഒരു കാലഘട്ടം. പടിപ്പുരകൾതോറും കാവൽക്കാർ. കോട്ടയ്ക്കുള്ളിലെ കളരിപ്പറമ്പിൽ വാളുകളും പരിചകളും ഏററുമുട്ടിയ ശബ്ദങ്ങൾ. അതിന്റെയെല്ലാം ഓർമ്മകൾ അയവിറക്കിക്കൊണ്ടു് ചീരപ്പൻചിറ തറവാട്ടു് ഇന്നും നിലനിൽക്കുന്നു.

കളരിയിലെ ആശാന്മാർ ചീരപ്പൻചിറ കാരണവന്മാർ തന്നെയായിരുന്നു പൂഴിയങ്കമെന്ന പ്രസിദ്ധിയാർജിച്ച അടവുകളായിരുന്നു അവരെ സമൂഹമദ്ധ്യത്തിൽ ആദരണീയരാക്കിമാററിയതു്.

ഇന്നു് കോട്ടകളും കോട്ടത്തളങ്ങളുമില്ല; വാളുകളുടേയോ പരിചകളുടേയോ പ്രകമ്പനങ്ങളില്ല. പടിപ്പുരകളും കാവൽക്കാരുമില്ല. അതെല്ലാം ഇന്നലെകളിൽ അസ്തമിച്ചുപോയിരിക്കുന്നു.

പ്രതാപങ്ങളും ഐശ്വര്യങ്ങളും കൊടികുത്തിവാണിരുന്ന കാലഘട്ടത്തിൽഅയ്യപ്പൻ ചീരപ്പൻചിറയിലെ കളരിപ്പറമ്പിലെത്തി. പൂഴിയങ്കം പഠിക്കണമെന്ന ആഗ്രഹത്തോടെയാണു് മൂപ്പനു് ശിഷ്യപ്പെട്ടതെങ്കിലും ചീരപ്പൻചിറക്കാരുടെ എല്ലാമായ പൂഴിയങ്കം മററാരെയും പഠിപ്പിക്കില്ലെന്നു് ഗുരുക്കന്മാർ തീർത്തുപറഞ്ഞു. എങ്കിലും പല അഭ്യാസങ്ങളും ഹൃദിസ്ഥമാക്കുവാൻ വേണ്ടി അയ്യപ്പൻ മൂപ്പനോടൊപ്പം താമസമാക്കുകയും ചെയ്തു.

മൂപ്പനു് സുന്ദരിയായ ഒരു മകളുണ്ടായിരുന്നു. ലളിതയെന്നായിരുന്നു ആ തരുണിയുടെ പേരു്.

1950-ൽ കൊല്ലം ഡിസ്ട്രിക്ട് കോടതിയിൽ ശബരിമലയെ സംബന്ധിച്ചും തിരുവാഭരണങ്ങളെ സംബന്ധിച്ചും ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ചീരപ്പൻചിറ മൂപ്പൻെറ മകളുടെ പേരു് ലളിതയെന്നാണു് രേഖപ്പെടുത്തിയിട്ടുള്ളതു്.

അയ്യപ്പൻ വീട്ടിൽ താമസമാരംഭിച്ചതു് ലളിതയ്ക്കിഷ്ടപ്പെട്ടു. ലളിതയുടെ മനസ്സിൽ ഒരായിരം മോഹങ്ങൾ വിരിഞ്ഞു. അയ്യപ്പനെ സ്വന്തമാക്കാനുള്ള എല്ലാ അടവുകളും അവൾ പ്രയോഗിച്ചു. അയ്യപ്പനെ പൂഴിയങ്കം പഠിപ്പിക്കുവാൻ ലളിത തീരുമാനിച്ചു. മററാരുമറിയാതെതന്നെ ആ ആഗ്രഹം അവളിലുണ്ടായിരുന്നുവെന്നു് വേണം കരുതാൻ. പക്ഷേ കളരിക്കോട്ടയിലെ കാവൽക്കാർ ലളിതയ്ക്കു് പ്രശ്നമായി മാറി. അച്ഛൻ വീട്ടിൽ ഇല്ലാത്ത അവസരങ്ങളിൽ ലളിതയായിരുന്നു എല്ലാവരെയും കളരിമുറകൾ പഠിപ്പിച്ചിരുന്നതു്. അതിൽക്കൂടി അയ്യപ്പനോടേറെയടുക്കുവാൻ ലളിതയ്ക്കു് കഴിഞ്ഞു. മററാരും അറിയാതെ അയ്യപ്പനെ പൂഴിയങ്കം പഠിപ്പിക്കുവാൻ ലളിത സമയം കണ്ടെത്തി. മൂപ്പൻ ലളിതയുടെയും അയ്യപ്പൻെറയും നീക്കങ്ങൾ അറിഞ്ഞിരുന്നുവെന്നു് മനസ്സിലാക്കാം. മൂപ്പൻ മൗനസമ്മതം നൽകുകയും ചെയ്തിരിക്കണം.

എന്തു ത്യാഗം സഹിച്ചാലും എല്ലാ വിദ്യകളും പഠിക്കണമെന്ന ചിന്തയായിരുന്നു അയ്യപ്പനെ മഥിച്ചുകൊണ്ടിരുന്നതു്. ലളിതയെന്ന സുന്ദരിയുടെ മനസ്സിൽ കിളിർത്തുപൊന്തിയ സ്നേഹത്തിനു് അയ്യപ്പൻ വെള്ളമൊഴിച്ചുകൊടുക്കുകയും ചെയ്തു. അവളുടെ മനസ്സിൽ അയ്യപ്പൻ എന്ന യുവകോമളൻ വളർന്നു് പടർന്നു പന്തലിക്കുകയും ചെയ്തു. ലളിതയും അയ്യപ്പനുംതമ്മിൽ ആരംഭിച്ച സ്നേഹം ഒരു കൊടുങ്കാററായി രൂപാന്തരപ്പെട്ടു. കാലക്രമേണ അവരുടെ ബന്ധം ദൃഢമായി മാറി. ഒരിക്കലും പിരിയാത്ത ഇണക്കുരുവികളായി അവർ മാറുകയും ചെയ്തു.

ചീരപ്പൻചിറ തറവാട്ടുമുററത്തും കളരിക്കോട്ടകൾക്കുള്ളിലും പൂമ്പാററകളെപ്പോലെ അവർ പറന്നു നടന്നു. പല രാത്രികളിലും അവർ രഹസ്യമായി സമ്മേളിച്ചു. പിന്നീടു് പരസ്യമായിത്തന്നെ കാര്യങ്ങൾ മുന്നോട്ടുനീങ്ങി. മൂപ്പൻെറ വത്സല പുത്രിയായതുകൊണ്ടു് ലളിതയെ ആരും ശകാരിക്കുകപോലും ചെയ്യുമാ

നിരുന്നില്ല. മാത്രമല്ല, അത്ഭുതാവഹമായ കഴിവുകൾ പ്രകടിപ്പിച്ച അയ്യപ്പനോട് സ്നേഹവും ബഹുമാനവും മൂപ്പനുണ്ടാവുകയുംചെയ്തു.

ലളിതയുടെ എല്ലാ ആഗ്രഹങ്ങൾക്കും അയ്യപ്പൻ വഴങ്ങി. അവരുടെ പ്രേമം മൂർദ്ധന്യതയിൽ എത്തിയപ്പോഴേക്കും അയ്യപ്പൻ പൂഴിയങ്കം പഠിച്ചിരുന്നു.

അയ്യപ്പൻ ഒരു സ്വർണ്ണമാല ലളിതയ്ക്ക് സമ്മാനിക്കുകയുണ്ടായി. ലളിത ഈഴവസ്ത്രീയാണ്. അയ്യപ്പൻ ക്ഷത്രിയനാണു്. ഇരുവരുംതമ്മിൽ വിവാഹനിശ്ചയംവരെ നടത്തിയെന്ന് കരുതാവുന്നതാണ്. അയ്യപ്പൻ ലളിതയ്ക്ക് മാല സമ്മാനിച്ചപ്പോൾ പകരം ഒരു തിരുവാഴി തീർത്ത് അയ്യപ്പന് കൊടുക്കുകയുണ്ടായി. ലളിതയും അയ്യപ്പനുംതമ്മിലുള്ള ബന്ധത്തിന്റെ ആദ്യകണ്ണിയാണിതു്.

ആദി അയ്യപ്പൻ മരണമടഞ്ഞ സ്ഥാനത്ത് അയ്യപ്പവിഗ്രഹത്തോടും തിരുവാഭരണത്തോടുമൊപ്പം ചെന്ന ചീരപ്പൻചിറ ലളിത സമനിലതെററിയതുപോലെ ഏറെനേരം നിന്നതായി കരുതാം. അയ്യപ്പവിഗ്രഹം പ്രതിഷ്ഠിക്കുന്ന സമയം ആരുടേയും ശ്രദ്ധയിൽപ്പെടാതെ വീണ്ടും തന്റെ പ്രിയതമൻ കൊല്ലപ്പെട്ട സ്ഥാനത്ത് ലളിത ചെല്ലുകയും പിന്നീട് ഇന്നത്തെ മാളികപ്പുറം ക്ഷേത്രം ഇരിക്കുന്ന സ്ഥാനത്തുചെന്ന് സ്വയം, വാളെടുത്ത് വെട്ടി മരിച്ചിട്ടുണ്ടാകും. അവിടെ അടക്കംചെയ്ത ലളിതയുടെ കുടീരത്തിൽ വർഷങ്ങൾക്കുശേഷം ക്ഷേത്രം പണിയുകയും അത് ദേവീക്ഷേത്രമായി മാറുകയും ചെയ്തു

1125-ലെ അഗ്നിബാധയ്ക്കുശേഷം ക്ഷേത്രം പുതുക്കിപ്പണിത അവസരത്തിൽ ക്ഷേത്ര പുനരുദ്ധാരണവും പുനഃപ്രതിഷ്ഠയും നടത്തിയതോടുകൂടി മാത്രമാണ് മാളികപ്പുറത്തമ്മയായി അന്നുവരെ കരുതിയിരുന്ന ലളിതയുടെ ശവകുടീരം ഒരു ദേവീക്ഷേത്രമായി പരിവർത്തനംചെയ്യപ്പെട്ടതു്. ശബരിമലയിൽ നാമിന്നു കാണുന്ന അയ്യപ്പന്റെയും മാളികപ്പുറത്തിന്റെയും ക്ഷേത്രങ്ങൾ ഒരു തകർന്ന ബന്ധത്തിന്റെ സ്മാരകങ്ങളാണ്. അഥവാ രണ്ടു ശവകുടീരങ്ങളാണ്. മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും കഥകൾ പറയുന്ന ശവകുടീരങ്ങൾ.

(ശബരിമല ഐതീഹ്യവും ചരിത്രവും—പേജ്: 76, 77, 78, 79, 172, 173)

## ചെറുകൂത്തി

കുത്തിശ്ലോകത്തിൽ ചീരപ്പൻചിറ മൂപ്പന്റെ മകൾ ചെറുകൂത്തിയാണെന്നും, ചെറുകൂത്തിയും അയ്യപ്പനും പ്രണയമായിരുന്നുവെന്നും പറയുന്നുണ്ട്. ഈ ചെറുകൂത്തിയാണ് മാളികപ്പുറമെന്ന് വിശ്വസിക്കുന്നവരുമുണ്ട്. (മുൻ പഠനത്തിൽ കണ്ട മൂപ്പന്റെ മകൾ ലളിതയെ ഈ പാട്ടിൽ പരാമർശിക്കുന്നില്ല.)

അയ്യപ്പൻ പാണ്ടിനാട്ടിലേക്ക് പോകുമ്പോൾ ചെറുകൂത്തിയോട് യാത്ര ചോദിക്കുന്ന രംഗം പാട്ടിൽ വർണ്ണിച്ചിട്ടുണ്ട്. അതു് ഇപ്രകാരമാണ്.

"മനം കവിഞ്ഞൊരു പാണ്ടിയൻ നാട്ടിന്
പൊന്നും പെരുമാള സേവിപ്പാൻപോണെങ്കിൽ
പുറപ്പെട്ടു ഞാൻകൂടി പോരുന്നുണ്ടിപ്പോൾ"

ചെറുക്കുത്തി ഇങ്ങനെ പറയുമ്പോൾ അയ്യപ്പൻ മറുപടി പറയുന്നു:

"നീയും ഞാനുംകൂടി പോകുന്ന കാര്യം
നിന്നാണെയിപ്പോൾ ചിതം പോരാ ചെറുക്കുത്തിയെ
കാലം വൈകാതെ ഞാൻ പാണ്ടിയൻ നാട്ടിന്
കവിവോട്ട പോകട്ടെ എന്റെ ചെറുക്കുത്തി."

ചെറുക്കുത്തിയെ അയ്യപ്പൻ കൊണ്ടുപോകില്ലെന്നു മനസ്സിലായതോടെ അവൾ സൗന്ദര്യപ്പിണക്കത്തിലായി. അപ്പോൾ അയ്യപ്പൻ തമാശയായി അവളോട് ചോദിച്ചു, എന്തു പണയം തന്നാൽ എന്നെ പോകാൻ അനുവദിക്കാമെന്നു്. തിരുമുടി പണയം തന്നാൽ അനുവദിക്കാമെന്നു് അവൾ പറഞ്ഞു. അപ്പോൾ അയ്യപ്പൻ പറഞ്ഞു, തിരുമുടി പണയം തരാം. ഒരു വ്യവസ്ഥ. അണിമുല പണയം തരണം. ഈ രംഗം ശ്ലോകത്തിൽ പറയുന്നതു് നോക്കുക:

"മുല പണയം ചൊന്നനേരം കയർത്താനെ വെറുത്താനെ
മുല പണയം ചൊന്ന നിന്റെ കുലം കെട്ടുപോകട്ടെ
മുടി പണയം ചൊന്ന നിന്റെ മുഖമററുപോകട്ടെ
അവിടന്നങ്ങെഴുന്നള്ളി പരിചൊടെ നിലവയ്യൻ."

## ഇളവർ കന്നി

മഹിഷിയെക്കുറിച്ചുള്ള പുരാണകഥയിൽനിന്നും കളരി ആശാനായ ചീരപ്പൻചിറ മൂപ്പന്റെ മകൾ ലളിതയെക്കുറിച്ചുള്ള പഠനത്തിൽനിന്നും ചെറുക്കുത്തിയെക്കുറിച്ചുള്ള പാട്ടിൽനിന്നും വ്യത്യസ്തമാണു് ഇളവർ ശേവംപാട്ടിൽ പറയുന്ന കഥ. ഇളവർരാജാവിന്റെ മകളാണു് ഇതിലെ നായിക.

ഇളവർ രാജകൊട്ടാരത്തിൽ അയ്യൻ വരികയും രാജകന്യകയെ കാണുകയും പിന്നീട് അവളെ രാജാവു് കല്യാണംകഴിച്ചുകൊടുക്കുന്നതിന് ഒരുക്കിക്കൊണ്ടുവരുന്നതും അവളെ അയ്യൻ മാലയിടുകയും ചെയ്യുന്നതു് ഇളവർ ശേവംപാട്ടിൽ വർണ്ണിച്ചിരിക്കുന്നു.

അയ്യൻ അവളെ ആദ്യം കണ്ടതു് വർണ്ണിക്കുന്നതു് നോക്കുക:

"പാടിന വരിവണ്ടൊളികുനിര
പഞ്ചമിചന്ദ്രക്കലയൊത്തനെററി
ഈടിന തലമുടി പനങ്കുലയോ

തിററവിസ തിരുമേനികൾ ഭംഗി
കണ്ണാടിയൊത്തൊരു കവിളഴക്
കാതിൽ ചില കുണ്ഡലഭംഗി
കാമനുടെ വില്ലോ ചില്ലികൾ
പുരികക്കൊടിതേട്ടം മറിമാൻകണ്ണ്
കഷ്ടമിതേതുർവ്വശിമേനക
രംഭതിലോത്തമയാളിവള്"

അയ്യൻ അരചർ മകളെ വിവാഹംചെയ്യുന്ന രംഗം വർണ്ണിക്കുന്നത് ചുവടെ ചേർക്കുന്നു.

"പുള്ളിമാൻ പേടമറിഞ്ഞു നോക്കുമ്പോലെ
ഉള്ളമഴിഞ്ഞുള്ള നോക്കും നയനവും
വെള്ളത്തിലപ്പോൾവിരിഞ്ഞകമലത്തെ
വെന്ന മുഖമഴകരിയോഹരി;
ഹാരങ്ങൾ താലികൾ നാവട കൈവള
അരിയതുകിലാടസ്റ്റുഴകുമുടഞ്ഞാണു
തുമയിലിളകുന്ന പോർമുല രണ്ടിന്മേൽ
പൊരുതുലഞ്ഞീഷലാട്ടുന്ന മാലയും
ഓമനക്കൈരണ്ടും വീശിക്കൊണ്ടിങ്ങനെ
ഉഴറാതരയന്നനടയും നടന്നവൾ"

*　　*　　*　　*

"ശൃംഗാരാകൃതിയാകിയകന്നിയെ
അരങ്ങിടയിൽ ചമയിച്ചു നിറുത്തി
ഹരിഹര സുതനവൾതന്നുടെ കണ്ഠേ
അഴകേറുന്നൊരുമാലയുമിട്ടു."

ഈ കന്യകയെ അയ്യപ്പൻ വേളി കഴിക്കുമെന്ന് അയ്യപ്പന്റെ ജാതകം കുറിച്ച ചതുർവേദപ്പട്ടർ പ്രവചിച്ചിട്ടുണ്ട്. പ്രവചനം താഴെകൊടുക്കുന്നു.

"ഉത്രം നക്ഷത്രം പഞ്ചമിപക്കം ശനിയാഴ്ച
ഇടവം ലഗ്നം പതിനൊന്നിലുമക്ഷരവിദ്യ പഠിക്കും,
കരിപ്പുരമ്മാച്ചൻ തന്നോടഭ്യാസങ്ങൾ പഠിക്കും
വാളിന് വൻപും ചുരികയ്ക്കൊരു വിരുതധികമതുണ്ടാം
പുനരുടനേ ഒന്നോരണ്ടോ ഭാര്യാ യോഗമതുണ്ടാം
എന്നല്ലിള വരചന്റെ പുരയിൽ മംഗല്യത്തിന് യോഗം"

(ശൂർപ്പകൻ കവി)

ഇപ്രകാരം പറയുന്ന ഈ രാജകന്യകയെ അയ്യപ്പൻ വിവാഹംചെയ്തശേഷം ഇളവർ കൊട്ടാരത്തിൽ രാജാവിനെ സേവിച്ചു് താമസിച്ചുവന്നതായി പാട്ടിൽ വർണ്ണിച്ചിട്ടുണ്ടു്.

## പൂർണ്ണയും പുഷ്കലയും

ശാസ്താവിന്നു് പൂർണ്ണയെന്നും പുഷ്കല എന്നും രണ്ടു് ഭാര്യമാർ ഉള്ളതായി പറയുന്നുണ്ടു്. ശാസ്താവിൻെറ അഷ്ടോത്തരശതകത്തിൽ "പുഷ്കലാ പൂർണ്ണാ സംയുക്ത; പരമാത്മ സതാംഗതി" എന്നു് ഇക്കാര്യം വ്യക്തമാക്കുന്നു. ചോററാനിക്കര ക്ഷേത്രത്തിലെ പ്രതിഷ്ഠപോലും ഇതാണു്. "കൊല്ലവർഷം 1116-ൽ കൊച്ചി രാജാവു് പ്രതിഷ്ഠിച്ച പഴയ കണയന്നൂർ കോവിലകത്തിന്നു് സമീപം സ്ഥിതിചെയ്യുന്ന ചോററാനിക്കര ക്ഷേത്രത്തിലെ. ആരാധനാമൂർത്തി ശ്രീപൂർണ്ണ, പുഷ്കല എന്നീ ഭാര്യമാരോടൊപ്പം ആനപ്പുറത്തു് ആരൂഢനായിരിക്കുന്ന ധർമ്മശാസ്താവാണു്" (മാതൃഭൂമി പത്രം-1968)

ഇതിൽ പൂർണ്ണയെക്കുറിച്ചു് കേരളാഗവണ്മെൻറ് പ്രസിദ്ധീകരിച്ച കൊല്ലം ജില്ലാ ഗസററിയറിൽ കൂടുതൽ വിവരങ്ങൾ പ്രതിപാദിക്കുന്നുണ്ടു്.

"മധുര രാജാവിൻെറ രാജധാനിയിൽ ഭഗവാൻെറ (ശാസ്താവിൻെറ) ആദ്യദിനങ്ങളിൽ അദ്ദേഹത്തിൻെറ സുഹൃത്തുക്കൾ ഏതാനും സൗരാഷ്ട്ര ബ്രാഹ്മണരായിരുന്നു എന്നു് വിശ്വസിക്കപ്പെടുന്നു. ആ സമുദായത്തിൽപ്പെട്ട 'പൂർണ്ണ' എന്ന പെൺകുട്ടിയെ അദ്ദേഹം വിവാഹം ചെയ്തു. ഇപ്പോഴും ആ സമുദായത്തിലുള്ളവർക്കു് ഇവിടെ (ആര്യങ്കാവിൽ) പ്രതിഷ്ഠിച്ചിട്ടുള്ള മൂർത്തിയിൽ വലിയ ഭക്തിയുണ്ടു്. ക്ഷേത്രത്തിലെ വാർഷിക മണ്ഡല പൂജയുടെ അവസരത്തിൽ മധുരയിൽനിന്നും നിരവധി സൗരാഷ്ട്ര ബ്രാഹ്മണർ ദേവൻെറ സംബന്ധികൾ എന്ന മട്ടിൽ വന്നെത്താറുണ്ടു്. ഉൽസവത്തിൻെറ അവസാനത്തെ പതിനൊന്നു ദിവസങ്ങളിൽ അവർക്കു് സമൃദ്ധമായ ആഹാരവും താമസിക്കുവാനുള്ള പ്രത്യേക സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു. ആ സമുദായത്തിൽനിന്നു് ഭഗവാൻ വിവാഹം കഴിച്ചതിൻെറ ഓർമ്മയ്ക്കാണിതു്. നാല്പത്തൊന്നാംദിവസം സൗരാഷ്ട്ര വനിതകൾ കൈകളിൽ അഷ്ടമംഗല്യവുമായി കല്യാണമണ്ഡപത്തിൽ വന്നു് അവിടെ നടക്കുന്ന തിരുക്കല്യാണം എന്ന ചടങ്ങിൽ സംബന്ധിക്കുന്നു."

"മുൻ ഖണ്ഡികകളിൽ വിവരിച്ച മണ്ഡലപൂജ ഉൽസവമാണു് ഈ ക്ഷേത്രത്തിലെ പ്രധാന ഉൽസവം. ഇതോടനുബന്ധിച്ചുള്ള ഏററവും വലിയ ചടങ്ങുകളായ പാണ്ടിയൻ മുടിവു്, തിരുക്കല്യാണം. കുംഭാഭിഷേകം എന്നിവ അവസാനത്തെ മൂന്നു ദിവസങ്ങളിലാണു്. പൂർണ്ണയുമായുള്ള വിവാഹാവസരത്തിൽ മധുര രാജാവു് ഒരു വലിയ പണക്കിഴി കൊടുത്തു എന്ന പാരമ്പര്യത്തെ സ്മരിക്കുന്നതാണു് പാണ്ടിയൻ മുടിവു്"

# പ്രഭയും സിംഹള യുവതിയും സത്യകൻ എന്നൊരു മകനും

ചില സ്തോത്രങ്ങളിൽ അയ്യപ്പനു് പ്രഭയെന്നൊരു ഭാര്യയും സത്യകൻ എന്നൊരു മകനും ഉള്ളതായി പറയുന്നുണ്ടു്. തിരുവെള്ളക്കാവു് ക്ഷേത്രത്തിലെ വിഗ്രഹം ഇതാണു്. ശ്രീ. നാലാങ്കൽ, കുങ്കുമം വാരികയിൽ (പുസ്തകം 19, ലക്കം 39) ഈ വിഗ്രഹത്തെക്കുറിച്ചു് പറയുന്നു. "തിരുവെള്ളക്കാവു് ക്ഷേത്രത്തിലെ ഗർഭഗൃഹത്തിൽ മൂന്നു് സ്വയംഭൂ വിഗ്രഹങ്ങൾ ഉണ്ടു്. നടുവിൽ ഗൃഹസ്ഥാശ്രമിയായ വിദ്യാശാസ്താവിന്റെ അരൂപമായ കരിങ്കൽ വിഗ്രഹം. ഇടതുവശത്തു് പത്നിയായ പ്രഭയുടെയും വലതുഭാഗത്തു് പുത്രനായ സത്യകന്റെയും സ്വയംഭൂ ലിംഗങ്ങളുമാണു്."

ഇതുപോലെ അയ്യപ്പനു് ഒരു സിംഹളയുവതിയുമായി പ്രണയബന്ധമുണ്ടായിരുന്നതായി ഒരു നാടൻ പാട്ടിൽ പറയുന്നുണ്ടു്. അവസാനം അയ്യപ്പൻ വിവാഹം കഴിക്കണമെന്ന അവളുടെ പ്രേമാഭ്യർത്ഥന അയ്യപ്പൻ നിരസിക്കുന്നതായും വർണ്ണിച്ചിട്ടുണ്ടു്.

മാളികപ്പുറത്തമ്മയെക്കുറിച്ചുള്ള സങ്കല്പങ്ങൾ തകരുന്ന വിധത്തിലാണല്ലോ പുരാണകഥയ്ക്കുശേഷം കണ്ട പഠനങ്ങളിൽനിന്നും പാട്ടുകളിൽനിന്നും നമുക്കു ലഭിക്കുന്ന വിവരങ്ങൾ.

എന്നാൽ മാളികപ്പുറത്തമ്മയെക്കുറിച്ചുള്ള പഠനങ്ങൾ പൂർണ്ണമാണെന്നു് പറയുവാൻ വയ്യ.

ഫാഗ്നയിലും തുംഗിയിലും ഇൻഡുരിയിലും പൂനയിലും മററും കാണുന്ന ചില ദേവതകൾക്കു് മാളികപ്പുറവുമായി ബന്ധമുള്ളതായി കാണുന്നു. പ്രസിദ്ധ ചരിത്രകാരനായ ഡി. ഡി. കൊസാംബി പറയുന്ന ഭാഗം ശ്രദ്ധിക്കുക.

'സതി'യെയും 'സതി ആസര' (ഏഴു് അപ്സരസ്സുകൾ) യെയും അന്യോന്യമോ അതോടൊപ്പം 'സധവി' സധവായ് എന്നൊക്കെ അറിയപ്പെട്ടിരുന്ന പ്രാചീനയും അപകടകാരിയുമായ ഒരു അമ്മ ദൈവവുമായും തെററിദ്ധരിക്കരുതു്. ഇപ്പോൾ സധവിയെന്നതു് കലഹപ്രിയരായ വൃദ്ധകളെ മറാത്തിയിൽ വിളിക്കുന്ന ഒരു പരിഹാസപ്പേരാണു്. അവളുടെ യഥാർത്ഥ പേരോ പേരുകളോ എന്തായിരുന്നാലും സംസ്കൃതത്തിൽ ആറാമതു് എന്നർത്ഥം വരുന്ന 'ഷഷ്ഠി' യിൽനിന്നാണു് ഈ പേരിന്റെ ഉത്ഭവം. ഏതൊരു ശിശുവിന്റെയും ആറാം ജന്മനാൾ ഒരു വയററാട്ടിയ്ക്കു് പ്രഭാതത്തിലാവശ്യമായ സാധനങ്ങളൊക്കെ ഒരുക്കിവെച്ചു്, രാത്രിമുഴുവൻ വിളക്കെരിയിച്ചു് സധവിദേവിയെ പ്രീതിപ്പെടുത്തേണ്ടതാണു്. ഈ സാധനങ്ങളിൽ ഒരു തിരികല്ലും പെടും. എന്നാൽ എഴുതാനുള്ള

സാമഗ്രികൾ നിശ്ചയമായുണ്ടായിരിക്കും. ശിശുവിൻെറ സ്വഭാവവും ഭാവിയും അദൃശ്യവും അലംഘനീയവുമായ രീതിയിൽ അന്ന് രാത്രി ദേവി ശിശുവിൻെറ നെററിയിൽ രേഖപ്പെടുത്തുമെന്നാണ് വിശ്വാസം. 'ബ്രഹ്മലിഖിത'മെന്ന പേരിൽ ഇതിനെ ബ്രാഹ്മണവൽക്കരിച്ചിട്ടുണ്ട്. ഈ ദേവിയുടെ ശക്തി ചോദ്യംചെയ്യപ്പെടുന്നില്ലെങ്കിലും പുരുഷന്മാർക്ക് ഈ അനുഷ്ഠാനവുമായി യാതൊരു ബന്ധവുമില്ല. ചാന്ദ്രമാസത്തിൻെറ ആറാം നാളായ ഈ ദേവിയുടെ വിശേഷാൽ പൂജാദിവസവുമന്നുതന്നെയാണ്. അമ്മമാരുമായി പ്രത്യേക ബന്ധമുള്ള സ്കന്ദൻ 'ഷഷ്ഠി പ്രിയൻ' എന്നും അറിയപ്പെടുന്നുണ്ട്. പിൽക്കാല ദേവീഭാഗവതപുരാണമനുസരിച്ച്, സ്കന്ദൻെറ പത്നിയാണ് ഷഷ്ഠി. അവസാനമായി ഷഷ്ഠിയെ (സാധ്വി, സധവി) ദുർഗ്ഗയുമായി സാത്മീകരിച്ചിട്ടുണ്ടെങ്കിലും നാട്ടുവിശ്വാസമനുസരിച്ച് ഈ ദേവി ഇന്നും അവിവാഹിതയാണ്. റോഡരുകിലോ വഴിക്കവലയിലെ, ഏതെങ്കിലും ശിലകളിന്മേൽ കാണുന്ന ചുവന്ന അടയാളവും കുറച്ച് ഭക്ഷ്യവസ്തുക്കളും നെടുകെ മുറിച്ച ഒരു ചെറുനാരങ്ങയുമാണ് മിക്കവാറും സധവി ആരാധനയുടെ ലക്ഷണം. പൊതുവെ രാത്രിയിലാണ് ഭക്തകൾ ഈ പൂജ നടത്താറ്.

പൊതുവായ ഗ്രാമ്യ സമൂഹത്തിൽ ലയിച്ചുചേർന്നതോ (ഇപ്പോൾ കുററിയററുപോയതോ) ആയ ഏതെങ്കിലും ചെറിയ ഗോത്രസംഘങ്ങളുമായുള്ള ബന്ധത്തെ ഓർമ്മിപ്പിക്കുന്നവയാണ് ഈ അസാധാരണ പേരുകൾ. ചില ഗ്രാമത്തിൻെറ പേരുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാ: ഫാഗ്നയിലെ ഫാഗ്ണായ്, തുംഗിയിലെ തുംഗായി. രണ്ടാമത്തേതിന് 'ഉയർന്ന സ്ഥല'മെന്ന് അർത്ഥമുണ്ടെങ്കിലും ആദ്യത്തേതിന് യാതൊരു മൂലാർത്ഥവും കാണാൻ കഴിയില്ല. മററുള്ളവരുടെ പേരുകൾ കുറേക്കൂടി ദുരൂഹങ്ങളാണ്. ഇത്തരത്തിലുള്ളതുതന്നെയാണ് ഇൻദുരിയിലെ കരാജായ്. നാഹോലി ബുദ്ധഗുഹകളിലെ ഫിരംഗായ് (കർകുംഭയിലെ ഫിരംഗാദായ് എന്ന മഹാദേവതയാകാം.) ജുന്നാറിനപ്പുറത്തെ വർസുബായ്, നെന്നവ്ലിയിലെ ഉദാലായ് (കർസംബിൽ സുധാഗഢിലെ ബുദ്ധഗുഹകൾക്കടുത്ത്). ഭാജയിലെ സുരാളായ് (സുരാളാ എന്നത് സുരാലയം—ദൈവത്തിൻെറ ആലയ-മെന്ന് അർത്ഥം;) ഈ ഗ്രാമത്തിൻെറ രക്ഷാദേവത ജാക്ക-മാതായാണ്. പൂനയിൽ ഇത്തരം ദേവതകളിൽ ഏററവും പ്രസിദ്ധമായത് കോരാഗാവിൽനിന്നകലെയല്ലാതെ വാഡം ഘോഡം എന്ന ഗ്രാമത്തിൽനിന്ന് ഒരുമൈൽ അകന്ന ബോലായ് അല്ലെങ്കിൽ ബോൽഹായ്യാണ്. പേഷ്വാകളുടെ കാലത്ത് നിർമ്മിക്കപ്പെട്ട ഗേയ്ക്ക്വാദിന് നൽകപ്പെട്ടതെങ്കിലും ഈ ദേവതയോടെ നാം തികച്ചും പ്രാചീനമായ ഒരു ഘട്ടത്തിലെത്തിച്ചേരുകയാണ്. പാണ്ഡവരുടെ ഒരു 'സഹോദരി'യുടേതെന്ന് മുദ്രയടിച്ചതിൽ കൂടുതലായി ഇതു് ബ്രാഹ്മണവൽക്കരിക്കപ്പെട്ടിട്ടില്ല. ഈ ദേവതയുടെ വിശേഷദിവസമായ ഞായറാഴ്ചകളിൽ ഒരാടിനെയെങ്കിലും ബലികഴിക്കാറുണ്ട്. ഭക്തന്മാർക്ക് മററ് ഏതുനാൾ വേണമെങ്കി

ല്യം ഇത്തരം ബലി നടത്താവുന്നതാണ്. ഈ ദേവി ശൈത്യകാലത്ത് രണ്ട് മാസത്തേയ്ക്ക് വേട്ടയ്ക്ക് പോകാറുള്ളതിന്റെ പ്രതീകമായി തുടക്കത്തിലും ഒടുക്കത്തിലും പല്ലക്കേന്തിയ ഒരു ഘോഷയാത്ര നടത്താറുണ്ട്.

(മിത്തും യാഥാർത്ഥ്യവും)
ഡി. ഡി. കൊസാംബി

മാളികപ്പുറത്തമ്മ ഇന്നും അവിവാഹിതയായി കഴിയുന്നുവെന്നാണല്ലോ വിശ്വാസം. നാം മുകളിൽകണ്ട സധവിയും മററു ദേവതകളും അങ്ങനെയാണെന്നു കണ്ടു. വേദകാലത്ത് നിലനിന്നിരുന്ന ഇത്തരം വിശ്വാസങ്ങൾ ആര്യന്മാരുടെ നുഴഞ്ഞുകയററങ്ങളിലൂടെ പുതിയ സങ്കേതങ്ങളിൽ രൂപംകൊണ്ടിട്ടുള്ളതാകാം. ശബരിമലയിൽ ഈ വിശ്വാസം വന്നിട്ടുള്ളതങ്ങനെയാകാം. ബ്രാഹ്മണവൽക്കരണത്തിന്റെ ഫലമായിട്ടായിരിക്കാം ഈ ദേവത മാളികപ്പുറത്തമ്മയായി മാററിയിട്ടുള്ളത്.

## കടുത്തസ്വാമി ദൈവമല്ല, വിളക്കുവയ്പുകാരനാണ്

ശബരിമലയിലെ വാവരുസ്വാമിയെപ്പോലെ പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് കടുത്തസ്വാമിക്കുള്ളത്. ഈ കടുത്തസ്വാമിക്ക് മാളികപ്പുറത്ത് പ്രത്യേകം സ്ഥാനവും പതിനെട്ടാംപടികളിൽ പ്രതിഷ്ഠയുമുണ്ട്. കഞ്ചാവ്, അവൽ, മലർ മുതലായ നിവേദ്യങ്ങളാണ് കടുത്തയ്ക്ക് അർപ്പിക്കുന്നത്. ചെങ്ങന്നൂരിൽ കല്ലിശ്ശേരിക്കടുത്ത് മുഴക്കീർ മേൽമുറിയിൽ മലമേൽ വീട്ടിൽ ഗോപാലപിള്ളയും സഹോദരൻ ശ്രീധരൻപിള്ളയുമാണ് കടുത്തയ്ക്ക് പൂജാദികാര്യങ്ങൾ നിർവ്വഹിക്കുന്നത്. ഗോപാലപിള്ളയുടെ ഒരു മുൻ തലമുറക്കാരനാണ് കടുത്തയെന്നാണ് അവകാശവാദം. അതിന്റെ അടിസ്ഥാനത്തിലാണ് കോടതിമുഖേന കടുത്തയ്ക്ക് വെള്ളംകുടി നടത്തിവരുന്നതിനും നിവേദ്യം തുടങ്ങിയ പൂജകൾ നടത്തുന്നതിനും ദക്ഷിണ കൊണ്ടുപോകുന്നതിനും ഉത്തരവ് ലഭിച്ചിട്ടുള്ളത്.

മലമേൽ വീട്ടുകാർക്ക് ഈ ആദായങ്ങൾ ലഭിക്കുന്നത് എന്തുകൊണ്ടാണ്? നമുക്കതൊന്ന് പരിശോധിച്ചുനോക്കാം.

"പന്തള രാജാക്കന്മാർ ശബരിമല ക്ഷേത്രം ജീർണ്ണോദ്ധാരണം നടത്തി അവിടെ വേണ്ട ക്ഷേത്രകാര്യങ്ങൾക്ക് പല വ്യവസ്ഥകളും ഏർപ്പെടുത്തി. പന്തളരാജാവിനെ സഹായിച്ചും സേവിച്ചും പല പടകളിൽ പയററി വിജയം സമ്പാദിച്ചും ആയുസ്സിന്റെ നല്ല ഭാഗം നയിച്ച 'കടുത്ത' തന്റെ അന്ത്യകാലം ഈശ്വരധ്യാനത്തോടും തപോനിഷ്ഠയോടുംകൂടി നയിക്കണമെന്ന് തീർച്ചപ്പെടുത്തി. ഈ നിശ്ചയത്തിന് മറെറാരു കാരണവുംകൂടിയുണ്ടായിരുന്നു. തന്റെ വിശ്വസ്ത സ്വാമിയായിരുന്ന 'അയ്യപ്പനെ' വിട്ടുപിരിഞ്ഞുപോകുന്നതിൽ തീരെ മനസ്സില്ലാതിരുന്ന കടുത്ത അയ്യപ്പന്റെ സ്വയം ജ്യോതിർവലയത്തിനുശേഷം ശാസ്താവിന്റെ സന്നിധിയിൽനിന്നും വിട്ടുപോകുന്നതിന് കാംക്ഷിച്ചിരുന്നില്ല എന്നു

ള്ളതാണ്ട് അത്. അങ്ങനെ അദ്ദേഹം സ്വാമിപാദങ്ങളെ ഭക്തിപുരസ്സരം ധ്യാനിച്ചുകൊണ്ട് ശബരിമലയിൽ ഭഗവൽസന്നിധാനത്തിൽതന്നെ തപോനിഷ്ഠനായി താമസിച്ചിരുന്നു. വാർദ്ധക്യത്തിൽ നിർവ്വാണവീര്യനായ കട്ടത്ത തൻെറ കട്ടത്തിലയും ശൂലവും വാളും സന്നിധാനത്തിൽ അടിയറവച്ച് തപസ്സാചരിച്ചുവരവെ ശബരിമലയിൽ മറവപ്പടയുടെ ആക്രമണം വീണ്ടും ഉണ്ടായി. മറവന്മാർ കൊള്ളചെയ്യുകയും ക്ഷേത്രഭാഗങ്ങൾ നശിപ്പിച്ച് നാനാവിധപ്പെടുത്തുകയും ചെയ്യുന്നതു് കണ്ടപ്പോൾ ഏകനും അശക്തനും അനന്യശരണനും ആയ കട്ടത്ത ജീവരക്ഷയ്ക്കുവേണ്ടി ശാസ്താവിനെത്തന്നെ ശരണം പ്രാപിക്കുകയും ശ്രീകോവിൽ കടന്നു് വിഗ്രഹത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട് മറവന്മാരുടെ കൈയാൽ മരണം സംഭവിക്കാതിരിക്കാൻ അയ്യപ്പസ്വാമിയോട്ട് പ്രാർത്ഥിക്കുകയും ചെയ്തു. ഭഗവാൻ തൻെറ ഭക്തനെ സ്വീകരിച്ച് സായൂജ്യമരുളി. മറവന്മാർ അകത്തുകടന്നു് വിഗ്രഹം നോക്കിയപ്പോൾ കണ്ട കാഴ്ച അവരെ അത്യധികം അത്ഭുതപ്പെടുത്തി. അവർ തത്ക്കാലം വിഗ്രഹം നശിപ്പിക്കാതെ അവിടുന്നു് എന്തോ പെട്ടെന്നു് പോവുകയാണുണ്ടായതു്. മറവന്മാരുടെ ആക്രമണ വാർത്തയറിഞ്ഞു് രാജാവും പരിവാരങ്ങളും സ്ഥലത്തു വന്നപ്പോൾ കട്ടത്തയുടെ അവസ്ഥ കണ്ട് ആശ്ചര്യപ്പെടുകയും ഭഗവൽകാരുണ്യത്തെക്കുറിച്ച് അതിശയിക്കുകയും ചെയ്തു. ഭഗവദ്വിഗ്രഹത്തെ രക്ഷിച്ച കട്ടത്തയുടെ ഭക്തിയും ദിവ്യത്വവും അന്നുമുതൽ ലോകം വാഴ്ത്തിത്തുടങ്ങി.

ക്ഷേത്രാധികാരികൾ ഈ ദിവ്യനെ അവിടെ പ്രതിഷ്ഠിച്ചു. അന്നുമുതൽ ഈ ഭക്തൻെറ കുടുംബത്തിലേയ്ക്ക് രാജാവു് ചില അവകാശങ്ങളും പതിവുകളും കൽപ്പിച്ചു നൽകി കട്ടത്തയോടുള്ള കടപ്പാടിനെ എന്നെന്നേയ്ക്കുമായി നിലനിറുത്തി. കാലാന്തരത്തിൽ കട്ടത്തസ്വാമി എന്ന പേരിൽ ഭക്തജനങ്ങൾ ഈ ദിവ്യനെ ആരാധിച്ചുതുടങ്ങി.''

(ഭൂതനാഥസർവ്വസ്വം എന്ന ഗ്രന്ഥത്തിൽനിന്നു്)

ഈ അവകാശവാദം ഒരു കെട്ടുകഥയാണ്.

താഴെ ഉദ്ധരിക്കുന്ന രേഖ കട്ടത്തസ്വാമി ഒരു ദിവ്യനല്ലെന്നു് തെളിയിക്കുന്നു.

നമ്പ്ര 1726 20 492

ചെങ്ങന്നൂർ താലൂക്കിൽനിന്നും വടക്കേക്കര പകുതിയിൽ മഴുക്കീർ മേൽമുറിയിൽ മലമേൽ വീട്ടിൽ ശങ്കരൻ നാരായണനെ തെര്യപ്പെടുത്തുന്നതു്.

ശബരിമല ക്ഷേത്രത്തിൽ മാളികപ്പുറത്തു് കട്ടത്തസ്വാമിനടയിൽ വഴിപാടുകാർ നടത്തിക്കുന്ന വെള്ളംകുടി അടിയന്തിരം മുൻകാലത്തു് മലമേൽ വീട്ടുകാർ നടത്തിവരുന്നതായും കട്ടത്തസ്വാമി എന്നു പറയുന്നതു് ഹർജിക്കാരൻെറ പൂർവ്വികൻ കട്ടത്ത എന്ന നാമധേയത്തോടുകൂടി ഒരാൾ ശബരിമല ക്ഷേത്രത്തിൽ

വിളക്കുവെയ്പുകാരനായിരുന്നുവെന്നും, അവിടെവച്ച് നിര്യാണം വന്നുപോയതിനാൽ മാളികപ്പുറത്ത് ഭഗവതിക്ഷേത്രത്തിനു കിഴക്കുവശം കുടിയിരുത്തി കടുത്തസ്വാമി എന്ന നാമധേയത്തിൽ വഴിപാട്ടുകാർ ആചരിച്ചുവരുന്നതാണെന്നും, വെള്ളംകുടി ഹർജിക്കാരനെക്കൊണ്ട് നടത്തിക്കണമെന്നും എഴുതി ബോധിപ്പിച്ചതിനു് അനുവദിച്ച് 186-ാമത്തു് നമ്പർ തുലാമാസം 5-ാംതീയതി എഴുതിയ ഉത്തരവ് വന്നു. ആയാണ്ടുമുതൽ ഹർജിക്കാരനെക്കൊണ്ട് നടത്തിപ്പാൻ ( ........ ) ഉത്തരവായിരിക്കുന്നു.

തഹസീൽദാർ വി. പത്മനാഭയ്യർ

(ഒപ്പ്)

(ശരിപകർപ്പ്)

ഈ രേഖയിൽനിന്നും കടുത്തസ്വാമി ശബരിമലക്ഷേത്രത്തിലെ ഒരു വിളക്കുവെയ്പുകാരനായിരുന്നുവെന്ന് വ്യക്തമാവുന്നു. ശബരിമലക്ഷേത്രത്തിലെ മുഖ്യ മേൽനോട്ടക്കാരനായിരുന്ന ആയുർവ്വേദ ഗുരുഭൂതനായ ബാവർ നിര്യാതനായതിനുശേഷം ശബരിമലയിലെ ദൈവമായതുപോലെ കടുത്തയും മരണശേഷം ദൈവമായി, ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ചില വിശ്വാസികൾ മരിച്ചുപോയാൽ ഇന്നും ക്ഷേത്രങ്ങളിൽ ഇരുത്താറുണ്ടല്ലോ. അതുപോലെ കടുത്തയേയും ഇരുത്തിയതാവാം. പക്ഷേ കാലക്രമത്തിൽ പുതിയ ഭരണക്കാർ വരികയും, പുതിയ പരിഷ്കാരങ്ങൾ നടത്തുകയും ചെയ്യുന്നതിന്റെ ഫലമായാണ് ഇത്തരം പ്രേതവിശ്വാസങ്ങൾ ദൈവസങ്കല്പങ്ങളായി ഉരുത്തിരിഞ്ഞുവരുന്നതു്.

കടുത്തയെക്കുറിച്ച് ഭൂതനാഥോപാഖ്യാനത്തിൽ പരാമർശമുള്ളതായി പ്പിള്ള പറയുന്നുണ്ട്. അതിനവർ ഉദ്ധരിക്കുന്ന പ്രസക്ത കവിത ചുവടെ ചേർക്കുന്നു:

"വാപര കടുശബ്ദശ്ച വീരഭദ്രാതി വീര്യവാൻ
കൂപനേത്രഃ കൂപകർണ്ണോ ഘണ്ടാകർണ്ണോ മഹാബലിഃ
ഇത്യാദയശ്ച ഭൂതാസ്തേ ലക്ഷാതീതാശ്ച തൈസ്സഹ
പ്രാപ പമ്പാതടം ശീഘ്രം ഭൂതാനാം പതിരവ്യയഃ"

ഈ കവിതയിൽ പറയുന്ന കടുശബ്ദൻ കടുത്തയല്ല. ഹൈന്ദവസംഘടനകളുടെ താത്വികാചാര്യനായ ശ്രീ. പി. പരമേശ്വരൻ ഈ കവിതയിൽ പരാമർശിക്കുന്ന വാപരനെക്കണ്ടിട്ട് വാവരാണെന്ന് പ്രസ്താവിച്ചതുപോലുള്ള ഒരു പ്രചരണമാണിതു്. വാപരനും കടുശബ്ദനും ശിവന്റെ ഭൂതഗണസങ്കല്പങ്ങളാണ്. എന്നാൽ ഈ ഭൂതഗണങ്ങളല്ല വാവരും കടുത്തയും. അവർ ജീവിച്ചിരുന്ന മനുഷ്യരാണ്.

# നാല്

# അയ്യപ്പനും കുറെ വിശ്വാസങ്ങളും

## പാലാഴിമഥനം ഒരു കെട്ടുകഥ

മന്ഥരപർവ്വതത്തെ മത്തായും, വാസുകി എന്ന സർപ്പത്തെ കയറായും ഉപയോഗിച്ച് പാലാഴി കടഞ്ഞുവെന്നും അമൃതകുംഭം ഉയർന്നുവന്നു എന്നും പറയുന്ന പാലാഴിമഥനം കഥ ശാസ്ത്രബോധമുള്ള ആർക്കെങ്കിലും വിശ്വസിക്കുവാൻ കഴിയുമോ?

ചരിത്രകാരന്മാർ ഈ കഥ തള്ളിക്കളയുന്നു. 'ആര്യാവർത്തം' എന്ന ഗ്രന്ഥത്തിൽ രമേശ് ചന്ദ്രദത്തൻ പറയുന്നതു് നോക്കുക.

"വൈദികകാലങ്ങളിൽ ആര്യന്മാർ സോമവൃക്ഷത്തിൻെറ നീരുകൊണ്ടു് മദ്യപിക്കാറുണ്ടായിരുന്നു. ഈ നടപ്പിൻെറ ആധിക്യത്താൽ സോമവൃക്ഷത്തിനു് ദൈവീകമായ ഒരു സ്ഥാനം ലഭിക്കാൻ ഇടയായി. ഋഗ്വേദത്തിലെ ഒരു മണ്ഡലം മുഴുവനും ഈ ദൈവത്തിനായിക്കൊണ്ടു് സമർപ്പിച്ചിരിക്കുന്നു. ഒൻപതാമത്തെ മണ്ഡലത്തിൽ അറുപത്താറാമത്തെ സൂക്തത്തിൽ ഈ നീരിനെ ഉണ്ടാക്കേണ്ട ക്രമത്തേയും മററും വിവരിച്ചിട്ടുണ്ടു്. ഈ ക്രിയകളിൽനിന്നും ഉണ്ടായിട്ടുള്ള ചില ഉൽപ്രേക്ഷകളാകുന്നു പാലാഴിമഥനവും അമൃതും എന്നു് ചില വിദ്വാന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. നമ്മുടെ പുരാണങ്ങളിൽ ഇത്ര വളരെ കെട്ടുകഥകൾ ഉണ്ടായതിൻെറ കാരണം എന്തെന്നു് ആലോചിക്കുക. ഋഗ്വേദത്തിലുള്ള സാധാരണ രൂപങ്ങളും ഉപമകളും ബ്രാഹ്മണങ്ങളിൽ വരുമ്പോൾ ചെറിയ കഥകളായിത്തീരുന്നു. അവയെ പുരാണകർത്താക്കന്മാർ എടുത്തു് സ്വന്ത മനോധർമ്മത്തോടുകൂടി വിസ്തരിച്ചെഴുതുന്നു. ഇതിനൊരു ദൃഷ്ടാന്തം ഇവിടെ ചേർക്കാം. വേദത്തിൽ ഒരു കാമിനിയെ അനുഗമിക്കുന്ന കാമുകനെ പ്രഭാതത്തെ അനുഗമിക്കുന്ന സൂര്യനോടുപമിക്കുന്നുണ്ടു്. പദങ്ങളുടെ നാനാർത്ഥം ഹേതുവായിട്ടു് ഇതു് ശതപഥ ബ്രാഹ്മണത്തിൽ ബ്രഹ്മദേവൻ തൻെറ പുത്രിയെ കാമിച്ചു എന്നും അതിനാൽ സൃഷ്ടി സംഭവിച്ചു എന്നും ഒരു കഥയായിത്തീർന്നു. ഇങ്ങനെ പല ദൃഷ്ടാന്തങ്ങളുണ്ടു്."

## സ്വർഗ്ഗഭോഗത്തിൽനിന്ന് ഗർഭമോ ?

ഹരിഹരസുതൻ എങ്ങനെയുണ്ടായി? ഒരു അയ്യപ്പകീർത്തനത്തിൽ പാടുന്നതിങ്ങനെയാണ്—

"ഇന്നു ഞാൻ സഭയിൽ
നിന്നൊന്നു ചൊല്ലുവാനായി......
കേട്ടടൻ കോപമോടെ

ഈശനും പാർവ്വതിയുമായി
പേർത്തുടൻ കൈലാസത്തിൽ
കുന്നിന്മേലേറി പോമ്പോൾ
മാർഗ്ഗമാമുദ്യാനത്തിൽ
സുന്ദരീവടിവുകണ്ട
പാർവ്വതിയെ വെടിഞ്ഞീശൻ
മോഹിനിയെ മെയ്പുണർന്നു
മോഹിനിക്കുദരേ ഗർഭം
നിന്നു നാണവും പൂണ്ട–
മാധവൻ തൻ ഈശനോട്
ചേർന്നുനിന്നപ്പോൾ തികഞ്ഞു
ഗർഭം ശനിയാഴ്ച ഉത്തിരത്തുന്നാൾ
ദക്ഷിണതുടപിളർന്നു
ഹരിഹരസുതനുണ്ടായി''

(ശബരിമല തീർത്ഥാടന ഗൈഡ്)

നിലയ്ക്കൽ വിവാദസമയത്ത് നിലയ്ക്കൽ ആക്ഷൻകൗൺസിലുമായി ബന്ധപ്പെട്ടവർ പറഞ്ഞ ഒരു കഥ ഇതാണ്.

ഹരിഹരസുതൻ ജനിച്ചതു് നിലയ്ക്കലാണ്. ഇന്നു കാണുന്ന ശിവക്ഷേത്രത്തിനു് കിഴക്കുവശംവച്ചാണ് മോഹിനീശിവലീല നടന്നതു്. പണ്ട് അവിടെ വനമായിരുന്നു. വള്ളികൾകൊണ്ട് പിണഞ്ഞ അറപോലൊരു സ്ഥലം അവിടെയുണ്ടായിരുന്നു. അവിടെവച്ചാണ് രതി നടന്നതു്. മോഹിനി ശിവൻ പള്ളികൊണ്ട സ്ഥലമായതുകൊണ്ടാണ് ഈ സ്ഥലത്തെ പള്ളിയറക്കാവു് എന്നു് പറയുന്നതു്. ഇവിടത്തെ ഭഗവതി മോഹിനിയാണ്. ഇവിടെ ജനിച്ച ഹരിഹരസുതനെ പന്തളം രാജാവിനു് കിട്ടത്തക്കവിധം പമ്പയുടെ തീരത്ത് കൊണ്ടുപോയിക്കിടത്തിയെന്നും ശിവൻ എന്നിട്ട് സർപ്പമായി കുട്ടിക്ക് കാവലിരുന്നെന്നും, വിഷ്ണു ആറു മുള കെട്ടി ഒരു ചങ്ങാടമുണ്ടാക്കി പമ്പവഴി ഇന്നത്തെ ആറന്മുള ക്ഷേത്രസ്ഥലത്തേയ്ക്ക് വിശ്രമിക്കാൻ പോയെന്നുമാണ് കഥ.

ഒരു പുരാണങ്ങളിലും അയ്യപ്പൻ ജനിച്ചതായി പറയുന്നില്ല. ശ്രീമഹാഭാഗവതംതന്നെ ആദ്യം നോക്കാം.

"അക്കാലം നാരായണനനംഗനാവേഷംധരി—
ച്ചൾക്കാമ്പിലസുരകളൊക്കെ മോഹിക്കുംവണ്ണം

ചിക്കനെച്ചമഞ്ഞുചെന്നമൃതം വീണ്ടുകൊണ്ട
മൈക്കണ്ണിമണിതന്നെക്കാണ്മാനായപേക്ഷിച്ചാൻ
മുക്കണ്ണ,രതുകാണ്മാനാഗ്രഹിക്കേണ്ട ഭവാ;-
നിക്കാലമെനിക്കതുകാണണമെന്നാനീശൻ.
എങ്കിൽ ഞാൻ കാട്ടീടുവനെന്നരുൾചെയ്തുനാഥൻ
പങ്കജനാഭൻ മറഞ്ഞീടിനോരനന്തരം
ശങ്കരൻ ഗിരിജയാഭൂതസഞ്ചയത്തോടും
പങ്കജ നേത്രൻതന്നെ സ്തുതിച്ച നിൽക്കും നേരം
ചിത്തമോഹന കരാനന്ദമായ് വിളങ്ങിനോ—
രുദ്യാനമദ്ധ്യത്തിങ്കലുത്തമദിവ്യസ്ഥലേ
മത്തവാരണപ്രിയഗാമിനി മന്ദം മന്ദം
മുഗ്ധഹാസവും പൂണ്ട മുഗ്ധയായ് തോന്നീടിനാൾ
സർവ്വാവയവാംഗസുന്ദരിയാം സ്ത്രീരത്നത്തെ
സർവ്വഭൂഷണ പരിഭൂഷിതയായിച്ചെമ്മേ
പൂഞ്ചായലഴിഞ്ഞു പൂനിരകൾ ചോരെച്ചോരെ-
ക്കാഞ്ചനകുംഭം തൊഴും കൊങ്കകൾ കുലുങ്ങെത്തൻ-
പൂഞ്ചേല കാഞ്ച്യാതുടർന്നീടിനതുടയിണ
ചാഞ്ചല്യകരമിടചേർന്നതിമിളൽപ്രഭ
ചാഞ്ചാടിക്കൊടിനടുപുലയെപ്പന്താട്ടുമ്പോൾ
തേഞ്ചോല്ലാൾ തന്നെക്കണ്ടുണ്ടായ സംഭ്രമത്താലെ
വാഞ്ഛയാ തുടർന്നടൻ പിന്നാലെ കൂടെച്ചെന്നു
താഞ്ചാരേ നിന്നാനീശനന്നേരം പവനനാൽ
ആഹൃതാം ബരയായ്ക്കണ്ട നംഗവിവശനാ-
യാഹന്ത! ബലാൽ വന്നോരിന്ദ്രിയസ്ഖലനത്താൽ
ഭൂമിയിൽ ദ്രവിച്ചങ്ങു നിരന്നുള്ളേടം തന്നെ
ഹേമവും രജതവും വിളയും കഴനിപോൽ
പിന്നെയും പരിഭ്രമത്തോടു ശങ്കരൻചെന്നു
തന്വംഗിതന്നെപ്പുണർന്നീടിനാൻ പരവശാൽ
സ്വസ്ഥനായാശ്വസ്ഥനായീടിനാമ്മഹാദേവൻ"

(അഷ്ടമസ്കന്ധം പേജ്-110)

ഇതിനു സമാനമായ മറെറാരു കഥ പത്മപുരാണത്തിൽ പറയുന്നുണ്ട്. ആ കഥയെക്കുറിച്ച് 'അയ്യപ്പൻ ചരിത്രം' എന്ന ഗ്രന്ഥത്തിൽ പി. ആർ. രാമവർമ്മ രാജ പറയുന്നു.

"ജലന്ധരനെന്ന മഹാസുരൻ സിന്ധു സമുദ്രസമാഗമത്തിൽ ജാതനായി മഹാശക്തനായിത്തീർന്നു. സമുദ്രസംഭവനായതിനാൽ ജലന്ധരനെന്ന നാമവും മഹാലക്ഷ്മിയുടെ സഹോദരത്വവും സിദ്ധിച്ചു. ജലന്ധരപീഠമെന്ന ദ്വീപിൽ അയാൾ അസുരാധിപതിയും ശുക്രശിഷ്യനുമായി വാണു. വൃന്ദ എന്ന ദേവകന്യകയെയാണ് ജലന്ധരൻ വേട്ടത്. ദേവീമാഹാത്മ്യത്തിലെ അസുരാധിപൻമാരായ ചണ്ഡമുണ്ഡാദികളും സുംഭ നിസുംഭാദികളും രാഹു കേതു മുതലായവരും ജലന്ധരൻെറ സചിവൻമാരും സേനാപതികളുമായിരുന്നു. രാഹു എന്ന അസുരന് ക്ഷതം സംഭവിക്കാനിടയാക്കിയ പാലാഴിമഥനത്തിൻെറ കാരണം അറിവാൻ അയാൾ ദേവേന്ദ്രൻെറ അടുക്കൽ ഒരു ദൂതനെ അയച്ചു. ദേവേന്ദ്രൻ അസുരന്മാരെ ഭർത്സിച്ചും ദൂതനെ നിന്ദിച്ചും തിരിച്ചയക്കുകയാണുണ്ടായത്. കോപിഷ്ഠനായ ജലന്ധരൻ ഉടനെ സ്വർഗ്ഗലോകത്തെ ആക്രമിക്കുകയും ദേവന്മാരെ കീഴടക്കുകയും ചെയ്തു. ദേവന്മാരുടെ സങ്കടനിവാരണാർത്ഥം യുദ്ധോദ്യുക്തനായ മഹാവിഷ്ണുവിനോട്, ലക്ഷ്മീഭഗവതി സ്വസഹോദരനെ നിഗ്രഹിക്കരുതെന്നപേക്ഷിച്ച് അതിനനുകൂലമായൊരു വരം വാങ്ങിച്ചു. യുദ്ധത്തിൽ ലക്ഷ്മീദേവിക്ക് നൽകിയ വരത്തെ ആദരിച്ച് മഹാവിഷ്ണു ജലന്ധരനെ നിഗ്രഹിക്കാതെ താൻതന്നെ തോൽവി അടയുകയാണു് ചെയ്തത്. സംതൃപ്തനായ ജലന്ധരൻ സഹോദരീഭർത്താവിനെ ബഹുമാനിച്ച് വൈകുണ്ഠത്തിലേക്ക് തിരിച്ചയച്ചു. സങ്കടപരിഹാരം സിദ്ധിക്കാത്ത ദേവന്മാർ പിന്നെ ശിവസന്നിധിയെ പ്രാപിച്ചു. ശിവൻ വളരെ ആലോചിച്ചതിനുശേഷം മഹാവിഷ്ണുവിനു സാധിക്കാത്ത ഒരു കാര്യവും തനിക്ക് സാദ്ധ്യമാകുന്നതേയല്ലെന്ന് തീർത്തു് പറഞ്ഞു. എന്നാൽ വിഷ്ണുവിൻെറയും ശിവൻെറയും പൂർണ്ണശക്തികൾ കലർന്ന് ഒരായുധം ഉണ്ടായാൽ ജലന്ധരനെ നിഗ്രഹിക്കാനാവുമെന്നും ശിവനഭിപ്രായപ്പെട്ടു. അപ്പോൾ വിഷ്ണുവും അവിടെ ആവിർഭവിച്ചു. രണ്ടു പേരുടെയും ശ്രീചക്രത്തിൽ ഒരു ദിവ്യമഹസ്സ് അവിടെ പ്രത്യക്ഷമായിത്തീർന്നു. ഈ തേജസ്സിൻെറ അത്യുഗ്രജ്വാലയേററു് ലോകങ്ങളെല്ലാം ദഹിക്കുവാൻ തുടങ്ങിയപ്പോൾ വിഷ്ണുവിൻെറ ഉപദേശപ്രകാരം ശിവൻ അതിനെ പ്രതിനിവർത്തിച്ച് ഉദരത്തിൽ സൂക്ഷിച്ചു" (പേജ്-36-38)

ലിംഗപുരാണത്തിൽ മറെറാരു കഥ പറയുന്നു. വിഷ്ണു ഒരിക്കൽ ഒരു സ്ത്രീയുടെ വേഷത്തിൽ ദാരുവനത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ഇതു കണ്ടു് മോഹംപൂണ്ട ശിവൻ സ്ത്രീയുടെ പിന്നാലെ ചെന്നു. ഇരുവർക്കും പ്രേമം ജനിച്ചു. തുടർന്ന് ലൈംഗികവൃത്തിയിലേർപ്പെട്ടു.

സ്കന്ദപുരാണത്തിൽ പറയുന്നതു് ഗൗരിയും രുദ്രനും തമ്മിൽ ബന്ധപ്പെടുകയും പിന്നീട് അവർ വിവാഹം ചെയ്തുവെന്നുമാണു്.

മുകളിൽ ഉദ്ധരിച്ച കഥകളിൽ ഭാഗവത കഥയിൽ പറയുന്നതു് മോഹിനിയെ കണ്ടപ്പോൾ തന്നെ ശിവനു് ഇന്ദ്രിയസ്ഖലനമുണ്ടായെന്നാണ്. അതു് കഴിഞ്ഞു് ശിവൻ വീണ്ടും മോഹിനിയെ പുണരുകയും ചെയ്തു. ഇത്രമാത്രമെ നടന്നുള്ളു.

പത്മപുരാണകഥയിൽ വിഷ്ണുവിൻെറയും ശിവൻെറയും പൂർണ്ണ ശക്തികൾ കലർന്നു് ഒരായുധമുണ്ടായെന്നാണു് പറയുന്നതു്. മറിച്ചു് ഒരു പുത്രനുണ്ടായെന്നു് പറയുന്നില്ല.

ലിംഗപുരാണകഥയിലും സ്കന്ദപുരാണകഥയിലും അവസ്ഥ അതു തന്നെ.

ഹരിഹരസുതൻ ഇന്നും വിശ്വാസികളുടെ ആരാധ്യദേവനാണു് മോഹിനി-ശിവപരിണയത്തിലാണു് ഹരിഹരസുതൻ ജനിച്ചതു്. വിഷ്ണു സ്ത്രീവേഷം പൂണ്ടതാണു് മോഹിനി. പുരുഷൻ സ്ത്രീവേഷം കെട്ടിയാൽ സ്ത്രീയാകുമോ? ഇല്ലെന്നുള്ളതു് യാഥാർത്ഥ്യം. വസ്തുത ഇങ്ങനെയിരിക്കെ മോഹിനി-ശിവ സംഭോഗം വെറും സ്വവർഗ്ഗഭോഗമാണു്. സ്വവർഗ്ഗ ഭോഗത്തിൽ ഉൽപ്പാദനം നടക്കില്ലല്ലോ. അപ്പോൾ ഹരിഹരസുതൻ എങ്ങനെയുണ്ടായി?

ഹരിഹരസുതനുണ്ടായതിനു് അൽപ്പം ചരിത്ര പശ്ചാത്തലമുണ്ടു്.

വൈദികകാലത്തിനുശേഷം വളർന്നുവന്ന രണ്ടു് പ്രധാനമതങ്ങളാണു് ശൈവമതവും വൈഷ്ണവമതവും. ഈ മതങ്ങൾ ഇന്നത്തെ മതങ്ങളെപ്പോലെ നിരന്തരം സംഘട്ടനത്തിലേർപ്പെട്ടിരിക്കാം. വർഗ്ഗീയ കലാപം മൂലമുണ്ടാകുന്ന തകർച്ചകണ്ടു് അതിൽനിന്നൊരു മോചനത്തിനുവേണ്ടി കാംക്ഷിച്ചവരുണ്ടാകാം. അങ്ങനെ ആഗ്രഹിച്ചവരുടെ പുതിയ സമൂഹമാകാം ഹരിഹരസുതസംഘം. ഇവരുടെ വിശ്വാസത്തെക്കുറിച്ചുള്ള കലാപരമായ പ്രതീകമായിരിക്കാം ഹരിഹരസുതൻ.

എന്നാൽ ആശ്രമം ദാമോദരൻ മറെറാരു നിഗമനം പറയുന്നതും ശ്രദ്ധേയമാണു്

"ശൈവരും വൈഷ്ണവരും തമ്മിൽ വിശ്വാസപരമായും ആചാരപരമായുമുണ്ടായിരുന്ന ഭിന്നതകൾ മുഖേന ഉടലെടുത്ത സ്പർദ്ധയും സംഘട്ടനങ്ങളും അനേകം നൂററാണ്ടുകൾ നീണ്ടുനിന്നു. ബുദ്ധമതത്തിൻെറ വ്യാപനവും സ്വാധീനവും ശൈവവൈഷ്ണവ വിഭാഗങ്ങളെ പുനർ വിചിന്തനത്തിനും സമന്വയത്തിനും പ്രേരിപ്പിച്ചു. ബുദ്ധമതം ബലഹീനമായി. ശൈവമതത്തിൻെറ (ശിവൻെറ) യും വൈഷ്ണവമതത്തിൻെറ (വിഷ്ണുവിൻെറ) യും ഏകോപനത്തിൽ നിന്നു് ബുദ്ധമത പ്രചോദിതമായ പുതിയൊരു ദേവകൽപ്പനയുണ്ടായി. ശ്രീ ധർമ്മ ശാസ്താവു്. ഈ സംഭവങ്ങൾ വ്യംഗ്യമായും പ്രതീകാത്മകമായും

ഭാവനാസമ്പന്നരായ ഭക്തർ ആഖ്യാനം ചെയ്തപ്പോൾ യുക്തിയെ ജയിച്ച ഭക്തി. മഹിഷിയുടെയും, മോഹിനീവേഷധാരിയായ വിഷ്ണുവിനെ കണ്ട് കാമവിവശനായ ശിവൻെറയും, അവരിൽനിന്ന് ജനിച്ച ഹരിഹരസുതൻെറയും കഥയ്ക്ക് പിന്നിലുള്ള യാഥാർത്ഥ്യം ഇതാണ്.

(അയ്യപ്പസർവ്വസ്വം ഹിന്ദുമതസാരം)
പേജ്-54

## പതിനെട്ടാംപടിയുടെ പൊള്ളത്തരം

ശബരിമലയെക്കുറിച്ച് പറയുമ്പോൾ വളരെ പ്രധാനപ്പെട്ട ഒന്നാണ് പതിനെട്ടാംപടി. പതിനെട്ടാംപടി എന്നു പറയുന്നത് ഭക്തന്മാർക്ക് സന്നിധാനത്തിൽ ചെന്ന് ശരണം പ്രാപിക്കുവാനുള്ള പ്രവേശനമാർഗ്ഗത്തിലുള്ള പടികളെയാണ്.

ഈ പതിനെട്ടാം പടി കയറുന്ന ഭക്തൻ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. പതിനെട്ടാം പടികയറുമ്പോൾ ആദ്യത്തെപടിയിൽ വലതുകാൽ ചവിട്ടി കയറുകയും ഇറങ്ങുന്ന അവസരത്തിൽ പുറംതിരിയാതെ അയ്യപ്പനെ ദർശിച്ചുകൊണ്ട് പിറകോട്ട് ഇറങ്ങുകയും വേണം. കയറുമ്പോഴും ഇറങ്ങുമ്പോഴും ഓരോ പടികൾ തൊട്ടുവന്ദിച്ചിരിക്കണം. പതിനെട്ടുപടിൾ കയറമ്പോഴും ഓരോ തേങ്ങ ഉടക്കേണ്ടതുണ്ട പതിനെട്ടുകൊല്ലം മുടങ്ങാതെ സ്വാമിയെ ദർശിച്ചാൽ പതിനെട്ടാമത്തെ കൊല്ലം പതിനെട്ടാം പടിക്ക് മുകളിൽ ഒരു തെങ്ങിൻതൈ വെക്കണമെന്നുമാണ് ചട്ടം.

പതിനെട്ടാം പടിയെക്കുറിച്ച് വിവിധ അഭിപ്രായങ്ങളാണുള്ളത്. ഈ വ്യത്യസ്ത അഭിപ്രായങ്ങൾ പതിനെട്ടാം പടിയുടെ പവിത്രതയെ ചോദ്യം ചെയ്യുന്നതാണ്. യാഥാർത്ഥ്യം മറെറാന്നായിരിക്കെ അതിന്മേൽ ഓരോരുത്തർ ചാർത്തുന്ന പരിവേഷങ്ങൾ ഇതിലൂടെ കാണാവുന്നതാണ്.

'എങ്ങനെ നല്ല അയ്യപ്പനാകാം?' എന്ന ഗ്രന്ഥത്തിൽ വനമാലി പറയുന്നു.

"ധർമ്മശാസ്താക്ഷേത്രത്തിൽ പതിനെട്ടുപടികൾക്കാണ് പ്രാധാന്യം. എന്താണ് അതിന് കാരണം. ഈ പതിനെട്ടുപടികൾ എങ്ങനെ സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നു എന്നറിയുമ്പോൾ ആ പ്രത്യേകത വ്യക്തമാകും.

ആദ്യത്തെ അഞ്ചുപടികൾ മനുഷ്യ ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങളെയാണ് സങ്കൽപ്പിച്ചിരിക്കുന്നത്. കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നിവയാണല്ലോ പഞ്ചേന്ദ്രിയങ്ങൾ. ഇവ നമ്മുടെ ശരീരത്തിൽ എന്തെന്തു് പ്രവർത്തികൾക്ക് ഉപയോഗപ്പെടുന്നു എന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. ഈ ശരീരവും പഞ്ചേന്ദ്രിയങ്ങൾ മൂലം ശരീരത്തിന് ലഭിക്കുന്ന സുഖങ്ങളും, അതിനുണ്ടാകുന്ന പ്രലോഭനങ്ങൾ നശ്വരങ്ങളാണെന്നും മനസ്സിലാക്കി അവയെ ചവിട്ടിക്കടക്കണം. പിന്നെയുള്ളതിൽ എട്ടുപടികൾ അഷ്ടരാഗങ്ങളെക്കുറിക്കുന്നു.

കാമം, ക്രോധം, മോഹം, ലോഭം, മദം, മാത്സര്യം, ഡംഭ്, അഹങ്കാരം എന്നിവയാണ് അഷ്ടരാഗങ്ങൾ ഇവ മാനസികമായുണ്ടാകുന്ന പാപങ്ങൾക്കുള്ള കാരണങ്ങളാകും. പിന്നെ മൂന്നുപടികൾ മൂന്ന് ഗുണങ്ങളെ കുറിക്കുന്നു. സത്വം, രജസ്സ്, തമസ്സ് എന്നിവയാണു് മൂന്നു ഗുണങ്ങൾ. പിന്നെയുള്ള രണ്ടു പടികൾ വിദ്യയേയും വിദ്യാഹീനതയേയും അതായതു് ജ്ഞാനത്തേയും, അജ്ഞാനത്തേയും കുറിയ്ക്കുന്നു.

പതിനെട്ടുപടികൾ ചവിട്ടിക്കടക്കുക എന്നു വെച്ചാൽ പഞ്ചേന്ദ്രിയങ്ങൾ മൂലമുണ്ടാകുന്ന പാപങ്ങളും അഷ്ടരാഗങ്ങളും മൂന്നുഗുണങ്ങളും, ജ്ഞാനവും, അജ്ഞാനവും മൂലം ഉണ്ടാകുന്ന സകലതിന്മകളേയും ഉപേക്ഷിച്ച് സാക്ഷാൽ ഭഗവത്സന്നിധിയിൽ എത്തിച്ചേരുക എന്നർത്ഥം. ശരീരം നശ്വരമാണെന്നും, മനസ്സ് പാപകരമാണെന്നും മനസ്സിലാക്കി ആത്മാവു് അതിൽ നിന്നെല്ലാം വിരക്തമായി ഭഗവത് സന്നിധിയിൽ ലയിക്കേണ്ടതാണ് എന്നർത്ഥം.

(പേജ് 12, 13)

ശ്രീ. പാവന കരുണാകരപ്പണിക്കർ എഴുതിയ 'ശ്രീ അയ്യപ്പചരിതം' എന്ന ഗ്രന്ഥത്തിൽ മറ്റൊന്നാണു് പറയുന്നതു്.

"ഒന്നാംപടി പരബ്രഹ്മവും രണ്ടാംപടി ഗുരുവും, വായുവും, മൂന്നാംപടി ബ്രഹ്മാദിവാസവും നാലാംപടി നാലുവേദസാരവും, അഞ്ചാംപടി പഞ്ചഭൂതവും, ആറാംപടി ഷൺമുഖനും ഏഴാംപടി സപ്തർഷികളും എട്ടാംപടി അഷ്ടദിക്ക് പാലകരും ഒൻപതാംപടി നവഗ്രഹങ്ങളും, പത്താംപടി ദശാവതാരവും, പതിനൊന്നാംപടി പരദേവതകളുംപന്ത്രണ്ടാംപടി ദ്വാദശാത്മാക്കളും പതിമൂന്നാം പടി ശ്രീരാമാദികളും, കലികാലവരദനും, പതിനാറാംപടി യമധർമ്മാദികളും, പതിനേഴാം പടി വിഷ്ണുലോകവും പതിനെട്ടാംപടി പരാശക്തിയും ആണെന്നാണു് സങ്കല്പം. തൃപ്പടികൾ ഓരോന്നും വന്ദിച്ചിട്ട് ചവിട്ടിവേണം അയ്യപ്പനെ ദർശിക്കേണ്ടതു്. സത്യമായ പൊന്നുപതിനെട്ടാംപടികളാണിവ."

(പേജ്-12, 13)

മുകളിലുദ്ധരിച്ചവ കൂടാതെ മററു പല അഭിപ്രായങ്ങളും നിലവിലുണ്ടു് ശിവന്റെ പാദമാണു് പതിനെട്ടാംപടിയെന്നാണ് അതിലൊന്നു്. നാലുവേദങ്ങൾ, ആറുവേദാംശങ്ങൾ, മീമാംസ, ന്യായശാസ്ത്രം പുരാണം, ആയുർവ്വേദം, ഗാന്ധർവ്വം, അർത്ഥശാസ്ത്രം എന്നീ വിദ്യകളെയാണു് 18 പടികൾ സൂചിപ്പിക്കുന്നതെന്നു മാണു് മറെറാന്നു്. യോഗ ശാസ്ത്രപ്രകാരം സുഷുമ്നാ നാഡിയിൽ ആറു ചക്രങ്ങളും മുമ്മൂന്നുപടി കളുമുണ്ടെന്നും ഈ പടികൾ കടന്നാണു് കുണ്ഡലിനീ ശക്തി പരബ്രഹ്മപദമായ സഹസ്രദളപത്മത്തിൽ എത്തുന്നതെന്നും ഇതിനെ സൂചിപ്പിക്കുന്നതാണു് 18 പടികൾ എന്നും ഒരഭിപ്രായവുമുണ്ടു്.

ഈ അഭിപ്രായങ്ങൾക്കുപരിയാണ് പ്രസിദ്ധ പത്ര പ്രവർത്തകനും ചരിത്ര ഗവേഷകനുമായ ഇടമറുകിൻെറ അഭിപ്രായങ്ങൾ. അവ ചുവടെ ചേർക്കുന്നു.

"മൂന്ന്, ഏഴ്, എട്ട്, പന്ത്രണ്ട്, പതിനാല്, പതിനാറ്, ഇരുപത്തിയെട്ട്, നാൽപ്പതു്, എന്നിങ്ങനെ പല സംഖ്യകളും 'ദിവ്യ'മായി പുരാതന കാലത്ത് കരുതിയിരുന്നു. ക്രിസ്തുവിനു് പന്ത്രണ്ട് ശിഷ്യന്മാരുണ്ടായിരുന്നുവെന്നും ഇസ്രയേലിൽ പല ഗോത്രങ്ങളുണ്ടായിരുന്നുവെന്നും ബൈബിളിലുണ്ട്. വർഷത്തെ പന്ത്രണ്ട് മാസങ്ങളായും പകലിനെ പന്ത്രണ്ട് മണിക്കൂറായും വേർതിരിച്ചതും പഴയകാലത്തെ ആളുകൾ പന്ത്രണ്ട് എന്ന സംഖ്യയ്ക്കു് ദിവ്യത്വം കല്പിച്ചിരുന്നതു കൊണ്ടാണു്. ഏഴ്, മൂന്ന് തുടങ്ങിയ മററു സംഖ്യകൾക്കും ഇത്തരത്തിൽ പ്രാധാന്യം കല്പിച്ചിരുന്നു. പതിനെട്ടും ഇതുപോലെ 'ദിവ്യ'മെന്ന് ഗണിക്കപ്പെട്ടിരുന്ന ഒരു സംഖ്യയാണു്. മഹാഭാരതത്തെ പതിനെട്ടു പർവ്വങ്ങളായിട്ടാണു് ആദ്യം തിരിച്ചിരുന്നതത്രെ. ഭഗവത്ഗീതയിൽ പതിനെട്ട് അദ്ധ്യായങ്ങളാണുള്ളതു്. പതിനെട്ട് പുരാണങ്ങൾ പതിനെട്ട് ഉപപുരാണങ്ങൾ, പതിനെട്ടും ദ്വീപുകൾ, പതിനെട്ട് ഉപപാരങ്ങൾ, പതിനെട്ടുവാദ്യങ്ങൾ, പതിനെട്ട് ആയുധങ്ങൾ, പതിനെട്ട് അടവുകൾ എന്നിങ്ങനെ പലതും കാണാൻ കഴിയും. ഇതൊക്കെ പുരാതന കാലത്തെ മനുഷ്യർ പതിനെട്ട് എന്ന സംഖ്യയ്ക്കു് നൽകിയിരുന്ന പ്രാധാന്യത്തെയാണു് തെളിയിക്കുന്നതു്. പക്ഷെ എന്തു കൊണ്ട് അവർ ആ സംഖ്യയ്ക്ക് പ്രാധാന്യം നൽകിയിരുന്നുവെന്ന് വ്യക്തമല്ല.

ഇന്ത്യയിലെ ഹൈന്ദവരുടെ പുരാണങ്ങളിലും മതഗ്രന്ഥങ്ങളിലും പതിനെട്ട് ദിവ്യ സംഖ്യയായി കാണുന്നതു കൊണ്ട് അവർ മാത്രമെ ഈ സംഖ്യയ്ക്ക് പ്രാധാന്യം നൽകിയിരുന്നുള്ളു എന്ന് കരുതുന്നതു് ശരിയല്ല. യൂദന്മാരുടെയിടയിൽ പതിനെട്ടു പ്രാർത്ഥനകൾ (Shemoneesre) നിലവിലുണ്ട്. പുരാതന ബാബിലോണിയാക്കാർക്കും പതിനെട്ട് പ്രധാനമായിരുന്നു.

ഇന്ത്യയിൽ ഹിന്ദുമതം ഉൽഭവിക്കുന്നതിനു് മുമ്പുണ്ടായിരുന്ന പ്രാകൃത മതങ്ങളിലും ബുദ്ധമതത്തിലും 'പതിനെട്ട്' എന്ന സംഖ്യയ്ക്ക് പ്രാധാന്യമുണ്ടായിരുന്നു. ടിബററിലേയും ലഡാക്കിലേയും ബുദ്ധമത ഐതീഹ്യങ്ങളിൽ പതിനെട്ട് ദിവ്യപുരുഷന്മാരെപ്പററി പറയുന്നു. 'ഗ്ലിംഗ്ചോസ്' എന്ന് പിൽക്കാല പണ്ഡിതൻമാർ പേരിട്ട, ലഡാക്കിലെ പ്രാകൃത മത സങ്കൽപ്പങ്ങളിൽ ഇവരെപ്പററിയുള്ള വിശദമായ വർണ്ണനകൾ ഉണ്ട്. ഈ പതിനെട്ടുപേരിൽ നിന്നാണു് മനുഷ്യ വർഗ്ഗം ഉത്ഭവിച്ചതെന്ന് അവർ വിശ്വസിക്കുന്നു. പിന്നീട് ബുദ്ധമതക്കാർ ഈ കഥ അവരുടെ ഐതീഹ്യങ്ങളിൽ പകർത്തി-ബുദ്ധമതത്തിൽ തന്നെ ആരംഭകാലത്തു് പതിനെട്ട് ചിന്താ സമ്പ്രദായങ്ങൾ ഉണ്ടായിരുന്നു.

പ്രകൃതി പ്രതിഭാസങ്ങളിൽ അത്ഭുതം കണ്ടെത്തിയിരുന്ന കാലത്തെ മനുഷ്യർ അവർക്ക് വ്യക്തമല്ലാത്ത പല കാര്യങ്ങൾക്കും ദിവ്യത്വം കൽപ്പിച്ചു പലതും അവർ ഭാവനയിൽ നെയ്തെടുത്തു. തെററും ശരിയും വേർതിരിക്കുവാൻ

ശാസ്ത്രത്തിന്റേയോ യുക്തിചിന്തയുടേയോ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ അവർ അപ്രാപ്തരായിരുന്നു. അതുകൊണ്ട് കാലത്തിനും ദേശത്തിനും അനുസരിച്ച് ദൈവങ്ങളേയും അവർ സങ്കല്പിച്ചുണ്ടാക്കി അവയെ മന്ത്രം കൊണ്ടോ വഴിപാട് കൊണ്ടോ തൃപ്തിപ്പെടുത്തിയാൽ കാര്യസാദ്ധ്യമുണ്ടാകുമെന്നും അവർ വിശ്വസിച്ചു. ദിവ്യസംഖ്യകളും ദിവ്യാക്ഷരങ്ങളുമൊക്കെ പ്രാകൃത മനുഷ്യന്റെ ഭാവനാസൃഷ്ടികൾ മാത്രമാണു്. സംഖ്യകളെല്ലാം ഒരുപോലെ പ്രധാനപ്പെട്ടതാണു്. കണക്കു കൂട്ടാനുള്ള സൗകര്യത്തിനു് മനുഷ്യർ കണ്ടുപിടിച്ചതാണവ. അതിൽ ചിലതിനു് ദിവ്യത്വം കല്പിക്കുന്നതിൽ ഒരു കാര്യവുമില്ല. ശബരിമലയിലെ പതിനെട്ടാം പടിക്കും ദിവ്യത്വം കൽപ്പിക്കുന്നതു് പഴയ പ്രാകൃതമായ പാരമ്പര്യത്തെ പിൻതുടരുന്നവർ മാത്രമാണു്"

(ശബരിമലയും പരുന്തുപറക്കലും മകരവിളക്കും പേജ് 107, 108)

## ശാസ്താവു് ശങ്കരാചാര്യരുടെ ശിഷ്യൻ

ഭൂലോകനാഥനെന്നവകാശപ്പെടുന്ന ധർമ്മശാസ്താവിന്റെ ജ്ഞാനോപദേശ പ്രസിദ്ധമാണല്ലോ. 'ഭൂതനാഥോപാഖ്യാനം' എന്ന ഗ്രന്ഥത്തിൽ ആ ഉപദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ഭൂതനാഥൻ പറയുന്ന ഈ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ സ്വന്തം ഉപദേശങ്ങളല്ല. എ. ഡി. എട്ടാം നൂററാണ്ടിൽ കാലടിയിൽ ജീവിച്ചിരുന്ന ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തമാണ്. ഭൂതനാഥോപാഖ്യാനത്തിന്റെ ഭാഷാഗദ്യത്തിൽ ഈ ഉപദേശങ്ങൾ പറഞ്ഞിരിക്കുന്നതു നോക്കുക.

"രാജാവ് ചോദിക്കുന്നു:- 'ഭഗവാൻ ബ്രഹ്മാവല്ലാതെ ഒന്നുമില്ല എന്നു് അരുളിചെയ്തു. പിന്നെ മായയുണ്ടെന്നും സമ്മതിച്ചു. അതു പൂർവ്വാചാര വിരുദ്ധമല്ലെ? അദ്വൈതം എന്നു പറയുന്നതും വിദ്വത്സമ്മതമാകുമോ? മായ എവിടെ നിന്നു് എങ്ങനെയുണ്ടായി? അതു നിർമ്മല ബ്രഹ്മത്തോടു ചേരുവാൻ സംഗതിയെന്തു്? ഈവക സംശയങ്ങളും തീർത്തരുളണം."

ഭഗവാൻ അരുളുന്നു;- "മന്നവാ! കർമ്മമാകുന്ന അജ്ഞാനത്താൽ പൂർണ്ണമായി അനാദിയായി ബ്രഹ്മത്തിൽ പററിയും സദാ നില്ക്കുന്നതാകുന്നു 'മായ' ബ്രഹ്മവും മായയും അനാദിയെങ്കിലും ബ്രഹ്മത്തിനു് നാശമില്ല; മായയ്ക്കു് നാശമുണ്ടു്. ഇതിൽ നിന്നു് അദ്വൈതവും സിദ്ധിക്കുന്നു. വേദവാക്യത്താൽ, ബ്രഹ്മം അദ്വിതീയം (ആദ്യത്തേതു്) എന്നു് സമ്മതിക്കുന്നു. ജീവികളൊക്കെയും ബ്രഹ്മത്തിന്റെ അംശങ്ങളാകുന്നു. ഞാനെന്നുള്ള ഭാവമാകുന്നു മായ. എല്ലാവർക്കും ഞാനെന്നഭാവമുണ്ടു്. മായ എന്നുപറയുന്നതു് ഒരു വികാരമാകുന്നു. അതൊരു വസ്തു അല്ല, മായയ്ക്കു് ആദിയില്ല. "എന്റേതു്" എന്നുഭാവിക്കുന്നതും മായ തന്നെയാകുന്നു. മായ ഒരു വികാരമായി, മാറാതെ തന്നെ ബ്രഹ്മത്തോടു ചേർന്നു നില്ക്കുന്നു. എങ്കിലും ബ്രഹ്മത്തോടു് യോജിക്കുന്നില്ല തന്നെ. സ്ഫടികപ്പാത്രത്തിൽ നിറമുള്ള സാധ

നം നിറച്ചാൽ ആ വസ്തുവിൻെറ നിറം പാത്രത്തിൽ കാണപ്പെടുന്നു. അതുപോലെയാണു് മായയ്ക്കു് ബ്രഹ്മത്തോടുള്ള യുക്തി (ചേർച്ച).

"അരയാൽപഴം എത്ര ചെറുതു്! അതിനുള്ളിൽ എത്രയോ അരയാൽ പരിപ്പുകൾ (കുരുക്കൾ) അടങ്ങിയിരിക്കുന്നു. ആപരിപ്പുകൾ ഓരോന്നും മുളച്ചുവന്നാൽ എത്രയോ വലിയ അരയാൽ വൃക്ഷങ്ങൾ ഉണ്ടാകും. ആ വൻ വൃക്ഷങ്ങൾ അനേകം അടങ്ങിയതാണു് ഒരാലിൻപഴം. അതുപോലെ ബ്രഹ്മത്തിൽ അനേകം കർമ്മബീജങ്ങൾ അടങ്ങിയിരിക്കുന്നു. സൃഷ്ടികാലത്തു് അവ പഞ്ചഭൂത സഹായത്താൽ മുളച്ചുവളർന്നു് ക്രമേണ പ്രകാശിക്കുന്നു. മായകൊണ്ടു മൂടിയിരിക്കുന്ന ബ്രഹ്മം അപ്പോൾ "വിരാട്ടു്"ആയിത്തീരുന്നു. ആ "വിരാട്പുരുഷ"നാകുന്നു. ഞാൻ എന്നുധരിച്ചാലും. പിന്നീടു് എന്നിൽ നിന്നും ത്രിഗുണങ്ങൾ (സത്വം, രജസ്സു്, തമസ്സു്) ഉണ്ടായി; ത്രിമൂർത്തികളായിച്ചമയുന്നു. അവരാകുന്നു ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ. ബ്രഹ്മാവു് സൃഷ്ടികളെച്ചെയ്യുന്നു. വിഷ്ണു അവയെ രക്ഷിക്കുന്നു. മഹേശ്വരൻ (ശിവൻ) സംഹരിക്കുന്നു (നശിപ്പിക്കുന്നു). ജന്മത്തെ മനസ്സാകുന്ന ബ്രഹ്മത്തിൽ ലയിപ്പിച്ചാൽ ജന്മനാശം വരുത്താമെന്നു് വേദങ്ങൾ പറയുന്നു. അതിനെ ഖണ്ഡിക്കാവതല്ല. ബ്രഹ്മാവും മായയും ഒരുമിച്ചുചേർന്നതിനെപ്പററി വിചാരപ്പെടേണ്ട. മനസ്സിനെ ബ്രഹ്മത്തിൽ ലയിപ്പിക്കാൻ നോക്കുന്നതാണു് ഉത്തമം. ഒരുവൻ കിണററിൽ വീണാൽ കയറിപ്പോകാൻ നോക്കാതെ, അവിടെ കിടന്നു് കൊണ്ടു് കിണററിൻെറ ചരിത്രം അറിയാൻ ആഗ്രഹിക്കുന്നതു് എത്ര മൗഢ്യമാണു്? അതു പോലെയത്രെ ബ്രഹ്മത്തെപ്പററി അറിഞ്ഞിട്ടു് മനസ്സിനെ ആ ബ്രഹ്മത്തിൽ ലയിപ്പിക്കാനുദ്ദേശിക്കുന്നതു്. ബ്രഹ്മത്തെപ്പററി അറിയുന്നതിനു് യോഗ്യനായ ഒരാചാര്യനെ വരിക്കണം, അതാണാവശ്യം. അല്ലെങ്കിൽ കുരുടൻ ആനയെ തപ്പിക്കണ്ടതുപോലെ വന്നുകൂടും.

എന്നിൽ നിന്നുണ്ടായിവന്ന മൂന്നുഗുണങ്ങൾ ഒരുകാലത്തു് എന്നിൽ (അതായതു് ബ്രഹ്മത്തിൽ) തന്നെ വന്നുചേരും. അപ്പോൾ ഞാൻ (ബ്രഹ്മം) നിർഗ്ഗുണമായിച്ചമയും. ചുരുക്കിപ്പറഞ്ഞാൽ സൃഷ്ടികാലത്തു് ബ്രഹ്മം സഗുണവും, ലയകാലത്തിൽ നിർഗ്ഗുണവും ആയിരിക്കും. എന്നെ നിർഗ്ഗുണനായി ധ്യാനിച്ചു ഭജിച്ചാൽ അവർക്കു ഞാൻ ചിൽഘനാനന്ദനായി ഭവിക്കും. സൽഗ്ഗുണനായി എന്നെ ധ്യാനിച്ചുഭജിച്ചാൽ, ദുഷ്കൃതം നീക്കി സ്വർഗ്ഗസുഖം കൊടുക്കും. ഇതാണു് ബ്രഹ്മത്തിൻെറ സ്ഥിതി. ഇതെല്ലാമറിഞ്ഞു സേവിക്കുന്നവർ ചുരുക്കമത്രെ! എൻെറ ഈ ഗീത ഭവാനു് ശുഭോദർക്കമായിരിക്കട്ടെ. എൻെറ ഭക്തന്മാർക്കലങ്കാരമായും ഭവിക്കട്ടെ. ജനികളിൽ മനുഷ്യൻെറ ജന്മ മൃത്യുക്കൾ അതിപ്രധാനങ്ങളാകുന്നു. ബ്രഹ്മത്തെക്കുറിച്ചറിയുന്നതിനു്, മനുഷ്യനല്ലാതെ ഇതരജീവികൾക്കു് സാദ്ധ്യമല്ല. അവർക്കതിനു് ശക്തിയും വിശേഷബുദ്ധിയും ഇല്ല. മനുഷ്യശരീരത്തിൽ തൊണ്ണൂററിയാറു് തത്വങ്ങൾ അടങ്ങിയിരിക്കുന്നു. അവനിൽ സാത്വികാംശം കൊണ്ടു് മനസ്സു് ഏററവും ശുദ്ധമായി സ്ഥിതിചെയ്യുന്നു. ബന്ധമോക്ഷത്തിനുള്ള കാരണം മനസ്സു തന്നെ. ബുദ്ധിയെന്ന വികാരം രജസ്തമോയുക്തമായി മനസ്സിൽ സ്ഥിതിചെയ്യുന്നു. തന്മൂലം മനസ്സിനു് ദോഷങ്ങൾ ഉണ്ടാകുന്നു. മനസ്സിനു് ദുഷ്കർമ്മങ്ങൾ ചെയ്യാൻ

മോഹമില്ല. 'അതു ദോഷമാണു്' എന്നുവിചാരിച്ചു് മനസ്സുമടങ്ങുമ്പോൾ ദോഷമെങ്കിലും ദുഷ്ക്കർമ്മങ്ങൾ ചെയ്യാതെ നിലയില്ലെന്നു് ബുദ്ധിമനസ്സിനെ (ഹൃദയത്തെ) ഇളക്കി ദോഷത്തിൽ പതിപ്പിക്കുന്നു. അതിനാൽ മനസ്സിനു് കീഴായി ബുദ്ധിയെ നിറുത്തിയാൽ യാതൊരു ദോഷവും ബാധിക്കുന്നതല്ല. മനസ്സിനെയും ബുദ്ധിയെയും തിരിക്കുവാൻ മഹാശയന്മാർക്കും വിഷമമാണു്. അതു സാധിച്ചാൽ സർവ്വാർത്ഥസിദ്ധി നിശ്ചയമത്രെ! ചിത്തത്തിന്റെ സ്വഭാവം സ്വസ്ഥമായിരിക്കുകയാണു്. ബുദ്ധിയുടെ വികാരത്താൽ ചിത്തത്തെ സദാ ഇളക്കിക്കൊണ്ടിരിക്കുന്നു. ബുദ്ധിയിൽ പററിനില്ക്കുന്ന വികാരങ്ങളത്രയും പൂർവ്വാസന (മുജ്ജന്മവാസനയാകുന്നു) അതിനാൽ ബുദ്ധി നന്നായി വരുന്നതിനു് എവരും ശ്രമിക്കണം. അദ്വൈതപ്രകാരം ഇതിനെ വകവയ്ക്കാതെ തത്വങ്ങൾ തൊണ്ണൂററാറെന്നും മററും പലയുക്തിയുക്തമായ ശാസ്ത്രങ്ങൾ പറഞ്ഞു് വൃഥാ കാലം കളയുന്നതു് നന്നല്ല."

(ശ്രീഭൂതനാഥൻ-പി. എൻ. കൃഷ്ണനുണ്ണി പേജ് 60, 61, 62. 64)

യഥാർത്ഥത്തിൽ ശാസ്താവു് പറഞ്ഞതായി കാണുന്ന ഈ അദ്വൈത സിദ്ധാന്തം ഭൂതനാഥോപാഖ്യാനകാരന്റെ അഭിപ്രായങ്ങളാണു്. കല്ലറയ്ക്കൽ കൃഷ്ണകർത്താവ് അദ്വൈത വാദിയായിരിക്കണം. സാധാരണ എഴുത്തുകാർ അവരുടെ സൃഷ്ടികളിൽ അവരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കാറുണ്ടല്ലോ! അതുമാത്രമാണു് ഇതിലും സംഭവിച്ചിരിക്കുന്നതു്.

## ഭൂതനാഥോപാഖ്യാനം ശാസ്താവിന്റെ ചരിതമല്ല

ശബരിമല ശാസ്താവിന്റെ രൂപം നമുക്കേവർക്കും സുപരിചിതമാണു്. എന്നാൽ ഭൂതനാഥോപാഖ്യാനം എന്ന ഗ്രന്ഥത്തിൽ പറയുന്ന ശാസ്താവിന്റെ രൂപം നമുക്ക് സുപരിചിതനായ ശാസ്താവിന്റേതല്ല. അതിൽ വർണ്ണിച്ചിരിക്കുന്ന ചിത്രം ശിവന്റേതാണു്. പഞ്ചമിച്ചന്ദ്രനെ വെല്ലുന്ന തിരുനെററിയുടെ ഉപരിഭാഗത്തു് വിളങ്ങുന്ന ചന്ദ്രക്കലയും, നെററിയിൽ തീക്കണ്ണും ഭസ്മരേഖയുമൊക്കെ ശിവന്റെ രൂപമല്ലെ. ആ വർണ്ണന നോക്കു.

"ചാരുതരമായ ചിന്താരത്നത്തിന്റെ രസസാരത്താൽ തീർത്ത കിരീടവും നീല വർണ്ണം തോൽക്കുന്നതും അഗ്രം ചുരുണ്ടതുമായ കേശവും, പഞ്ചമിച്ചന്ദ്രനെ ജയിക്കുന്ന തിരുനെററിയും, ആ നെററിയുടെ ഉപരിഭാഗത്ത് വിളങ്ങുന്ന ചന്ദ്രക്കലയും, നെററിയിൽ തീക്കണ്ണും, ഭസ്മരേഖയും, വില്ലിനെ വെല്ലുന്ന ചില്ലീലതകളും കരുണാമസൃണങ്ങളായ നയനങ്ങളും, തിരുനാസികത്തെല്ലും മീനകുണ്ഡലങ്ങളും കണ്ണാടി പോലെ വിളങ്ങുന്ന ഗണ്ഡസ്ഥലങ്ങളും, ബിംബാധരവും, മുത്തുകൾ നിരത്തിയതുപോലുള്ള പല്ലുകളും, മന്ദഹാസം ചൊരിയുന്ന മുഖപ്രസന്നതയും, ശംഖത്തെ ജയിക്കുന്ന കണ്ഠവും. വിസ്തൃതമായ മാറിടവും കൗസ്തുഭശ്രീ വിളങ്ങുന്ന രത്നമാലയും മുത്തുമാലകളും, അസ്ഥിമാലയും വനമാലകൾ, വില്വമാലകൾ, തുളസിമാലകൾ, രുദ്രാക്ഷമാലകൾ, ഇവയും പൂണുനൂലിനാൽ,

പ്രശോഭിക്കുന്ന വാമാംസവും (ഇടത്തേത്തോളും) മുട്ടിൽ കവിഞ്ഞ നീളമുള്ള എട്ടു തൃക്കൈകളും, അവയിൽ ശംഖ്, ചക്രം, ശൂലം, ഛുരിക, വില്ല്, അസ്ത്രം, വാൾ, തോൽ ഇങ്ങനെ അഷ്ടരാഗങ്ങളെ ഖണ്ഡിക്കുന്നവയായി ശോഭിക്കുന്ന ദിവ്യായുധങ്ങളും, ആലിലയെപ്പോലത്ത ഉദരവും അസിതരേഖപോലെയുള്ള രോമാളിയും, നീലമാണിക്യരത്നങ്ങളാൽ നിർമ്മിതമായ അരഞ്ഞാൺ വിളങ്ങുന്ന നീലപ്പൂഞ്ചേലയും, കദളിവാഴയെപ്പോലത്ത തുടകളും, കണങ്കാലുകളും ഭക്തന്മാരുടെ മനസ്സാകുന്ന മന്ദരപർവ്വതത്തെ ഉയർത്തുന്ന കൂർമ്മം പോലെ വിലസുന്ന പുറവടിയും, നഖരശ്മി ധരിക്കുന്ന ആ ദിവ്യരൂപം, അഷ്ടബാഹുക്കളോടും കൂടി എട്ടുദിക്കുകളേയും പ്രകാശിപ്പിച്ചുകൊണ്ട് വിളങ്ങുന്ന ആ നീലവർണ്ണാകൃതി, ധനുമാസത്തിൽ ഒടുക്കം വന്ന ഉത്രംനക്ഷത്രവും, പഞ്ചമിതിഥിയും, മന്ദവാരവും ചേർന്ന ദിവസം വൃശ്ചികം രാശി സമയം പുണ്യയുക്തനായി അവതാരം ചെയ്തു.

(ശ്രീഭൂതനാഥൻ കേരളഭാഷാഗദ്യം പി. എൻ. കൃഷ്ണനുണ്ണി പേജ് 30, 31)

ഈ കുട്ടിയെയാണു് പന്തളം രാജാവിനു് ലഭിക്കുന്നതും പന്ത്രണ്ടുവർഷം അവിടെ വളരുന്നതും. അപ്പോൾ ഭൂതനാഥോപാഖ്യാനത്തിൽ പറയുന്ന ശാസ്താവു് ശിവനാണു്. ശാസ്താവിനെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥമെന്ന് വിശ്വാസികളായ പണ്ഡിതന്മാർ കൊട്ടിഘോഷിക്കുന്ന പ്രമാണത്തിന്റെ നട്ടെല്ലില്ലാത്ത അകവശം ഇതു് വ്യക്തമാക്കുന്നു.

## മഹിഷപുരാണം ഒരു കെട്ടുകഥ

ശാസ്താവു് അവതരിച്ചതിന്റെ ഉദ്ദേശം ഒരു മഹിഷിയെ കൊല്ലാൻ വേണ്ടിയായിരുന്നുവെന്ന് വിശ്വാസികൾ പറയുന്നു. ഭൂതനാഥോപാഖ്യാനത്തിൽ ശിവൻ തന്റെ പുത്രനായ ശാസ്താവിനോട് പറയുന്നു.

"മഹിഷിയുടെ പെരുകിയൊരു മദമതുകൊടുക്കുവാൻ
മാനസേ ചിന്തിക്ക നീ ജനിച്ചുള്ളതും
അതിനു ബത മഹിയിലൊരു മനുജനുടെ സന്നിധൌ
ആറു രണ്ടബ്ദം വസിച്ചീടണം ദൃഢം
സകലമയി തവ മനസി വിദിതമതുകൊണ്ടു നീ
സത്യമാക്കീടണം പത്മജാ ഭാഷിതം
ജവമൊട തിനധികഗുണമിയലുമൊരു കേരള
ദക്ഷിണ പമ്പാനദീതീര കാനനെ
മനുജ ശിശുവടിവൊടഥ മമത നയ ചെന്നു നീ
മന്ദമന്ദം കരഞ്ഞങ്ങു കിടക്കണം
വരുമവിടെ വിരവൊടൊരു ധരണിവര പുംഗവൻ
മാന്യനവൻ മമ ഭക്തരിലുത്തമൻ
പരമ ഗുണഗണ നിലയ നവനധിക നീതിമാൻ
പാണ്ഡ്യ വംശോത്ഭവൻ പന്തളനായകൻ

സപദി നൃപതിലകമണി കൈക്കൊണ്ടു നിന്നെയും
സാദരം രാജധാനിക്കങ്ങുകൊണ്ടുപോം
അല്പവധികമിയലുമൊരു നൃപമണിവരാലയേ
ആറുമാറും വൽസരംവസിച്ചീടണം
അതുപൊഴുതു മഹിഷിയുടെ മദമതുകെടുക്കുവാ—
നാളായ് വരും ഭവാനംബുജലോചന!"
(ഭൂതനാഥോപാഖ്യാനം, ചതുർത്ഥാദ്ധ്യായം)

മുകളിൽ ഉദ്ധരിച്ച പദ്യത്തിൽ പറയുന്ന മഹിഷിയെ കുറിച്ച് ശ്രീഭൂതനാഥോപാഖ്യാനത്തിലൊരു കഥ പറയുന്നുണ്ട്. അതു് ചുവടെ ചേർക്കുന്നു.

"പണ്ട് ദനുവിന്റെ പുത്രന്മാരായി രംഭൻ, കരംഭൻ ഇങ്ങനെ രണ്ടസുരന്മാരുണ്ടായി. അവർക്ക് യഥാകാലം പുത്രസന്താനങ്ങൾ ഉണ്ടാകാഞ്ഞതിനാൽ വ്യാകുലതയോടുകൂടി പഞ്ചനദിപ്രദേശത്തു് ചെന്നു് അഗ്നിഭഗവാനെ ധ്യാനിച്ച് തപസ്സാരംഭിച്ചു. രംഭൻ പഞ്ചാഗ്നിമദ്ധ്യത്തിലും കരംഭൻ ജലത്തിലും നിന്നുകൊണ്ട് തപസ്സുചെയ്തു. അങ്ങനെ ഏതാനും നാൾ കഴിയവെ, അവരുടെ കഠിനമായ തപത്തെക്കണ്ടു് ദേവരാജാവു് തന്റെ ഇന്ദ്രപ്പട്ടം അപഹരിച്ചേക്കുമെന്നു് ഭയപ്പെട്ടു് ഒരു മുതലയായി ചെന്നു് കരംഭനെ പിടിച്ചു് വെള്ളത്തിൽ താഴ്ത്തിക്കൊന്നു. ഭ്രാതാവിന്റെ മരണവൃത്താന്തം അറിഞ്ഞു് രംഭൻ സങ്കടപ്പെട്ടുകൊണ്ടു് തന്റെ കഴുത്തുവെട്ടി ആത്മഹത്യചെയ്യുവാൻ ഉറച്ചു. അതിനൊരുങ്ങിയ സമയം അഗ്നിഭഗവാൻ പ്രത്യക്ഷനായിവന്നു് തടസ്സംചെയ്തുകൊണ്ടു് രംഭന്റെ അഭീഷ്ടമെന്തെന്നറിയിക്കുവാനാവശ്യപ്പെട്ടു. തനിക്കു ത്രൈലോക്യവിജയിയായി ഒരു പുത്രനുണ്ടാകണമെന്നും അവനെ ദേവന്മാരും അസുരന്മാരും മനുഷ്യരും കൊല്ലാതിരിക്കണമെന്നും രംഭൻ അഭ്യർത്ഥിച്ചു. അഗ്നിഭഗവാൻ അപ്രകാരം പ്രസാദിച്ചു് വരവും കൊടുത്തനുഗ്രഹിച്ചു: നീ ഏതൊരുത്തിയെ കാമിക്കുന്നുവോ അവളിൽ നിനക്ക് കരുത്തനായ ഒരു പുത്രനുണ്ടാകും എന്നരുളിച്ചെയ്തു് അഗ്നിഭഗവാൻ മറഞ്ഞു.

രംഭൻ അനുഗ്രഹവും വരവും വാങ്ങി അവിടെനിന്നും പോരുന്ന വഴിക്ക് യക്ഷവാടത്തിൽ കയറി. അവിടെവെച്ച് ഗർഭിണിയായ ഒരെരുമയെക്കണ്ടു കാമിച്ചു് ആ എരുമയേയും കൂട്ടിക്കൊണ്ടു് ആ അസുരൻ പാതാളത്തിൽചെന്നു് വസിച്ചു. അവിടെവച്ച് ഒരു മഹിഷം (പോത്തു്) ആ എരുമയെക്കണ്ടു് കാമിക്കയാൽ അതിനോടടുത്തു് രംഭൻ അതു കണ്ടു് മഹിഷത്തോടെതിരിട്ടു. കാമാന്ധനായ മഹിഷം രംഭനെ കൊന്നിട്ടു് വീണ്ടും എരുമയെ അനുഗമിച്ചു. എരുമയാകട്ടെ തന്റെ പൂർവ്വ വാസസ്ഥലമായ യക്ഷവാടത്തിലേയ്ക്ക് ഓടിപ്പോയി. പിന്നാലെ മഹിഷവും എത്തി. യക്ഷന്മാർ അതു കണ്ടു് പോത്തിനെ വധിച്ചു. അവർ രംഭന്റെ ശരീരം ദഹിപ്പിക്കാനായി ചിതയിൽ വെച്ച് അഗ്നി കൊളുത്തി.

ശരീരം ദഹിച്ചുതുടങ്ങിയപ്പോൾ ആ എരുമയും ആ ചിതയിൽ ചെന്നുചാടി ദഹിച്ചു. ഉടൻതന്നെ ആ ചിതയിൽനിന്നും പുരാണ പ്രസിദ്ധനും ത്രൈലോക്യ, കണ്ടകനുമായിത്തീർന്ന മഹിഷാസുരനുണ്ടായി. മരിച്ചുപോയ രംഭൻ വീണ്ടും രക്തബീജനെന്ന അസുരനായും വന്നു ജനിച്ചു.

മഹിഷാസുരനാകട്ടെ ബ്രഹ്മാവിനെ തപസ്സുചെയ്തു് വരം അഭ്യർത്ഥിച്ചു. എന്നെ പുരുഷന്മാർ കൊല്ലാത്തവിധം വരം തന്നനുഗ്രഹിക്കുമാറാകണമെന്നപേക്ഷിച്ചു. ബ്രഹ്മദേവൻ അപ്രകാരം വരം കൊടുത്തനുഗ്രഹിച്ചു. ബ്രഹ്മവരത്താൽ അഹങ്കാരിയും അധൃഷ്യനും ആയിത്തീർന്ന മഹിഷാസുരൻ അസുരരാജാവായി ത്രൈലോക്യവും ജയിച്ച് ലോക ചക്രവർത്തിയായി വർത്തിച്ചു.

മഹിഷാസുരന്റെ ലോകോപദ്രവം കണ്ടിട്ടു് ത്രിമൂർത്തികളും ദേവന്മാരും മഹിഷാസുരനെ വധിച്ച് ലോകങ്ങളെ രക്ഷിക്കുന്നതിനായി ഒരു ദേവിയെ സൃഷ്ടിക്കാനുറച്ചുകൊണ്ടു് അവരുടെ അംശങ്ങൾ എടുത്തു ചേർത്തു് ഒരു തേജോമയിയായ സ്ത്രീയെ നിർമ്മിച്ചു. ദേവഹൃദയങ്ങൾ ദേവിയെ പുഷ്പാഭിഷേകം ചെയ്തു സ്തുതിച്ചു. സ്തുതികളാൽ പ്രസന്നയായ ചണ്ഡികാദേവി, സന്തോഷത്താൽ പൊട്ടിച്ചിരിച്ചു. മേഘനിർഘോഷത്തെ ജയിക്കുന്ന ആ ചിരിയുടെ ശബ്ദത്താൽ ത്രൈലോക്യം നടുങ്ങി. മഹിഷാസുരൻ കോപാകുലനായി ചമഞ്ഞു.

അസുരരാജാവും ത്രൈലോക്യ സാർവ്വഭൗമനുമായ മഹിഷൻ ആ ചിരി കേട്ടു് ലജ്ജിതനും ക്രോധതാമ്രാക്ഷനുമായിട്ടു് മന്ത്രിമാരുമായി ആലോചിച്ച് അലക്ഷ്യമായി ചിരിച്ചതാരെന്നറിഞ്ഞു് അവനെ തൽക്ഷണം പിടിച്ചുവരുത്തി ശിക്ഷിക്കണമെന്നു് തീരുമാനിച്ചുകൊണ്ടു് ദൂതന്മാരെ അയച്ച് തിരക്കിച്ചു. ദൂതന്മാർ പോയി അന്വേഷിച്ചതിൽ പുതിയതായി, ഭയങ്കരമായിരിക്കുന്ന രൂപത്തോടുകൂടിയ ഒരു സ്ത്രീയാണു് ചിരിച്ചതെന്നു് മനസ്സിലാക്കിയും ആ ദേവിയുടെ ആകൃതികണ്ടു് ഭയപ്പെട്ടും തിരിച്ചുവന്നു. വിവരം മഹിഷനെ അറിയിച്ചു. മഹിഷൻ തന്റെ പ്രധാനമന്ത്രിയെ തന്നെ രഥത്തിലയച്ച് ദേവിയെ കൂട്ടിക്കൊണ്ടുവരുവാനാജ്ഞാപിച്ചു. മന്ത്രിരഥാരൂഢനായിച്ചെന്നു് ദേവിയെക്കണ്ടു് മഹിഷാസുര നിയോഗത്തെ അറിയിക്കുകയും ദേവി മഹിഷാസുരനു് പ്രിയപത്നിയായിരിക്കണമെന്നപേക്ഷിക്കുന്നതായി ധരിപ്പിക്കുകയും ചെയ്തു.

മന്ത്രിയുടെ മന്ത്രങ്ങൾ ഒന്നും ദേവിയെ അനുസരിപ്പിക്കുകയോ, രസിപ്പിക്കുകയോ ചെയ്തില്ലെന്നു മാത്രമല്ല അസുരചക്രവർത്തിയെ അധിക്ഷേപിച്ചയയ്ക്കുകയും ചെയ്തു. മഹിഷാസുരൻ മന്ത്രിയുടെ മറുപടി കേട്ടു് കോപിഷ്ഠനായി

ദേവിയോട്ട് പൊരുതുവാൻ സൈന്യത്തെ അയച്ചു. അവർ ദേവിയോടേററുനില്ക്കരുതാഞ്ഞു് മടങ്ങി. ഒടുവിൽ മഹിഷാസുരൻതന്നെ യുദ്ധത്തിനു ചെന്നു് നേരിട്ടു. സിംഹവാഹനാരൂഢയായി നിന്നുകൊണ്ടു് ദേവി പൊരുതി. മഹിഷാസുരനാകട്ടെ, സിംഹമായും മദകരിയായും രൂപം മാറി മാറി നിന്നു് ആയോധനം ചെയ്തു. മഹിഷനെ തോല്പിക്കുക അശക്യമെന്നു കണ്ടു് മായാരൂപിയായ ദുഷ്ടനും മദാന്ധകനുമായ മഹിഷാസുരനെ ചണ്ഡികാദേവി ചക്രായുധം പ്രയോഗിച്ചു് വധിച്ചു. മഹിഷാസുരവധത്താൽ ലോകം രക്ഷിക്കപ്പെട്ടു. കരംഭൻെറ പുത്രിയും മഹിഷാസുരൻെറ സഹോദരിയുമായ 'കരംഭിക' (മഹിഷീമുഖി) തൻെറ അഗ്രജൻെറ മരണവൃത്താന്തം കേട്ടു് ദുഖാക്രാന്തയായി ശുക്രമഹർഷിയെ ചെന്നുകണ്ടു് സങ്കടം അറിയിച്ചു. മഹിഷിയുടെ ഉപദേശങ്ങളും മന്ത്രങ്ങളും വരിച്ചുകൊണ്ടു് വിന്ധ്യാചലത്തിലെത്തി തപസ്സു തുടങ്ങി. ബ്രഹ്മദേവൻ പ്രത്യക്ഷനായി മരണമില്ലായ്മ ഒഴിച്ചു് ഏതു് വരവും കൊടുക്കാമെന്നു് അരുളിച്ചെയ്തു. ഹരിയും ഹരനും ക്രീഡിച്ചു് അവരിൽനിന്നും ഒരു പുത്രനുണ്ടാകുമെങ്കിൽ അവൻ പന്ത്രണ്ടു് സംവത്സരം ഒരു മനുഷ്യനെ സേവിച്ചു നിന്നശേഷം അവനല്ലാതെ ആരും തന്നെ കൊല്ലരുതെന്നു് അപേക്ഷിച്ചു. പിതാമഹൻ വരങ്ങൾ കൊടുത്തനുഗ്രഹിച്ചശേഷം അവിടെത്തന്നെ അന്തർഹിതനായി. വരലബ്ധിയാൽ സന്തുഷ്ടയും മദാന്ധയുമായ മഹിഷീമുഖിയായ കരംഭിക ഇന്ദ്രനെ ജയിച്ചു് സ്വർഗ്ഗം കീഴടക്കാനായി അങ്ങോട്ടു് പുറപ്പെട്ടു. നന്ദനവനത്തിൽ കടന്നു് കല്പവൃക്ഷങ്ങൾ ആദിയായ തരുഗുല്മ ലതാദികൾ നിശ്ശങ്കം ഭഞ്ജിച്ചു. ഇന്ദ്രാദിദേവന്മാർ സസന്നാഹം അവളോട്ടു് യുദ്ധത്തിനൊരുങ്ങിയിറങ്ങി. ഉടനെ ബൃഹസ്പതി വന്നു് ദേവേന്ദ്രനെ വിലക്കി യുദ്ധത്തിൽനിന്നും നിവർത്തിപ്പിച്ചുകൊണ്ടു് അവരോടിങ്ങനെ പറഞ്ഞു.

ഹേ മഹേന്ദ്രനാദിയായ ദേവന്മാരേ! നിങ്ങൾ മഹിഷിയോട്ടു് ചെന്നേററാൽ ഒരുകാലത്തും ജയിക്കയില്ല. അവളോട്ടു് തോൽക്കുന്നതിനേക്കാൾ മടങ്ങുന്നതാണു് നിങ്ങൾക്കു് നല്ലതു്. അവളെക്കുറിച്ചു് നിങ്ങൾക്കു് നല്ല അറിവില്ല. അവളുടെ പൂർവ്വചരിത്രം ഞാൻ നിങ്ങളോട്ടു് പറയാം.

പണ്ടു് മൂർത്തികൾ മൂവരും ഒരുമിച്ചുകൂടി അവരുടെ അംശങ്ങളെക്കൊണ്ടു് ദത്തനെ ജനിപ്പിച്ചു് ഭൂമിയിൽ അവതരിപ്പിച്ചു. മൂർത്തികളുടെ ശക്തികളായ ദേവിമാരും അതുകണ്ടു് അവരുടെ അംശങ്ങളെക്കൊണ്ടു് ഒരു സ്ത്രീയെ നിർമ്മിച്ചു് ഗാലവൻ എന്ന മഹർഷിയുടെ പുത്രിയായി ഭൂമിയിൽ അവതരിപ്പിച്ചു. മുനി അവൾക്കു് 'ലീല'യെന്നു നാമവും കല്പിച്ചു. ആ കന്യകയെ മുനിശ്രേഷ്ഠൻ ദത്തനു് വിവാഹം ചെയ്തുകൊടുത്തു. അങ്ങനെ ദത്തനും ലീലയും ഒരുമിച്ചു് ഭൂമിയിൽ വസിച്ചു. അനന്തരം ദത്തനായ ആ മുനി കാർത്തവീരാർജ്ജുനനാദിയായ ഭക്ത

ന്മാരെ രക്ഷിച്ച് തന്റെ ജന്മോദ്ദേശത്തെ പൂർത്തിയാക്കി. പിന്നീട് ദത്തമുനി തപസ്സുചെയ്യ് തന്റെ മൂലത്തിൽ ലയിക്കുവാനുറച്ചുകൊണ്ട് യാത്രയായി. പത്നിയായ ലീലാദേവി അയാളെ തടസ്സംചെയ്യുകൊണ്ട് തനിക്ക് ദാമ്പത്യസുഖത്തിൽ തൃപ്തി വന്നിട്ടില്ലെന്നും അതിനാൽ അവളൊരുമിച്ച് പിന്നെയും ഭൂമിയിൽ വസിച്ചുകൊണ്ട് ഭോഗസുഖം അനുഭവിക്കണമെന്നും അവളെ വെടിഞ്ഞ് പോകരുതെന്നും ശഠിച്ചു. താപസനായ ദത്തൻ ലീലയോട് പറഞ്ഞു, ഭദ്രേ! ഭോഗത്തിലുള്ള അതിയായ ആഗ്രഹം നന്നല്ല. സുഖങ്ങൾ എല്ലാം ക്ഷണഭംഗുരങ്ങളാണ്. ആ തത്വം മനസ്സിലാക്കണം. നീ ആ നീചമായ ആഗ്രഹത്തെ ഉപേക്ഷിക്കണം. ലീല വീണ്ടും ദത്തനെ തടഞ്ഞുകൊണ്ട് പറഞ്ഞു: പ്രിയതമാ! ഞാൻ അങ്ങയുടെ മഹിഷിയാകുന്നു. എനിക്ക് ദാമ്പത്യസുഖത്തിൽ തൃപ്തി വന്നിട്ടില്ല മഹിഷിയായ എന്നെ മനപ്പൂർവ്വം ഉപേക്ഷിച്ചുപോകരുത്. അവിടുത്തെ മഹിഷിയായ ഞാൻ ഒരുവനെ അനന്യശരണയായി ശരണം പ്രാപിക്കുന്നതു് അങ്ങേയ്ക്കും എനിക്കും വിധിയാണോ! അതിനാൽ പ്രിയമഹിഷിയായ എന്നെ നിരാശയ്ക്ക് പാത്രമാക്കാതെ എന്നോടുകൂടി വസിക്കുക. എന്റെ ആഗ്രഹത്തെ അവിടുത്തോടല്ലാതെ പിന്നെ ആരോടാണ് പറയേണ്ടതു്. അങ്ങല്ലാതെ ആരാണ് അതു് സാധിപ്പിക്കേണ്ടതു്. അതിനാൽ അങ്ങ് പൊയ്ക്കൂടായെന്ന് ഞാൻ പ്രത്യേകം നിർബന്ധിച്ചു പറയുന്നു. ലീലയുടെ ആ വാക്കുകൾ കർണ്ണശല്യങ്ങളായി തോന്നുകയാൽ കോപിഷ്ഠനായ ദത്തൻ ലീലയെ ശപിച്ചുകൊണ്ട് പറഞ്ഞു: "നീ 'മഹിഷി' 'മഹിഷി' എന്നിങ്ങനെ പറഞ്ഞുകൊണ്ട് എന്റെ സത്ശതിയെ തടസ്സം ചെയ്യുതിനാൽ നീ മഹിഷിയായി അസുരസ്ത്രീജാതിയിൽ ചെന്നു ജനിക്കുക." ഈ ശാപവചനത്തെ കേട്ടിട്ട് കോപാകുലയായ ലീലാദേവി ദത്തനോട് പറഞ്ഞു—"നാഥാ ഞാൻ മഹിഷിമുഖത്തോടുകൂടി അസുരസ്ത്രീയായി എന്ന് ഭൂമിയിൽ ജനിക്കുന്നുവോ അന്ന് ഭവാനും ഒരു മഹിഷ വരനായി ഭൂമിയിൽ ജനിച്ചുവന്ന് എന്നോടൊരുമിച്ചു ക്രീഡിച്ചുകൊണ്ട് കുറേക്കാലം ഭൂമിയിൽ വസിക്കുമാറാകട്ടെ. അന്ന് എന്റെ ശാപമോക്ഷവും ഭവിക്കട്ടെ." ഇങ്ങനെ പറഞ്ഞുകൊണ്ട് ലീല ദത്തനെ ശപിച്ചു. ത്രികാലജ്ഞനായ ദത്തൻ തത്വത്തെയോർത്തു് സമാധാനചിത്തനായി ഒന്നും മിണ്ടാതെ അവിടെനിന്നും മറഞ്ഞു. സുന്ദരീരത്നമായ ലീല താമസംവിനാ മഹിഷിമുഖിയായി അസുരസ്ത്രീയായി കരംഭന്റെ പുത്രിയായി കരംഭികയെന്ന നാമത്തോടെ ജനിച്ചു. അവൾ മഹിഷാസുരവധത്തിനുശേഷം കണ്ഠിതയായി പിതാമഹനെ തപസ്സുചെയ്യു. വരപ്രഭാവങ്ങളെയും കൈക്കൊണ്ട് ലോകത്രയത്തെ അടക്കി സ്വർഗ്ഗത്തിൽ വാഴുന്നതിനു് വന്നിരിക്കയാണു്. അതിനാൽ "ഹേ' മഹേന്ദ്രാ അങ്ങ് സത്യലോകത്തിൽ ചെന്ന് പിതാമഹനെക്കണ്ട് സങ്കടം ഉണർത്തിക്കുക. അദ്ദേഹം അതിന് വഴിയുണ്ടാക്കിത്തരും. ഇങ്ങനെ അരുളിച്ചെയ്യ് ബൃഹസ്പതി

അവിടെനിന്നും മറഞ്ഞു. മഹിഷീമുഖി സ്വർഗ്ഗം കൈവശപ്പെടുത്തി അവിടെ ദേവീയായിട്ടും വസിച്ചു.

അനന്തരം ഇന്ദ്രൻ ദേവന്മാരുമായി സത്യലോകത്തിലെത്തി ബ്രഹ്മാവിനെ സങ്കടങ്ങറം അറിയിച്ചു. അദ്ദേഹം ദേവന്മാരെ സമാധാനപ്പെടുത്തി അയച്ചിട്ട് കൈലാസത്തിൽ ചെന്നു് ശ്രീപരമേശ്വരനേയും കൂട്ടിക്കൊണ്ടു് വൈകുണ്ഠത്തിലെത്തി. ബ്രഹ്മദേവനെയും ഈശനേയും കണ്ടു് വിഷ്ണുഭഗവാൻ അവർക്കു് സ്വാഗതം നൽകി ഇപ്രകാരം പറഞ്ഞു-അയി! ദേവ പരിവൃഢന്മാരെ ഞാൻ സകലവൃത്താന്തങ്ങളും അറിഞ്ഞിരിക്കുന്നു. വരബലമാണു് ആ മഹിഷിയെ മദിപ്പിക്കുന്നതു്. അവളെ ജയിപ്പാനാർക്കും സാദ്ധ്യമല്ല. ഇങ്ങനെ അരുളിച്ചെയ്തു. അപ്പോറം അവരുടെ ദേഹത്തുനിന്നും ദത്താംശങ്ങൾ വീണ്ടും പുറപ്പെട്ടു. അവ ഒരുമിച്ചുചേർന്നു് മഹിഷാകൃതിയായ ഒരു സത്വം ഉത്ഭവിച്ചു. ആ സത്വത്തെക്കണ്ടു് ബ്രഹ്മാവു് സന്തുഷ്ടനായി. അതിനു് സുന്ദരമഹിഷം എന്നു നാമകരണം ചെയ്തു. ആ പേരിനാൽ വിളിച്ചു. ഉടൻ വിശ്വകർമ്മാവുവന്നു് മഹിഷത്തെ മാനിച്ചു, മാണിക്യത്താൽ തീർത്ത ഒരു കിങ്കിണിയും (കാളമണി) അതിൻെറ കഴുത്തിൽ ചാർത്തി വിഷ്ണുഭഗവാൻ സന്തോഷിച്ചു് അതിനെ അടുക്കൽവിളിച്ചു് അരുളിച്ചെയ്തു.

ഹേ സുന്ദരമഹിഷമെ നീ വേഗം പോയി സ്വർഗ്ഗത്തിൽചെന്നു് അമരാവതിയിൽ ഏകഛത്രാധിപയായി വസിക്കുന്ന മഹിഷീമുഖിയെക്കണ്ടു് അവളെ മോഹിപ്പിച്ചു് വശഗതയാക്കി നിൻെറ പൂർവ്വജന്മത്തിൽ ഭാര്യയായിരുന്ന അവളുമൊരുമിച്ചു് അവിടെ കുറേനാറം വസിക്കുക. അനന്തരം അവളെയുംകൊണ്ടു് ഭൂമിയിലെത്തി അവിടെ ഇരുവരുംകൂടി സുഖകരമായി സഞ്ചരിക്കുക. വിഷ്ണുദേവൻെറ ആജ്ഞയോടും അനുഗ്രഹത്തോടും കൂടി അവരെ പ്രദക്ഷിണം ചെയ്തു് വണങ്ങി ആ മഹിഷവരൻ അവിടെ നിന്നും സ്വർഗ്ഗത്തിലേയ്ക്കു് പുറപ്പെട്ടു.

ത്രിമൂർത്തികളാൽ അനുഗ്രഹീതനും നിയോഗിതനുമായ ആ സുന്ദരമഹിഷം സ്വർഗ്ഗത്തിലെത്തി മുക്രാരവത്തെ പുറപ്പെടുവിച്ചുകൊണ്ടു് അമരാവതിയുടെ പരിസരങ്ങളിൽ സഞ്ചരിച്ചു. അപ്പോൾ അതിസുന്ദരാകൃതിയും ഭൂഷാലംകൃതനുമായ ഒരു മഹിഷോത്തമനെകണ്ടു, കാമബാണപീഡിതയായി അവശസ്ഥിതിയെ പ്രാപിച്ചു. പെട്ടെന്നു് കാമഭ്രാന്തിയായിത്തീർന്ന മഹിഷി മഹിഷവരനോടടുത്തു ചെന്നു് അതിനെ മണത്തും, നക്കിയും, ഏണക്കിവശത്താക്കി. അനന്തരം അവൾ സർവദാ മഹിഷത്തോടു് ചേർന്നു് ക്രീഡിച്ചും ഉദ്യാനത്തിൽ സഞ്ചരിച്ചും വസിച്ചു. കുറെനാൾ ക്രീഡാരതരായി ആ മഹിഷമിഥുനങ്ങൾ നയിച്ച ശേഷം ഒരു ദിവസം സുന്ദരമഹിഷത്തിനു് തത്വബോധമുണ്ടായി. തനിയ്ക്കു് ലഭിച്ച ആജ്ഞയെ ഓർത്തു് മഹിഷിയേയും കൂട്ടിക്കൊണ്ടു് സ്വർഗ്ഗവും വെടിഞ്ഞു് ഭൂമിയിൽ എത്തി. അക്കാലത്തു് അവരിൽ നിന്നുണ്ടായ സന്താനങ്ങളുടെ പര

മ്പരകളാണു് ഇക്കാലത്തു് വനങ്ങളിൽ കാണപ്പെടുന്ന കാട്ടുപോത്തുകൾ എന്നു് പറയപ്പെടുന്നു.

സുന്ദരമഹിഷത്തോടൊരുമിച്ചു് ഭൂതലത്തിലെ വനങ്ങളിൽ സഞ്ചരിച്ചും വന്യാശനം ചെയ്തു മദിച്ചും, സദാകാമക്രീഡകൾ ചെയ്താനന്ദിച്ചും സസുഖം വർത്തിക്കുന്ന മഹിഷീമുഖിയുടെ സമക്ഷം സുരദ്വേഷികളും അവരിൽ അസൂയാലുക്കളുമായി അനാഥരായി കഴിയുന്ന അസുരന്മാർ ചെന്നു് ഇപ്രകാരം അവളോടറിയിച്ചു. അല്ലയോ ധന്യേ! അസുരചക്രവർത്തിനീ ഭവതിയെ മോഹിപ്പിച്ചകററി സ്വർഗ്ഗം വീണ്ടെടുക്കാനായി ദുർന്നയന്മാരും പൂർവ്വദ്വേഷികളുമായ ദേവാധമന്മാർ നിർമ്മിച്ചയച്ച സുന്ദരമഹിഷത്തെ കണ്ടു് ഭ്രമിച്ചു് തൻെറ സർവ്വവുമുപേക്ഷിച്ചു് മഹിഷത്തോടൊത്തു കാട്ടുകളിലിങ്ങനെ അലഞ്ഞുനടക്കുന്നതിലെന്തർത്ഥം? ഇപ്രകാരം ഭ്രമിച്ചു് നടക്കുന്ന ഭവതിയുടെ ഈ സ്ഥിതി കണ്ടിട്ടു് ഞങ്ങൾക്കു് അളവററ അനുകമ്പയും സഹതാപവും തോന്നുന്നുണ്ടു്. അസുരവംശം അനാഥമായി. ഞങ്ങൾ നിരാധാരരായി പരിഹാസപാത്രങ്ങളായിത്തീർന്നു. പാലാഴിമഥനത്തിൽ ദേവന്മാരോടൊപ്പവും അതിൽ കൂടുതലായും ഞങ്ങൾ യത്നം ചെയ്തു. എന്നാൽ അതിൽ നിന്നു ലഭിച്ച അമൃതത്തിൻെറ ഒരു തുള്ളിപോലും രുചിക്കാൻ ഞങ്ങൾക്കുതന്നില്ലെന്നല്ല ആ അമൃതപാനത്താൽ മദോന്മത്തരായി ദേവന്മാർ നമ്മെ ജയിച്ചും അപഹസിച്ചും ദുഷിപ്പിക്കുന്നില്ലയോ? ഞങ്ങൾ അശക്തരും ദേവന്മാർ ശക്തരുമായിത്തീർന്നു.

തൻെറ പ്രജകളും ഭക്തന്മാരുമായ അസുരന്മാരുടെ ഇപ്രകാരമുള്ള ദൈന്യവചനങ്ങളെക്കേട്ടു് സ്വബുദ്ധിയെ ലഭിച്ച മഹിഷീമുഖി, തനിക്കു ലഭിച്ച വരത്തിൻെറ പ്രഭാവത്തെ വൃഥാ കളയാതെ കോപാവിഷ്ടയായി തൻെറ സുന്ദരമഹിഷത്തെയും ത്യജിച്ചു് സ്വശരീരത്തിൽ നിന്നും മഹിഷീവൃന്ദങ്ങളെയും പുറപ്പെടുവിച്ചു് അവരോടും അസുരഗണത്തോടും കൂടി സ്വർഗ്ഗത്തിലേയ്ക്കു് തിരിച്ചുചെന്നു. ഇന്ദ്രനെ വീണ്ടും പോരിനു് വിളിച്ചുകൊണ്ടിപ്രകാരം പറഞ്ഞു: ‘എടാ ദുഷ്ടാധമാ’ നീ എന്നെ വഞ്ചിച്ചു് സ്വർഗ്ഗം കൈക്കലാക്കിയതിൻെറ ഫലം അനുഭവിക്കുന്നതിൻെറ കാലം ഇതാവന്നിരിക്കുന്നു. എൻെറ പരാക്രമം നീ മുൻപുകണ്ടു് മനസ്സിലാക്കിയില്ലേ? നിങ്ങളുടെ അഹങ്കാരങ്ങളാകുന്ന മദഗജവീരന്മാരെ അടിച്ചു തകർക്കുന്നതിനു വന്നിരിക്കുന്ന സിംഹിയാകുന്നു ഞാൻ. വേഗം ഒരുങ്ങിക്കൊൾക.

ദേവന്മാർ പല പ്രകാരം നോക്കിയിട്ടും മഹിഷികളെ മടക്കാൻ സാധിച്ചില്ല. അവർ വിഷാദാകുലരും അശരണന്മാരുമായി പിൻതിരിഞ്ഞുകൊണ്ടു് അനന്തരകരണീയത്തെക്കുറിച്ചാലോചിച്ചു. അനന്യ ശരണന്മാരായ നിർജ്ജരന്മാർ, ഹരിഹരപുത്രനായ ധർമ്മശാസ്താവിനെ സ്മരിച്ചു. ധർമ്മശാസ്താവു് പ്രത്യക്ഷനായി അവരോടരുളിച്ചെയ്തു. മഹേന്ദ്രാ! അങ്ങയുടെ മൗനാർത്ഥനയെ ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. ദുർമ്മദാന്ധയായ ആ മഹിഷിയുടെ ദുർമ്മദം തീർത്തു് അവളപഹരിച്ച സ്വർഗ്ഗത്തെ തിരിയെ ഞാൻ നിങ്ങൾക്കു് തരുന്ന

ണ്ടു്. ഇങ്ങനെ അരുളിച്ചെയ്തശേഷം ഭൂതനാഥൻ ആയുധപാണിയായി ഭൂതവൃന്ദത്തോടൊത്തു് സ്വർഗ്ഗത്തിലെത്തി.

ഭൂതനാഥനെ പരിവാരസമേതം കണ്ടു് മഹിഷീമുഖി കൊമ്പുകൾ ഉയർത്തി കയർത്തുകൊണ്ടു് അദ്ദേഹത്തോടടുത്തു. ഭഗവാൻ അവളുടെ കൊമ്പുകളിൽ പിടിച്ചു് കോപത്തോടുകൂടി അവളെ പൊക്കിയെടുത്തു് കുട്ടികൾ തലയ്ക്കു് ചുററി വടിവീശും പോലെ ആ മഹിഷിയെ തന്റെ തലയ്ക്കു് ചുററിച്ചു കൊണ്ടു് ഭൂതലത്തിലേയ്ക്കെറിഞ്ഞു. ദക്ഷിണ കേരളത്തിലുള്ള പമ്പാനദിയുടെ പശ്ചിമഭാഗത്തു് സ്ഥിതിചെയ്യുന്ന അലസാ (അഴുതാ) നദിയുടെ തീരത്തു് വന്മല വീഴും പോലെ പതിച്ചു. അവൾ അവിടെനിന്നും എഴുന്നേൽക്കുന്നതിനുമുമ്പായി മംഗലസ്വരൂപനായ ശ്രീഭൂതനാഥനും അവിടെ എത്തി. അവളുടെ പാർശ്വഭാഗത്തു് (പള്ളപ്പുറത്തു്) ചാടിക്കയറിനിന്നുകൊണ്ടു് പാദപത്മങ്ങളാൽ നൃത്തം തുടങ്ങി. മഹിഷിയുടെ മദവും ശക്തിയും ക്ഷയിച്ചു് അവൾ നിശ്ചേഷ്ടയായി ഭവിച്ചു. അപ്പോൾ അവർക്കു് തത്വബോധമുണ്ടായി. എന്റെ മേൽ നിന്നുകൊണ്ടു് നൃത്തം ചെയ്യുന്ന ഈ പുരുഷൻ സാക്ഷാൽ ശങ്കരനാരായണ പുത്രനല്ലയോ. ആ പുരുഷനല്ലാതെ എന്നെ ഇപ്രകാരം മർദ്ദിക്കുന്നതിനോ ഹിംസിക്കുന്നതിനോ തക്കതായ ശക്തിയും അധികാരവും മററാർക്കുമില്ല. ഏവം വിധം തത്വവിചാരം കലർന്ന മഹിഷി ആ മൂർത്തിയെ ഇപ്രകാരം സ്തുതിച്ചു തുടങ്ങി. അല്ലയോ ധർമ്മശാസ്താവേ! സൽഗുണാകൃതിയായ നിന്തിരുവടി എന്റെ സമസ്താപരാധങ്ങളും പൊറുത്തു് എന്നിൽ കനിഞ്ഞനുഗ്രഹിപ്പാറാകണമേ! ഇപ്രകാരം മഹിഷിയുടെ സ്തുതികളെയും പ്രാർത്ഥനകളെയും കേട്ടു് പ്രസന്നനായ ഭഗവാൻ ധർമ്മശാസ്താവു് നൃത്തത്തിൽ നിന്നും നിവൃത്തനായി താഴെയിറങ്ങി. തൃക്കരങ്ങളെക്കൊണ്ടു് അവളുടെ ശരീരത്തിൽ ആർദ്രതയോടും സന്തോഷത്തോടും കൂടിതഴുകി. അപ്പോഴാകട്ടെ അവളിൽ നിന്നും ദിവ്യവും സുന്ദരാകൃതിയുമായ ഒരു സ്ത്രീരൂപം ആവിർഭവിച്ചു. ആ ദേവി മണികണ്ഠനോടിങ്ങനെ പറഞ്ഞു. ദേവ അവിടുത്തെ കൃപാതിരേകത്താൽ ഞാൻ ശാപമുക്തയായി. എന്നാൽ ഞാൻ അവിടുത്തെ ശക്തി (പത്നി) യാകാൻ എന്നെ ഇപ്രകാരം വിചാരിച്ചു് സ്വീകരിച്ചനുഗ്രഹിപ്പാറാകണം. ശരി എന്റെ ശക്തിതന്നെ സമ്മതിച്ചു. പക്ഷെ എനിക്കീജന്മത്തിൽ ബ്രഹ്മചാര്യാവ്രതമാകയാൽ ശക്തിയോടൊരുമിച്ചിരിക്കാവതല്ല. അതിനാൽ ഭവതി എന്റെ സഹോദരീസ്ഥാനം കൈക്കൊണ്ടു് 'മഞ്ചമാതാ' വെന്നുള്ള അഭിധാനത്താൽ എന്റെ വാമഭാഗത്തു് അല്പം അകന്നിരുന്നുകൊൾക. ദേവന്മാരാലും എന്റെ സകല ഭക്തന്മാരാലും ദേവി ആരാധിക്കപ്പെടും ഇങ്ങനെ അരുളിചെയ്തു് ഭഗവാൻ വിരമിച്ചു. മഞ്ചമാതാവു് അവിടെ അന്തർദ്ധാനം ചെയ്തു.

(ശ്രീഭൂതനാഥൻ, പേജ്-15 മുതൽ 53 വരെ)

ശ്രീഭൂതനാഥോപാഖ്യാനത്തിൽ പറയുന്ന മഹിഷിയുടെ കഥയാണിതു്. ഈ കഥ ഗ്രന്ഥകാരൻ മെനഞ്ഞെടുത്തതാണു്. ഇതിൽ പറയുന്ന പല കാര്യ

ങ്ങളും ഇതിനുമുമ്പുള്ള മററു് പല ഗ്രന്ഥങ്ങളിലും കാണാവുന്നതാണു്. ദേവി കൊന്ന മഹിഷാസുരൻെറ കഥ വാമനപുരാണത്തിൽ പറയുന്നതു് നോക്കുക.

"രംഭൻ, കരംഭൻ എന്നു് രണ്ടസുരന്മാർ പണ്ടുണ്ടായിരുന്നു. ഇവർ പുത്രാർത്ഥികളായി പഞ്ചനദിജലത്തിൽ തപസ്സുചെയ്തു. മാലവടയക്ഷനെ ഉദ്ദേശിച്ചാണു് ഇവർ തപസ്സുചെയ്തതു്. കരംഭൻ ഇന്ദ്രനാൽ നിഗ്രഹിക്കപ്പെട്ടു. രംഭനാകട്ടെ അക്കാരണത്താൽ ആത്മഹത്യയ്ക്കു് ഭാവിച്ചു. അഗ്നി അവനു് പ്രത്യക്ഷപ്പെട്ടു. ത്രൈലോക്യ വിജയിയായ ഒരു പുത്രനുണ്ടാകണമെന്നുള്ള അവൻെറ പ്രാർത്ഥനയനുസരിച്ചു് നിൻെറ മനസ്സു് ഏവളിൽ പതിയുന്നുവോ അവളിൽ നിനക്കു് ഇങ്ങനെയുള്ള പുത്രൻ ഉണ്ടായിവരും. എന്നു് അഗ്നി പ്രസാദപൂർവ്വം അവനു് വരം നൽകി.

മൂന്നുവയസ്സുപ്രായമുള്ള വിലാസിനിയായ ഒരു എരുമയിൽ ഇവനു് കാമമുണ്ടായി. യഥാകാലം ഗർഭിണിയായ ഇവളെ ഇവൻ പാതാളത്തിൽ കൂട്ടിക്കൊണ്ടു് ചെല്ലുകയും ബന്ധുക്കൾ വിവരം അറിഞ്ഞപ്പോൾ അരുതാത്തതു് ചെയ്തതിനാൽ അവളെ ഉപേക്ഷിക്കുകയും ചെയ്തു. അവനാകട്ടെ അവളോടു് കൂടി പാതാളത്തിൽനിന്നും വീണ്ടും മാലവടയക്ഷവാടത്തിൽ വന്നുകൂടി. അവിടെ വെച്ചു് അവൾ ഒരു മഹിഷനെ പ്രസവിച്ചു. അവളെ പിന്നൊരിക്കൽ ഒരു പോത്തു് കണ്ടെത്തി. പോത്തിൽ നിന്നും രക്ഷനേടുന്നതിനും അവളുടെ ചാരിത്ര്യ സംരക്ഷണത്തിനും വേണ്ടി അവൾ രംഭൻെറ മുമ്പാകെ എത്തുന്നതിലേയ്ക്കു് ഓടി. കഷ്ടകാലത്തിനു് പോത്തു് രംഭനെ കൊന്നു. ഭർത്താവു് മരിച്ച അവൾ രക്ഷയ്ക്കു് യക്ഷന്മാരെ ശരണം പ്രാപിച്ചു. അവൾ അനന്തരം ഭർത്തൃ ശരീരത്തോടു കൂടി ദഹിക്കുകയും ചെയ്തു. മഹിഷാസുരനെ പിന്നീടു് ദേവി കൊന്നു."

(വാമനപുരാണം, അദ്ധ്യായം 17, 18, 19)

കാളിദാസൻെറ വിക്രമോർവ്വശീയത്തിൽ വിലക്കുള്ള ഒരു വള്ളിക്കുടിലിൽ ഉർവ്വശി പ്രവേശിച്ചപ്പോൾ ലതയായി മാറിപ്പോയതായി പറയുന്നുണ്ടു്.

വീറിനടുത്തുള്ള തുക്കായിയുടെ പുൽമേട്ടിൽ പോത്തിനെക്കൊല്ലുന്ന ഒരു ദേവിയുടെ ചിത്രം കല്ലിൽ കൊത്തിവെച്ചിട്ടുണ്ടു്. ഇതു് മഹിഷാസുരമർദ്ദിനിയാണെന്നു് പ്രസിദ്ധ ചരിത്രകാരനായ ഡി. ഡി. കൊസാംബി പറയുന്നുണ്ടു്. (മിത്തും യാഥാർത്ഥ്യവും പേജ് 143)

മൈസൂറിലെ ചാമുണ്ഡിക്കുന്നിലെ മഹിഷാസുരരൂപം പ്രസിദ്ധമാണു്.

ഇങ്ങനെ അനവധി പ്രാകൃത ധാരണകളിൽ നിന്നും ഉടലെടുത്ത ആശയം മാത്രമാണു് മഹിഷത്തിൻെറ കഥ.

## അഞ്ച്

# അയ്യപ്പൻ എങ്ങനെയുണ്ടായി?

# അയ്യപ്പൻെറ കാലവും ചില രേഖകളും

അയ്യപ്പൻ ഹരിഹരസുതനാൽ ഉണ്ടായതാണെന്നു് വിശ്വാസികളും, അതല്ല പന്തളം കൊട്ടാരത്തിലെ രാജകുമാരി ശബരിമലയിലെ ശാന്തിക്കാരൻെറ പുത്രനിൽ നിന്നോ ചീരപ്പൻചിറ മൂപ്പനിൽ നിന്നോ, മൂപ്പൻെറ അനന്തിരവനിൽ നിന്നോ ആദിവാസിയിൽ നിന്നോ ഉണ്ടായതാണെന്നു് അവിശ്വാസികളും അഭിപ്രായപ്പെടുന്നു.

എന്നാൽ ഇതുവരെ പരിശോധിച്ച കഥകളും ഉപകഥകളും ഈ അഭിപ്രായത്തിൽ കൊണ്ടെത്തിക്കുവാൻ കഴിയുന്നില്ല. ഓരോ കഥകൾക്കും ഉപകഥകൾക്കും സ്ഥിരമായ ഒരു രൂപമില്ല. എല്ലാ കഥകളും പല അവസരങ്ങളിൽ വളർന്നു് വരുന്നതായികാണാം. പഴയ ചില ഗ്രന്ഥങ്ങളിൽ കാണുന്ന ചില മുഹൂർത്തങ്ങൾ എടുത്തുവികസിപ്പിച്ചിട്ടുള്ളതായി ഓരോ കഥകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നു. ഏതൊരു മുഹൂർത്തത്തിനും കഥാപാത്രങ്ങൾക്കും ഒന്നിൽ കൂടുതൽ കഥകൾ കാണുന്നു. ഇക്കാരണങ്ങളാൽ അയ്യപ്പൻ ഹരിഹരസുതനാണെന്ന അഭിപ്രായത്തിനോടൊ ചരിത്രപുരുഷനാണെന്ന അഭിപ്രായത്തിനോടൊ യോജിക്കുവാൻ കഴിയുന്നില്ല.

ഹരിഹരസുതനാണെന്ന അഭിപ്രായം ഉടലെടുത്തതു് ഹരിഹരസുത സംയോഗത്തിൽ നിന്നുണ്ടായ ശാസ്താവു് എന്ന വിശ്വാസത്തിൽ നിന്നാണു്. അയ്യപ്പൻ ജീവിച്ചിരുന്നയാളാണെന്നു് അഭിപ്രായ മുള്ളവരിൽ പ്രമുഖർ ഡോ: എസ്. കെ. നായരും പി. എസ്. തെക്കുംഭാഗവുമാണു്. എസ്. കെ. നായർ തൻെറ 'അയ്യപ്പൻ' എന്ന ഗ്രന്ഥത്തിലാണു് ഇക്കാര്യം അഭിപ്രായപ്പെടുന്നതു്. വിശ്വാസത്തിനു് വിരുദ്ധമായിട്ടാണു് എസ്. കെ. അയ്യപ്പചരിതം അതിൽപറയുന്നതു്. ഈ അയ്യപ്പചരിതമാണു് ആധുനിക അയ്യപ്പനെ കുറിച്ചുള്ള വീക്ഷണത്തിനു് ഏറെക്കൂടുതൽ അടിത്തറയിടുന്നതു്. പക്ഷെ ഈ ഗ്രന്ഥം ഒരു ചരിത്രത്തിനുപരി ഒരു ചരിത്രാഖ്യായികയാണു്. ചരിത്രാഖ്യായിക ആയതുകൊണ്ടു് ഇതിൽ ചരിത്രത്തിനാവശ്യമായ രേഖകളൊന്നുമില്ല. എന്നാൽ ഗ്രന്ഥത്തിൻെറ 'ആമുഖ' ത്തിൽ ഗ്രന്ഥകാരൻ പറയുന്ന ചില കാര്യങ്ങളുണ്ടു്. "പത്തുപന്ത്രണ്ടു് കൊല്ലത്തെ ഗവേഷണത്തിൻെറ ഫലമാണു് ഈ 'ആഖ്യായിക' എന്നു് പറഞ്ഞുകൂടാ—ആ ഗവേഷണഫലങ്ങൾ മററൊരു ബൃഹദ്ഗ്രന്ഥത്തിൻെറ രൂപമെടുത്തു് വരുന്നുണ്ടു്. അവയുടെ പശ്ചാത്തലത്തിൽ ചരിത്രാംശങ്ങളെ മുൻനിർത്തി ഐതീഹ്യത്തേയും വിശ്വാസത്തേയും തീരെ വിഗണിക്കാതെ രചിച്ച ഒരു സ്വതന്ത്രാഖ്യായികയാണു് അയ്യപ്പൻ.

പത്തു് കൊല്ലം മുമ്പു് ഞാൻ ഇംഗ്ലീഷിലും പിന്നീടു് മലയാളത്തിലും എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള 'കേരളത്തിലെ നാടോടിനാടകങ്ങൾ' എന്ന ഗവേഷണ ഗ്രന്ഥത്തിൽ ഈ ആഖ്യായികയുടെ സ്ഥൂലരൂപം കൊടുത്തിട്ടുണ്ടു്. ശ്രീ. കാലടിരാമൻപിള്ള, ശ്രീ. പി. ആർ. രാമവർമ്മ രാജ (പൂഞ്ഞാററുതമ്പുരാൻ) എന്നിവരുടെ ഗവേഷണങ്ങളും ഈ ആഖ്യായിക രചനയിൽ എനിക്കു് താങ്ങായിട്ടു

ണ്ട്. ശ്രീരാമവർമ്മരാജാവു് സദയം അയച്ചതന്ന കത്തുകൾ ഈ ആഖ്യായിക യുടെ ചരിത്രപശ്ചാത്തലത്തിന്റെ ഘടനയ്ക്കു്, സഹായകമായിത്തീർന്നിട്ടുണ്ടെ ന്നു് നന്ദിപൂർവ്വം രേഖപ്പെടുത്തട്ടെ.

കേരളത്തിലെ പല പ്രമുഖ കുടുംബങ്ങളുടെയും പരാമർശം ഈ ആഖ്യായിക യിലുണ്ട്. ഐതീഹ്യങ്ങളുടെ ബലത്തിലാണു് ആ കുടുംബങ്ങളിലെ ചില അം ഗങ്ങളെ കഥാപാത്രങ്ങളാക്കിയതു്. അവരെ കല്പിത കഥാപാത്രങ്ങളെന്ന നില യിലേ വായനക്കാർ കണക്കാക്കാവൂ.

'അയ്യപ്പ'നെ ഞാൻ കേരളത്തിന്റെ മാത്രമല്ലാ ദക്ഷിണഭാരതത്തിന്റെ സാംസ്കാരികവും മതപരവും വർഗ്ഗീയവുമായ ഐക്യത്തിന്റെ ചിഹ്നമായിട്ടാ ണു് സങ്കല്പിച്ചിരിക്കുന്നതു്. ആ സങ്കല്പത്തിന്റെ സന്താനമാണു് ഈ ആഖ്യാ യിക."

എസ്. കെ. സ്വീകരിച്ചെന്നു് പറയുന്ന രേഖകളിൽ അയ്യപ്പനെക്കുറിച്ച് എന്തെങ്കിലും പരാമർശിക്കുന്നതായി അദ്ദേഹം പറയുന്നില്ല. മറിച്ച് അയ്യപ്പനെ കേരളത്തിന്റെ മാത്രമല്ല ദക്ഷിണഭാരതത്തിന്റെ സാംസ്കാരികവും മതപരവും വർഗ്ഗീയവുമായ ഐക്യത്തിന്റെ ചിഹ്നമായിട്ടാണു് സങ്കല്പിച്ചിരിക്കുന്നതെ ന്നു് പറയുന്നു. അതുകൊണ്ടു് അയ്യപ്പൻ ഒരു സങ്കല്പംമാത്രമാണു്. പന്തളം രാജ കുടുംബവുമായി ബന്ധപ്പെട്ട ചില കുടുംബാംഗങ്ങളേയും ബന്ധമുള്ള ചില സ്ഥ ലങ്ങളേയും തൂണുകളായി സ്വീകരിച്ചുകൊണ്ടു് അതിനുമുകളിൽ കെട്ടിയുണ്ടാക്കിയ കഥാപരമായ മേൽക്കൂരയാണു് ആധുനിക അയ്യപ്പനും അയ്യപ്പ ചരിത്രവും.

ഈ അയ്യപ്പവീക്ഷണത്തോടു് ഏകദേശം സമാനവും ചില വ്യത്യസ്തകളു മുള്ള അഭിപ്രായമാണു് 'ശബരിമല ഐതീഹ്യവും ചരിത്രവും' എന്ന ഗ്രന്ഥ ത്തിൽ പി. എസ്. തെക്കുംഭാഗത്തിനുള്ളതു്. പി. എസ്. അയ്യപ്പൻ ചരിത്ര പുരുഷനാണെന്നു് അടിയുറച്ചു് വിശ്വസിക്കുന്ന ഒരാളാണു്. മാത്രമല്ല അയ്യപ്പൻ ജീവിച്ചിരുന്ന കാലഘട്ടംപോലും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. 300 വർഷത്തി നകം ജീവിച്ചിരുന്നയാളാണു് അയ്യപ്പനെന്നും കൃത്യമായിപറഞ്ഞാൽ കൊല്ലവർ ഷം 860 നും 865 നും ഇടയ്ക്കായിരിക്കാമെന്നുമാണു് അദ്ദേഹം പറയുന്നതു്. അ ദ്ദേഹം ഈ അഭിപ്രായം സമർത്ഥിക്കുന്നതു് പന്തളം രാജാവു് ബാവർ കുടുംബ ത്തിനു് നൽകിയ ചില രേഖകളുടെ അടിസ്ഥാനത്തിലാണു്. ആ രേഖകൾ പരിശോധിച്ച ഈ ഗ്രന്ഥകാരനു് ആ നിഗമനങ്ങളോടു് യോജിക്കുവാൻ കഴി യുന്നില്ല. ആ രേഖ തന്നെ നമുക്കു് നോക്കാം. രേഖ ചുവടെ ചേർക്കുന്നു.

ചെമ്പഴന്നൂർ നിന്നും ഉള്ള ചെമ്പുപട്ടയത്തിന്റെ പകർപ്പു്

കൊല്ലം 884-ാം മാണ്ടു് ചിങ്ങം ഞായർ 15നു് കാഞ്ഞിരപ്പള്ളി പ്രവൃത്തി യിൽ കാഞ്ഞിരപ്പള്ളി മുറിയിൽ പള്ളിവീട്ടിൽ കുടിയിരിക്കും മൊല്ലാമീയ മഹ ദൂരിന്റെ മകൻ ആലിക്കുഞ്ഞു് മഹദൂരിനു്, നമ്മുടെ വക കാനം കാലികുന്നിനും

തെക്കു് കൈപ്പട്ടൂർ ആററിനും വടക്കു് ബിരുപ്പാച്ചാലിനും കിഴക്കു് തലമല ക്കെട്ടിനും മേക്കു് ഇവ നട്ടവിൽ മഹദീയ സംബന്ധമായ കർമ്മാദിഷ്ഠകളും പൂജാചാരങ്ങൾ അഞ്ചും ബിലക്കറയും നന്മതിന്മ ഗുണദോഷാദികളും ചെംകൊമ്പു് മകൊമ്പു് പല്ലക്കു് പരവിദാനി പാവാട കേററവും നാക്കാലേ പന്തലും ഇതിനോട്ടും കൂടെ നിലയ്ക്കത്താലൂക്കിൽ ശബരിമല ബാവരുസ്വാമി വകക്കു് തിരുവമ്പാടി പ്രവൃത്തിയിൽ എരുമക്കൊല്ലിപേട്ടയിൽ ബാവരുസ്വാമി തന്നുടെ പൂജ ആചാരങ്ങളും കാളകെട്ടിയും ഇഞ്ചിപ്പാറകോട്ടക്കലും കരുമലയും അപ്പാച്ചി മേടം പ്രത്തും ആചന്ദ്രകാലമേ സന്തതി പ്രവേശമെന്നാളും ഈ സ്ഥലത്തു് നിലനില്ക്കുന്നതിനും ആയി ഈ തിരുഅടയാളനീട്ടതന്നിരിക്കുന്നു.

രാമസുന്ദരകൃഷ്ണൻ
(അടയാളം ഒപ്പു്)
(ശരിപകർപ്പു്)

കൊല്ലവർഷം 884ൽ അയ്യപ്പന്റെ സന്തത സഹചാരിയായ വാവരുടെ കുടുംബക്കാർക്കു് പന്തളം രാജാവു് നൽകിയെന്നു് പറയുന്ന ഈ രേഖയാണു് അയ്യപ്പൻ ജീവിച്ചിരുന്നുവെന്നതിനു് തെളിവായി സ്വീകരിച്ചിരിക്കുന്നതു്.

ഇന്നേയ്ക്കു് 280 വർഷമാകുന്ന ഈ രേഖ നൽകിയകാലത്താണു് അയ്യപ്പനും വാവരും ജീവിച്ചിരുന്നതെന്നനിഗമനം വസ്തുതകൾക്കു് നിരക്കാത്തതാണു്. ഈ രേഖയിൽ പരാമർശിക്കുന്നതു് ശബരിമല ബാബരുസ്വാമിയ്ക്കുവേണ്ടി നടത്തുന്ന പൂജകളെക്കുറിച്ചും പൂജകൾ നടത്തുന്നതിനുവേണ്ടി നിലനിൽക്കുന്ന സ്ഥലങ്ങളെക്കുറിച്ചുമാണു്. പട്ടയം നൽകിയ കാലത്തുമാണു്. ജീവിച്ചു് മരിച്ചവരിലൊരാളാണു് ബാവരെങ്കിൽ ഇത്രവേഗം ശബരിമലയിൽ ദൈവമാകുന്നതെങ്ങനെ? മാത്രമല്ല ഈ കാലഘട്ടത്തിൽ അത്രവേഗം ഒരു ഹിന്ദുമത കേന്ദ്രത്തിൽ മുസ്ളീം ആയ ഒരാളെ ദൈവമാക്കി പ്രതിഷ്ഠിക്കുമോ? ഇതിൽ നിന്നു് മനസ്സിലാക്കാൻ കഴിയുന്നതു് ബാവർ സ്വാമി നൂററാണ്ടുകൾക്കു് മുമ്പെ ശബരിമലയിൽ സ്ഥാനപ്രതിഷ്ഠനേടിയ ദൈവമാണെന്നാണു്. മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ച ബാബർ സ്വാമിതന്നെയാകാനാണു് സാദ്ധ്യത.

കൊല്ലർഷം 968-ൽ വാവർകുടുംബത്തിനു് അന്നത്തെ രാജാവുനൽകിയ ആയുർവേദ ഗുരുഭൂതനായ ബാവർ സ്വാമി എന്ന പരാമർശവും ഈ നിഗമനത്തെ അരക്കിട്ടുറപ്പിക്കുന്നതാണു്.

മററൊരു ശ്രദ്ധേയമായ കാര്യം കൊല്ലവർഷം 884 മുതൽക്കാണു് രാജാവു് ഓരോ അവകാശികൾക്കു് അവകാശം എഴുതിക്കൊടുത്തതായി രേഖകൾ കാണുന്നതു്. ഇതു് ശബരിമല ക്ഷേത്രത്തിന്റെ വളർച്ചയെ കാണിക്കുന്ന കാലഘട്ടമാണു്.

കൊല്ലവർഷം 345 മുതൽ കൊല്ലവർഷം 884 വരെയുള്ള നീണ്ട ഒരു കാലഘട്ടത്തിന്റെ ചരിത്രം നമുക്കു് അവ്യക്തമാണു്. ഈ കാലഘ

ട്ടത്തിൽ അനവധി രാജാക്കന്മാർ കടന്നു് പോയിട്ടുണ്ടു്. അവസാനം വന്ന രാജാക്കന്മാർക്കു് മുൻകാലങ്ങളെക്കുറിച്ചു് വ്യക്തമായ അറിവുള്ളവരായിരുന്നില്ല.

ശബരിമലയിൽ പണം വന്നുതുടങ്ങിയപ്പോൾ പുതിയ സ്വന്തവും ബന്ധവും പറഞ്ഞു് ആൾക്കാരുണ്ടായി. അവർ പല അവകാശവാദങ്ങളും ഉന്നയിച്ചു. പല കള്ളക്കഥകളും കെട്ടിച്ചമച്ചു. അജ്ഞരായ അധികാരികളിൽ നിന്നും അങ്ങനെ അവർ അവകാശങ്ങൾ നേടിയെടുത്തു, അതു് ഇപ്പോഴും തുടരുന്നു.

അയ്യപ്പൻ 300 വർഷത്തിനകം ജീവിച്ചിരുന്ന ഒരാളാണെന്ന അഭിപ്രായത്തിലെ അടിസ്ഥാനരാഹിത്യം നാം കണ്ടുകഴിഞ്ഞു.

പിന്നെ അയ്യപ്പൻ എങ്ങനെയാണുണ്ടായതെന്നു് ഇനിയും നാം ഗവേഷണം നടത്തേണ്ടിയിരിക്കുന്നു. ശാസ്താവു് അഥവാ അയ്യപ്പൻ ബുദ്ധനിൽ നിന്നുണ്ടായതെന്നാണു് ചരിത്രകാരന്മാരുടെ അഭിപ്രായം. ബുദ്ധമതത്തിന്റെ കേരളത്തിലെ സ്വാധീനത്തെക്കുറിച്ചും ബുദ്ധമതവും ശാസ്താവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അവർ വിശദീകരിക്കുന്നുണ്ടു്. പ്രസിദ്ധ ചരിത്രകാരനായ എ. ശ്രീധരമേനോൻ 'കേരളചരിത്രം' എന്ന ഗ്രന്ഥത്തിൽ പറയുന്നതു് ചുവടെ ചേർക്കുന്നു.

"ബുദ്ധമതം പഴയകാലത്തു് കേരളത്തിൽ പ്രചരിച്ചിരുന്നു. ചില ബുദ്ധസന്യാസിസംഘങ്ങൾ ബുദ്ധസിദ്ധാന്തങ്ങളുടെ പ്രചാരണത്തിനു് തെക്കെ ഇന്ത്യയിൽ വന്നിരുന്നതായി പറയപ്പെടുന്നു. അശോകന്റെ ഭരണകാലമായ ബി. സി മൂന്നാം ശതകത്തിൽതന്നെ ബുദ്ധമതം കേരളത്തിൽ എത്തിയതായി കണക്കാക്കാം. ബുദ്ധമത സന്ദേശം പ്രചരിപ്പിക്കാൻ ബൗദ്ധസന്യാസികൾ ചെയ്ത പ്രയത്നങ്ങളെക്കുറിച്ചു് ധാരാളം പരാമർശങ്ങൾ സംഘകാലത്തെ തമിഴ്കൃതികളിലുണ്ടു്. 'മണിമേഖല' തികച്ചും ഒരു ബൗദ്ധകാവ്യമാണു്. അതു് ബുദ്ധതത്വങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ ഉൾക്കൊള്ളുന്നു. കേരളത്തിലെ ഒരു പള്ളിബാണപ്പെരുമാൾ സിംഹാസനമുപേക്ഷിച്ചു് ബുദ്ധമതം സ്വീകരിച്ചതായി ഐതീഹ്യമുണ്ടു്. ഈ ഐതീഹ്യവുമായി ബന്ധപ്പെട്ടവയാണു് കോട്ടയം താലൂക്കിലെ കിളിരൂർ ക്ഷേത്രവും കുട്ടനാട്ടിലെ നീലമ്പേരൂർ ക്ഷേത്രവും പെരുമാൾ സിംഹാസനം കൈവെടിഞ്ഞു് ആദ്യം കിളിരൂരും അവിടെനിന്നു് നീലമ്പേരൂരും വന്നെന്നാണ് പറയുന്നതു്. അദ്ദേഹം അന്ത്യകാലം കഴിച്ചുകൂട്ടിയതു് നീലമ്പേരൂരായിരുന്നത്രേ. പള്ളിബാണപ്പെരുമാളിന്റെ സ്മാരകാവശിഷ്ടങ്ങൾ ഈ ഐതീഹ്യത്തെ സൂചിപ്പിക്കുന്നവയായി രണ്ടിടത്തുമുണ്ടു്.

തൃശ്ശൂരെ വടക്കുന്നാഥക്ഷേത്രം കൊടുങ്ങല്ലൂരെ ഭഗവതി ക്ഷേത്രം മുതലായ പ്രസിദ്ധ ഹൈന്ദവ ക്ഷേത്രങ്ങൾ ഒരുകാലത്തു് ബൗദ്ധദേവാലയങ്ങളായിരുന്നുവെന്നു് വിശ്വസിക്കപ്പെടുന്നു. തൃശ്ശൂർ നിന്നു് 21 മൈൽ കിഴക്കുള്ള പരുവശ്ശേരി ദുർഗ്ഗാക്ഷേത്രത്തിൽ നിന്നു് ധ്യാനലീനനായ ബുദ്ധന്റെ ഒരു വിഗ്രഹം കണ്ടുകിട്ടിയിട്ടുണ്ടു്. കൊല്ലം ജില്ലയിലെ കുന്നത്തൂർ, കരുനാഗപ്പള്ളിത്താലൂക്ക

കളിൽ നിന്നും ആലപ്പുഴ ജില്ലയിലെ മാവേലിക്കര-അമ്പലപ്പുഴ താലൂക്കുകളിൽ നിന്നും കിട്ടിയിട്ടുള്ള അസംഖ്യം ബുദ്ധവിഗ്രഹങ്ങൾ, കേരളത്തിന്റെ ഈ ഭാഗത്തു് ബുദ്ധമതത്തിനുണ്ടായിരുന്ന വമ്പിച്ച പ്രചാരത്തെയാണു് കാണിക്കുന്നതു്. ശ്രീ മൂലവാസമായിരുന്നു ഈ പ്രദേശങ്ങളിലെ പ്രധാന ബുദ്ധകേന്ദ്രം. ഇതു കടൽക്ഷോഭത്തിൽപ്പെട്ടു് നശിച്ചുപോയി. ശ്രീമൂലവാസം ഒരു കാലത്തു് ദക്ഷിണേന്ത്യയിലെ ഏററവും പ്രസിദ്ധമായ ബുദ്ധമത തീർത്ഥാടന കേന്ദ്രമായിരുന്നു. ആയ്‌രാജാവായ വിക്രമാദിത്യവരഗുണൻ (885-925) ശ്രീമൂലവാസ ക്ഷേത്രത്തിനു് സംരക്ഷണം നൽകിയിരുന്നതിനു് തെളിവാണു് അദ്ദേഹത്തിന്റെ പാലിയം ചേപ്പേടു്. ഈ ശാസനപ്രകാരം ദക്ഷിണകേരളത്തിൽ വമ്പിച്ച ഭൂസ്വത്തു് അദ്ദേഹം ശ്രീമൂലവാസം ക്ഷേത്രത്തിനു നൽകി. ബുദ്ധനെയും ധർമ്മത്തെയും സംഘത്തെയും അനുസ്മരിച്ചുകൊണ്ടുള്ള ഈ ശാസനത്തിലെ മംഗളാചരണം വിക്രമാദിത്യവരഗുണനു് ബുദ്ധമതത്തോടുണ്ടായിരുന്ന അഗാധമായ ഭക്തിവിശ്വാസങ്ങൾക്കു് ഉദാഹരണമാണു്. സംസ്കൃത കാവ്യമായ 'മൂഷകവംശ'ത്തിലും ശ്രീമൂലവാസത്തെക്കുറിച്ചു് പ്രസ്താവിക്കുന്നുണ്ടു്. വിക്രമരാമൻ എന്ന മൂഷക രാജാവു് ഈ പ്രശസ്ത ക്ഷേത്രത്തെ കടൽ ക്ഷോഭത്തിൽ നിന്നു് കടൽച്ചിറകെട്ടി രക്ഷിച്ചു. മറെറാരു മൂഷകരാജാവായ വല്ലഭൻ ചോളരുമായുള്ള യുദ്ധത്തിൽ കേരളരാജാവിനെ സഹായിക്കാൻ സൈന്യസമേതം ദക്ഷിണ കേരളത്തിലേക്കു് പോയപ്പോൾ യാത്രാമദ്ധ്യേ ശ്രീമൂലവാസം സന്ദർശിക്കുകയുണ്ടായി. മൂഷകവംശത്തിൽ നിന്നുള്ള തെളിവുകൾ വച്ചുകൊണ്ടു് ശ്രീമൂലവാസം ഉത്തരകേരളത്തിലായിരുന്നുവെന്നു് ചില പണ്ഡിതന്മാർ പറയുന്നു. അമ്പലപ്പുഴയ്ക്കും തൃക്കുന്നപ്പുഴയ്ക്കും ഇടയ്ക്കായിരുന്നു എന്നു് പറയുന്നതാണു് ചരിത്രപരമായി ശരിയാവുക. ഈ പ്രദേശങ്ങളിൽ നിന്നും കിട്ടിയിട്ടുള്ള എണ്ണമററ ബുദ്ധവിഗ്രഹങ്ങൾ ഇവിടം ഒരു കാലത്തു് ബുദ്ധമതത്തിന്റെ വിഹാരരംഗമായിരുന്നു എന്നതിനു് തെളിവാണല്ലോ. എം. ഫൗച്ചർ ഗാന്ധാരത്തിൽ നിന്നു് കണ്ടെടുത്ത ലോകേശ്വര വിഗ്രഹത്തിൽ കാണുന്ന ദക്ഷിണ പഥേ മൂലവാസ ലോകനാഥ എന്ന ലിഖിതം, പ്രാചീനകാലത്തു് ബുദ്ധമത തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ ശ്രീമൂലവാസത്തിനുണ്ടായിരുന്ന പ്രശസ്തിയ്ക്കു് ദൃഷ്ടാന്തമാണു്. 10-ാം ശതകത്തിനു് ശേഷം ഈ കേന്ദ്രം നാമാവശേഷമായി. ആ കാലമായപ്പോഴേയ്ക്കു് ഏതാണ്ടു് അതേ അക്ഷാംശ രേഖയിൽത്തന്നെ കിഴക്കേ സമുദ്രതീരത്തു് നാഗപട്ടണത്തു് ചൂഡാമണിവർമ്മ വിഹാരം എന്ന പ്രശസ്ത ബുദ്ധക്ഷേത്രം ഉയർന്നുവന്നു.

ബുദ്ധമതം കേരളത്തിൽ നിന്നു് തിരോഭവിച്ചെങ്കിലും അതിന്റെ ശാശ്വത മുദ്രകൾ കേരളീയ സമുദായത്തിൽ പതിഞ്ഞു കിടപ്പുണ്ടു് യഥാർത്ഥത്തിൽ ബുദ്ധമതത്തെ അതിന്റെ ദർശനീയമായ ഉൽസവങ്ങളോടും ആരാധനാക്രമങ്ങളോടും കൂടി ഹിന്ദുമതം ഉൾക്കൊള്ളുകയാണു് ചെയ്തതു്. കേരളത്തിലെ ക്ഷേത്രാരാധനകളുമായി ബന്ധപ്പെട്ട ദേവവിഗ്രഹങ്ങൾ, ആറാട്ടുകൾ, ഉൽസവങ്ങൾ തുടങ്ങിയവ ബുദ്ധമതത്തിൽ നിന്നു് വന്നുചേർന്നവയാണു്. കൊല്ലം ആലപ്പുഴ ജില്ലകളിലെ ഉൽസവച്ചടങ്ങായ കെട്ടുകാഴ്ച അഥവാ കതിരകെട്ടു് ഈ സന്ദർഭത്തിൽ പ്രാധാന്യമർഹിക്കുന്നു. ചുററുമുള്ള കരക്കാർ 25 അടിമുതൽ 150

അടിവരെ ഉയരമുള്ള കെട്ടുകുതിരകളുമായി ക്ഷേത്രത്തിലേയ്ക്ക് വരുന്നത് കെട്ടുകാഴ്ചയുടെ ഒരു പ്രത്യേകതയാണ്. ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ് കെട്ടുകാഴ്ചയെന്നുകരുതാൻ സാദ്ധ്യതയുണ്ട്. എ. ഡി. 5-ാം ശതകത്തിലെ ചീനസഞ്ചാരിയായ ഫാഹിയാൻ പാടലീപുത്രത്തിൽ കണ്ട ബുദ്ധമതോത്സവത്തിനും കെട്ടുകാഴ്ചക്കും തമ്മിലുള്ള സാദൃശ്യം പ്രകടമാണ്.

ബുദ്ധമതത്തിന്റെ സ്വാധീനശക്തി മററുരംഗങ്ങളിലും കാണാം. ആയുർവ്വേദ ചികിത്സാപദ്ധതിക്ക് കേരളത്തിലുള്ള വമ്പിച്ച പ്രചാരം ബുദ്ധമതത്തിന്റെ സംഭാവനയാണ്. ബുദ്ധവിഹാരങ്ങളിൽ പലതും ധർമ്മ ചികിത്സാകേന്ദ്രങ്ങളായിരുന്നു. തിരുവിഴാ ശിവക്ഷേത്രത്തിലും തകഴിയിലെ ശാസ്താക്ഷേത്രത്തിലും ശാരീരികവും മാനസികവുമായ രോഗം പിടിപെട്ട ഭക്തന്മാർക്ക് മരുന്നും എണ്ണയും നൽകുന്ന സമ്പ്രദായം ഇന്നും നിലവിലുണ്ട്. ഇത് ഒരു കാലത്ത് ആ പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ബുദ്ധവിഹാരങ്ങളുടെ ആതുരസേവനത്തിന്റെ പാരമ്പര്യത്തിൽപെട്ടതാവണം. ബൗദ്ധപണ്ഡിതനായ വാഗ്ഭടന്റെ 'അഷ്ടാംഗ ഹൃദയം' എന്ന ആയുർവേദഗ്രന്ഥത്തിന് കേരളത്തിലുള്ള പ്രചുര പ്രചാരവും ഇവിടെ എടുത്ത് പറയേണ്ടതുണ്ട്. കേരളത്തിൽ സാക്ഷരതവും വിജ്ഞാനവും വളർത്തിയെടുക്കുന്നതിൽ ബുദ്ധമതം വഹിച്ച പങ്കും അതിമഹത്താണ്. കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകരിൽ അഗ്രേസരന്മാരായിരുന്നുബുദ്ധ സന്യാസിമാർ. ബുദ്ധവിഹാരങ്ങളോടുചേർന്ന് പാഠശാലകളോ കലാശാലകളോ ഉണ്ടായിരുന്നത് കൊണ്ട് അവവിജ്ഞാന ദാനത്തിന്റെ കേന്ദ്രങ്ങളായും പ്രവർത്തിച്ചു. പ്രാഥമിക വിദ്യാലയങ്ങൾക്ക് മലയാളത്തിൽ പറഞ്ഞിരുന്ന 'എഴുത്തുപള്ളി' എന്ന പേരും ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. ബുദ്ധമതക്കാർ തങ്ങളുടെ വിഹാരങ്ങളെ 'പള്ളി' എന്നാണ് വിളിച്ചിരുന്നത്. കേരളീയർ അനന്തരകാലത്ത് ബുദ്ധമതക്കാരെ അനുകരിച്ചാണ് ഹൈന്ദവദേവാലയങ്ങളോട് ചേർത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിയത് എന്നു കരുതുന്നതിൽ തെററില്ല. കേരളത്തിലെ സാഹിത്യത്തിന്റേയും കലകളുടെയും വികാസത്തിലും ബുദ്ധമതത്തിന്റെ സ്വാധീനശക്തി തെളിഞ്ഞു കാണാം. കലയിലും വാസ്തുവിദ്യയിലും ഉണ്ടായ ബുദ്ധമത പ്രേരണയുടെ ചില പാടുകൾ കേരളീയ ക്ഷേത്രങ്ങളിൽ ദൃശ്യമാണ്. ഈ നാട്ടിൽ വളരെ പ്രചാരത്തിലിരിക്കുന്ന 'അമരകോശം' എന്ന സംസ്കൃത കോശ ഗ്രന്ഥത്തിന്റെ കർത്താവായ അമരസിംഹൻ ബുദ്ധമതക്കാരനായിരുന്നു. കാലക്രമത്തിൽ മലയാള പദങ്ങളായി പരിണമിച്ച പാലി വാക്കുകളുടെ ആധിക്യം പാലിഭാഷ സംസാരിച്ചിരുന്ന ബുദ്ധക്കാരുമായി പഴയകാലത്ത് കേരളീയർക്കുണ്ടായിരുന്ന അടുത്തബന്ധത്തിന് തെളിവാണ്. ബുദ്ധമതംആധുനിക കാലത്ത് പോലും കേരളീയ കവികൾക്ക് ഇതിവൃത്തങ്ങൾ നൽകിയിട്ടുണ്ട്. മഹാകവി കുമാരനാശാനെ ബുദ്ധമതം നല്ലതുപോലെ സ്വാധീനിച്ചിരുന്നു. അദ്ദേഹത്തിന്റെ ശ്രീബുദ്ധചരിതം, ചണ്ഡാലഭിക്ഷുകി, കരുണ എന്നീ കാവ്യങ്ങൾ അക്കാര്യം വിളംബരം ചെയ്യുന്നു. പൊതുവെ പറഞ്ഞാൽ, കേരളത്തിലെ ജനജീവിതത്തിന്റെയും സംസ്കാരത്തിന്റെയും മേൽ ബുദ്ധമതത്തിനുള്ള സ്വാധീനശക്തി അഗാധവും വ്യാപകവുമാണ്.

ശാസ്താവ് അഥവാ അയ്യപ്പൻ ഹിന്ദുദേവനാക്കപ്പെട്ട ബുദ്ധനാണെന്നും ശബരിമലയിലെ ശാസ്താക്ഷേത്രത്തിലേയ്ക്കുള്ള തീർത്ഥാടനത്തിൽ ബുദ്ധ മതാചാരങ്ങളാണ് മുന്നിട്ടു നില്ക്കുന്നതെന്നും ചില പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. അയ്യപ്പഭക്തന്മാർ തീർത്ഥാടനത്തിനു മുമ്പ് രണ്ടുമാസക്കാലം അക്രമരാഹിത്യവും സസ്യഭക്ഷണവും വിഷയവൈമുഖ്യവും കൃത്യമായി ശീലിക്കാറുണ്ട്. ഇത് അഹിംസ എന്ന ബുദ്ധതത്വത്തെ അനുസ്മരിപ്പിക്കുന്നു. കൂടാതെ ശബരിമല ഭക്തന്മാർ വ്രതക്കാലത്തും തീർത്ഥാടന വേളയിലും ജാതിവ്യത്യാസം പരിഗണിക്കാറെ ഇല്ല. ഇത് ബുദ്ധമതത്തിന്റെ ജാതിയില്ലായ്മയ്ക്കും സർവ്വസാഹോദര്യത്തിനും ചേർന്നതാണ്. അതുപോലെ, ലക്ഷക്കണക്കിന് ഭക്തന്മാരുടെ കണ്ഠത്തിൽനിന്നുയരുന്ന 'ശരണമയ്യപ്പ' വിളികൾ ബുദ്ധമതത്തിലെ 'ശരണത്രയ'ത്തെയാണ് ഓർമ്മിപ്പിക്കുക. ശബരിമല ക്ഷേത്രം പോലെയുള്ള കേരളത്തിലെ സുപ്രസിദ്ധ ശാസ്താക്ഷേത്രങ്ങൾ വനാന്തർഭാഗങ്ങളിലാണ് സ്ഥിതിചെയ്യുന്നത് എന്ന വസ്തുതയും ശാസ്താവും ബുദ്ധനും ഒന്നാണെന്നതിന് തെളിവായി ചൂണ്ടിക്കാണിക്കാം. എന്തുകൊണ്ടെന്നാൽ, ജീവിതത്തിന്റെ തിരക്കിൽ നിന്നകന്ന ഏകാന്ത ശാന്തമായ സ്ഥലങ്ങളാണല്ലോ ബുദ്ധസന്യാസിമാർ ധ്യാനത്തിന് തിരഞ്ഞെടുത്തിരുന്നത്. ശാസ്താവിഗ്രഹത്തിനും ബുദ്ധവിഗ്രഹത്തിനും തമ്മിൽ ഇരിപ്പിലും രൂപത്തിലും സാമ്യമുണ്ടെന്ന കാര്യവും ചിലർ ചൂണ്ടിക്കാണിക്കുന്നു. ഈ വാദഗതികളെല്ലാം എല്ലാ പണ്ഡിതന്മാർക്കും ഒരുപോലെ സ്വീകാര്യമല്ലെങ്കിലും കേരളത്തിലെ അയ്യപ്പാരാധനയുടെ വികാസത്തിൽ ബുദ്ധമതത്തിന്റെ സ്വാധീനശക്തി നിഷേധിക്കാനാവില്ല. കേരളത്തിലെ നാഗാരാധന, ബുദ്ധമതവുമായി ബന്ധപ്പെട്ടതാണെന്ന് മറ്റൊരഭിപ്രായവും ഉണ്ട്. ബർമ്മ, മലേഷ്യാ തുടങ്ങി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വസിക്കുന്ന ബുദ്ധമതക്കാർ നാഗാരാധകരായിരുന്നു എന്ന വസ്തുത ഈ വാദത്തിന് ഉപോൽബലകമാണ്."

(പേജ്, 87, 88, 89, 90)

## ഹരിഹരസുതൻ മരിച്ചതെങ്ങനെ?

കേരളത്തിൽ ബുദ്ധമതത്തിനുണ്ടായിരുന്ന സ്വാധീനത്തെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. ശ്രീമൂലവാസം കേന്ദ്രീകരിച്ച് കേരളത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് ബുദ്ധമതം പ്രവർത്തിച്ചിരുന്നതുപോലെ കേരളത്തിന്റെ കിഴക്കേ പർവ്വതഭാഗങ്ങളിലും ബുദ്ധമതം പ്രവർത്തിച്ചിരുന്നിട്ടുണ്ട്. കിഴക്കുഭാഗത്തുള്ള എട്ടു മലകൾ കേന്ദ്രീകരിച്ചായിരുന്നു ആ പ്രവർത്തനം. ഇക്കാര്യം തിരുവിതാംകൂർ... യാടൽ പുരാണത്തിൽ പരാമർശിച്ചിട്ടുള്ള കാര്യം നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണല്ലോ.

ഈ ബുദ്ധമതകേന്ദ്രങ്ങൾ എങ്ങനെയാണ് നശിച്ചുപോയതെന്നു നോക്കാം.

"കേരളത്തിന്റെ ആര്യവൽക്കരണം മന്ദമെങ്കിലും അനുസ്യൂതമായ ഒരു പ്രക്രിയയായിരുന്നു. ആയുധങ്ങളുടെ ശക്തികൊണ്ടല്ല, സമാധാനത്തിന്റെ

നയോപായങ്ങൾകൊണ്ടായിരുന്നു കൗശലത്തിൽ അതു് സാധിച്ചതു്. വടക്കു നിന്നു വന്ന ബ്രാഹ്മണരുടെ മുന്തിയ ബുദ്ധിശക്തിയുടെയും ഭരണ വൈദഗ്ധ്യത്തിന്റെയും മുമ്പിൽ ഇവിടത്തെ ദ്രാവിഡവർഗ്ഗക്കാർ നിശേഷം കീഴടങ്ങുന്നതുവരെ അതു് നീണ്ടുനിന്നു. ആര്യന്മാർ കേരളത്തിൽ എന്നാണു് വന്നതെന്നും അവരുടെ ആഗമനം കേരളീയ സാമൂഹ്യജീവിതത്തെ എങ്ങനെയാണു് ബാധിച്ചതെന്നും ഉള്ള കാര്യങ്ങൾ എത്രയോ ചർച്ചചെയ്യപ്പെട്ടവയാണു്. ബി. സി. 1000-ത്തിനടുത്തുതന്നെ ഡക്കാണിലും തെക്കേഇന്ത്യയിലും ആര്യാതിപ്രസരം ആരംഭിച്ചുകഴിഞ്ഞു എന്നും ദക്ഷിണാര്യരാജ്യങ്ങളെക്കുറിച്ചു് പരാമർശിക്കുന്ന വ്യാകരണകാരനായ കാത്യായനന്റെകാലത്തു് (ബി. സി. 4-ാം ശതകം) അതു് ഒരു നിർണ്ണായക ഘട്ടത്തിലെത്തിയെന്നുമാണു് പണ്ഡിതന്മാരുടെ പൊതുവെയുള്ള അഭിപ്രായം. ക്രിസ്തുവർഷത്തിന്റെ ആദ്യശതകങ്ങളിൽ ആര്യന്മാരുടെ സ്വാധീനശക്തി കേരളീയ സാമൂഹ്യജീവിതത്തിൽ പ്രവർത്തിച്ചിരുന്നു എന്നതിനും സംഘകാല സാഹിത്യത്തിൽ തെളിവുകളുണ്ടു്. സമുന്നതന്മാരായ സംഘകാല കവികളിൽ ചിലർ ഇവിടെയുള്ള ബ്രാഹ്മണരായിരുന്നു. അവരെ ചേരരാജാക്കന്മാർ ഔദാര്യപൂർവ്വം പ്രോത്സാഹിപ്പിച്ചിരുന്നു. നാലു വേദങ്ങളിലും നിഷ്ണാതരായ ബ്രാഹ്മണരെക്കുറിച്ചു് പതിററുപ്പത്തിൽ പറയുന്നുണ്ടല്ലോ. ചേരരാജാക്കന്മാരുടെ നേതൃത്വത്തിൽ ബ്രാഹ്മണ പുരോഹിതന്മാർ വേദവിധിപ്രകാരമുള്ള യാഗാദികർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു. പെരും ചേരൻ ഇരുമ്പൊറൈ എന്ന ചേരരാജാവു് വിദ്വാന്മാരായ ബ്രാഹ്മണരുടെ വേദവ്യാഖ്യാനങ്ങൾ സശ്രദ്ധം ചെവിക്കൊള്ളുകയും വേദോക്തികൾക്കനുസൃതമായി പ്രവർത്തിക്കുകയും ചെയ്തു. ഇങ്ങനെ ക്രിസ്ത്വാബ്ദത്തിന്റെ ആദ്യശതകങ്ങളിൽ ആര്യന്മാരുടെ ആശയങ്ങളും ആചാരങ്ങളും കേരളത്തിലേയ്ക്കു് നുഴഞ്ഞുകയറിയിരുന്നു എന്നതിനു് സംഘകാലകൃതികൾ സാക്ഷ്യംവഹിക്കുന്നു."

"ഉത്തരേന്ത്യാ ചരിത്രത്തിലെ ഗുപ്തകാലഘട്ടത്തോടു് ഭാഗികമായൊത്തുവരുന്ന സംഘകാലത്തു് ബ്രാഹ്മണരുടെ കേരളത്തിലേയ്ക്കുള്ള വരവു് ചെറിയതോതിൽ നിരന്തരം തുടർന്നുകൊണ്ടിരുന്നു. കടമ്പ രാജാവായ മയൂരവർമ്മനും (എ. ഡി. 345-370) അദ്ദേഹത്തിന്റെ പുത്രൻ ചന്ദ്രാംഗദനും ബ്രാഹ്മണരുടെ വലിയ സംഘങ്ങളെ ക്ഷണിച്ചു് കേരളത്തിലും തുളുനാട്ടിലും കുടിയിരുത്തിയതായി പറയപ്പെടുന്നുണ്ടു്."

"എ. ഡി. എട്ടാം ശതകത്തിലുണ്ടായ ആര്യന്മാരുടെ വമ്പിച്ച തള്ളിക്കയററം മതത്തിന്റെയും സംസ്ക്കാരത്തിന്റെയും രംഗങ്ങളിലും അതിന്റെ സമ്മർദ്ദമുദ്രകൾ പതിയുമാറാക്കി. പുതിയ ആര്യമത പ്രചാരകന്മാർ ബുദ്ധമതത്തെയും ജൈനമതത്തെയും എതിർക്കാനാണു് അവരുടെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചതു്. ആര്യചിന്താഗതികൾ ജനങ്ങളിൽ പ്രചരിക്കാൻ പ്രതിബന്ധമായിനിന്ന ഈ രണ്ടുമതങ്ങളും ഈ എതിർപ്പിന്റെ മുമ്പിൽ പരാജയപ്പെടുകയും അധികം വൈകാതെ ജനങ്ങളിൽനിന്നു് അകലുകയും ചെയ്തു. ആര്യ മിഷനറിമാർ ബുദ്ധവിഹാരങ്ങളെയും ബുദ്ധവിഗ്രഹങ്ങളെയും തല്ലിത്തകർക്കുക എന്ന നയം സ്വീകരിച്ചിരിക്കാനും സാദ്ധ്യതയുണ്ടു. കരുമാടി, പള്ളിക്കൽ മുതലായ സ്ഥലങ്ങളിൽനിന്നു് കിട്ടിയ തകർന്ന ബുദ്ധപ്രതിമകൾ ഈ അനുമാനത്തെ ശരിവെക്കുന്നു. കൊല്ലം ആലപ്പുഴ ജില്ലകളിൽനിന്നു് കിട്ടിയിട്ടുള്ള ബു

ദ്ധവിഗ്രഹങ്ങളുടെ നിർമ്മാണകാലം എ. ഡി. ഏഴും ഒൻപതും ശതകങ്ങൾക്കിടയ്ക്കാണെന്ന വസ്തുതയും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണു്. ബ്രാഹ്മണർ അക്കാലത്തു് ബുദ്ധവിഹാരങ്ങളും ബുദ്ധപ്രതിമകളും നശിപ്പിച്ചതോടൊപ്പം ഹിന്ദുമതം പ്രചരിപ്പിക്കാൻ അസംഖ്യം ഹൈന്ദവ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇതേ ലക്ഷ്യം കണ്ടുകൊണ്ടു് പലമട്ടിലുള്ള ക്ഷേത്രകലകളും ഉത്സവങ്ങളും അവർ ഏർപ്പെടുത്തി. ഭക്തിപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാക്കളായ സിദ്ധന്മാർ വിഷ്ണു, ശിവൻ തുടങ്ങിയ ഹൈന്ദവദേവന്മാരുടെയും ദേവിമാരുടെയും ആരാധനയ്ക്കു് പ്രചാരം നേടിക്കൊടുക്കുകയുണ്ടായി. ആര്യേതരമായ ദേവതകളെയും ആചാരങ്ങളെയും ഹിന്ദുമതം സ്വന്തമാക്കുകയും ചെയ്തു. കൊററവൈ എന്ന ദ്രാവിഡ ദേവത ദുർഗ്ഗ, കാളി, ഭഗവതി എന്നീപേരുകളിൽ ഹൈന്ദവ ദേവന്മാരുടെ അണികളിൻ സ്വീകരിക്കപ്പെട്ടു. ജനസാമാന്യം ആരാധിച്ചുപോന്ന ശാസ്താവിനെ ബ്രാഹ്മണർ ഹരിഹരപുത്രൻ (ഹരിയുടെയും ഹരൻെറയും—വിഷ്ണുവിൻെറയും, ശിവൻെറയും പുത്രൻ) എന്ന പേരിൽ ഹിന്ദുദേവനാക്കി. ഹിന്ദുമതത്തിലെ ശൈവവൈഷ്ണവ വിഭാഗങ്ങളെയും ബുദ്ധമതത്തിൽനിന്നു് പുതിയതായി ഹിന്ദുമതത്തിലേയ്ക്കു് വന്നവരെയും ഒരു പോലെ ആകർഷിക്കുവാനാണു് അവർ ഈ പുതിയ ദേവനെ ഇങ്ങനെ വാർത്തെടുത്തതു്. കാലം ഏറെക്കഴിയും മുമ്പു് കേരളത്തിലെ ഹിന്ദുമതത്തിൽ വടക്കുനിന്നുള്ള ആര്യ ചിന്തകളുടെയും തെക്കുള്ള ദ്രാവിഡാശയങ്ങളുടേയും സമന്വയം നടന്നു. ഇങ്ങനെ ആര്യന്മാർ ദ്രാവിഡജനതയെ ഹിന്ദുമതത്തിൽ ലയിപ്പിച്ചതു് ഒരു സായുധാക്രമണം കൊണ്ടായിരുന്നില്ല. സാമൂഹ്യ ലയനത്തിൻെറയും സാംസ്കാരികോദ്ഗ്രഥനത്തിൻെറയും ക്രമാനുഗതമായ ഒരു പ്രക്രിയയായിരുന്നു അതു്. ആര്യന്മാരുടെ ഈ വിജയം ആത്യന്തികമായ അപഗ്രഥനത്തിൽ ആശയസംഹിതയുടേതായ വിജയമായിരുന്നു എന്നു് കാണാം.

പ്രാചീനകേരളത്തിലെ ഹൈന്ദവരാജാക്കന്മാർ അന്യമതങ്ങളുടെ നേർക്കു് സഹിഷ്ണുതാനയം കൈക്കൊള്ളുകയും സങ്കുചിത ബുദ്ധിയെന്യേ ബുദ്ധക്ഷേത്രങ്ങൾക്കു് സംരക്ഷണം നല്കുകയും ചെയ്തു. 8-ാം ശതകത്തിൽ ശങ്കരാചാര്യരെപ്പോലെയുള്ള വൈദിക മതപരിഷ്ക്കർത്താക്കളുടെ നിരന്തരവും സുശക്തവുമായ എതിർപ്പുകളെ നേരിടാനാകാതെ ബുദ്ധമതം ദുർബലമായി. കുറേക്കാലംകൂടി പിടിച്ചുനില്ക്കാൻ ശ്രമിച്ചെങ്കിലും 12-ാം ശതകത്തിൽ അതു് നിശ്ശേഷം അന്തർദ്ധാനം ചെയ്തു."

(കേരളചരിത്രം. എ. ശ്രീധരമേനോൻ)

പുരാണങ്ങളിൽ പൊതിഞ്ഞു കിടക്കുന്ന ഹരിഹരസുതൻെറ കഥ ശ്രീധരമേനോൻെറ അഭിപ്രായം കൊണ്ടു് പൊളിച്ചെഴുതാവുന്നതാണു്. ശബരിമല ബ്രാഹ്മണരുടെ അധീനതയിൽ വന്നുവെങ്കിലും പിന്നീടു് ബ്രാഹ്മണമതത്തിലുണ്ടായ ആഭ്യന്തരസംഘട്ടനം മൂലം അവ ശൈവവൈഷ്ണവ മതങ്ങളായി പിരിയുകയും, ശൈവ-വൈഷ്ണവ ബിംബങ്ങളെ തുടർന്നു് ശബരിമലയിൽ ആരാധിച്ചിരിക്കാനുമാണു് സാദ്ധ്യത.

എന്നാൽ നൂററാണ്ടുകൾക്കു് ശേഷം കൊള്ളക്കാരുടെ ആക്രമണത്തിനു് വിധേയമായ ശബരിമല പൂർണ്ണമായും നശിച്ചുപോവുകയായിരിക്കാം ചെയ്തിട്ടു

ള്ളതു്. പിന്നെങ്ങിനെയാണു് ക്ഷേത്രവും, ശാസ്താവും, അയ്യപ്പനും ഹരിഹര സുതനുമൊക്കെ ഉണ്ടായതെന്നു് നോക്കേണ്ടതുണ്ടു്. അക്കാര്യം ഇനി പരിശോധിക്കാം.

## ശാസ്താവു് ദ്രാവിഡദേവത

ശബരിമല ശാസ്താവു് അഥവാ അയ്യപ്പൻ ബുദ്ധനിൽനിന്നുണ്ടായതാണെന്നു് ചരിത്രകാരന്മാർ പറയുന്നു. എന്നാൽ ശാസ്താവു് അയ്യപ്പൻ എന്നീ ദേവതാ സങ്കൽപ്പം എങ്ങനെയുണ്ടായെന്നു് നോക്കേണ്ടതുണ്ടു്.

ബുദ്ധമതത്തിലേയ്ക്കുണ്ടായ ആര്യ പ്രവേശനം മൂലം ശൈവ-വൈഷ്ണവ ദൈവങ്ങൾ ഉടലെടുക്കുകയും ശബരിമലയിൽ പ്രതിഷ്ഠനേടുകയും ചെയ്തു. എന്നാൽ ശബരിമല ഭാഗങ്ങളിൽ കൊള്ളക്കാർ നടത്തിയ ആക്രമണങ്ങളിൽപ്പെട്ടു് ശബരിമല ക്ഷേത്രം നശിച്ചുപോവുകയും ചെയ്തിരിക്കാം.

ഈ കാലഘട്ടത്തിലാണു് പാണ്ഡ്യ രാജാക്കന്മാർ അച്ഛൻകോയിക്കലിൽനിന്നും പന്തളത്തേക്കു് വരുന്നതു്. അച്ഛൻകോവിൽ ഉൾപ്പെട്ട മലയിലും പന്തളത്തും മററു പല ദേശങ്ങളിലും നിലവും കരകളും വിലയ്ക്കുവാങ്ങിക്കൊണ്ടാണു് പന്തളം രാജാവു് പന്തളത്തു് സ്ഥിരതാമസമാക്കുന്നതു്. കൊള്ളക്കാരുടെ ആക്രമണത്തെ സ്ഥിരീകരിക്കുന്നതും പന്തളത്തേയ്ക്കു് ആസ്ഥാനം മാററിയതിനെക്കുറിച്ചും പരാമർശിക്കുന്ന ഒരു രേഖയുണ്ടു്. കൊല്ലവർഷം 345-ൽ അച്ഛൻ കോയിക്കലിൽ നിന്നും രാജരാജവർമ്മ എഴുതിയതായികാണുന്ന ആ രേഖ ചുവടെ ചേർക്കുന്നു.

"അചഛൻ കോയിക്കൽ ആം
മധുരമീനാക്ഷി തുണ-
പഴനി സുബ്രഹ്മണ്യ സ്വാമിതുണ
മണികണ്ഠൻ തുണ-
രാജരാജവർമ്മ എഴുതുന്നതു്

ഞാനും ജേഷ്ഠനും തെൻകാഞ്ചി കോയിക്കലും സ്ത്രീജനങ്ങളും കുഞ്ഞുങ്ങളും ഇലത്തൂരിൽ കോയിക്കലും ആയി പാർത്തു് രാജ്യം വാണിരിക്കുമ്പോൾ കള്ളന്മാരുടെ ശല്യം കൊണ്ടു് അവിടെ പാർക്കാൻ സങ്കടമായിരിക്കുമ്പോൾ നാം വേണാട്ടു് പെരുമാളുമായി കല്യാണം ചെയ്തുവരുന്ന സംബന്ധഹേതുവായിട്ടു് അവരുടെ സഹായം കൊണ്ടു് മലയാളത്തിൽ വന്നു് അചഛൻ കോവിലിലും കോന്നിയൂരും പന്തളത്തും ഓരോ കോയിക്കലും വെച്ചു് സ്ത്രീജനങ്ങളെയും കുഞ്ഞുങ്ങളെയും കോന്നിയൂരും പന്തളത്തുമായി പാർപ്പിച്ചു് ഞാനും ജേഷ്ഠനും അച്ഛൻകോവിൽ കോയിക്കൽ ഇരുന്നു് പാണ്ഡ്യരാജ്യം വിചാരിച്ചു് കുടിയാന്മാരൊക്കെയും അവിടെ വന്നു് അമ്മയെക്കണ്ടു് വാണിരിക്കുമ്പോൾ രാത്രിയിൽ മുമ്പിൽ ശല്യം ചെയ്തുവന്ന കള്ളന്മാർ ആയുധങ്ങളും ധരിച്ചു് കാട്ടുവഴിവന്നു് അന്നേദിവസം ഞാൻ കോന്നിയൂരിൽ പാർത്തിരിക്കുമ്പോൾ അചഛൻ കോവിൽ കോയിക്കലിനും വളഞ്ഞു് കോയിക്കൽ പാർത്ത ആളുകളേയും ജേഷ്ഠനേയും കൊലചെയ്തപ്രകാരം കേട്ടു് ഞാൻ ശേഷക്രിയകളും ചെയ്തു് കരുതി പാർത്തിരിക്കുമ്പോൾ ശാസ്താവിൻെറ നിയോഗം കൊണ്ടും അവിടെ രാജാം കോക്കൽ ചെന്നു് വേരായിട്ടു് ഒരു കോവിലും തീർപ്പിച്ചു് ജേഷ്ഠനെ അവിടെ ഇരുത്തി ചെയ്യിച്ചു് അചഛൻ കോവിൽ ഉൾപ്പെട്ട മലയിലും പന്തളത്തും മററും പല ദേശങ്ങളിലും നിലം കരക

ളും വിലതേടിയിരിക്കുന്നു. ശാസ്താവിനേയും മധുരമീനാക്ഷിയേയും പഴനി സുബ്രഹ്മണ്യ സ്വാമിയേയും ഇങ്ങനെ നമ്മുടെ കുലദേവതകളായ് പൂജാവിഗ്രഹങ്ങളെ പൂജിച്ചുകൊള്ളാൻ മേൽ രാജ്യ പ്രാപ്തിവന്നു് സൗഖ്യമായിരിക്കുമെന്നു് ശാസ്താവിന്റെ നിയോഗം ഉണ്ടാകകൊണ്ടു് അപ്രകാരം ചെയ്തു് ആം: ആളു പന്തളത്തുവന്നു് പാർക്കുകയും ചെയ്തു."

1345 മീനം7.

* ദക്ഷിണേന്ത്യൻ ഭാഷകളിൽ ക്ഷേത്രങ്ങൾക്കു് പലപേരുമുണ്ടു്. തമിഴിൽ 'കോയിൽ' എന്നു പറയുന്നു. 'കോ' എന്ന അക്ഷരത്തിനു് തലവൻ എന്നും, 'ഇൽ' എന്നതിനു് ഇരിപ്പിടമെന്നും അർത്ഥമാകുന്നു. അപ്പോൾ തലവന്റെ ഇരിപ്പിടം എന്നർത്ഥം. (നാം വണങ്ങും ദൈവങ്ങൾ-പേജ്-4, പി. ആർ ശ്രീനിവാസൻ)

തിരുവിതാംകൂർ ചരിത്രത്തിൽ തിരുവിതാംകൂർ രാജാവു് പന്തളം രാജകുടുംബത്തിനു് വസ്തുവകകൾ കൊടുത്തതായി പറയുന്നുണ്ടു്. ആ ഭാഗം ഉദ്ധരിക്കാം "ക്രി. 904-ൽ പന്തളത്തുവന്നു് സ്ഥിര താമസം തുടങ്ങിയ പന്തളം രാജകുടുംബത്തേയ്ക്കു് ക്രി. 1170-ൽ അന്നത്തെ തിരുവിതാംകൂർ രാജാവ് ഏതാനും വസ്തുക്കൾ കൊടുത്തു. ക്രി. 1189-ൽ പാണ്ഡ്യരാജാക്കന്മാരുടെ ബന്ധുക്കളായ പൂഞ്ഞാററു രാജാക്കന്മാർ തിരുവിതാംകൂർ വരികയും അന്നത്തെ തിരുവിതാംകൂർ രാജാവു് അവർക്കു് താമസത്തിനായി പൂഞ്ഞാർ ഇടവക വിട്ടുകൊടുക്കുകയും ചെയ്തു." (തിരുവിതാംകൂർ ചരിത്രം, ആർ കുളത്തുഅയ്യർ എഴുതിയതു്. പേജ് 10, 11)

പന്തളത്തു് താമസമാക്കിയ രാജാക്കന്മാർക്കു് കേരളീയ സംസ്ക്കാരവുമായി വലിയ ബന്ധമൊന്നുമില്ലായിരുന്നു. തമിഴു് പാരമ്പര്യമായിരുന്നു അവരുടെ സംസ്കാരത്തിന്റെ മൂലക്കല്ലു്. മുകളിൽ ഉദ്ധരിച്ചരേഖയിൽ തന്നെ ശാസ്താവു്, മധുരമീനാക്ഷി, പഴനി സുബ്രഹ്മണ്യൻ തുടങ്ങിയ ദൈവങ്ങൾ അവരുടെ കുല ദൈവങ്ങളായിരുന്നു എന്നു പറയുന്നു.

രാജാവു് പന്തളത്തു് സ്ഥിരതാമസമാക്കിയതോടുകൂടി ശബരിമലയും അവരുടെ അധീനതയിലായി. അവർ ശബരിമല ക്ഷേത്രത്തെ പുന: നിർമ്മാണം നടത്തി, അവരുടെ കുലദൈവങ്ങളിൽ പ്രധാനിയായ ശാസ്താവിനെ പ്രതിഷ്ഠ നടത്തുകയും ചെയ്തതായി അനുമാനിക്കാം.

ശാസ്താവു് പുരാതനകാലത്തു് ദ്രാവിഡരുടെ ഒരു ഗ്രാമദേവതയായിരുന്നുവെന്നു ചരിത്രകാരന്മാർ പറയുന്നു

പ്രമുഖ ചരിത്രകാരനായ പി. ആർ, ശ്രീനിവാസന്റെ അഭിപ്രായം തന്നെ നോക്കുക.

"തെക്കെ ഇന്ത്യയിലെ ഗ്രാമ ദൈവങ്ങളുടെ എണ്ണം കുറവാണു് മുനീശ്വരനും, കറുപ്പനുമാണു് സാധാരണ ദൈവങ്ങൾ. ചില ദിക്കിൽ ഭൈരവനേയു് ഗ്രാമദൈവമായി കരുതുന്നുണ്ടു്. വീരൻ, ഇരുളൻ, കാട്ടേരി, നൊണ്ടി എന്നിവരെ ചില ഗ്രാമങ്ങളിൽ ആരാധിക്കുന്നു. ഇവരെ ദേവിയെപ്പോലെ പ്രധാനമായി

വിചാരിക്കുന്നില്ല. തെക്കൻ കർണ്ണാടകത്തിൽ ഭൂതങ്ങൾ എന്നൊരു കൂട്ടം ദേവന്മാരെ പൂജിക്കുന്നു പഞ്ചുരുളി എന്നൊരു ദേവനും ഈ കൂട്ടത്തിലുണ്ട്.

ഗ്രാമ ദൈവങ്ങളിൽ ശാസ്താവിനു് പ്രധാന സ്ഥാനമുണ്ട്."

( നാം വണങ്ങും ദൈവങ്ങൾ, പേജ് 7. പരിഭാഷ വിദ്വാൻ ടി.സി. ഭാസ്കരൻ മൂസതു് )

ഉള്ളൂർ എസ് പരമേശ്വരയ്യർ കേരള സാഹിത്യ ചരിത്രത്തിൽ ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്.

"പുരാതന കാലത്തു് ദ്രാവിഡരുടെ ഒരു ഗ്രാമദേവതയായിരുന്നു ശാസ്താവ്"

( പേജ്–206 )

ഈ ശാസ്താവിന്റെ പല ക്ഷേത്രങ്ങളും ഇന്നും തമിഴ്നാട്ടിലുണ്ട്. തിരുനൽവേലി, മധുര തുടങ്ങിയ ഭാഗങ്ങളിലുള്ളവർ ശാസ്താവിനെ ഇന്നും ഒരു ഗ്രാമദേവതയായിട്ടാണു് കാണുന്നതു്.

ഈ ശാസ്താവിന്റെ ആരാധകരായിരുന്ന പന്തളം രാജാക്കന്മാർ പന്തളത്തു് സ്ഥിര താമസമാക്കിയതോടെ അവരുടെ കുലദൈവ പ്രമാണിയെ ശബരിമലയിൽ പ്രതിഷ്ഠിക്കുകയും ആരാധനനടത്തുകയും ചെയ്തിരിക്കാം. ഇങ്ങനെയാണു് ശബരിമലയിൽ ശാസ്താവു വരുന്നതു്.

## അയ്യപ്പൻ മായോനിൽനിന്നും.

ശാസ്താവിനെപ്പോലെ അയ്യപ്പനും പന്തളം രാജാക്കന്മാർ മുഖേന തമിഴ്നാട്ടിൽ നിന്നും വന്നതാണു്. തമിഴ്നാട്ടിൽ 'മായോൻ' എന്നൊരു ദ്രാവിഡ ദേവൻ കൂടിയുണ്ടായിരുന്നു. ഈ ദേവനെക്കുറിച്ച് പ്രസിദ്ധ ഗ്രന്ഥമായ തൊൽക്കാപ്പിയത്തിൽ പറയുന്നുണ്ട്.

"മായോൻ മേയ കാട്ടുറൈ
ചേയോൻ മേയ ദൈവരെ ഉലകമും"

ഇതിനെക്കുറിച്ച് 'സംഘകാല കേരളം' എന്ന ഗ്രന്ഥത്തിൽ വി. വി. കെ. വാലത്തു് പറയുന്നതു് നോക്കുക.

"മായോൻ ദ്രവിഡ ദേവനായിരുന്നു. കറുത്ത നിറമാണു്. ശബരിമല തീർത്ഥാടകർ ഇന്നും കറുത്ത വസ്ത്രം ധരിക്കുന്നു ശബരിമലയുടെ മൂലസ്ഥാനത്തേക്കു് ആ ദേവന്റെ നിറമുള്ള വസ്ത്രം ധരിച്ച് അന്നത്തെ തീർത്ഥാടകർ പോയിരുന്നതിന്റെ പാരമ്പര്യ വിശേഷണമാണിതെന്നു കരുതാം." (പേജ് 47-48)

"ഈ മായോനെയും ശബരിമലയിൽ പന്തളം കുടുംബക്കാർ പ്രതിഷ്ഠ നടത്തി പൂജചെയ്തു വരവെ 'മായോൻ' എന്ന ശബ്ദത്തിലെ 'മാ' ലോപിച്ച് (മായോൻ-മായ്യോൻ-മയ്യൻ-മയ്യൻ-നയ്യൻ-നയ്യൻ-അയ്യൻ) അയ്യനായി മാറുകയാണുണ്ടായതു്. ഈ അയ്യനിൽ പിന്നീട് അപ്പൻ കൂടികൂട്ടിച്ചേർത്തു. അപ്പൻ എന്നു പറഞ്ഞാൽ നാഥൻ, പിതാവു്, ഈശ്വരൻ എന്നൊക്കെ അർത്ഥമുണ്ട്.

വൈഷ്ണവമത വൽക്കരണകാലത്താണു് ഇതു് സംഭവിച്ചതു്. പെരുംതൃക്കോവിലിലെ അപ്പൻ–പെരുംതൃക്കോവിലപ്പൻ–തിരുച്ചംബരപ്പൻ, ഗുരുവായൂരപ്പൻ, പളനിയപ്പൻ, വൈക്കത്തപ്പൻ, പോലെ ശബരിമലയിലും അപ്പൻ ഉടലെടുത്തു. ശബരിമല അയ്യൻെറ കൂടെ അപ്പൻ ചേരുകയാണുണ്ടായതു്. അങ്ങനെ അയ്യപ്പനായി മാറി (അജ്ജ എന്ന ദ്രാവിഡപദം അച്ഛയായി പിന്നീടു് അയ്യയായി രൂപാന്തരപ്പെട്ടതെന്ന ചിലരുടെ അഭിപ്രായം ശരിയല്ല)

ഈ അയ്യനെ സംഘകാലത്തു് ഒരു യുദ്ധദേവനാക്കി ആരാധിച്ചിട്ടുണ്ടു്" (സംഘകാലകേരളം, വി. വി. കെ. വാലത്തു്, പേജ്-57)

ബുദ്ധമതത്തിൽ നിന്നും ശൈവമതത്തിലേയ്ക്കും വൈഷ്ണവമതത്തിലേയ്ക്കും കടന്ന ശബരിമലയിലെ ദേവതാസങ്കൽപ്പങ്ങൾ ശാസ്താവിലേയ്ക്കും അയ്യനിലേക്കും വരികയാണു് ചെയ്തിട്ടുള്ളതു്.

എന്നാൽ ശബരിമലയിലുണ്ടായ ആദ്യ തീപിടുത്തത്തിൽ ഈ വിഗ്രഹങ്ങൾ പൊട്ടിത്തകർന്നു് പോവുകയും വളരെക്കാലം ക്ഷേത്രം അനാഥമായികിടക്കുകയും ചെയ്തു.

അതിനു്ശേഷം വന്നവർ ക്ഷേത്രപുനരുദ്ധാരണവേളയിൽ പ്രധാനമായും ഒരു പ്രതിഷ്ഠയെ കേന്ദ്രീകരിച്ചാണു് ആരാധന ആരംഭിച്ചതു്. അതുകൊണ്ടാണു് നിലവിലുള്ള ദേവതാസങ്കല്പങ്ങളായ അയ്യനും ശാസ്താവും എല്ലാം ഒരു വിഗ്രഹത്തിൽ കാണാൻതുടങ്ങിയതു്

പിന്നീടു് പലരും അയ്യപ്പനെ കുറിച്ച് പുതിയവ്യാഖ്യാനങ്ങൾ കൊണ്ടുവന്നു. 'ഐ' എന്നുപറഞ്ഞാൽ ശിവനെന്നാണർത്ഥം. 'അപ്പ'നെന്നുപറഞ്ഞാൽ വിഷ്ണുവെന്നാണർത്ഥം (മേക്കൊല്ല പരമേശ്വരൻപിള്ള തയ്യാറാക്കിയ മലയാള ശബ്ദഘോഷ ലഘുനിഘണ്ടുവിൽ കാണുന്ന അർത്ഥം) ഈ ഐ-യും അപ്പനും ചേർന്നപ്പോൾ അയ്യപ്പനുണ്ടായി. ഈ അഭിപ്രായം പ്രതീകാത്മക സാഹിത്യരചനയായി പുറത്തുവന്നപ്പോഴാ ഹരിഹരപുത്രനുണ്ടായി. ഈ ഹരിഹരസുതനെയും ഈ വിഗ്രഹത്തിൽ കാണാൻ തുടങ്ങി.

ഈ പുതിയ വിഗ്രഹത്തിൽ പിന്നീടു് അനവധികഥകളും വീരകഥകളുമെല്ലാം ഉണ്ടായി. ഓരോരോ കാലഘട്ടങ്ങളിൽ വന്നവർ ഉള്ളതിൻെറ കൂടെ കുറെ പൊടിപ്പും തൊങ്ങലും വെച്ചുകെട്ടി. ചിലർ പുതിയ കഥകൾ തന്നെ സൃഷ്ടിച്ചു. ഉദാഹരണത്തിനു് ജലന്ധര നിഹന്താവു്, ഹരിഹരസുതൻ, മഹിഷിമർദ്ദനൻ, ഭൂതനാഥൻ, മണികണ്ഠൻ പുഷ്ക്കലമണാളൻ, ആര്യതാതൻ അങ്ങനെ പല കഥകളും. ഈ ഗ്രന്ഥത്തിൻെറ ഒന്നാം അദ്ധ്യായം മുതൽ നാം കണ്ടുവരുന്ന ഓരോ കഥകളും ഇതിനുദാഹരണമാണു്. പുലിപ്പാൽകഥ, കുഞ്ഞിനെ കളഞ്ഞുകിട്ടുന്ന കഥ, അയ്യപ്പൻെറ പിതാക്കന്മാരെക്കുറിച്ചുള്ള കഥകൾ, വാവരെക്കുറിച്ചുള്ള കഥകൾ, പത്നിമാരെക്കുറിച്ചുള്ള കഥകൾ, പതിനെട്ടാം പടിയെകുറിച്ചുള്ള കഥകൾ, അയ്യപ്പൻെറ മരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ (പുലി പിടിച്ചു മരിച്ചെന്ന അഭിപ്രായവും വാവർ കൊന്നെന്ന മറെറാരഭിപ്രായവും). അയ്യപ്പൻെറ വാഹനത്തെക്കുറിച്ചുള്ള അഭിപ്രായം (ആനയാണെന്നും, പുലിയാണെന്നും, കുതിരയാണെന്നും പറയുന്ന) തുടങ്ങിയ എല്ലാ കഥകളും കെട്ടുകഥകളാണു്. ഈ ഓരോ കഥകളും അനുബന്ധമായി കെട്ടുപിണഞ്ഞു കിടക്കുന്നതും നാം കണ്ടുവല്ലോ.

ഇതു പോലെ ശ്രദ്ധേയമായ മറെറാരു വിശ്വാസം അയ്യപ്പനിൽ വന്നു് ചേരുകയുണ്ടായിട്ടുണ്ടു്. ആ വിശ്വാസമാണു് സ്ത്രീകൾ അയ്യപ്പനെ ദർശിക്കാൻ

പാടില്ലെന്നും, മഹിഷാസുരന്റെ കഥയുമെക്കെയുണ്ടാക്കിയതു്. ഈ വിശ്വാസം വടക്കേ ഇന്ത്യയിൽ നിന്നും വന്നതാണു്.

നാഷണൽ ഡിഫൻസ് അക്കാദമിക്കടുത്തു് അഹീറിനപ്പുറമുള്ള അഞ്ചു ഗ്രാമങ്ങൾക്കായി അയ്യപ്പ ( ശാസ്താവു് )നെപ്പോലുള്ള ഒരു ദേവനുണ്ട്. പ്രമുഖ ചരിത്രകാരനായ ഡി. ഡി. കൊസാംബി പറയുന്നതു് നോക്കുക.

"ഇടയ സമൂഹത്തിന്റെ പൂർണ്ണ വികാസത്തോടെയാണു് മാസോബാ ആരാധനയിൽ കാണുന്ന മാററത്തിന്റെ തുടക്കം. ബാബുജി ബാബ എന്ന ഗോസംരക്ഷകനായ അപൂർവ്വ ദേവന്റെ കാര്യത്തിൽ ഇതു കൂടുതൽ വ്യക്തമാണു്. സ്ത്രീകൾക്കു് അപകടം പിണയാതെ ഈ ദേവനെ ദർശിക്കുക അസാദ്ധ്യമായിരുന്നു. നാഷണൽ ഡിഫൻസ് അക്കദമിക്കടുത്തു് അഹീറിനപ്പുറം ചുറുപാടുമുള്ള അഞ്ചുഗ്രാമങ്ങൾക്കുമായി ഇത്തരത്തിലുള്ള ഒരു ദേവനുണ്ട്. തടാകത്തിനു് മറുവശത്തു് കാനാപൂരിനടുത്തും ഒരു ദേവനുണ്ട്. ആകുർഡിയിലെ ജീർണ്ണാവസ്ഥയിലുള്ള വിഷ്ണുക്ഷേത്രമതിലിനകത്തു് മാലാവ്ലിക്കടുത്തു് സെൻടൽ റെയിൽവെ പാനയിൽ, ഇന്ദുരിക്കും മഹാളുങ്കിനുമിടയ്ക്കും, ഘോരട്ടവാക്കും ഫാപ്ദിയോവിനുമിടയ്ക്കുമുള്ള പഴയ ചുരത്തിലുമെല്ലാം ഇതേ ദേവനെ പൂജിക്കുന്നുണ്ട്. ദേവതകളുടെയത്ര പൗരാണികനുമല്ല. ചിംവാടിൽ സിതിയൻ തൊപ്പി ധരിച്ച ഒരു തലയാണു് വേതാളം മററു ചിലയിടങ്ങളിൽ. ഇയാളുടെ ശിലാവിഗ്രഹങ്ങൾ ശിവലിംഗത്തോടു് സാമ്യം പ്രാപിച്ചിട്ടുണ്ട്. പൊതുവിൽ ഇയാളെ സ്ത്രീകൾ ദർശിക്കുന്നതു് നിഷിദ്ധമാണു്. ഭക്തൻ തികഞ്ഞ സാധാസ്ഥിതികനാണെങ്കിൽ പൂജയുമുമ്പായി സ്ത്രീകളെ സ്പർശിക്കുന്നതും വളകളുടെ ശബ്ദം കേൾക്കുന്നതുപോലും ഒഴിവാക്കാറുണ്ട്. കടുത്ത ബ്രഹ്മചാരിയായ ഹനുമാൻ അല്ലെങ്കിൽ മാരുതു എന്ന ദൈവം ഇക്കാര്യത്തിൽ കുറെക്കൂടി സഹിഷ്ണുത പുലർത്തുന്നുണ്ട്, അമ്മമാരെയും അമ്മ ദൈവങ്ങളേയും പുരുഷവരുതിയിൽ കൊണ്ടുവരാനായി തന്ത്രപൂർവ്വം സൃഷ്ടിക്കപ്പെട്ട ശിശുദേവനായ സ്കന്ദനും ഈ പുരുഷമേധാവിത്ത പൈതൃകത്തിൽ നിന്നു് രക്ഷപെട്ടിട്ടില്ല മഹാരാഷ്ട്രയിൽ കാർത്തികസ്വാമിയായി ആരാധിക്കപ്പെട്ടുന്ന കാലത്തു് ഈ ദേവനു് സ്ത്രീ സാമീപ്യം നിഷിദ്ധമായിരുന്നു."

"ദേവിമാർ അമ്മമാരാണു്, എന്നാൻ അവിവാഹിതകളും. അവർ ഉത്ഭവിച്ച സമൂഹത്തിൽ ഒരു അച്ഛന്റെ ആവശ്യമുണ്ടായിരുന്നതായി കാണുന്നില്ല. അടുത്തപടി ഏതെങ്കിലും ദേവനാൽ വിവാഹം ചെയ്യപ്പെടുക എന്നതായിരുന്നു. കൊത്രുടിലും വക്കാടിലും ജോഗുഭായിക്കു് മാത്തോബ എന്ന പതിയുണ്ട്. ഈ വിവാഹത്തിന്റെ അസാധാരണ വശം ഇതാണു്. മാതോബ യഥാർത്ഥത്തിൽ മാസോബയാണു്. അതായതു് മഹിഷാസുരനാണു് ജോഗുബായിയാകട്ടെ യോഗേശ്വരിയാണു്. അതായതു് മഹിഷാസുര വധത്തിലൂടെ പ്രസിദ്ധയായ ദുർഗയാണു്." (മിത്തും യഥാർത്ഥ്യവും പേജ് 142, 143)

ചുരുക്കത്തിൽ പ്രതിഷ്ഠയിലേയ്ക്കു് വന്ന അനവധി കഥകളുടെ ആകെത്തുകയാണു് ശബരിമലയിലെ ഇന്നത്തെ അയ്യപ്പൻ ദ്രാവിഡ ദേവതകളായ ശാസ്താവും മായോനുമെല്ലാം പ്രാകൃത മനുഷ്യന്റെ ഭയത്തിൽ നിന്നും ഉടലെടുത്ത അന്ധവിശ്വാസങ്ങൾ മാത്രമാണു്.

# ആറ്

# ശബരിമലയിലെ ദിവ്യാത്ഭുതങ്ങൾ

ശബരിമലയിലെ പ്രധാനപ്പെട്ട മൂന്നു് ദിവ്യാത്ഭുതങ്ങളാണു് മകരജ്യോതിസ്സും പരുന്തുപറക്കലും ദിവ്യനക്ഷത്രവും.

ഇതിൽ ഏററവും പ്രധാനപ്പെട്ടതു് മകരജ്യോതിസ്സാണു്. ശബരിമലയിൽ അയ്യപ്പൻെറ കഴുത്തിൽ തിരുവാഭരണം ചാർത്തുമ്പോൾ പൊന്നമ്പലമേട്ടിൽ ദേവതകൾ ആരതിനടത്തുന്നതാണു് മകരസംക്രാന്തി ദിവസം സന്ധ്യയ്ക്കു് കാണുന്ന ദിവ്യ ജ്യോതിസ്സു് എന്നാണു് കഥ.

എന്നാൽ ഇതിനെക്കുറിച്ചു് അന്ധമായി വിശ്വസിക്കാൻ കഴിയാത്ത യുക്തിവാദികൾ ഇതറിഞ്ഞു തുടങ്ങിയ കാലത്തു്, തന്നെ പൊന്നമ്പലമേട്ടിൽ ചെല്ലുകയും ഇതിൻെറ കള്ളി വെളിച്ചത്താക്കുകയും ചെയ്തു. 1974-ൽ പൊന്നമ്പലമേട്ടിൽ ചെന്ന എം. ആർ. എസ്. നാഥനാണു് ഈ രഹസ്യം ആദ്യമായി പുറത്തു് കൊണ്ടുവന്നതു്. 1940 കാലത്തിനുശേഷം പുറത്തുവന്ന ഈ അത്ഭുതകഥയുടെ രഹസ്യത്തെക്കുറിച്ചു് എം. ആർ. എസ്. നാഥൻ 'ശബരിമലയും മകരവിളക്കും ചൂഷണോപാധികളും' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ടു്.

അതിനുശേഷം ആയൂർസ്വദേശിയായ കെ. പി. സ്വാമിയുടെയും രാമദേവൻെറയും നേതൃത്വത്തിൽ 24 പേരടങ്ങിയ ഒരു സംഘം പൊന്നമ്പലമേട്ടിൽ ചെല്ലുകയും ജ്യോതിസ്സിൻെറ രഹസ്യം വെളിച്ചത്താക്കുകയും ചെയ്യുകയുണ്ടായി.

1980ലും 81 ലും ഉണ്ണി കാക്കനാട്, സുകുമാരൻ ധനുവച്ചപുരം, എം. പി ശ്രീധരൻ, എ. വി. ജോസ്, ടി. എൻ. ഭദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു സംഘം പൊന്നമ്പലമേട്ടിൽ ചെല്ലുകയും ജ്യോതി കൊളുത്തുന്നവരോട് ഈ ജനവഞ്ചന നിർത്തണമെന്നാവശ്യപ്പെടുകയും ചെയ്തു. 1982-ൽ ജ്യോതികൊളുത്തുവാൻ വന്നവർ യുക്തിവാദികൾ തടയുമെന്ന ഭയത്തിൻെറ പേരിൽ പോലീസുകാരെയും കൂട്ടിയാണു് വന്നതു്. യുക്തിവാദികളുടെ വീണ്ടുമുള്ള അഭ്യർത്ഥനയെ ധിക്കരിച്ചു് കൊണ്ടു് വന്നവർ ജ്യോതി കൊളുത്തിയപ്പോൾ യുക്തിവാദികൾ പകരം എലിവാണങ്ങൾ കത്തിച്ചുവിടുകയും പന്തങ്ങൾ കൊളുത്തിക്കാണിക്കുകയും അങ്ങനെ അനവധി ജ്യോതികൾ പ്രത്യക്ഷപ്പെടുത്തി ദിവ്യജ്യോതിയുടെ കള്ളി ഒന്നു കൂടി പൊളിക്കുകയുമുണ്ടായി. ആ സംഭവങ്ങളെക്കുറിച്ചു് സുകുമാരൻ ധനുവച്ചപുരവും ടി. എച്ച്. സുനിൽകുമാറും എഴുതിയ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

"പൊന്നമ്പലമേട്ടിൽ മൂന്നാംതവണയും മല ചവിട്ടിയ ആളാണു് ഈ ലേഖകൻ ഇത്തവണ ഈ ലേഖകനോടൊപ്പം പതിനഞ്ചു് യുവാക്കളും ഒരു അറുപതുകഴിഞ്ഞ വൃദ്ധനുമുണ്ടായിരുന്നു. ചെങ്ങന്നൂരിൽ നിന്നും 7-15നു് പുറപ്പെട്ട ആനത്തോട്ട് ഫാസ്റ്റ് പൊൻകുന്നം-വണ്ടിപ്പെരിയാർ വഴി ഉച്ചകഴിഞ്ഞു് രണ്ടു മണിയായപ്പോൾ പമ്പാഡാം ശബരിഗിരി പ്രൊജക്ട് കാൻറീനു് മുമ്പിലെത്തി

പമ്പാഡാം കാൻററീനിൽ നിന്നും ഉച്ചഭക്ഷണം കഴിഞ്ഞു് പിന്നിലേയ്ക്കു് നാലുകലോമീററർ നടന്നു് കൊച്ചു് പമ്പയിലെത്തി. കൊച്ചുപമ്പയിലെ സ്ഥലവാസികളോട്ടു് പൊന്നമ്പലമേട്ടിലെ ഇക്കൊല്ലത്തെ സാഹചര്യങ്ങൾ ( പൊന്നമ്പലമേട്ടിൽ വിശ്വാസികളെ ചൂഷണം ചെയ്യാനായി ദേവസ്വക്കാർ കത്തിച്ചുകാണിക്കുന്ന ദിവ്യജോതിസ്സിൻെറ നിജസ്ഥിതി അന്വേഷിച്ചു് പൊതുജനസമക്ഷം വിളിച്ചുപറയാനായി പൊന്നമ്പലമേട്ടിൽ എത്തുന്ന യുക്തിവാദികളെ താൻ ശക്തിയായി നേരിടുമെന്നു് ദേവസ്വം പ്രസിഡൻറു് ശ്രീ ടി. എൻ. ഉപേന്ദ്രനാഥക്കുറുപ്പ് പത്രപ്രസ്താവന നടത്തിയിരുന്നു.-വാർത്ത ) അന്വേഷിച്ചശേഷം കൊച്ചുപമ്പയിലുള്ള ജീപ്പുറോഡിലൂടെ പൊന്നമ്പലമേട്ടിലേയ്ക്കു് പുറപ്പെട്ടു. ഉദ്ദേശം ആറുകിലോമീററർ നടന്നു് വലതുഭാഗത്തുള്ള ഓട ഊട്ടു്വഴിയെ അരകിലോമീററർ നടന്നാൽ പതിവായി മകരവിളക്കു് കത്തിച്ചുയർത്തുന്ന പാറപ്പുറത്തെത്താം. വിശാലമായ പരന്ന പുൽമേട്ടു്. ശബരിമല നിന്നു് നോക്കിയാൽ യാതൊരു തടസ്സവും കൂടാതെ വ്യക്തമായി കാണുന്ന പ്രകൃതിമനോഹരമായ കുന്നിൻപുറം. കുറച്ചകലെ എപ്പോഴും വെള്ളം കാണുന്ന രണ്ടു് കുളങ്ങൾ. മദ്ധ്യഭാഗത്തായി വൃക്ഷം കൂടിനിൽക്കുന്ന അല്പം കാട്ടു്. ഇതാണു് പൊന്നമ്പലമേട്ടിൻെറ ചുററുപാട്ടു്.

വൈകുന്നേരമായപ്പോൾ ഒരു ദീപം കൊളുത്താൻ തീരുമാനിച്ചു. കാട്ടുചുള്ളികളും പുല്ലും കൂട്ടി കൃത്യം 6.45 ആയപ്പോൾ മണ്ണെണ്ണ ഒഴിച്ചു് ദീപം കൊളുത്തി. ശബരിമലയിലെ ഭക്തജനങ്ങൾ അന്തരീക്ഷത്തെ ഭേദിക്കുമാറുച്ചത്തിൽ ശരണം മുഴക്കി. ഞങ്ങൾക്കതിൽ ഖേദമുണ്ടു്. കാരണം അവർ ഞങ്ങളുടെ കബളിപ്പിക്കലിനും വിധേയരായി. തുടർന്നു് ഞങ്ങളെ ദേവസ്വക്കാർക്കു് ബോദ്ധ്യപ്പെടുത്താനായി മൂന്നു് എലിവാണവും കൊളുത്തിവിട്ടു. അപ്പോഴേയ്ക്കും ശരണം വിളി നിലച്ചു. ആ സമയം ഉച്ചഭാഷിണിയിലൂടെ ഇതൊരു കൃത്രിമ ജ്യോതിയാണെന്നു് ദേവസ്വക്കാർ വിളിച്ചുപറഞ്ഞതായി എൻെറ സുഹൃത്തയ്യപ്പന്മാർ അറിയിച്ചു. കൃത്രിമ ജ്യോതിയെന്നു് പറയാൻ ദേവസ്വക്കാർക്കുറപ്പുണ്ടു്. കാരണം മകരജ്യോതിസ്സു് തെളിയിക്കാനായി അവർ ആളയച്ചിട്ടില്ല. പിന്നെ യുക്തിവാദികൾ തന്നെയെന്നതു് ഉറപ്പാണല്ലോ. ഞങ്ങളതു് പ്രഖ്യാപിച്ചിരുന്നു. അന്നു് രാത്രി ഞങ്ങൾ നടന്നു് പമ്പാഡാമിൽ ക്യാമ്പുചെയ്തു.

പതിനാലിനു് നേരം വെളുത്തു് പ്രാതൽ കഴിഞ്ഞയുടനെതന്നെ കൊച്ചുപമ്പയിലെത്തി. ഉച്ചവരെ അവിടെ കഴിഞ്ഞ ശേഷം ഉച്ചഭക്ഷണം കഴിഞ്ഞു് പൊന്നമ്പലമേട്ടിലെത്തി. വൈകുന്നേരമായപ്പോൾ KLZ 3236 KLU 9098, KLP 7781, KLM 1001, തുടങ്ങിയ പോലീസ് ജീപ്പുകളും KLU 2526, KLU 2135 തുടങ്ങിയ ഫോറസ്ററുജീപ്പുകളും പൊന്നമ്പലമേട്ടിനടുത്തുകൂടെ കൊച്ചുപമ്പയിൽ നിന്നും പമ്പാ-ത്രിവേണിക്കു് പുറപ്പെടുന്ന റോഡിൽ പാർക്കുചെയ്തു. ഇവയിൽ യൂണിഫോറം ധരിച്ച അറുപതിലേറെ പോലീസുകാരും കുറെ ഫോറസ്ററുദ്യോഗസ്ഥന്മാരും പൊന്നമ്പല മേട്ടിലെത്തി. ഇവർക്കു് നേതൃത്വം നൽകാനായി പീരുമേട് ഡി. എഫ്. ഒ. യശോധരനും സർക്കിൾ ഇൻസ്പെക്ടർ കോരയും മറെറാരു ഡി. വൈ. എസ്. പി-യും, കൊച്ചുപമ്പാ-പമ്പാവാസി

കളായ നിരവധി സ്ത്രീകളും കുട്ടികളുമടക്കം ഇരുനൂറിലധികം മററു കാഴ്ചക്കാരും അവിടെ എത്തിച്ചേർന്നു. മിക്കപേരുടെയും കയ്യിൽ ക്യാമറാകളും റേഡിയോകളും ഉണ്ടായിരുന്നു.

പതിവുസമയമെത്തിയപ്പോൾ സ്ഥിരമായി ജ്യോതികത്തിക്കുന്ന പാറമേൽ നിന്നിരുന്നവരെ പിറകിലേയ്ക്കു് തള്ളിമാററിക്കൊണ്ടു് സർക്കിൾ ഇൻസ്പെക്ടരും ഡി. എസ്. പിയും ഡി. എഫ്. ഒ. യും മുമ്പിൽവന്നു. പോലീസ് കസ്ററഡിയിൽ കൊണ്ടുവന്ന ഏതാനും ദേവസ്വം പ്രതിനിധികൾ പാറപ്പുറത്തു വന്നു് തകരപ്പാത്രത്തിലുള്ള കർപ്പൂരം കത്തിച്ചുയർത്തി. ഇതേ സമയത്തിനുമുമ്പ് അല്പം വടക്കുമാറി തിരുവനന്തപുരം സംഘത്തിലെ വിലുും ഫ്ളച്ചറും അജയകുമാറും ഒരു തീപ്പന്തം കത്തിച്ചുയർത്തി. ഒരു ചെറിയ ദീപം മിന്നിത്തിളങ്ങിയതായി പത്രങ്ങൾ റിപ്പോർട്ടു് ചെയ്തതു് അതായിരുന്നു. തകരപാത്രം ചൂടായി കൈകയ്യിൽ ചൂടനുഭവപ്പെട്ടപ്പോഴേയ്ക്കും പോലീസ് വിളക്ക്നിലത്തുവീണു. കാട്ടുപുല്ലിനു് തീപിടിച്ചു. തീ ആളിക്കത്തിയപ്പോൾ ഞങ്ങൾ വളരെ എതിർപ്പുകൾ നേരിട്ടു. കത്തിച്ചുയർത്തിയ ദിവ്യജ്യോതിസ്സ് ദിവ്യകാട്ടുതീയായി മാറിയതിൽ പോലീസാഫീസറന്മാരുടെ മുഖത്തു് അൽപ്പം വിഷാദം കണ്ടു—ദിവ്യപററിപ്പ് നടന്നില്ലല്ലോ എന്ന ദുഃഖമായിരിക്കും. ഒന്നു് രണ്ടു് തവണയെങ്കിലും പൊന്നമ്പലമേട് കത്തിച്ചാമ്പലായതുതന്നെ എന്നു് ഭയന്നു് പോയി എന്നു് കേരള കൗമുദി റിപ്പോർട്ടുചെയ്തതു് ഈ ദിവ്യകാട്ടുതീയല്ലേ!

ഇത്തരത്തിൽ സർക്കാർ ശമ്പളം പററുന്ന നിയമ പാലകന്മാർ നിയമപാലനത്തിനായുള്ള സർക്കാർ വാഹനമുപയോഗിച്ച് പാവം ഭക്തജനങ്ങളുടെ പണം ചൂഷണം ചെയ്യാനായി ദേവസ്വം ബോർഡിനുവേണ്ടി പൊന്നമ്പല മേട്ടിൽ പോയി വിളക്ക് തെളിയിക്കുക എന്നതു് ഇവരുടെ ഡ്യൂട്ടിയിൽ പെട്ടതാണോ? എന്താണാവോ ഇതിൻെറ വകുപ്പു്? മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തി ചന്ദ്രനെ ഭൂമിയിൽ കൊണ്ടുവരുന്ന ഈ യുഗത്തിൽ പൊന്നമ്പലമേടെന്ന ദേവസ്ഥാനവും ഒരു ദിവ്യവിളക്കും കത്തിച്ച് പണം തട്ടിക്കുന്ന ഈ പരിപാടി അവസാനിപ്പിക്കാൻ വകുപ്പുകളുണ്ടായെങ്കിൽ!

(സുകുമാരൻ ധനുവച്ചപുരം രണ രേഖ, ഫെബ്രുവരി 1982 ലക്കം-7)

## ദിവ്യജ്യോതിസ് കൊളുത്താനെത്തിയ സർക്കാർ വാഹനങ്ങൾ

"1982 ലെ മകരജ്യോതി" എന്ന ലഘുലേഖയിൽ ടി. എച്ച്. സുനിൽകുമാർ തുടരുന്നു.

"1982 ജനു: 13നു് പൊന്നമ്പലമേട്ടിൽ എന്താണുനടന്നതു്? എൻെറ ഒരു സുഹൃത്തായ ധനുവച്ചപുരം സുകുമാരൻെറ നേതൃത്വത്തിൽ ഒരു സംഘം യുക്തിവാദി സുഹൃത്തുക്കൾ പൊന്നമ്പല മേട്ടിൽ ജനുവരി 13നു് ഉച്ചയ്ക്കു് എത്തിച്ചേർന്നു. അന്നു് സന്ധ്യക്കവർ, 'ജ്യോതി' കത്തിക്കാറുള്ള സ്ഥലത്തു് വിറകു്

കൂട്ടി തീയിട്ടു. ആ തീജ്വാല കണ്ടതോടെ ഭക്തന്മാർ കൈകൂപ്പി 'ഹരിഹരസുതനേശരണ' മെന്ന് ആർത്തുവിളിച്ചുകൂവുന്നത് പൊന്നമ്പലമേട്ടിൽ ക്യാമ്പ് ചെയ്തിരുന്ന സുഹൃത്തുക്കൾക്ക് കേൾക്കാമായിരുന്നു. സുഹൃത്തുക്കൾ ചിരിച്ചു കൊണ്ട് 3 എലിവാണവും തൊടുത്തുവിട്ടു. ഇതു് കണ്ടമ്പരന്നുനിന്ന ഭക്തന്മാരിൽ കേരളാ ദേവസ്വം വകുപ്പുമന്ത്രി സുന്ദരേശൻ നായർ, ദേവസ്വം ബോർഡ് പ്രസിഡൻറ് ഉപേന്ദ്രനാഥക്കുറുപ്പ്, കർണ്ണാടക കൃഷിവകുപ്പ്മന്ത്രി ശിവപ്പ തമിഴ് നാട് പോലീസ് ഐ ജി. രവീന്ദ്രൻ എന്നിവരും ഉൾപ്പെടും. ഉടനെ തന്നെ ഉച്ചഭാഷിണിയിൽ കൂടി ഇതു് ജ്യോതിയല്ല, മനഃപൂർവ്വം ആരോ പററിച്ച പണിയാണെന്ന് അനൗൺസ് ചെയ്യുകയുണ്ടായി (അന്നേദിവസം ദേവസ്വം ബോർഡു് പൊന്നമ്പലമേട്ടിൽ ആരേയും കർപ്പൂരം കത്തിക്കാൻ ഏൽപ്പിച്ചിട്ടില്ലല്ലോ!) ഈ വാർത്തയാണു് 1982 ജനുവരി 14 ന് മാതൃഭൂമി (കൊച്ചി) "കൃത്രിമ മകരജ്യോതിസ്സ്" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചതു്. ഈ വാർത്ത വായിച്ചതിനുശേഷമാണു് ഞാനും എൻെറ സുഹൃത്തുക്കളും 14 ന് ഉച്ചയ്ക്ക് പൊന്നമ്പല മേട്ടിലെത്തിയതു്. മേട്ട് എനിക്ക് സുപരിചിതമാണു്. കാരണം കഴിഞ്ഞവർഷം ഞാനും പൊന്നമ്പലമേട്ടിൽ പോയിരുന്നു. സ്വാഭാവികമായും ഞങ്ങൾ ആദ്യം സന്ദർശിച്ചതു് നക്ഷത്രം കൊത്തിയ പാറതന്നെ. തലേദിവസം സുഹൃത്തുക്കൾ തീയിട്ടതിൻെറ അവശിഷ്ടം ആ പാറയിൽ കാണാമായിരുന്നു. ഈ സ്ഥലത്താണ് സാധാരണ "ജ്യോതി" കത്തിക്കാറുള്ളതെന്ന് സുഹൃത്തുക്കൾക്ക് പറഞ്ഞുകൊടുക്കുകയും തലേദിവസം ജ്യോതി കത്തിക്കുകയും വെടികെട്ട് നടത്തുകയും ചെയ്തവരെ സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

ഞാനവിടെ എത്തും മുമ്പെ കേരളത്തിൻെറ പലഭാഗങ്ങളിൽ നിന്നും 60-ൽ പരം യുക്തിവാദിസുഹൃത്തുക്കളും 50-ൽ പരം അന്വേഷകരും അവിടെ എത്തിയിരുന്നു. കഴിഞ്ഞവർഷം കർപ്പൂരം കത്തിച്ച ഡ്രൈവർ ഗോപിനാഥനെയോ കൂട്ടരേയോ അവിടെ കണ്ടില്ല. പതിവുപോലെ പമ്പാഡാം കോളനിയിലെ കാഴ്ചക്കാരേയും കണ്ടില്ല. കഴിഞ്ഞവർഷം 200-ഓളം സ്ത്രീ പുരുഷന്മാർ കാഴ്ചക്കാരായി ഉണ്ടായിരുന്ന സ്ഥാനത്തു് 15-ഓളം പേരേയുണ്ടായിരുന്നുള്ളു. അതിൽ രണ്ടേ രണ്ട് സ്ത്രീകളും ഒരു കൊച്ചുകുട്ടിയും മാത്രം. കൂടാതെ എല്ലാവരുടേയും ശ്രദ്ധയാകർഷിച്ച ഒരു കറുത്ത പട്ടിയും! (പൊന്നമ്പലമേട്ടിൽ പട്ടിക്കുപോലും എത്താമെന്ന് തെളിയിച്ചുകൊണ്ട് ആ പട്ടി എല്ലാവരുടേയും അടുത്തുവന്ന് വാലാട്ടിയും മണം പിടിച്ചും ഓടി നടന്നു.)

വൈകുന്നേരം 6-20 ആയപ്പോൾ ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ KLM 1001, KLZ, 3236, KLK 159, KLU 9098, KLP 7781, എന്നീ നമ്പറുകളുള്ള ജീപ്പുകളിൽ 75 ഓളം പോലീസുകാരും, പീരുമേട് DFO ശ്രീ. യശോധരൻെറ നേതൃത്വത്തിൽ KLU 2135, KLU 2526 നമ്പറുകളുള്ള വാഹനങ്ങളിൽ 25-ഓളം ഫോറസ്ററ് ഉദ്യോഗസ്ഥന്മാരും KLQ 9078, KLP 4702, KLK 9078, എന്നീ നമ്പറുകളുള്ള വാഹനങ്ങളിൽ KSEB ഉദ്യോഗസ്ഥന്മാരും അവിടെയെത്തി. അവർ ഞങ്ങളാരെന്നോ എ

ത്തിനുവന്നതാണെന്നോ ചോദിച്ചില്ല. പക്ഷെ മേട്ടിൽ ഞങ്ങൾ ഏവിടെയെല്ലാം പോകുന്നുവോ അവിടെയെല്ലാം അവർ അനുഗമിക്കുന്നുണ്ടായിരുന്നു. ഞങ്ങൾക്കാർക്കും ഒരു തടസ്സവും ഉണ്ടാക്കിയില്ല. എങ്കിലും സിഗരററു കുററികളും തീപ്പെട്ടിക്കൊള്ളികളും വലിച്ചെറിയരുതെന്നും ചവുട്ടികെടുത്തികളയണമെന്നും ഉപദേശിച്ചു. കൂടാതെ സൗഹാർദ്ദപരമായ കുശലാന്വേഷണങ്ങളും നടത്തി. ഞങ്ങളെല്ലാവരും പെറിയ കൂട്ടമായി പ്രകൃതിഭംഗി ആസ്വദിച്ച് ശബരിമലയിൽ നടക്കുന്ന തിരുവാഭരണഘോഷയാത്രയുടെ റണ്ണിംഗ് കമൻററിയും കേട്ടുകൊണ്ട് സമയം ചിലവഴിച്ചു. ശബരിമലയിൽ തിരുവാഭരണം ചാർത്തി നടതുറന്നുവെന്നും എല്ലാ അയ്യപ്പന്മാരും മകരജ്യോതിദർശിക്കാൻ പൊന്നമ്പലമേട്ടിലേക്ക് ഉററുനോക്കുന്നുവെന്നും റേഡിയോവിൽ കേൾക്കേണ്ടതാമസം മേട്ടിൽ ക്യാമ്പ്ചെയ്തിരുന്ന പോലീസുകാർ സാധാരണ ജ്യോതി കത്തിക്കാറുള്ള സ്ഥലം അർദ്ധവൃത്താകൃതിയിൽ വളഞ്ഞു. അപ്പോഴേക്കും ശബരിമലയിൽ ഒരു ഉയർന്ന കെട്ടിടത്തിൻെറ മുകളിൽ നിന്നും ഒരു തീജ്വാല ചലിപ്പിക്കുന്നതു് കണ്ടു. ഉടനെ തന്നെ കൂട്ടത്തിലൊരു പോലീസുകാരൻ കർപ്പൂരത്തിനു് തീ കൊടുത്തു് ഉയർത്തിക്കാണിച്ചു. ഈ സമയത്തു് എൻെറ കൂടെവന്ന സുഹൃത്തു് ഗോപാലകൃഷ്ണൻെറ ടോർച്ച് പോലീസുകാർ ബലമായി പിടിച്ചുവാങ്ങുകയും ഞങ്ങൾ പോരുമ്പോൾ തിരിച്ചേൽപ്പിക്കുകയും ചെയ്തു. ഇവരുടെയെല്ലാം കണ്ണുവെട്ടിച്ചുകൊണ്ടു് എൻെറ കൈവശം കരുതിയിരുന്ന എവറഡി കമാണ്ടർ സർച്ച് ലൈററ് ഞാനും തെളിയിച്ചു. ഇതിനിടെ കർപ്പൂരം കത്തിച്ചുപിടിച്ച പോലീസുകാരൻെറ കൈപൊള്ളിയകാരണം തീ താഴേക്ക് വീഴുകയും അവിടെയുള്ള പുല്ലിനു് തീ പിടിക്കുകയും ചെയ്തു. തുടർന്നു് 20 മിനിറേറാളം തീ ആളിക്കത്തുകയും ചെയ്തതോടെ ജ്യോതി കാട്ടുതീയായി മാറി. തീ ആളിക്കത്തിയതോടെ ആകാശവാണിയുടെ റണ്ണിംഗ് കമൻററിക്ക് വാക്കുകൾ നഷ്ടപ്പെട്ടുപോയി. മാത്രവുമല്ല അയ്യപ്പൻെറ ദിവ്യജോതിസ്സുവിശ്വസിക്കാൻ അവർക്കും കഴിഞ്ഞില്ല. കുറേവർഷങ്ങളായി പല രൂപത്തിലും ജ്യോതികാണാറുള്ളതുകൊണ്ടായിരിക്കാം അവർക്ക് വാക്കുകൾ നഷ്ടപ്പെട്ടതു്. അല്ലെങ്കിൽ കഴിഞ്ഞ വർഷം അമളിപററിയതുപോലെ ഈ വർഷവും പററാതിരിക്കാൻ അവർ ശ്രദ്ധ ചെലുത്തിയിരിക്കണം. ഈ സമയത്തു് മേട്ടിൻെറ പല ഭാഗത്തുനിന്നും കൊച്ചു കൊച്ചു ദീപങ്ങൾതെളിഞ്ഞു. ഇതു് കൂടാതെ പമ്പാനദിയുടെ കിഴക്കേ ഭാഗത്തുള്ള മലയുടെ മുകളിൽ നിന്നും തീജ്ജ്വാലകളുയർന്നു. ഇതെല്ലാമായിരുന്നു 82-ലെ മകരജ്യോതികൾ. ഇതേവരെ നടത്തിയിരുന്ന മകരജ്യോതി തട്ടിപ്പ് ഇനിയേറെക്കാലം തുടരാനാവില്ലെന്നു് ദേവസ്വം ബോർഡിനു് തോന്നിത്തുടങ്ങിയെന്നാണു് മനസ്സിലാകുന്നതു്.

## പ്രമുഖ പത്രങ്ങൾ കണ്ട ജ്യോതിസ്സ്

### മാതൃഭൂമി കണ്ട ജ്യോതി

ത്രിവേണി (പമ്പ): "ശബരിമലയിൽ ബുധനാഴ്ച, വൈകിട്ടു് ഏഴുമണിയോടെ ദീപാരാധന നടന്നുകഴിഞ്ഞു് പൊന്നമ്പലമേട്ട് ഭാഗത്തു് മകരജ്യോതിസ് പോലെ അഞ്ച് മിനിട്ടു് നേരം ഒരു കൃത്രിമ ദീപപ്രകാശം കണ്ടു. മൂന്നു്

വാണം കത്തിച്ച് വിട്ടശേഷമാണു് ആരോ കൃത്രിമമായി മകരജ്യോതിസ് പ്രകാശിപ്പിച്ചതു്, സന്നിധാനത്തിൽ തിങ്ങി നിറഞ്ഞിരുന്ന പതിനായിരക്കണക്കിനു് അയ്യപ്പന്മാർ ഇതു് കണ്ടു. ഇതാരോ പററിച്ച പണിയാണെന്നു് എല്ലാവർക്കും ബോധ്യമായി. പലതരത്തിലും ഇതേപ്പററി അന്വേഷണം നടക്കുന്നുണ്ട്."
(കൃത്രിമജ്യോതികണ്ടു എന്ന തലക്കെട്ടിൽ 82 ജനുവരി 15 നു് മാതൃഭൂമി കോഴിക്കോട് എഡിഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട്)

## മനോരമ കണ്ട മകരജ്യോതി

സ്വന്തം ലേഖകൻ: "പൊന്നമ്പലമേട്ടിലെ മകരജ്യോതിസ് ദർശിക്കാൻ ഭക്തലക്ഷങ്ങൾ കൈകൂപ്പി കാത്തുനില്ക്കെ ഇന്നലെ സന്ധ്യയ്ക്കു് ഒന്നിലധികം ജ്യോതിസുകൾ കണ്ടു് ഭക്തജനങ്ങൾ അമ്പരന്നു. ആദ്യം കണ്ട വെളിച്ചത്തിനും കിഴക്കുമാറി വീണ്ടും വെളിച്ചം തെളിഞ്ഞു. തുടർന്നു് അണഞ്ഞും തെളിഞ്ഞും അവിടവിടെ വെളിച്ചങ്ങൾ മിന്നി. ഇതോടെ ഭക്തജനങ്ങൾ ആകെ ചിന്താക്കുഴപ്പത്തിലായി. മകരജ്യോതിസ് എന്നതു് തട്ടിപ്പാണെന്നും അതു് തെളിയിക്കാനായി പൊന്നമ്പലമേട്ടിൽ പലസ്ഥലങ്ങളിലും തങ്ങൾ ഇത്തരം ജ്യോതിസുകൾ കാണിക്കുമെന്നും യുക്തിവാദി സംഘം പ്രവർത്തകർ ലഘുലേഖകൾ പ്രചരിപ്പിച്ചിരുന്നു. യുക്തിവാദി സംഘം ഇതിനായി കഴിഞ്ഞവർഷം തന്നെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട് കഴിഞ്ഞ ബുധനാഴ്ച സന്ധ്യയ്ക്കു് പൊന്നമ്പലമേട്ടിൽ കണ്ട വെടിക്കെട്ടും ജ്യോതിസും ഇതിന്റെ മുന്നോടിയായിരുന്നുവെന്നും കരുതപ്പെടുന്നു.

('ഒന്നിലധികം ജ്യോതിസുകൾ' എന്ന തലക്കെട്ടിൽ മലയാള മനോരമ പ്രസിദ്ധീകരിച്ച റിപ്പോർട്ട് 1982 ജനുവരി 15, കോട്ടയം )

## ''ഒന്നിലധികം ജ്യോതിസ്''

ശബരിമല: പൊന്നമ്പലമേട്ടിലെ മകരജ്യോതിസ് ദർശിക്കാൻ ഭക്തലക്ഷങ്ങൾ കൈകൂപ്പി കാത്തുനിൽക്കെ വ്യാഴാഴ്ച സന്ധ്യക്ക് ഒന്നിലധികം ജ്യോതിസുകൾ കണ്ടു് ഭക്തജനങ്ങൾ അമ്പരന്നു. ആദ്യം കണ്ട വെളിച്ചത്തിനു് കിഴക്കുമാറി വീണ്ടും വെളിച്ചം തെളിഞ്ഞു. തുടർന്നു് അണഞ്ഞും തെളിഞ്ഞും അവിടവിടെ വെളിച്ചങ്ങൾ മിന്നി. ഇതോടെ ഭക്തജനങ്ങൾ ആകെ ചിന്താക്കുഴപ്പത്തിലായി. മകരജ്യോതിസ് എന്നതു് തട്ടിപ്പാണെന്നും അതു തെളിയിക്കാനായി പൊന്നമ്പലമേട്ടിൽ പലസ്ഥലങ്ങളിലും തങ്ങൾ ഇത്തരം ജ്യോതിസുകൾ കാണിക്കുമെന്നും യുക്തിവാദി സംഘം പ്രവർത്തകർ ലഘുലേഖകൾ പ്രചരിപ്പിച്ചിരുന്നു. ബുധനാഴ്ച സന്ധ്യക്ക് പൊന്നമ്പലമേട്ടിൽ കണ്ട വെടിക്കെട്ടും ജ്യോതിസും ഇതിന്റെ മുന്നോടിയായിരുന്നുവെന്നും കരുതപ്പെടുന്നു.

[ മലയാളമനോരമ. ജനുവരി-16 കോഴിക്കോട്ടു് ]

ഈ റിപ്പോർട്ടുകൾക്കു് ശേഷം ഒരാഴ്ച കഴിഞ്ഞു് മനോരമപത്രത്തിൽ മലയാളമനോരമയുടെ ലേഖകനായ വി. കെ. ബി മകരജ്യോതിസ്സിനെക്കുറിച്ച്

ഒരു ലേഖനമെഴുതുകയുണ്ടായി. സർക്കാർ ഏജൻസികൾ മുഖേന നടത്തുന്ന ഈ പരിപാടി തനി തെമ്മാടിത്തമാണെന്നു് ആ ലേഖനത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ആ ലേഖനം ചുവടെ ചേർക്കുന്നു.

## ദൈവമേ ഇവരോടു പൊറുക്കേണമേ

"ഇത്തവണ ഞങ്ങൾ പൊന്നമ്പലമേട്ടിൽ പോകുന്നുണ്ടു്. വരാമെങ്കിൽ കാണിച്ചുതരാം!"

ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ഓഫർ ആണു്. എന്തുകാണിച്ചുതരാമെന്നാണു്? മകരജ്യോതി! ഒട്ടും അത്ഭുതം തോന്നിയില്ല. ഇതിനുമുമ്പും ഇതേപ്പററി കേട്ടിട്ടുള്ളതാണു്. ഭക്തജനങ്ങൾ ഉൾക്കുളിരോടെ ഭക്ത്യാവേശം പൂണ്ടു് കൈകൂപ്പിതൊഴുന്ന ആ ദിവ്യജ്യോതിസ് കൊളുത്തിക്കാണിച്ച ഒരു വീരൻ തന്നെ അക്കഥ പറഞ്ഞിട്ടുള്ളതാണ്.

വിശ്വാസം തികച്ചും വ്യക്തിഗതമാണു്. അതിന്റെ ന്യായാന്യായങ്ങളിലേക്കോ ഔചിത്യനൗചിത്യങ്ങളിലേക്കോ മററാർക്കും കടന്നുചെല്ലേണ്ട കാര്യമില്ല. പക്ഷേ, ഭക്തജനങ്ങളെ മനഃപൂർവ്വം കബളിപ്പിക്കുക, അതിനു് സർക്കാരിന്റെ ഏജൻസികൾ കൂട്ടുനില്ക്കുക എന്നതു് വെറും തെമ്മാടിത്തമാണു്.

ഈ ലേഖകൻ അയ്യപ്പഭക്തനാണു്. എല്ലാവർഷവും ശബരിമലക്കുപോകാറുണ്ടു്. പോയിട്ടുള്ള ക്ഷേത്രങ്ങളിൽ ഏററവും കൂടുതൽ ചൈതന്യവത്തായതു് ശബരിമലയാണെന്ന വിശ്വാസക്കാരനുമാണു്. അവിടെ വലുപ്പചെറുപ്പമില്ല; ജാതിഭേദമില്ല. അവിടെ മനുഷ്യൻ മനുഷ്യനാണു്.

കണ്ടറിഞ്ഞും കേട്ടറിഞ്ഞും സന്നിധാനത്തിലേയ്ക്കുള്ള ഭക്തജനപ്രവാഹം ഓരോവർഷവും ഇരട്ടിയിലേറെയെന്നവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ദേവസ്വം ബോർഡിന്റെ വരുമാനം കൂടികൊണ്ടിരിക്കുകയാണു്. പിന്നെയെന്തിനു് ഈ വഞ്ചന ?

മകരവിളക്കിന്റെയന്നു് സായം സന്ധ്യയിൽ പൊന്നമ്പലമേട്ടിൽ തെളിയുന്ന വെളിച്ചം പണ്ടു്, കാടന്മാർ കത്തിച്ചിരുന്നതാണെങ്കിൽ ഇപ്പോൾ പോലീസിന്റെ സംരക്ഷണയിൽ ഇലക്ട്രിസിററി ബോർഡു് ജീവനക്കാരും ചേർന്നു് കത്തിക്കുകയാണു്. ഇതു വഞ്ചനയല്ലെങ്കിൽ പിന്നെന്താണു് ? അനുഭവങ്ങളുടെയും മാനസികാവസ്ഥയുടെയും അടിസ്ഥാനത്തിൽ ഉണ്ടാകുന്നതാണു് വിശ്വാസം. അതാരും കത്തിവച്ചുണ്ടാക്കേണ്ടതല്ല. അങ്ങനെ വുണ്ടാക്കുന്നതൊന്നും വാഴുകയുമില്ല. അതിനുശ്രമിക്കുന്നവർ ഭ്രാന്തന്മാരാണു്. ഒരിക്കൽ ഒരു രംഗം ഈ ലേഖകൻ കണ്ടു് ഒരു മൂകബാലന്റെ പേരിൽ നടത്തുന്ന ചൂഷണം. കുറെപ്പേർ ഒരു ഉച്ചഭാഷിണിയുടെ മുമ്പിൽ ഒരു ബാലനെ നിർത്തി അവനെ കൊണ്ടു് ശരണം വിളിപ്പിക്കാൻ ശ്രമിക്കുകയാണു്. ആ ശ്രമത്തെ ഒരു തരത്തിലും കുററം പറയുന്നില്ല. പക്ഷേ എത്ര ശ്രമിച്ചിട്ടും മിണ്ടാൻ കഴിയാത്ത ബാലൻ 'മിണ്ടി'യെന്നു കള്ളം പറയുന്നതു് ചൂഷണമല്ലേ ?

വിശ്വാസം കൊണ്ടു് രോഗങ്ങൾ മാറിയിട്ടുണ്ടു്, മൂകൻ സംസാരിച്ചിട്ടുണ്ടു്. പക്ഷേ, "കണ്ടോ അവൻ സംസാരിക്കുന്നു. ജനിച്ച നാൾ തൊട്ടു സംസാരിക്കാൻ കഴിവില്ലാതിരുന്ന ഈ കുട്ടി ഇതാ ശരണം വിളിക്കുന്നു." എന്നു ഉച്ചഭാഷി

ണിയിലൂടെ ഉച്ചത്തിൽ കള്ളം പറയുമ്പോഴും ആ ബാലൻ 'ബ് ബ് ബ്' എന്നു് പറഞ്ഞുകൊണ്ടിരുന്നതേയുള്ളു എന്നു് കാണുമ്പോൾ പുച്ഛമാണു്, വെറുപ്പാണു് തോന്നുന്നതു്.

മനുഷ്യന്റെ ഭക്തിയെ, അവന്റെ വ്യക്തിഗതമായ വിശ്വാസത്തെ ചൂഷണം ചെയ്തു് വിററു കാശാക്കുന്നവർ ആരായാലും അവർ വെറുക്കപ്പെടേണ്ടവരാണു്. ശബരിമലയിൽ മാത്രമല്ല, ഹൈന്ദവക്ഷേത്രങ്ങളിൽ മാത്രമല്ല, മററു ചില ദേവാലയങ്ങളിലും മനുഷ്യനിർമ്മിത ദിവ്യത്ഭുതങ്ങൾ കാണിക്കാറുണ്ടു്. അതൊരിക്കൽ പൊട്ടിത്തെറിക്കുമ്പോൾ വിശ്വാസികളുടെ വിശ്വാസമാണു് പൊട്ടിത്തെറിക്കുന്നതെന്നു് ഇപ്പോൾ അവർ അറിയുന്നില്ല.

ഒന്നേ പറയാനുള്ളു. ദൈവമേ ഇവരോടു് പൊറുക്കേണമേ."

[ മലയാളമനോരമ 1982 ജനുവരി 21 ]

## പൊന്നമ്പലമേട്ടിലെ പോലീസ് മർദ്ദനം

1983-ൽ യുക്തിവാദികൾ വീണ്ടും പൊന്നമ്പലമേട്ടിൽ ചെല്ലുകയുണ്ടായി. പൊന്നമ്പലമേട്ടിൽ ചെന്ന യുക്തിവാദികളെ ആ വർഷം പോലീസ് മൃഗീയമായി തല്ലിച്ചതക്കുകയുണ്ടായി. പോലീസിന്റെ ആ കിരാത മർദ്ദനത്തെക്കുറിച്ചു് കല്ലിയൂർ പ്രസന്നരാജിന്റെ "മകരജ്യോതിസ്സു് തട്ടിപ്പും പൊന്നമ്പലമേട്ടിലെ പോലീസ് മർദ്ദനവും" എന്ന ലഘുലേഖയിൽ പറയുന്നുണ്ടു്. ലഘുലേഖയിൽ പറയുന്ന പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"മകരജ്യോതിസ് കത്തിക്കുന്നതിനു് കുറച്ചിപ്പുറമായി വഴിക്കരുകിൽ ആദ്യബാച്ചിലുണ്ടായിരുന്ന അറുപതുകഴിഞ്ഞ ശ്രീ. കീഴ പാളൂർ ചെല്ലപ്പൻപിള്ള ഇരിക്കുന്നതു് കണ്ടിട്ടു് അവിടെ ഇരിക്കുന്നതെന്താണെന്നു് ഞാൻ തിരക്കി. 'മുകളിൽ എന്തോ കുഴപ്പം നടക്കുന്നു'വെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആ മറുപടിയിൽ ശ്രദ്ധിക്കാതെ ഞാനും എന്നോടൊപ്പമുണ്ടായിരുന്നവരും മുകളിലേക്കു നടന്നു. അപ്പോഴാണു് അപ്രതീക്ഷിതമായ ആ കാഴ്ച കണ്ടതു്.

മകരജ്യോതിസ് കത്തിക്കുന്ന പാറയിൽനിന്നും നൂറടിയോളം അകലെ ഒരു പാറമേൽ ആദ്യസംഘത്തിലുള്ളവരെല്ലാം ഇരിക്കുന്നു. ആരും ഷർട്ടും ബനിയനും ധരിച്ചിട്ടില്ല. എല്ലാവർക്കും ക്ഷീണിച്ചതും നിസ്സഹായത സ്ഫുരിക്കുന്നതുമായ മുഖഭാവം. ചുററും പോലീസ്. ഈ രംഗം ദൂരെ നിന്നു കണ്ടപ്പോൾ തന്നെ എന്തോപന്തികേടുണ്ടെന്നു് ഞങ്ങൾക്കു് മനസ്സിലായി. എങ്കിലും അങ്ങോട്ടേക്കു് തന്നെ നടന്നു. ഇതിനിടെ ഒരാളെ ഒരു എസ്. ഐ. അടിക്കുന്നതു് കണ്ടു. അപ്പോഴാണു് രംഗത്തിന്റെ ചൂടു് ശരിക്കും മനസ്സിലായതു്. ഞങ്ങളുടെ വേഗത കുറഞ്ഞു. എന്റെ കൈവശമുണ്ടായിരുന്ന മാസികയും ജീപ്പുകളുടെ നമ്പർ കുറിച്ചെട്ടത്തപേപ്പറും നടക്കുന്നതിനിടയിൽ ആ പുല്ലുകൾക്കിടയിലേക്കെറിഞ്ഞു. എന്നോടൊപ്പമുണ്ടായിരുന്നവരിൽ ചിലരും എന്തൊക്കെയോ ഉപേക്ഷിച്ചിരുന്നു. ഞങ്ങൾ വരിയായി കയറിച്ചെന്നപ്പോൾ ആദ്യത്തെ സുഹൃത്തിനോടു് എന്തിനു് വന്നെടാ എന്നു് ചോദിച്ചുകൊണ്ടു് മുതുകിൽ ഒരു പോലീസുകാരൻ ഇടിച്ചു. 'ഉടുപ്പു് ഊരെടാ' എന്നുപറഞ്ഞുകൊണ്ടു് മറെറാരാൾ അടുത്തൊരിടിയും കൊടുത്തു. അപ്പോ

ഴേക്കും ഷർട്ടൂരിയെറിഞ്ഞിട്ട് അയാൾ ഇരുന്നുകഴിഞ്ഞിരുന്നു. അടുത്തതായിചെന്നവർക്കും ഒക്കെ അടിയോ ഇടിയോ കിട്ടി.

ഷർട്ട് ഊരികൊണ്ടാണു് ഞാൻ കടന്നു ചെന്നതെങ്കിലും എന്നെയും അടിച്ചു. അപ്പോഴാണു് ഞാൻ കഴുത്തിൽ ഒരു ശംഖുമാല ഇട്ടിരിക്കുന്നതു് അവർ കണ്ടതു്. "മാലയിട്ടോണ്ടാണോടാ വന്നിരിക്കുന്നതു്". എന്നുചോദിച്ചുകൊണ്ടു് വീണ്ടും ആരോ അടിച്ചു. ശബരിമലയിൽ പോകുന്നവർ ഇടുന്ന മാലയാണെന്നായിരിക്കണം അവർ ധരിച്ചതു്. അതിനാൽ ഇതു ശംഖുമാലയാണു്; എന്നു് അടുത്ത അടിക്കുമുമ്പ് വിളിച്ചുപറഞ്ഞുകൊണ്ടു് വേഗത്തിൽ മററുള്ളവരോടൊപ്പം ഞാൻ ഇരിപ്പുറപ്പിച്ചു. ഇതിനകം എൻെറ കഴുത്തിലുണ്ടായിരുന്ന ശംഖുമാല പൊട്ടിച്ചിതറിപ്പോയിരുന്നു. എത്ര അടി കിട്ടിയെന്നോ ഇടികിട്ടിയെന്നോ കൃത്യമായി ഓർക്കാൻ ശ്രമിച്ചിട്ടു് അതിനുകഴിഞ്ഞില്ല. പക്ഷേ മുതുകിൽ മുറിവിൽ നിന്നുണ്ടാകാറുള്ള വേദന അനുഭവപ്പെട്ടപ്പോൾ ഞാൻ കൈകൊണ്ടു് ആ ഭാഗം തടവിനോക്കി. കൈയ്യിൽ രക്തം പുരണ്ടു. അവർ അടിക്കുകയും ഇടിക്കുകയും ചെയ്തെങ്കിലും മുറിവെങ്ങനെയുണ്ടായി എന്നെനിക്കു മനസ്സിലായില്ല. ഒരു പക്ഷെ മുളവടികൊണ്ടു് കുത്തിയതായിരിക്കുമോ? എൻെറ തൊട്ടടുത്തിരുന്ന ഒരു സുഹൃത്തിനോടു് സ്ഥലം എവിടെയാണെന്നു് ഒരു പോലീസുകാരൻ ചോദിച്ചു. മറുപടി പറഞ്ഞതും ആ സുഹൃത്തിൻെറ മുതുകിൽ പോലീസുകാരൻ ചവിട്ടിയതും ഒന്നിച്ചുകഴിഞ്ഞു. അടുത്തചവിട്ടു് എനിക്കാണെന്ന പ്രതീക്ഷയിൽ എൻെറ മുതുകു് ചവിട്ടുകൊള്ളാൻ തയ്യാറെടുത്തു പക്ഷേ, അയാൾ എന്നെ ചവിട്ടിയില്ല ഒരു പക്ഷെ മുതുകിൽ മുറിവു കണ്ടതു കൊണ്ടാകാം.

ഇത്തരത്തിലൊരു മർദ്ദനം ആരും പ്രതീക്ഷിച്ചിരുന്നതല്ലാത്തതു കാരണം, മാനസികമായും ശാരീരികമായും എല്ലാവരും തളർന്നുപോയി. ആരും ഒന്നും ശബ്ദിച്ചില്ല. ഏതാനും പോലീസുദ്യോഗസ്ഥൻമാർ അവിടെനിന്നും മാറിനിന്നിരുന്നു. ബാക്കിയുള്ളവർ ഞങ്ങളിൽ ചിലരെ ചോദ്യം ചെയ്യുകയും തല്ലുകയും ചെയ്തു. ഇതിനിടെ റൈഫിൾ നിറച്ചുവെയ്ക്കാൻ റൈഫിൾധാരിയായ പോലീസുകാരനോടു ഒരു മേലുദ്യോഗസ്ഥൻ പറയുന്നതുകേട്ടു."

കൊല്ലം റിസർവ്വ് ക്യാമ്പിലെ ഡി. വൈ. എസ്. പി. റാങ്കിലുള്ള (ഇന്നു റിട്ടയർ ചെയ്തു) 'നരിമാൻ' എന്നു് പോലീസുകാരുടെയിടയിൽത്തന്നെ കുപ്രസിദ്ധിയാർജ്ജിച്ച രാമചന്ദ്രൻ നായരായിരുന്നു ഈ മർദ്ദനത്തിനു് നേതൃത്വം കൊടുത്തതു്.

## ഡി. വൈ. എസ്. പി. ഗോപാലകൃഷ്ണപിള്ള കൊളുത്തിയ മകരജ്യോതി

1984-ൽ ഈ ലേഖകൻ അവിടെ ചെല്ലുകയുണ്ടായി. കർശനമായ പോലീസ് ബന്തവസ്സിലായിരുന്നു ആവർഷവും മകരജ്യോതിസ് കൊളുത്താൻ അവർ വന്നിരുന്നതു്. ഞാൻ അന്നു് പോലീസ് ഡിപ്പാർട്ടുമെൻറിൽ ജോലിചെയ്തിരുന്നതുകൊണ്ടു് പലരും പരിചയക്കാരയിരുന്നതുകൊണ്ടണു് എനിക്കു് കുന്നിലേയ്ക്കു് പ്രവേശനം കിട്ടിയതും കാണാൻ കഴിഞ്ഞതും. എങ്കിൽ തന്നെയും പെട്രോൾ ഡ്യൂട്ടി നടത്തിയിരുന്ന കുണ്ടറ എസ്. ഐ. ആയിരുന്ന സത്യരാജൻ എന്നെ തട

യുകയുണ്ടായി. (അദ്ദേഹത്തെ എനിക്കു പരിചയമില്ലായിരുന്നു) അവസാനം സത്യരാജനു് ഞാൻ പോലീസ് ഡിപ്പാർട്ടുമെൻറിൽ തന്നെയുള്ള ആളാണെന്നു് ബോദ്ധ്യപ്പെടുകയും പ്രവേശനം തരികയുമാണുണ്ടായതു്. ഞാൻ പൊന്നമ്പലമേടി (ഉയർന്നകുന്നു്)ന്റെ മുകൾഭാഗത്തു് ചെന്നപ്പോൾ കൊല്ലം ക്രൈം ഡിററാച്ച്മെൻറ് ഡി വൈ എസ് പിയായ കായംകുളം കററാനത്തുകാരനായ ഗോപാലകൃഷ്ണപിള്ള (ഇപ്പോൾ റിട്ടയർ ചെയ്തു) യുടെ നേതൃത്വത്തിൽ 30-ഓളം പോലീസുകാർ ഒരു ഭാഗത്തു് കൂടി നില്പുണ്ടു്. മറെറാരുഭാഗത്തായി ദേവസ്വത്തിലെ ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും ഇലക്ട്രിസിററി ബോർഡിലെ ചില ഉദ്യോഗസ്ഥന്മാരും അവരുടെ കുടുംബവും മാറി നിന്നു് മാറി മാറി ബയനോക്കുലർ വച്ചു് ശബരിമലയിലേയ്ക്കു് നോക്കുന്നുണ്ടായിരുന്നു. യൂണിഫോമിട്ട ഫോറസ്റ്റുദ്യോഗസ്ഥൻ ഒരു ചാക്കുനനച്ചു് നാലായിമടക്കി പിടിച്ചുകൊണ്ടു് നില്ക്കുന്നുണ്ടായിരുന്നു. അവർ രണ്ടു് മൂന്നുപേർ ഉണ്ടായിരുന്നു. കൂടാതെ പമ്പാ കോളനി നിവാസികളായ കുറെപ്പേരും അവിടെയുണ്ടായിരുന്നു. അവിടെ നിന്നു് നോക്കിയാൽ ശബരിമല കാണാവുന്നതാണു്. സന്ധ്യയായാൽ ശബരിമലയിൽ വൈദ്യുതവിളക്കുകൾ കത്തി നിൽക്കുന്നതു് കാണാം. കുന്നിൻപുറം പാറപ്പുറമാണു്. സ്വാമിയെശരണമയ്യപ്പാ, പൊടിയൻ ചന്ദ്രൻ, ഒരു ശൂലം എന്നിവ പാറയിൻ കൊത്തിവെച്ചിട്ടുണ്ടു്.

ഡി. വൈ എസ്. പിയുടെ കയ്യിലുള്ള ഒരു ട്രാൻസിസ്ററിലൂടെ ശബരിമലയിലെ കമൻററി പറയുന്നതു് കേൾക്കാമായിരുന്നു. ആറേമുക്കാൽ മണിയായപ്പോൾ അടുത്തുനിന്ന പോലീസുകാരനോടു് ഡി. വൈ. എസ്. പി ചോദിച്ചു: 'തിരുവാഭരണം ചാർത്തി നടഅടച്ചുകഴിഞ്ഞു് തുറക്കുമ്പോഴെന്നല്ലേ പറഞ്ഞതു്' 'സർ' ഡി. വൈ. എസ്. പിയുടെ ചോദ്യവും പോലീസുകാരന്റെ മറുപടിയും. 'ങാ കൊളുത്തിക്കോ' ഡി. വൈ. എസ്. പി പറഞ്ഞു. പിന്നൊട്ടും താമസിച്ചില്ല. നേരത്തെ തയ്യാറാക്കി വെച്ചിരുന്ന അലുമിനിയം പാത്രത്തിലെ കർപ്പൂരത്തിൽ ഇലക്ട്രിസിററി ബോർഡിലെ ഒരുദ്യോഗസ്ഥൻ തീപ്പെട്ടിക്കൊള്ളി ഉരച്ചു് തീകത്തിച്ചു് വെക്കുകയും അതുയർത്തി മൂന്നുപ്രാവശ്യം കാണിക്കുകയും ചെയ്തു. ഇതു് ഉയർത്തിയപ്പോൾ ശബരിമലയിൽ ജ്യോതി കണ്ടതിന്റെ ആരവം റേഡിയോവിലൂടെ കേൾക്കാമായിരുന്നു. ഇതു്കഴിഞ്ഞു് എല്ലാവരും അവിടെനിന്നും പുറപ്പെടുകയായി.

ഈ തട്ടിപ്പാണു് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതു്.

1989 ഫെബ്രുവരിയിലെ മലയാളമനോരമയിൽ വി. കെ ബി മകരജ്യോതിസിനെക്കുറിച്ചു് വീണ്ടുമൊരു ലേഖനമെഴുതുകയുണ്ടായി. വിശ്വാസികളെ വഞ്ചിക്കുന്നതിനെതിരെയുള്ള വിശ്വാസിയുടെ എതിർപ്പായിരുന്നു അതു്. എല്ലാ അയ്യപ്പന്മാരുടെയും പ്രതിനിധി എന്ന നിലയിൽ വി. കെ. ബി എന്ന വിശ്വാസിയുടെയെങ്കിലും ചോദ്യങ്ങൾക്കു് ഉത്തരം പറയാൻ ദേവസ്വം ബോർഡോ, ക്ഷേത്ര വിമോചന സമിതിയോ സർക്കാരോ തയ്യാറാണോ.

വി. കെ. ബിയുടെ ലേഖനം ചുവടെ ചേർക്കുന്നു.

## ഭക്തിക്കു് ലഹരികൂട്ടാൻ ദൈവത്തെ കാലുവാരുന്നു

"മല ചവിട്ടി, പടി ചവിട്ടി, തൃപ്പാദങ്ങൾ തേടിയെത്തിയ ഭക്തലക്ഷങ്ങളുടെ തൊഴുകൈകൾക്കു് മുകളിൽ മകരസന്ധ്യയുടെ മഹാജ്യോതിസ്.... ...മകരജ്യോതിസ് കണ്ടു വണങ്ങി, മലനടതൊട്ടുവണങ്ങി, അയ്യപ്പതേജസിൽ മനമാകെ മുങ്ങി, ഭക്തന്മാർ മലയിറങ്ങുകയായി."

"ഭക്തജനലക്ഷങ്ങളുടെ കണ്ഠത്തിൽ നിന്നു് ശബരീശമന്ത്രം ദിഗന്തങ്ങളെ ഭേദിക്കുമാറു് ഉയരവേ ശനിയാഴ്ച സായം സന്ധ്യക്കു് 6 37 നു് പൊന്നമ്പലമേട്ടിൽ മകരജ്യോതി ഒളിമിന്നി. ആത്മനിർവൃതി പൂണ്ട അയ്യപ്പഭക്തന്മാർ ആനന്ദനൃത്തമാടി."

"മലമുകളിൽ ഒളിമിന്നിയ മകരജ്യോതി കണ്ടു ജനലക്ഷങ്ങൾ നിർവൃതിയുടെ മലയിറക്കം തുടങ്ങി."

പത്രവാർത്തകളാണു്. മകരവിളക്കിന്റെ പിറേറന്നു് പുറത്തിറങ്ങിയ പത്രങ്ങൾ മൂന്നും നാലും കോളം തലക്കെട്ടുകൾ നിരത്തി 'ലക്ഷങ്ങൾ ജ്യോതി ദർശിച്ചു.'

ശരിയാണു് പതിവുപോലെ ഇക്കൊല്ലവും ഭക്തജന ലക്ഷങ്ങൾ പൊന്നമ്പലമേട്ടിൽ നിന്നു് അന്തരീക്ഷത്തിൽ തെളിഞ്ഞ ആ "ദിവ്യ വെളിച്ചം" കണ്ടു.

അവർ നിർവൃതരായി

അവരെ കബളിപ്പിച്ചവരും

കുറെ വർഷങ്ങൾക്കുമുമ്പ് കൃത്യമായിപറഞ്ഞാൽ 1982 ജനുവരി 23-നു്, ഈ പംക്തിയിൽ ഈ ലേഖകൻ എഴുതി. മകരവിളക്കിന്റെയന്നു് സായം സന്ധ്യയിൽ പൊന്നമ്പലമേട്ടിൽ തെളിയുന്നവെളിച്ചം പണ്ടു് കാടന്മാർ കത്തിച്ചിരുന്നതാണെങ്കിൽ ഇപ്പോൾ പോലീസിന്റെ സംരക്ഷണയിൽ ഇലക്ട്രിസിററി ബോർഡു് ജീവനക്കാരും ചേർന്നു് കത്തിക്കുകയാണു്. ഇതുവഞ്ചനയല്ലെങ്കിൽ പിന്നെയെന്താണു്.

അതു് വഞ്ചന തന്നെയാണു്. ആ വഞ്ചന ഇന്നും തുടരുന്നു. അന്നു് ഞാൻ എഴുതി; വിശ്വാസം തികച്ചും വ്യക്തിഗതമാണു്. അതിന്റെ ന്യായാന്യായങ്ങളിലേയ്ക്കോ ഔചിത്യാനൗചിത്യങ്ങളിലേയ്ക്കോ മററാർക്കും കടന്നുചെല്ലേണ്ടകാര്യമില്ല. പക്ഷേ, ഭക്തജനങ്ങളെ മനഃപൂർവ്വം കബളിപ്പിക്കുക അതിനു സർക്കാരിന്റെ ഏജൻസികൾ കൂട്ടുനിൽക്കുക എന്നതു വെറും തെമ്മാടിത്തമാണു്"

ഇന്നും കാണിക്കുന്നതു് അതുതന്നെയാണു്

ആ ലേഖനമെഴുതിയതിന്റെ പിറേറക്കൊല്ലം പതിവുപോലെ കെട്ടെടുത്തു സന്നിധാനത്തിലെത്തിയ എടന്നാട്ടു് ദേവസ്വം ഭാരവാഹികളായ ചില സുഹൃത്തുക്കൾ പറഞ്ഞു: "സംഗതി ശരിയാണു്. പക്ഷെ, എല്ലാ ശരിയും വിളിച്ചു പറയണമെന്നുണ്ടോ? അതും നിങ്ങളെന്തിനിതു പറയണം?".

അർത്ഥം താനൊരു ഹിന്ദുവല്ലേ. എന്നിട്ടും എന്തിനതു് പറഞ്ഞു?

ഒരു പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. "ശരിയാണു്, പക്ഷെ, ആ ദീപം അവിടെ കണ്ടില്ലെങ്കിൽ, പിന്നെ ദീപാരാധന തൊഴാൻ ഈ ലക്ഷക്കണക്കിനാളുകൾ അമ്പലത്തിനകത്തേക്ക് തള്ളിക്കയറും പിന്നെ എന്തായിരിക്കും സ്ഥിതി"

എത്ര നല്ലൊരു ടെക്നിക്ക്!

പൊന്നമ്പലമേട്ടിൽ പിന്നൊരിക്കൽ യുക്തിവാദികൾ തള്ളിക്കയറി. അന്നു് "മകര ജ്യോതിസ്" മൂന്നിടത്തു കണ്ടു! പതിവുകാർ കത്തിച്ചതും യുക്തിവാദികൾ കത്തിച്ചതും.

ഒരു വയോവൃദ്ധൻ എഴുതി, പണ്ടൊക്കെ മകരജ്യോതിസ് കാണാറില്ലായിരുന്നു. പിന്നെന്നോ തുടങ്ങിയതാണെന്ന്.

ആരുണ്ടിതൊക്കെ ശ്രദ്ധിക്കാൻ!

ഈ ലേഖകൻ ഈശ്വരവിശ്വാസിയാണു്. ശബരിമല അയ്യപ്പന്റെ മുദ്രയുള്ള മാല എന്നും ധരിക്കുന്നവനാണു്. അനുഭവങ്ങളുടെയും മാനസികാവസ്ഥയുടെയും അടിസ്ഥാനത്തിൽ ഉണ്ടാകുന്നതാണു് വിശ്വാസം. അതു് വ്യക്തിഗതമാണ്. ആ വിശ്വാസത്തെ ചൂഷണംചെയ്തു് വിററു് കാശാക്കുകയാണു് ഇന്നും ദേവസ്വം അധികാരികൾ.

അല്ലേ, ഭട്ടതിരിപ്പാടേ? അല്ലേ, വിശ്വനാഥമേനോൻ? പല ദേവാലയങ്ങളും, എല്ലാ മതവിഭാഗക്കാരുടെയും ആസൂത്രിതമായ പ്രചാരണംകൊണ്ടു് പ്രസിദ്ധി നേടിയവയാണ്. പക്ഷേ, ശബരിമലക്ഷേത്രത്തിനു് കേരളത്തിന്റെ പുറംനാട്ടുകളിൽ കിട്ടിയ പ്രസിദ്ധി അന്നാട്ടുകളിൽ പാർക്കുന്ന മലയാളികൾ അവരുടെ വിശ്വാസം മറുനാട്ടുകാർക്കു് പകർന്നു് നേടിയെടുത്തതാണ്. അതു് അനാസൂത്രിതമാണ്. അകൃത്രിമമാണ്.

ഇങ്ങനെ പടർന്നു പരന്നുകൊണ്ടിരിക്കുന്ന വിശ്വാസത്തെ, അകൃത്രിമഭക്തിയുടെ വേലിയേററത്തെ മുതലെടുക്കാനുള്ള, ചൂഷണംചെയ്യാനുള്ള ജുഗുപ്സാവഹമായ കൃത്രിമ തന്ത്രങ്ങൾ നാം ഇവിടെ നടത്തികൊണ്ടിരിക്കുന്നു.

എന്തിന്?

ഭക്തിക്ക് ലഹരികൂട്ടാൻ. അതിനു് ചിലർ ദൈവത്തിനെ കാല്യവാരുന്നു.

ഈ പണി അവസാനിപ്പിക്കാൻ ദേവസ്വംബോർഡിനു കഴിയുകയില്ലേ? അതോ, 'മൂലധന'ത്തിൽ തൊട്ടു സത്യംചെയ്തു്. വിശ്വാസം വിററു് മുതലാക്കാൻ സഖാക്കളെ പറഞ്ഞയക്കുന്നവർക്കു് ഇതുമൊരു മുടക്കമുതൽ എന്നായിരിക്കുമോ ചിന്ത? ആവോ?

ടൂറിനിലെ തിരുവസ്ത്രം വർഷങ്ങളായി ക്രൈസ്തവ മതവിശ്വാസികളുടെ ഹരമായിരുന്നു. ഇന്നതിനു് മനുഷ്യന്റെ അടിവസ്ത്രത്തിന്റെ വിലപോല്യമില്ല. 'തിരുവസ്ത്രം' വ്യാജമാണെന്നു തെളിയിക്കപ്പെട്ടു. അതോടെ എത്രായിരങ്ങളുടെ മനസിൽ വിശ്വാസത്തിന്റെ നൂലിഴകൾ പൊട്ടി!

പക്ഷേ, 'തിരുവസ്ത്ര' ത്തിന്റെ 'തിരു' മാററിയതു് മതാധികാരികൾ തന്നെയായിരുന്നു എങ്ങനെയോ സംഭവിച്ച തെററവർ തിരുത്തി. തെററു് തെ

ററാണെന്നു തെളിഞ്ഞപ്പോൾ. പൊന്നമ്പലമേട്ടിലും നമുക്ക് ആ തെററു തിരുത്തിക്കൂടെ? ഇല്ലെങ്കിൽ അവിടെ കത്തിക്കുന്നതു കർപ്പൂരമല്ല മനുഷ്യൻെറ വിശ്വാസമാണെന്ന് നാളെ നാം മനസ്സിലാക്കേണ്ടി വരും.

അതിനുവേണ്ടി കാത്തിരിക്കണോ? വിശ്വാസം കത്തിക്കരിയുന്നതും കാണാൻ.

(മലയാള മനോരമ, 1989 ഫെബ്രു: 10)

## ദിവ്യജ്യോതിസ് കൊളുത്തിക്കാണിച്ച ഫോറസ്ററർ കെ. എൻ. നടരാജൻ ആ സത്യം തുറന്നുപറയുന്നു

1960 മുതൽ 64 വരെ പമ്പയിലും 1980 മുതൽ 84 വരെ കക്കിയിലും ഇപ്പോൾ കൊല്ലത്തും ജോലി ചെയ്തുവരുന്ന അയ്യപ്പ ഭക്തൻകൂടിയായ ഫോറസ്റ്റർ കെ. എൻ നടരാജൻ മകരജ്യോതിസ്സിൻെറ കഥ എന്നോട് പറയുകയുണ്ടായി.

"മുകളിൽ സൂചിപ്പിച്ച വർഷങ്ങളിലെല്ലാം എൻെറ നേതൃത്വത്തിലാണ് പൊന്നമ്പല മേട്ടിൽ പോയി മകരജ്യോതിസ്സ് കൊളുത്തിക്കാണിച്ചതു്. 60 ലും 61 ലും പോകുമ്പോൾ എൻെറ കൂടെ ഇലക്ട്രിസിററിബോർഡിലെ അസിസ്ററൻറ് എഞ്ചിനീയറായിരുന്ന സുധാകരനും ഡ്രൈവർ നടരാജനും ഉണ്ടായിരുന്നു. 81-ൽ പോകുമ്പോൾ റെയ്ഞ്ചറായ സുധാകരൻപിള്ളയും ഫോറസ്റ്റ് ഗാർഡായ ലത്തീഫും ഉണ്ടായിരുന്നു. ഞങ്ങൾ മകരജ്യോതി കൊളുത്തുന്ന ദിവസം ഞങ്ങൾക്ക് ശബരിമലയിൽ നിന്നും പോലീസുമുഖേനയാണു് അറിവു ലഭിക്കുന്നതു്. വിവരം ലഭിച്ചാലുടൻ ഞങ്ങൾ പൊന്നമ്പലമേട്ടിൽ ചെല്ലുകയും ഒരു പാത്രത്തിൽ കർപ്പൂരമിട്ടു കൊളുത്തിക്കാണിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. റേഡിയോവിലൂടെ ലഭിക്കുന്ന അടയാളത്തിലൂടെയാണു് ഞങ്ങൾ കൃത്യനേരം മനസ്സിലാക്കുന്നതു്. ജ്യോതി ഇതാ ഉടൻ പ്രത്യക്ഷപ്പെട്ടും എന്നു പറയുമ്പോഴും ഞങ്ങൾ കൊളുത്തും പിന്നീട് പാത്രം ഉയർത്തിക്കാണിക്കും. ശബരിമലയിലെ ജനാരവം ഉടൻ റേഡിയോവിലൂടെയും അല്ലാതെയും കേൾക്കാവുന്നതാണു്.

യൂക്കാലിപററസ് കൃഷിചെയ്തിരിക്കുന്ന സ്ഥലമാണിതു്. കയ്യാലകളുണ്ടു് ഈ പ്രദേശത്തു്. 200 അടി താഴ്ചയിൽ പൊന്നമ്പലമേട്ടിൻെറ മറുവശത്തു് കൊക്കയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ മുകൾഭാഗം കാണാം. നല്ല കാററാണിവിടെ. സൂക്ഷിച്ചു നിന്നില്ലെങ്കിൽ ആ കാററിൽ നമ്മൾ, ഇളകി കൊക്കയിൽ പോകും. അതുകൊണ്ടു് ഞങ്ങൾ വളരെ സൂക്ഷിച്ചാണു് നിന്നിരുന്നതു്.

ജ്യോതി കൊളുത്തുന്നതിനുമുമ്പ് തേങ്ങാ മുറിച്ചുവെച്ച് ഒരു പൂജനടത്താറുണ്ടു്. പൂജ കഴിഞ്ഞു് എല്ലാപേർക്കും ദക്ഷിണകൊടുക്കാറുണ്ടു്.

കത്തിയെരിയുന്ന പാത്രം ഉയർത്തിക്കാണിച്ചിട്ട് താഴ്ത്തി വെക്കുമ്പോൾ അണക്കുന്നതിനായി ഒരു തോർത്തു് ഞങ്ങൾ നനച്ച് വെച്ചിരിക്കും. നനഞ്ഞ തോർത്തു് പാത്രത്തിനു മുകളിൽ ഇടുമ്പോൾ ജ്യോതി അണഞ്ഞുപോകും. വീണ്ടും കൊളുത്തും. ഈ പരിപാടി മൂന്നുപ്രാവശ്യം ആവർത്തിച്ചു കഴിഞ്ഞാൽ മകരജ്യോതിസ്സ് പരിപാടി അവസാനിക്കുകയാണു് പതിവ്. ഇതെല്ലാം എൻെറ ഡയറിയിൽ കുറിച്ചുവെച്ചിട്ടുള്ളതാണു്. 84-ൽ പോയപ്പോൾ ഞാനൊരു അയ്യപ്പ വിശ്വാസിയായതുകൊണ്ടു് അവിടെ കൊളുത്തിക്കാണിച്ച കുറെ കർപ്പൂരം ഒരു

ദിവ്യവസ്തുവായി വീട്ടിൽ കൊണ്ടുവരികയും ഒരു വർഷക്കാലം എന്റെ ഭാര്യ ഒരു ദിവ്യവസ്തുവായി പൂജാമുറിയിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു.

## തലൈവർ പറയുന്നു

ദേവസ്വം പ്രതിനിധികളുടെയും ഇല:ബോർഡ് ഉദ്യോഗസ്ഥന്മാരുടെയും ഫോറസ്റ്റുദ്യോഗസ്ഥന്മാരുടെയും നേതൃത്വത്തിൽ മകരജ്യോതിസ്സ് കൊളുത്തിക്കാണിക്കുന്ന കാര്യം പല വർഷങ്ങൾ പോയി കൊളുത്തിക്കാണിച്ചിട്ടുള്ള ഫോറസ്റ്റർ നടരാജനിൽ നിന്നും നമ്മൾ മനസ്സിലാക്കി. എന്നാൽ ഇവർക്ക് മുമ്പുള്ള കാലങ്ങളിൽ അവിടെപ്പോയി മലപ്പണ്ടാരങ്ങൾ ജ്യോതികൊളുത്തിക്കാണിച്ചിട്ടുള്ളതിനെക്കുറിച്ച് പൊന്നമ്പലമേട്ടിലുള്ള മലപ്പണ്ടാരം സമുദായത്തിൽപ്പെട്ട ഇന്നത്തെ തമിഴ്ത്തലൈവർ പറയുകയുണ്ടായി. "മകരം ഒന്നെന്നുപറയുന്നതു് ഞങ്ങളുടെ ആണ്ടുപിറവിയാണു്. ശബരിമല ദേവസ്വം ഏറെറടുത്തശേഷം ജ്യോതി കൊളുത്തിക്കാണിച്ചിരുന്നതു് ഞങ്ങളെക്കൊണ്ടായിരുന്നു. അന്നു് ഞങ്ങൾക്കു് ഇതിനു് പ്രതിഫലമായി ഒരുപറനെല്ലു് ദേവസ്വം ബോർഡു് തരുമായിരുന്നു

## പരുന്തല്ല പറക്കുന്നത്

ഇനി പരുന്തുപറക്കുന്നതിന്റെ രഹസ്യത്തെക്കുറിച്ചു നോക്കാം.

'ശ്രീഭൂതനാഥ സർവ്വസ്വം' എന്ന ഗ്രന്ഥത്തിൽ പരുന്തുപറക്കുന്നതിന്റെ ദിവ്യപശ്ചാത്തലത്തെക്കുറിച്ച് കുറുമള്ളൂർ നാരായണപിള്ള പ്രതിപാദിച്ചിട്ടുണ്ടു്. അതു് ചുവടെ ചേർക്കുന്നു.

"അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി തന്റെ നാട്ടിൽ നിന്നുപോകുന്ന ഭക്തജനങ്ങളുടെ യാത്രയിൽ അനുഗ്രഹിക്കുന്നതിനെന്നവണ്ണം എരുമേലിയിൽപേട്ടസമയത്തും പമ്പയിൽ സദ്യസമയത്തും ഗരുഡാരൂഢനായി എഴുന്നള്ളുന്നു എന്നുള്ളതു് സുദൃഢമായി വിശ്വസിക്കുന്ന ഒരു കാര്യമാണു്. മേൽപ്പറഞ്ഞ രണ്ടുഘട്ടങ്ങളിലും പടിഞ്ഞാറു് നിന്നു് ലക്ഷ്യംതെററാതെ ഒരു പരുന്തു് വന്നു് അമ്പലപ്പുഴ യോഗക്കാർക്കു് ദൃശ്യമാകത്തക്കവണ്ണം അവരുടെ സങ്കേതത്തിനു മുകളിൽ ചുററിക്കറങ്ങിക്കൊണ്ടിരിക്കും. ഇപ്രകാരം കണ്ടേ മതിയാകൂ എന്നു് ആ ദേശക്കാർക്കു നിർബന്ധമുള്ളതും ഇന്നും അങ്ങനെ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതും സത്യമായിട്ടുള്ളതാകുന്നു. പ്രത്യക്ഷമായിക്കണ്ടുവരുന്ന ഇപ്രകാരമുള്ള പല സംഭവങ്ങളും ലക്ഷ്യങ്ങളും അമ്പലപ്പുഴക്കാർക്കു ശബരിമലയിലുള്ള പ്രാധാന്യങ്ങൾക്കു നിദാനങ്ങളാകുന്നു."

പരുന്തുപറക്കുന്നതിന്റെ രഹസ്യത്തെക്കുറിച്ചു് അന്വേഷണം നടത്തിയിട്ടുള്ളവർ പരുന്തിനു് ഒരു ദിവ്യസ്ഥാനം കൊടുക്കാൻ തയ്യാറായികാണുന്നില്ല. കാരണം വിശ്വാസികൾ പറയുന്ന കൃത്യനേരങ്ങളിൽ മാത്രമല്ല പരുന്തിനെകാണുന്നതു് എന്നുള്ളതുകൊണ്ടാണു്. ശബരിമലയിലും പരിസരങ്ങളിലും പരുന്തു് എപ്പോഴുമുണ്ടു്. കല്യാണം, പുലകുളി തുടങ്ങിയ കാര്യങ്ങൾക്കു് ആൾക്കൂട്ടം ഉണ്ടാകുമ്പോൾ കാക്കയും മററും പറന്നുകൂടുന്നതുപോലെ ശബരിമലയിലെ ആളും ആരവവും പുകയും ആഹാര അവശിഷ്ടങ്ങളും കാണുന്നതോടെ എല്ലാപക്ഷികളും അവിടെ കേന്ദ്രീകരിക്കാറുണ്ടു്. ജ്യോതി പ്രത്യക്ഷപ്പെടുന്ന നേരത്താണു് മിക്കവാറും എല്ലാവരും ആകാശത്തേയ്ക്കു് ഉയർന്നു നോക്കുക. നോക്കുമ്പോൾ പരുന്തിനെ കാണുന്നു. ജ്യോതി പ്രത്യക്ഷപ്പെടാത്ത നേരത്തു് ഉയർന്നുനോക്കിയാലും കാണാ

ാുന്നതാണു്. എന്നാൽ അങ്ങനെ ആരും നോക്കാറില്ല. അതുകൊണ്ടുതന്നെയാണു് ഇതിനെ കാണാത്തതും. പല വർഷങ്ങളിലും ജ്യോതി പ്രത്യക്ഷപ്പെടുന്ന നേരങ്ങളിൽ പരുന്തിനെ കണ്ടിട്ടില്ല. കഴിഞ്ഞ വർഷം (1989) തന്നെ അതിനു ദാഹരണമാണു്.

എരുമേലിയിലും പമ്പയിലും പരുന്തു് (ഗരുഡൻ) പ്രത്യക്ഷപ്പെടുമെന്നു് പറയുന്നതുപോലെ പന്തളത്തുനിന്നും തിരുവാഭരണം എടുക്കുമ്പോഴും പരുന്തു് പ്രത്യക്ഷപ്പെടാറുണ്ടെന്നു വിശ്വാസികൾ പറയുന്നു. പന്തളത്തെ പരുന്തിന്റെ രഹസ്യത്തെക്കുറിച്ചു് ശിവപ്രസാദ് വലൃത്ത് നടത്തിയ അന്വേഷണം പന്തളത്തെ പരുന്തിന്റെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരുന്നതാണു്. അത്തരം കഥകൾ തന്നെയാണു് എല്ലാ പരുന്തിന്റെ പിന്നിലും. വലൃത്തിന്റെ റിപ്പോർട്ടു് ചുവടെ ഉദ്ധരിക്കാം.

## പന്തളത്തെ പരുന്ത്

പല തവണയായി പലരും പറഞ്ഞതാണ്. പറഞ്ഞു് വക്കും മൂലയും നഷ്ടപ്പെട്ടതുമാണു്. വിഡ്ഢിത്തത്തെ അതു് വിഡ്ഢിത്തമാണെന്നു് ശാസ്ത്രീയമായി നിർവചിച്ചുകൊടുത്തിട്ടും എന്നെ തല്ലണ്ടമ്മാവാ എന്നു പറയുന്ന ഭൂരിപക്ഷത്തിനു് ആവർത്തനം കൊണ്ടു് ഒരുപക്ഷെ, ചിലതെങ്കിലും മനസ്സിലാകും എന്ന ബോധം, അത്തരം ഒരു ബോധം ഉള്ളതുകൊണ്ടു് മാത്രമാണ് ഇക്കഴിഞ്ഞ ജനുവരി പന്ത്രണ്ടാം തീയതി പന്തളത്തിനു് ബസുകയറിയതു്. അഞ്ചാറുവർഷം കൊണ്ടു് തുടരെ പോകുന്നതാണെങ്കിലും ഇപ്രാവശ്യത്തെ യാത്രയ്ക്കു് തിരുവാഭരണഘോഷയാത്ര കാണുക എന്നതിലുപരിയായ ഒരുദ്ദേശംകൂടിയുണ്ടായിരുന്നു. പന്തളം അയ്യപ്പക്ഷേത്രത്തിൽനിന്നു് തിരുവാഭരണഘോഷയാത്ര ആരംഭിക്കുംമുമ്പ് അമ്പലത്തിനുമുകളിൽ കൃഷ്ണപ്പരുന്ത് വട്ടമടിക്കുമോ? അത് ആഭരണപ്പെട്ടിയോടൊപ്പം ആറൻമുളക്ക് പോകുമോ? ആദ്യം അമ്മയുടെ സാരിത്തുമ്പിൽ തൂങ്ങിപ്പോകുമ്പോൾ മനസ് വിശ്വാസനിബദ്ധമായിരുന്നു. പിന്നെ യാത്ര സുഹൃത്തുക്കളോടൊപ്പമായപ്പോൾ അർത്ഥമാററം സ്വാഭാവികമായും സംഭവിച്ചു. അറിയുന്നതെഴുതുവാൻ വേദിയില്ലാത്തതായിരുന്നു അവിശ്വാസിയായപ്പോഴത്തെ ദുഃഖം. സ്ഥിതി മാറിയപ്പോൾ സത്യാന്വേഷണത്തിനു് ഒരു പുതിയ മാനം. ഞാൻ തിരുവാഭരണ ഘോഷയാത്ര പുറപ്പെടുന്ന ശാസ്താക്ഷേത്രത്തിലെത്തിയപ്പോൾ പന്ത്രണ്ടുമണി കഴിഞ്ഞിരുന്നു. തിരുവാഭരണം യാത്രയാവുന്നതിന്റെ മുന്നോടിയായി നടയടച്ചു. പുരുഷാരം ഘോഷയാത്രകാണാൻ പാകത്തിൽ കോൺക്രീററു കൊട്ടാരങ്ങളുടെ മതിലിനുമുകളിലും കയ്യാലകളിലും തടിച്ചുകൂടിയിരിക്കുന്നു. അമ്പലത്തിനു് വടക്കുവശത്തു് കിഴക്കുപടിഞ്ഞാറുള്ള

നീണ്ട പന്തലിന്റെ സമീപം അഞ്ചാറ് അപരിചിതരായ യുവാക്കളോടൊപ്പം ഞാനും നിന്നു. എല്ലാ കണ്ണുകളും ആകാശത്തിലേക്ക്, വിഷ്ണുഭഗവാനെഴുന്നെള്ളുന്ന കൃഷ്ണപ്പരുന്തിനെക്കണ്ട് ജൻമസായൂജ്യമടയാനുള്ള തത്വര.

"അതാ പരുന്ത്" അമ്പലത്തിനു് വളരെ തെക്കുമാറി കഷ്ടിച്ച് കാണാവുന്നത്രമാത്രം ദൂരത്തിൽ പറക്കുന്ന പരുന്തുകൾ (അതോ കാക്കകളോ?). അവ പരുന്തുകളാണെന്നറിയാൻ യാതൊരു നിർവ്വാഹവുമില്ലായിരുന്നു. അത്ര ദൂരത്തിലായിരുന്നു അവ പറന്നുകൊണ്ടിരുന്നത്. സമയം പന്ത്രണ്ട മുപ്പത്തിഅഞ്ചായപ്പോൾ കൂട്ട ശരണംവിളി ഉയർന്നു. ദേവസ്വം അധികാരികൾ ഉച്ചഭാഷിണിയിലൂടെയും സാമാന്യഭക്തർ തങ്ങൾക്കാവുന്നത്ര ഉച്ചത്തിലും ശരണം വിളിച്ചു. അമ്പലത്തിന്റെ മുകളിലേക്ക് ഒരു പരുന്ത് പറന്നടുക്കുന്നു. തിരുവാഭരണം എടുക്കാൻ കേവലം മിനിട്ടുകൾമാത്രം. "കൃഷ്ണപരുന്താണു്" എന്റെ അടുത്തുനിന്ന ഒരു മദ്ധ്യവയസ്കൻ ഭാര്യയ്ക്കു വിശദീകരിക്കുന്നതു കേൾക്കാമായിരുന്നു. ശരണംവിളികൾ അന്തരീക്ഷത്തെ മുഖരിതമാക്കിയപ്പോൾ അമ്പലത്തിന്റെ ഒത്ത മുകളിലെത്തി അതു് താണുപറന്നു. ഉച്ചഭാഷിണിയിലെ ശരണംവിളി നിന്നു. ഒപ്പം ഭക്തജനവും നിർത്തി. കാരണം അമ്പലമുകളിലൂടെ സഞ്ചാരം നടത്തിയത് ഒരു വലിയ വാവലായിരുന്നു. കൃഷ്ണപ്പരുന്തിനെ തന്റെ ഭാര്യയ്ക്കു് കാട്ടികൊടുത്ത് തനിക്കു് പക്ഷിശാസ്ത്രത്തിലുള്ള 'അസാമാന്യ അവഗാഹം' പ്രകടിപ്പിച്ച ഭക്തന്റെ മുഖത്തും അത്രത്തോളമില്ലെങ്കിലും വിഷ്ണുഭഗവാന്റെ വാഹനം കണ്ട് കൂട്ടശരണവും നിലവിളിയും നടത്തിയ ഭക്തരുടെ മുഖത്തു് ജാള്യത. ദേവസ്വം അധികാരികളുടെ മുഖം എനിക്കു കാണാൻ കഴിയുമായിരുന്നില്ല. പൊട്ടിപ്പുറപ്പെട്ട ചിരി അടുത്തുനിന്ന ചന്ദനധാരിയായ പോലീസുകാരൻ വല്ല ധൃതരാഷ്ട്രാലിംഗനത്തിനും മുതിർന്നാൽ അതത്ര സുഖശീതളമായിരിക്കില്ല എന്ന ചിന്തകൊണ്ട് എനിക്കു് പണിപ്പെട്ടടക്കേണ്ടിവന്നു. എന്നാൽ എന്നെ അമ്പരപ്പിച്ചുകൊണ്ട് എന്റെ ചാരത്തുനിന്ന ചെറുപ്പക്കാരിലൊരാൾ പൊട്ടിച്ചിരിച്ചു. ഒന്നുകിൽ വിമതൻ, അല്ലെങ്കിൽ നാസ്തികൻ. ഞാൻ മനസ്സിൽ കരുതി. ഏതായാലും പരിചയപ്പെടുന്നതിൽ തെററില്ലല്ലോ. ഞാനയാളുടെ കൈയ്ക്കു് ചെറുതായി തോണ്ടി തിരിഞ്ഞു നോക്കിയപ്പോൾ തികച്ചും പരദേശിയുടെ മട്ടിൽ ചോദിച്ചു. 'താങ്കൾ ഈ നാട്ടുകാരനാണോ?' മാന്യതയോടെ അയാൾ പ്രതിവചിച്ചു: "അല്ല, ഇവിടെ കോളേജിൽ പഠിക്കുകയാണു്" അപ്പോഴേക്കും തിരുവാഭരണ ഘോഷയാത്ര ആരംഭിച്ചു. ഭക്തജനങ്ങളെ "പോലീസയ്യപ്പൻമാർ" (ദേവസ്വം ഭാഷ) മലയോരകർഷകർ പന്നിക്കൂട്ടത്തെയെന്നവണ്ണം ആട്ടിയോടിച്ചു. യാത്രാവഴി സുഗമമാക്കാൻ ഞാൻ ശീഘ്രം ഓടുമ്പോഴും പുതുപരിചയക്കാരനെ വിട്ടുകളഞ്ഞില്ല. ആദ്യം "എന്റെ സുഹൃത്തു് ഹൈന്ദവനാണോ

എന്നറിയുക"യായിരുന്നു ഉദ്ദേശം. അമ്പലപരിസരത്തുനിന്ന് കൊട്ടാരറോഡിലെത്തിയപ്പോൾ എനിക്കതിനു സൗകര്യവും ലഭിച്ചു. അശോക്കുമാർ, പന്തളം എൻ. എസ്. എസ്സിൽ ഡിഗ്രിക്കു പഠിക്കുന്നു.

തിരുവാഭരണം ഭക്തജനദർശനത്തിനു വെച്ച ദിവസം മുതൽ അശോകൻ ഇവിടെ വന്നിരുന്നു. എല്ലാ ദിവസങ്ങളിലും പരുന്തിനേയും കണ്ടിരുന്നു. അമ്പലത്തിന്റെ വളരെ ദൂരെയല്ലാത്ത ചന്തയിൽ അനേകം പരുന്തുകൾ സ്ഥിരമായുണ്ട്. ഈ പരുന്തുകൾ വെടിയൊച്ചയും അതിനേക്കാളുച്ചത്തിലുള്ള ശരണം വിളിയും കേട്ട് രംഗനിരീക്ഷണത്തിനു സ്ഥിരമായി ഇവിടെയെത്താറുണ്ട്. അല്ലാതെ ഘോഷയാത്ര പുറപ്പെടുന്ന ദിവസം മാത്രമല്ല ഇവിടെ പരുന്തെത്തുന്നതു്. അങ്ങനെയായിരുന്നെങ്കിൽ ഇതിനു് അൽപ്പമെങ്കിലും സാധ്യത കണ്ടെത്താമായിരുന്നു. അശോകന്റെതന്നെ ഭാഷയിൽ പറഞ്ഞാൽ "ശുദ്ധ കള്ളമാണിത്, പരുന്ത് ഈ അമ്പലപരിസരത്ത് സ്ഥിരമായുണ്ട്. പക്ഷെ ഭക്തർ തിരുവാഭരണ ഘോഷയാത്ര പുറപ്പെടുന്ന ഈ ദിവസം മാത്രമേ അതൊരു വലിയ കാര്യമായി ശ്രദ്ധിക്കാറുള്ളു. ഘോഷയാത്ര പോയിക്കഴിഞ്ഞും ഈ അമ്പല പരിസരത്ത് പരുന്തുണ്ടാകും"

ഇനിയും എന്നെ പരിചയപ്പെടുത്തുന്നതിൽ തെറ്റില്ല എന്നെനിക്കു തോന്നി. ഞാൻ ഇന്ത്യൻ യുക്തിവാദിസംഘം പത്തനംതിട്ട ജില്ലാ സെക്രട്ടറിയാണെന്നറിഞ്ഞപ്പോൾ വളരെ സന്തോഷത്തോടെ താനും ഒരു യുക്തിവാദാശയക്കാരനാണെന്നും പരുന്ത് പറക്കൽ ശരിയായിക്കണ്ട് മനസ്സിലാക്കുകയാണ് തന്റെയും ഉദ്ദേശമെന്നും അയാൾ അറിയിച്ചു. അയാളുടെ വിലാസം വാങ്ങി വീണ്ടും കാണാം എന്നു വിളിച്ചുപറഞ്ഞുകൊണ്ട് ഞാൻ ഘോഷയാത്രയുടെ പുറകെ ഓടി, അനുഗമിക്കുവാൻ പരുന്തുണ്ടോ എന്നറിയുവാൻ ഏകദേശം ഒരു കിലോമീററോളം പാദം നിലത്തും ദൃഷ്ടി ആകാശത്തിലുമാക്കി ഞാനോടി. രണ്ടുമൂന്നു കാക്കകളൊഴികെ യാതൊരു പക്ഷിയേയും ഇതിനിടയിൽ ഞങ്ങൾ കണ്ടില്ല. കൂടുതൽ ദൂരം ഓടിയാൽ കൂടുതൽ കാക്കകളെ കാണാൻ കഴിയുമെന്നേയുള്ളു എന്നു് ബോദ്ധ്യമായപ്പോൾ ഞാൻ ഓട്ടം നിർത്തി. വഴിയോരത്തു് മിഴിനിറയെ ഭക്തിയുമായി നിൽക്കുന്ന ഒരു വയസനോട് ചോദിച്ചു.

"അമ്മാവാ ഘോഷയാത്ര അനുഗമിക്കുന്ന പരുന്തെവിടെ" അമ്മാവൻ നിസ്സംശയം മറുപടിപറഞ്ഞു. "അതിന്റെ കൂടെയുണ്ടാകും" ഞാൻ നിന്ന് ഒരു വിഹഗവീക്ഷണം നടത്തി. അനുഗമിക്കുവാൻ പക്ഷി വർഗ്ഗത്തിൽ യാതൊന്നിനേയും ഞാൻ കണ്ടില്ല. അമ്മാവനും ആകാശ സർവ്വെ നടത്തുന്നുണ്ടായിരുന്നു. പക്ഷെ പരുന്തിനെ കാണാൻ കഴിഞ്ഞില്ല. വീണ്ടും ഞാൻ അനുഗാമിയെപ്പററി ചോദിച്ചപ്പോൾ 'അത് കൂടെത്തന്നെകാണും' എന്ന് ഉറപ്പിച്ചും തറപ്പിച്ചും അദ്ദേഹം പറഞ്ഞു. കുളിച്ചില്ലെങ്കിലും പുരപ്പുറത്തു് കിടക്കട്ടെ. കൂടുതലൊന്നും പറയാതെ ഞാൻ പിൻതിരിഞ്ഞ് ഘോഷയാത്ര പുറപ്പെട്ട അമ്പലത്തിലെത്തി.

അരങ്ങൊഴിഞ്ഞ ആട്ടക്കളംപോലെ അമ്പലപരിസരം ശബ്ദശൂന്യമായിരുന്നത് 'വലിയ വെടി രണ്ടുരൂപ, ചെറിയവെടി ഒരു രൂപ' എന്ന ഇടക്കിടയ്ക്കുള്ള വെടിവഴിപാടറിയിപ്പുകൾ മാത്രമാണ് ഭഞ്ജിച്ചതു്. ഏതോ യാന്ത്രികതയിൽ പരിസരം ഏകദേശം വിജനമായിട്ടും ഒരാൾ ഈ അറിയിപ്പു തുടർന്നുകൊണ്ടേയിരുന്നു.

............ശാസ്താവിനെയും പരുന്തിനെയും കൂട്ടിക്കെട്ടാനുള്ള തവര മത ഭക്തൻമാർക്കു് അടക്കാനാവാത്തതാണ്. പരുന്തു് എത്തുന്നതു് യാതൊരു സാങ്കേതിക വശങ്ങളിൽ കൂടിയുമല്ല എന്ന ചിന്തയും പ്രചരണവും ഭക്തി ഊട്ടി ഉറപ്പിക്കുവാൻ പര്യാപ്തവുമാണ്. തിരുവാഭരണഘോഷയാത്ര പുറപ്പെടുന്നതിനു് മുമ്പോ, പിമ്പോ പ്രത്യക്ഷപ്പെടാതെ ആ സമയത്തുമാത്രം പരുന്ത് പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ അതൊരത്ഭുതമാകുമായിരുന്നു. എന്നാൽ ഇവിടെ പരുന്ത് ദിവസത്തിൽ എല്ലായ്പ്പോഴും പ്രത്യക്ഷപ്പെടുകയും വട്ടമടിക്കുകയും ചെയ്യുന്നു. ഘോഷയാത്ര പുറപ്പെടാൻ തുടങ്ങുമ്പോൾ മാത്രം പറന്നു നടക്കുന്ന പരുന്തിനെ ഭക്തർ വിശുദ്ധി കൽപ്പിക്കുന്നുള്ളൂ. ഇവിടെ പ്രചരണങ്ങളിൽ കുടുങ്ങിയും ഭക്തികൊണ്ടും മധനശേഷി നഷ്ടപ്പെട്ടവർക്കു് ഇതൊരു മഹാത്ഭുതമായി തോന്നുന്നത് സ്വാഭാവികം മാത്രം. വസ്തുതകളെ വ്യക്തമായി അറിയുവാൻ ശ്രമിക്കുന്ന ഒരു വ്യക്തിക്കു് ഇതിൽ എന്തെങ്കിലും അത്ഭുതം കണ്ടെത്താനാവുമെന്ന് എനിക്കു് തോന്നുന്നില്ല. ഘോഷയാത്രാസമയത്തെ വമ്പിച്ച ബഹളംകേട്ട് രംഗനിരീക്ഷണത്തിനെത്തുന്ന പാവം പരുന്ത് അതിനു സങ്കൽപ്പിച്ചുകിട്ടുന്ന മഹനീയ സ്ഥാനത്തെപ്പററി അറിയുന്നോ ആവോ?

## പരുന്തല്ല പറക്കുന്നത് വേഴാമ്പലാണ്

പരുന്തുപറക്കുന്നതിൻെറ രഹസ്യത്തെക്കുറിച്ചു് നീണ്ട വർഷങ്ങൾ ശബരിമലയിലും പൊന്നമ്പലമേട്ടിലും കക്കി–പമ്പയിലും സേവനമനുഷ്ഠിച്ചിരുന്ന ഫോറസ്ററർ കെ. എൻ. നടരാജൻ എന്നോടു് പറയുകയുണ്ടായി. "വനമായാൽ പക്ഷികൾ കാണും. ശബരിമലയിൽ എല്ലാ പക്ഷികളുമുണ്ടു്. ഈ പക്ഷികൾ എല്ലായിപ്പോഴും ഇവിടെ ഉണ്ടുതാനും. ശബരിമലയിൽ പരുന്തിനെ മിക്കവാറും എപ്പോഴും കാണാവുന്നതാണു്.

അതുപോലെ പൊന്നമ്പലമേട്ടിലെ വിശേഷസമയങ്ങളിൽ പരുന്തിനെ കണ്ടുവെന്നു പറയുന്നതു് വെറും തെററിദ്ധാരണയാണു്. പലരും പലപ്പോഴും കണ്ടുവെന്നു പറയുന്നതു് പരുന്തല്ല. വേഴാമ്പൽ എന്ന പക്ഷിയാണു്. ഇവിടെ എപ്പോഴും ഉയരത്തിൽ പറന്നുകാണുന്ന ഒരു പക്ഷിയാണു് വേഴാമ്പൽ. അതിൽ പൊട്ടൻവേഴാമ്പലുമുണ്ടു്. ഈ പക്ഷികൾക്കുള്ള പ്രത്യേകത ഇതിൻെറ അസ്ഥികളിൽ മററു പക്ഷികളെപ്പോലെ മജ്ജ കാണുകയില്ലെന്നുള്ളതാണു്. വായു മാത്രമാണു്. അതുകൊണ്ടാണു് ഈ പക്ഷിക്കു് ഉയരത്തിൽ പറക്കാൻ കഴിയുന്നതു്. കാഴ്ചയിൽ പരുന്തിനെപ്പോലെയിരിക്കും ഈ പക്ഷി. എവർഗ്രീൻ വനങ്ങളിൽ ഈ പക്ഷികളെ എപ്പോഴും കാണാവുന്നതാണ്."

കൊല്ലത്തു് കടവൂർ സ്വദേശിയായ നടരാജൻ സ്വദേശത്തെ ഒരു പരുന്തിൻെറ കഥകൂടി പറയുകയുണ്ടായി. "കടവൂർ ക്ഷേത്രത്തിലെ ഉത്സവത്തിനു്

തേവള്ളിക്കാരുടെ കതിര അഷ്ടമുടിക്കായലിലൂടെ വരുമ്പോൾ പരുന്ത് പറക്കാറുണ്ട്.

കായലിനു മുകളിലൂടെ ആളും ആരവവും കാണുമ്പോൾ പക്ഷികൾ പറന്നു വരിക പതിവാണ്. ഇവിടെ പരുന്തുള്ള സ്ഥലമാണ്. അതുകൊണ്ട് പരുന്ത് വരുന്നു. അതുപോലെയാണ് ശബരിമലയിലെ കഥയും."

## ദിവ്യനക്ഷത്രത്തിൻെറ രഹസ്യം

പൊന്നമ്പലമേട്ടിൽ മകരജ്യോതിസ്സ് തെളിയുന്ന നേരത്ത് തൊട്ടുമുകളിലയി ഒരു ദിവ്യനക്ഷത്രം പ്രത്യക്ഷപ്പെട്ടുമെന്നു് വിശ്വാസികൾ പറയുന്നു.

ഈ വിശ്വാസം ശരിയല്ല. കാരണം, ശബരിമലയിൽനിന്നു് നോക്കുമ്പോൾ കാണുന്ന ഈ നക്ഷത്രം യഥാർത്ഥത്തിൽ ജ്യോതിസ്സിനു് തൊട്ടു മുകളിലല്ല കാണുന്നതു്. 1984-ൽ പൊന്നമ്പലമേട്ടിൽ ഞാൻ ചെന്നപ്പോൾ ആകാശത്തു് ആയിരുന്നു ഈ നക്ഷത്രം നിന്നിരുന്നതു്. അന്നു് ഈ നക്ഷത്രം മാത്രമായിരുന്നില്ല തെളിഞ്ഞുനിന്നിരുന്നതു്. മററു പല നക്ഷത്രങ്ങളുമുണ്ടായിരുന്നു. പക്ഷേ, ശബരിമലയിൽനിന്നു നോക്കിയാൽ ഈ ഒരു നക്ഷത്രത്തെ മാത്രമേ കാണാൻ കഴിയൂ. ശബരിമല, പൊന്നമ്പലമേട്, ഈ നക്ഷത്രം എന്നിവ ഒരേ രേഖയിൽ നിൽക്കുന്നതാണ് അതിനു കാരണം.

ദിവ്യനക്ഷത്രമായി പ്രത്യക്ഷപ്പെട്ടുമെന്നു പറയുന്ന ഈ നക്ഷത്രത്തിൻെറ കഥ ശുദ്ധ അസംബന്ധമാണ്. കാരണം ജ്യോതി പ്രത്യക്ഷപ്പെടുന്ന ദിവസം മാത്രമല്ല ഈ നക്ഷത്രത്തെ കാണാവുന്നതു്. ആ ദിവസത്തിൻെറ തലേദിവസവും പിറേറദിവസവും ഈ നക്ഷത്രത്തെ കാണാവുന്നതാണ്. ഒരു പീരീഡിൽ തന്നെ ഈ നക്ഷത്രത്തെ സ്ഥിരമായി നമുക്കവിടെ കാണാം.

നക്ഷത്രങ്ങൾ നമ്മുടെ ആകാശത്തു് എപ്പോഴുമുണ്ട്. ഇതിനെ എപ്പോഴും കാണാവുന്നതാണ്. പകൽസമയം നക്ഷത്രത്തെ കാണാത്തതു് ഭൂമിയോടു് തൊട്ടടുത്തു നിൽക്കുന്ന നക്ഷത്രമായ സൂര്യൻെറ കനത്ത പ്രകാശംമൂലമാണ്. വൈകിട്ടു് സൂര്യൻ അസ്തമിക്കുമ്പോൾ നക്ഷത്രങ്ങൾ അതു് കൊണ്ടു് തെളിഞ്ഞുവരുന്നു. അങ്ങനെയാണു് പൊന്നമ്പലമേട്ടിലും നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതു്.

താഴ്ചയുള്ള കിണറുകളിൽ ഇറങ്ങി നിന്നു നോക്കിയാൽ പകൽ സമയത്തും നമുക്കു് നക്ഷത്രങ്ങളെകാണാവുന്നതാണു്. നക്ഷത്ര നിരീക്ഷണാലയത്തിൽ പോയി നോക്കിയാലും ഇതു് മനസ്സിലാക്കാവുന്നതാണു്. നാം കാണുന്ന ഓരോ നക്ഷത്രവും ഓരോ സൗരയൂഥങ്ങളാണെന്നു ശാസ്ത്രകാരന്മാർ പറയുന്നു. അപ്പോൾ ഒരു നക്ഷത്രമെന്നുപറഞ്ഞാൽ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ധൂമകേതുക്കളും മററും നിറഞ്ഞവയാണ്. അതുകൊണ്ടു് ഒരു ദിവ്യനക്ഷത്രം ഉദിച്ചുവെന്നു പറയുന്നതിൽ ഒരർത്ഥവുമില്ല.

## ഏഴ്

# അന്ധവിശ്വാസങ്ങളും വിശ്വാസങ്ങളും

### ശബരിമല ക്ഷേത്രം രാജാക്കൻമാർക്ക് നഷ്ടപ്പെട്ടതെങ്ങനെ ?

പന്തളം രാജാക്കന്മാരുടെ സ്വത്തുക്കൾ സർക്കാർ പിടിച്ചെടുക്കുകയുണ്ടായി. അതിനുശേഷം രാജാക്കന്മാർക്കു് സർക്കാർ പെൻഷൻ നൽകുകയും ചെയ്തു. ഈ അവസരത്തിലാകാം പന്തളം രാജാക്കന്മാരുടെ അധീനതയിലായിരുന്ന ശബരിമല ക്ഷേത്രം സർക്കാർ നിയന്ത്രണത്തിലാകുന്നതു്. ഇതുസംബന്ധിച്ചുള്ള രേഖകൾ ഇക്കാര്യം വ്യക്തമാക്കുന്നതാണു്. രേഖകൾ ചുവടെ ചേർക്കുന്നു.

## പന്തളം അടമാനം

## കൊല്ലവർഷം 969-ാമാണ്ട് ഇടവമാസം 23-നു് എഴുതിയ അടമാനം ഓലക്കാര്യമാവിത്

കൊല്ലവർഷം 969-ാമാണ്ട് ഇടവമാസം 23-ാംതീയതി എഴുതിയ അടമാനം ഓലക്കാര്യം ആവിതു്. പടച്ചെലവിനു് തൃപ്പാപ്പൂർ സ്വരൂപത്തിങ്കലെ വകയ്ക്കു് ജന്നപട്ടണത്തു് വർത്തകൻ മുരളീദാസു് ബാലകൃഷ്ണദാസു് വശം കടം വാങ്ങിച്ചുകൊടുത്ത രൂപാ രണ്ടുനൂറായിരത്തി ഒന്നു് മാത്തൂത്തരകൻ വശം കടം വാങ്ങിച്ച രൂപാ ഇരുപതിനായിരം. ആകെ രൂപാ ഇരുന്നൂറായിരത്തി ഇരുപതിനായിരത്തി ഒന്നിനും പകരം കടം വീട്ടേണ്ടതിനു് പകരം കണ്ടയിലാററു കണക്കു് നാരായണൻ കാളിയൻ വശം അയിരൂർ ശ്രീവീര ശ്രീധരകോതവർമ്മ കോയിലധികാരികൾ കടം വാങ്ങിച്ച സൂറത്തിരൂപാ ഇരുനൂറായിരത്തി ഇരുപതിനായിരത്തി ഒന്നു്. ഇന്ത സൂറത്തിരൂപാ രണ്ടുനൂറായിരത്തി ഇരുപതിനായിരത്തി ഒന്നുക്കും നാളതുമുതൽക്കു് ശ്രീവീര ശ്രീധര കോതവർമ്മ കോവിലധികാരികൾ താങ്കൾക്കുള്ള പന്തളത്തു് എല്ലുകൾക്കകത്തു ഉൾപ്പെട്ട പ്രദേശങ്ങളും കോന്നിയൂർ മലയാലപ്പുഴ ഉൾപ്പെട്ട പ്രദേശങ്ങളും കക്കാട്ടു് ഉൾപ്പെട്ട പ്രദേശങ്ങളും അറക്കുളം ഉൾപ്പെട്ട പ്രദേശങ്ങളും ഇടമറുകു് ഉൾപ്പെട്ട പ്രദേശങ്ങളും ഈ പ്രദേശങ്ങളിൽ നിയമങ്ങളും അങ്കുശങ്ങളും പൊലിക്കടങ്ങളും മലഞ്ചെരികല്ലുകളും ശബരിമല ശാസ്ലാക്ഷേത്രത്തിൽ നടവരവും പാണ്ടിയൻ ഇലത്തൂർ ഉൾപ്പെട്ട പ്രദേശങ്ങളും ചൊക്കനാംപുതളരും വഴക്കപ്പാറത്തീരുവയും കടപ്ര പ്രവൃത്തിയിൽ താങ്കൾക്കുള്ള കാണക്കട കൃഷിനിലങ്ങളും പുരയിടങ്ങളും പൊലിക്കടങ്ങളുംകൂടെ അടമാനമാക മുതൽ എടുത്തു മുതൽ രൂപാ രണ്ടുനൂറായിരത്തി ഇരുപതിനായിരത്തി ഒരും തിങ്ങളിൽ നൂററിനു് ഒന്നുവീതം ആണ്ടൊന്നിനു് പലിശ രൂപാ ഇരുപത്തി ആറായിരത്തി നാനൂറിനും അനുഭവിച്ചുകൊള്ളുമാറും മുതൽ രൂപാ രണ്ടുനൂറായിരത്തി ഇരുപതിനായിരത്തി ഒന്നും കൊടുത്തു് അടമാനം ഒഴിപ്പിച്ചുകൊള്ളുമാറു് സമ്മതിച്ചു് ഇതിനു് സാക്ഷി-മണ്ണുത്തറെ ചുവരൻ നീലകണ്ഠൻ (ഒപ്പു്) വടശ്ശേരിയിൽ കിരുട്ടൻകിട്ടനും (ഒപ്പു്) പള്ളിത്തല വിഷ്ണുഭാനുവും (ഒപ്പു്) മിത്രചുവരൻ കണ്ടങ്കം (ഒപ്പു്) അറികെ കണ്ടയിലാററു കണക്കു് നാരായണൻ കാളിയനും (ഒപ്പു്) ഇന്ത അടമാനം ഓല എഴുതിക്കൊടുത്ത അയിരൂ ശ്രീവീര ശ്രീധരകോതവർമ്മ കോവിലധികാരികൾ അടയാളം ഇന്ത അടമാന ഓല കൈ എഴുതിയ പുല്ലികാട്ടുകണ്ടൻ കേരളൻ എഴുത്തു് (ഒപ്പു്)

(ശരിപ്പകർപ്പ്)

## 995-ൽ എഴുതപ്പെട്ട മറെറാരു രേഖ

പന്തളം രാജ്യം വകയിൽ നിന്നും അടപ്പാനുള്ള ദ്രവ്യത്തിൽ ഏറിയ രൂപായുള്ളതും ചെലുത്താതെ മുടക്കമായി വന്നിരിക്കുന്നു. ആവക രൂപാ അടച്ചു തീരുവതിനു് ചെമ്പഴന്നൂർ ഉള്ളവരാൽ കഴിയുകയില്ല എന്നുവരികിൽ ചെമ്പഴന്നൂർ വകയായുള്ള പന്തളം രാജ്യവും അതിൽ ചേർന്ന പ്രദേശങ്ങളും ഇലന്തൂർ മണിയ

വും പണ്ടാരവകയിൽ നിന്നും ആൾആക്കി എടുപ്പിച്ച് ചെമ്പഴന്നൂർക്ക് ചെലവിന് കൊടുപ്പിക്കത്തക്കവണ്ണം ചെമ്പഴന്നൂർഉള്ളവർ പണ്ടാരവകയിലേയ്ക്ക് എഴുതിത്തന്നുകഴിഞ്ഞാൽ ചെമ്പഴന്നൂർ വകയായിട്ടുള്ള പന്തളം രാജ്യവും അതിൽച്ചേർന്ന പ്രദേശങ്ങളും മലകളും ഇലന്തൂർ മണിയവും പണ്ടാരവകയിൽ നിന്നും ആളാക്കിമുതൽ എടുപ്പിച്ചും ഇപ്പോൾ ചെമ്പഴന്നൂർ ഉള്ളവരെയും ആ വകയിൽ ഉണ്ടാകുന്ന സന്താനങ്ങളെയും അവരവരുടെ മാനമര്യാദപ്രകാരം വേണ്ടുംവണ്ണം ഒക്കെയും വിചാരിച്ച് യാതൊരു ബുദ്ധിമുട്ടും കൂടാതെ ഇരിപ്പാൻ വേണ്ടുന്നതൊക്കെയും തന്ന് അർത്ഥപുരുഷാരവും തന്ന് രക്ഷിച്ചു കൊള്ളുകയും ആം.

പന്തളരാജ്യത്തുള്ള ഊഴിയം നായന്മാരെക്കൊണ്ട് ചെമ്പഴന്നൂർ വകയിൽ ഉണ്ടാവുന്ന കല്യാണം മുതലായ അടിയന്തിരങ്ങൾക്ക് ഊഴിയം ചെയ്യിച്ചുതന്നു കൊള്ളുകയും ആം.

പന്തളം രാജ്യം വകയിൽനിന്നും ആണ്ടുതോറും ചെലുത്തിവരുന്ന കപ്പം എടുത്തുകൊള്ളുകയും ആം. ഇതുകൾക്ക് യാതൊരു ഭേതപ്പാടും വരുത്തുന്നതും അല്ല. ഈ അവസ്ഥയെല്ലാം തേവാരിവായിച്ച് ചെമ്പഴന്നൂർ കോവിലിനെ കേൾപ്പിച്ച് ഖക്കകയും വേണം. എന്ന് ഇപ്പടിക്ക് 995-ാമാണ്ട് മീനമാസം 10-ാം തീയതി തിരുവുള്ളത്തിൻ പടി നിനവെഴുതിയ വലിയ മേലെഴുത്തുകണക്ക് ഉടയാൻ പരപ്പൻ (ഒപ്പ്)

(ശരിപകർപ്പു്)

## ശബരിമല തീവെയ്പ്

## ക്രിസ്ത്യാനികളോടു കാട്ടിയ വഞ്ചനയുടെ തിരിച്ചടി

ശബരിമലക്ഷേത്രം പല പ്രാവശ്യം അഗ്നിക്കിരയായിട്ടുണ്ട് 1900-ാമാണ്ടിൽ ഉണ്ടായ തീ പിടുത്തത്തിനുശേഷം ക്ഷേത്രം പുനരുദ്ധരിക്കാൻ ഒരു ഹിന്ദുവും തയ്യാറായിരുന്നില്ല. എന്നാൽ തിരുവിതാംകൂർ സർക്കാർ ക്ഷേത്രം പുനരുദ്ധരിക്കാൻ തീരുമാനിച്ചു. പല പ്രാവശ്യം ടെൻഡർ വിളിച്ചു. പക്ഷെ ഒരു ഹിന്ദുകോൺട്രാക്ടരും വിളികേൾക്കാൻ തയ്യാറായില്ല. കാരണം വന്യമൃഗങ്ങളെയും പകർച്ചവ്യാധി രോഗങ്ങളെയും നേരിടുക അവർക്ക് പ്രയാസമായിരുന്നു. ഈ സമയത്ത് അയ്യപ്പനെ രക്ഷിക്കാൻ ക്ഷേത്രം കെട്ടുവാൻ മുമ്പോട്ടുവന്നത് ക്രിസ്ത്യാനിയായ പോളച്ചിറയ്ക്കൽ കൊച്ചുമ്മൻ മുതലാളിയാണു്. കൊച്ചുമ്മൻ മുതലാളി ഏറ്റെടുത്തതിനുശേഷം ക്ഷേത്ര പണി വളരെ ധൃതഗതിയിൽ വിജയകരമായി മുന്നേറിക്കൊണ്ടിരുന്നു. എന്നാൽ മുതലാളിക്ക് അസുഖമുണ്ടായതിനെ തുടർന്ന് 1907-ൽ കൊച്ചുമ്മൻ മുതലാളി അന്തരിക്കുകയാണുണ്ടായതു്. മുതലാളിക്ക് മുതിർന്ന മക്കളാരും ഇല്ലാതിരുന്നതിനാൽ ഭർത്താവു് നടത്തിയിരുന്ന പണി ഭാര്യ അക്കാമ്മ പൂർത്തിയാക്കുന്നതിന് ഏറ്റെടുത്തു. അക്കാമ്മയുടെ മകളുടെ ഭർത്താവായ വടക്കേത്തലയ്ക്കൽ സ്കറിയാകത്തനാരെ ജോലികൾ നിയന്ത്രിക്കുന്നതിനായി അവർ പിന്നീട് ചുമതല ഏൽപ്പിച്ചു. കത്തനാരുടെ നേതൃത്വത്തിൽ പണി ധൃതഗതിയിൽ നടക്കുകയും 1913-ൽ പണിപൂർത്തിയാക്കുകയും സർക്കാരിനെ ഏൽപ്പിക്കുകയും ചെയ്തു.

എന്നാൽ കത്തനാർ കുടുംബത്തിനു് വൻതുക നഷ്ടമാവുകയുണ്ടായി. ഗവണ്മെൻറും കൊച്ചുമ്മൻ മുതലാളിയും തമ്മിലുണ്ടായിരുന്ന കരാർ സാധനങ്ങൾ റാന്നിവഴി കൊല്ലത്തുനിന്നും ശബരിമലയ്ക്കു് കൊണ്ടുപോകുന്നതിനായിരുന്നു. എന്നാൽ കൊച്ചുമ്മൻ മുതലാളി മുണ്ടക്കയം വഴിയാണു് ശബരിമലയ്ക്കു് കൊണ്ടുപോയതു്. ഇതുമൂലം വൻപിച്ച ലാഭം ഉണ്ടായിക്കാണുമെന്ന ഉദ്ദേശ്യപ്രകാരം സർക്കാർ ടെൻഡർ തുകയിൽനിന്നും വലിയൊരുതുക വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇതു് സർക്കാർ ഉമ്മനോടു് കാണിച്ച കരാർ ലംഘനമായിരുന്നു. ഇതുമൂലം 37000 രൂപ അന്നവർക്കു് നഷ്ടമുണ്ടായി. ഇതു് കൊച്ചുമ്മൻ മുതലാളിയുടെ കുടുംബത്തിനു് കൊടുത്തു് വീട്ടേണ്ടിവന്നു.

1950-ൽ ശബരിമല ക്ഷേത്രം തീവെയ്ക്കുകയും അയ്യപ്പവിഗ്രഹം തല്ലിയുടയ്ക്കുകയും ചെയ്തതു് ക്രിസ്ത്യാനികളാണെന്നു് ആരോപണമുണ്ടു്. ഈ കേസ് അന്വേഷിക്കുവാൻ നിയുക്തനായ ഡി. ഐ. ജി., കെ. കേശവമേനോൻ ഗവണ്മെൻറിനു് സമർപ്പിച്ച റിപ്പോർട്ടിൽ ക്രിസ്ത്യാനികൾതന്നെയാണു് ഇതിന്റെ പിന്നിലെന്നു് പൂർണ്ണമായി സംശയിക്കുന്നുണ്ടു്. അന്നു് അദ്ദേഹം തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടിൽനിന്നും പ്രസക്തഭാഗം ഉദ്ധരിക്കാം.

"കേസന്വേഷണത്തിൽ മതപരമായ ഉദ്ദേശമാണു് കുററത്തിനു പ്രേരണനൽകിയതെന്നും കുററത്തിനു് ഉത്തരവാദികൾ ക്രിസ്ത്യാനികളാണെന്നും കാണപ്പെട്ടു........"

"........വനത്തിന്റെ സംരക്ഷകർതന്നെ കുററകൃത്യത്തെ ഗൂഢമായി സഹായിച്ചിട്ടുണ്ടു്. ഈ കേസിൽ സംശയിക്കപ്പെടുന്ന ഒരാൾ വാച്ചർ പൈലിയാണു്."

(ശബരിമല തീവെയ്പ്പു് അന്വേഷണ റിപ്പോർട്ടു്, പേജ്-49)

നിലയ്ക്കലിൽ കുരിശു് കണ്ടതായി ക്രിസ്ത്യാനികൾ ഉണ്ടാക്കിയ ബഹളത്തെത്തുടർന്നു് ആങ്ങാമൂഴിയിൽ പള്ളി പണിയാൻ സ്ഥലം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു പരിധിവരെ തീവെയ്പിന്റെ പിന്നിൽ ക്രിസ്ത്യാനികളാണു് പ്രവർത്തിച്ചതെന്നു് കരുതാം.

എന്നാൽ മതപരം മാത്രമാണോ ഇതിന്റെ പിന്നിലെന്നു് സംശയിക്കേണ്ടതുണ്ടു്. കാരണം 1913-ൽ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം നടത്തിയതു് ക്രിസ്ത്യാനിയായ കൊച്ചുമ്മൻ മുതലാളിയുടെ മരുമകൻ സ്കറിയാ കത്തനാരാണു്. ഗവൺമെൻറും കൊച്ചുമ്മൻ മുതലാളിയുമായുണ്ടാക്കിയ കരാർ സർക്കാർ ലംഘിച്ചതിനെത്തുടർന്നു് 37000 രൂപയാണു് അവർക്കു് കൊടുക്കേണ്ടിവന്നതു്. അന്നത്തെക്കാലത്തു് ഇതൊരു വൻതുകയായിരുന്നു. ഇതു് ഹൈന്ദവ ഉദ്യോഗസ്ഥന്മാർ കൊച്ചുമ്മൻ കുടുംബക്കാരോടു കാട്ടിയ കൊടും ചതിയായിരുന്നു. ഈ ചതിയിൽ കത്തിനെരിഞ്ഞവരുടെ രോഷമായിരിക്കാം ഒരുപക്ഷേ 1950-ൽ നടന്ന ശബരിമല തീവെയ്പ്പു്. 1913-ൽ പൂർത്തിയായ ക്ഷേത്രത്തിൽ പിടിക്കുന്ന അടുത്ത തീ അതായിരുന്നു. ഇതൊരു പകപോക്കലാകാനല്ലോ.

## അമ്പലപ്പുഴ ആലങ്ങാടൻ യോഗങ്ങൾ

ശബരിമല ക്ഷേത്രം പുനരുദ്ധാരണം ചെയ്യുന്നതിനും ശുദ്ധികലശങ്ങൾ നടത്തുന്നതിനും പന്തളം രാജാവിന്റെ അഭ്യർത്ഥനയനുസരിച്ച് അമ്പലപ്പുഴ രാജാവും പ്രജകളും വളരെയധികം സഹായങ്ങൾ ചെയ്തിട്ടുണ്ട്. പാണ്ടിപ്പടയുമായി ഏററുമുട്ടേണ്ടിവന്നപ്പോൾ ആളും അർത്ഥവും നൽകി അമ്പലപ്പുഴ രാജാവ് പന്തളം രാജാവിനെ സഹായിക്കുകയുണ്ടായി.

ഈ സഹായത്തിന് പ്രത്യുപകാരമായി രാജാവ് ചില അധികാരങ്ങളും അവകാശങ്ങളും ചെമ്പകശ്ശേരി രാജാവിന് നൽകുകയുണ്ടായി. അതിനുശേഷം ഇരു രാജാക്കന്മാരും ശബരിമല ദർശനത്തിന് പൊയ്ക്കൊണ്ടിരുന്നു. ചെമ്പകശ്ശേരിയിൽനിന്നും പള്ളിക്കെട്ടേട്ടത്താൽ മലനടയിൽ പതിനെട്ടാംപടിക്കകത്ത് വടക്കേതിരുമുററത്താണ് താഴ്ത്തിവെക്കുന്നത്. അപ്പോൾ രാജാവ് വേദിയിലും പ്രജകൾ വേദിക്ക് പുറവും ഇരിക്കുമായിരുന്നു.

ചെമ്പകശ്ശേരി രാജാക്കന്മാരുടെ തിരോധാനത്തിനുശേഷം അവിടെ അമ്പലപ്പുഴ യോഗക്കാർ കൊണ്ടുചെല്ലുന്ന ദേവന്റെ ബിംബം എഴുന്നള്ളിച്ചിരുത്തുക പിന്നീട് പതിവായി. അതിനുശേഷം ശബരിമലയാത്രയ്ക്ക് അമ്പലപ്പുഴ രാജാവ് ചില ചിട്ടകൾ ഏർപ്പെടുത്തുകയുണ്ടായി, ആ ചിട്ടയാണ് അമ്പലപ്പുഴ നാട്ടുംപുറത്ത് ഇന്നും കണ്ടുവരുന്നത്. മണ്ഡലവ്രതകാലത്ത് അയ്യപ്പന്മാരെല്ലാം ക്ഷേത്രഭജനം ആഴിപൂജ സദ്യ ഇവയെല്ലാം കഴിച്ച് പള്ളിക്കെട്ടും മുറുക്കി അമ്പലപ്പുഴ കൊട്ടാരത്തിന് മുൻവശം വന്ന് വിശ്രമിച്ചശേഷമെ പുറപ്പെടാവു എന്ന് നിബന്ധനയുണ്ട്. ഒരു പക്ഷെ ഇതാവാം ഇന്ന് നമ്മുടെ നാട്ടിൽ പടർന്നു പിടിച്ച മുകളിൽ പറഞ്ഞ കാര്യങ്ങളുടെ വിശ്വാസത്തിന്റെ അടിത്തറ.

## ആലങ്ങാട്ടു യോഗം

രണ്ടു മൂന്ന് നൂററാണ്ടുകൾക്ക് മുമ്പുമുതൽ ആലങ്ങാട്ടുയോഗത്തിന് ശബരിമലയിൽ പ്രാധാന്യമുണ്ട്.

പന്തളത്തുനിന്നും ശബരിമലയിൽ തിരുവാഭരണങ്ങൾ എഴുന്നള്ളിച്ചുകൊണ്ടുവന്ന് മാളികപ്പുറത്ത് വച്ചാൽ അത് സൂക്ഷിക്കുന്നത് ആലങ്ങാട്ടുകാരാണ്. അതിനുവേണ്ടി അവർക്ക് പ്രത്യേകം സ്ഥലംതന്നെ അനുവദിച്ചിട്ടുണ്ട്.

പന്തളം രാജാക്കന്മാർക്ക് ശത്രുക്കളുടെ ആക്രമണമുണ്ടായപ്പോൾ അമ്പലപ്പുഴക്കാരെപ്പോലെ ആലങ്ങാട്ടുകാരും വേണ്ട സഹായത്തിനുണ്ടായിരുന്നു. ആലങ്ങാട്ടുയോഗത്തിനും പേട്ടതുള്ളൽ, എഴുന്നള്ളിപ്പ് തുടങ്ങിയ കാര്യങ്ങൾക്കും അമ്പലപ്പുഴ യോഗക്കാർക്കുള്ളതുപോലെ ആലങ്ങാട്ടുകാർക്കും പന്തളം രാജാവ് ചില അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഒരെഴുന്നള്ളിപ്പും വിളക്കും ശബരിമലയിൽ നടത്തുന്നതിനും എരുമേലിയിൽ ആന അകമ്പടി, കുടതഴ ചാമരങ്ങൾ, വാദ്യമേളങ്ങൾ മുതലായവയോടുകൂടി പേട്ട നടത്തുന്നതിനും നിവേദ്യം നടത്തിക്കുന്നതിനും അമ്പലപ്പുഴക്കാർക്കുള്ളതുപോലെ ആലങ്ങാട്ടുകാർക്കും രാജാവ് അവകാശം അനുവദിച്ചുകൊടുത്തിട്ടുണ്ട്. അത് ഇപ്പോഴും തുടർന്നു വരുന്നു.

## അറക്കുളം പണിക്കർ

അറക്കുളത്തുള്ള ശാസ്താക്ഷേത്രവും മററും നോക്കുന്നതിനായി പന്തളം രാജാവ് പ്രതിപുരുഷനായി അയച്ച പെരുനാട്ടുകരയിൽ കോയിക്കൽ പണിക്കരാണ് അറക്കുളം പണിക്കരായി പിന്നീട് അറിയപ്പെട്ടതു്. രാജാവിൻെറ നിർദ്ദേശപ്രകാരം പണിക്കർ അറക്കുളത്തുവന്നു് സ്ഥിരതാമസമായി.

പമ്പയിൽനിന്നും ലഭിച്ച മണികണ്ഠനെ രാജസന്നിധിയിൽ എത്തിച്ചയാളാണെന്നു് ഐതീഹ്യമായി പറയുന്നതും അതല്ല നിലയ്ക്കലിൽനിന്നും ലഭിച്ച അയ്യപ്പനെ രാജാവിൻെറ മുന്നിലെത്തിച്ചയാളാണെന്നു് ചരിത്രകാരന്മാർ പറയുന്നയാളുമായ അറക്കുളം പണിക്കർ ഇദ്ദേഹമാണു്. ഇപ്പോഴുള്ള വേലായുധപ്പണിക്കരുടെ മുൻഗാമികളിലൊരാളാണിതെന്നു് പറയുന്നു.

മുൻഗാമി ചെയ്ത കാര്യത്തിൻെറ പേരിൽ ചില അവകാശങ്ങൾ ഇവർക്കു് ലഭിച്ചിരുന്നു. എന്നാൽ സർക്കാർ അതു് ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടു്.

തൊടുപുഴ ടൗണിൽനിന്നും ഏകദേശം ഏഴുമൈൽ കിഴക്കാണു് അറക്കുളം എന്ന സ്ഥലം.

അറക്കുളം പണിക്കരുമായി ബന്ധപ്പെട്ട കഥ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ഉണ്ടാക്കിയിട്ടുള്ളതാണു്.

## ഉദയനനും ലളിതയും അയ്യപ്പനെപ്പോലെ

അയ്യപ്പൻ ജീവിച്ചിരുന്ന ഒരാളാണെന്നു് നമുക്കു് എങ്ങും പറയുവാൻ കഴിയില്ല. ഇതുവരെയുള്ള രേഖകൾ പരിശോധിച്ചിട്ടു് അങ്ങനെയൊരാൾ ജീവിച്ചിരുന്നതിനു് ഒരു തെളിവും ലഭിച്ചിട്ടില്ല. നൃത്തകലാരൂപങ്ങളിലൂടെ ലഭിച്ച കഥാപാത്രങ്ങളുടെ ബിംബങ്ങൾ മാത്രമാണ് നമ്മുടെ മനസ്സിലുള്ളതു്. ഈ ബിംബങ്ങൾ നമ്മുടെ മനസ്സിലുണ്ടാക്കിയ ജീവതചിത്രപങ്ങളാണു് അയ്യപ്പകഥകൾ. അയ്യപ്പവിഗ്രഹത്തിന്മേലുണ്ടായ ആരാധകരുടെ ഭയഭക്തിയിൽനിന്നും ഉടലെടുത്തതുമാവാം.

ജീവിച്ചിരുന്നതായി പറയുന്ന അയ്യപ്പനെ നിരന്തരം ആക്രമിച്ചിരുന്ന ഉദയനൻ എന്ന ഒരു കൊള്ളക്കാരനെപ്പററി ചില പഠനങ്ങളിൽ പരാമർശമുണ്ടു്. മധുരയിലും പിന്നീടു് അച്ഛൻകോവിലിലും മററും താമസിച്ചിരുന്നപ്പോൾ നിരന്തരം ആക്രമണമുണ്ടായതിൻെറഫലമായി അവിടെനിന്നും അവർക്കു് പോകേണ്ടിവന്നിട്ടുള്ളതിനെക്കുറിച്ചും പറയുന്നുണ്ടു്. ഈ ആക്രമണം കൊള്ളക്കാരുടേതാണെന്ന പരാമർശം ഒരു രേഖയിലുണ്ടല്ലോ ഇതു് നിരന്തരം ഇവരെ ആക്രമിച്ചിരുന്ന തിരുമലനായ്ക്കൻെറ ആൾക്കാരുടേതാണെന്നു് അനുമാനിക്കാവുന്നതാണ്. ഉദയനൻ എന്ന കൊള്ളക്കാരൻ തിരുമലനായ്ക്കൻ ആകാനാണു് സാദ്ധ്യത. ഉദയനൻ ചരിത്രകാരന്മാർ സൃഷ്ടിച്ച സങ്കല്പ കഥാപാത്രമാണു്. അയ്യപ്പൻ ചീരപ്പൻചിറ മൂപ്പൻെറ കളരിയിൽ വന്നു് പൂഴിയങ്കം പഠിച്ചുവെന്നു് ചിലർക്കു് നിഗമനങ്ങളുണ്ടു്. അയ്യൻ എന്നു് രേഖപ്പെടുത്തിയ ഒരു വാളു് കണ്ടിട്ടാണു് ഈ നിഗമനം നടത്തിയിട്ടുള്ളതു്. അതു് ശരിയാകണമെന്നില്ല. ഇന്നും പലർക്കും അയ്യൻ ചേർത്തുള്ള പേരുണ്ടു്. രാമയ്യൻ, തങ്കയ്യൻ, ചെല്ലയ്യൻ തുടങ്ങിയവ. ഇവി

ട്ടത്തെ അയ്യൻ ഒരു പക്ഷേ കളരിയാശാൻെറ പേരോ അന്തരിച്ചുപോയ പ്രഗത്ഭനായ ഏതെങ്കിലും യോദ്ധാവിൻെറ പേരോ ആകാം. ഇതു കണ്ടിട്ട് അയ്യപ്പൻ പൂഴിയങ്കം പഠിക്കാൻ പോയെന്നു പറയുന്നതു് യുക്തിഭദ്രമല്ല. ഇതും ശബരിമലയിലെ ധനം നേടുന്നതിനായുള്ള ശ്രമത്തിൻെറ ഭാഗമാണെന്നു് അനുമാനിക്കുന്നതാണ് ശരി. അതിൻെറ തെളിവാണു് ദേവസ്വംബോർഡും പന്തളം രാജാക്കന്മാരും തമ്മിൽ തിരുവാഭരണത്തിൻെറ അവകാശ സംബന്ധമായി കൊല്ലം കോടതിയിൽ കേസ് നടന്നപ്പോൾ മററാരവകാശിയായി വന്ന ചീരപ്പൻചിറ മൂപ്പൻെറ പിൻഗാമിയായ കൊല്ലം ആശ്രാമത്തുകാരനായ പണിക്കർ നൽകിയ കേസ്സിൽ അയ്യപ്പൻ തൻെ കാമുകിയായ ലളിതയ്ക്കു് നൽകിയ ആഭരണങ്ങൾ അവർക്കു് നൽകണമെന്നും ലളിത മൂപ്പൻെറ മകളായിരുന്നുവെന്നും ഉന്നയിക്കുന്നതു്. എന്നാൽ മൂപ്പൻെറ മകൾക്കു് ചെറുകുത്തി പൂങ്കൊടി എന്നീ പേരുകളാണു് ഉള്ളതെന്നു് ചീരപ്പൻചിറക്കാർ ഇന്നും പറയുന്നു. പക്ഷെ ലളിത എങ്ങനെയുണ്ടായി. ലളിത ഒരു ആധുനിക ശബ്ദമാണു്. ചെറുകുത്തി, പൂങ്കൊടി എന്നീ പേരുകൾ പഴയ ലബ്ദവുമാണ്. അതുകൊണ്ടു് ലളിത എന്ന പേരു് കോടതി രേഖകൾ എഴുതിയവരിൽനിന്നുണ്ടായ തെററാകാനാണ് സാദ്ധ്യത. ഇതു് പുതിയൊരാൾ ജീവിച്ചിരുന്നതായ തോന്നൽ നമ്മളിൽ ഉണ്ടാക്കിയിട്ടുണ്ടു്. മലയിലെ പല അവകാശികളും പണിക്കർമാർ മാത്രമായിട്ടാണ് കാണുന്നതു്. ഈ പണിക്കർമാർക്കു് രാജാവുമായി ബന്ധമുണ്ടായിരുന്നുവെന്നുള്ളതു് യാഥാർത്ഥ്യമാണ്. ആ ബന്ധം ശബരിമലയുടെ വളർച്ചയിൽ ധനം ആർജ്ജിക്കുന്നതിനായി മാററപ്പെട്ടുകയും അങ്ങനെ അവർ കഥകൾ സൃഷ്ടിച്ചതായി അനുമാനിക്കുന്നതുമാണു് നന്നു്.

## ശിവൻ, വിഷ്ണു, ബ്രഹ്മാവ് എന്നിവരുടെ പിതാവ് ആദ്ധ്യാത്മിക ജ്ഞാനി എന്ന മനുഷ്യൻ

അയ്യപ്പൻ അഥവാ ശാസ്താവിൻെറ മാതാപിതാക്കന്മാരെന്നു് പറയാവുന്നതു് ദൈവങ്ങളെന്നു പറയുന്ന ശിവനും വിഷ്ണുവുമാണു്.

അതുകൊണ്ടു് ശിവനും വിഷ്ണുവും എന്താണെന്നും അവർ എങ്ങനെയുണ്ടായെന്നുംകൂടി മനസ്സിലാക്കുന്നതു് നല്ലതാണു്.

"പ്രപഞ്ചത്തിൻെറ എല്ലാ വ്യാപാരങ്ങളെയും സൃഷ്ടി, സ്ഥിതി, സംഹാരം എന്നു മൂന്നു വിധത്തിൽ വിഭജിച്ചുകൊണ്ടു് ഭാരതത്തിലെ ആദ്ധ്യാത്മിക ജ്ഞാനികൾ ഈശ്വരനു് മൂന്നു രൂപങ്ങൾ സങ്കല്പിച്ചു. സൃഷ്ടിക്കു് ബ്രഹ്മാവും സ്ഥിതിക്കു് വിഷ്ണുവും സംഹാരത്തിനു് ശിവനും എന്നിവരാണ് ആ ത്രിമൂർത്തികൾ. ആദ്യം മഹാവിഷ്ണുവും രണ്ടാമതു് ബ്രഹ്മാവും മൂന്നാമതും ശിവനും ജനിച്ചു. കൽപ്പാന്തകാലത്തിൽ ഈശ്വരൻെറ സ്പഷ്ടരൂപങ്ങളായ ഈ മൂന്നു മൂർത്തികളും നശിച്ചു് പരാശക്തിയിൽ ചേരുമെന്നും അടുത്ത കൽപ്പത്തിൻെറ ആരംഭത്തിൽ വീണ്ടും ഈ ത്രിമൂർത്തികൾ ജനിച്ചു് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ തുടരുമെന്നുമാണു് ഭാരതീയ ആദ്ധ്യാത്മിക വിശ്വാസത്തിൻെറ കാതൽ."

( പുരാണിക് എൻസൈക്ലോപീഡിയ )

മനുഷ്യരുടെ രക്ഷകരെന്നു പറയുന്ന ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ ജന്മം കൊണ്ടതു് ഭാരതത്തിലെ ആദ്ധ്യാത്മികജ്ഞാനികളുടെ ചിന്തയിൽ

നിന്നാണെന്ന വസ്തുത ഇവിടെ വ്യക്തമാവുന്നു. സൃഷ്ടി, സ്ഥിതി, സംഹാരം എന്ന ചിന്തയുടെ സാഹിത്യപരമായ ആവിഷ്ക്കാരമാണ് ഈ ത്രിമൂർത്തികൾ. ഇതുപോലെതന്നെയാണ് പ്രപഞ്ചത്തിന്റെ മൂലകാരണമെന്നു പറയുന്ന ഈശ്വരന്റെയും അവസ്ഥ.

ചുരുക്കത്തിൽ മനുഷ്യരുടെ അജ്ഞതയിൽനിന്നാണ് ഈ ദൈവങ്ങളെല്ലാം ഉടലെടുത്തതു്.

## ശബരിമലയിൽ ഭക്തൻമാർ വർദ്ധിക്കുന്നത് എന്തുകൊണ്ട്?

യുക്തിവാദികളും, നിരീശ്വരവാദികളും, കമ്മ്യൂണിസ്റ്റുകാരും മതത്തിനും ദൈവത്തിനുമെതിരെ നിരന്തരം സമരം ചെയ്തിട്ടും എന്തുകൊണ്ട് ശബരിമലയിൽ ഭക്തന്മാർ വർദ്ധിക്കുന്നു എന്നൊരു ചോദ്യം പലരും ചോദിക്കാറുണ്ട്.

ഇതിന്റെ കാരണം അയ്യപ്പന്റെ ശക്തികൊണ്ടാണെന്നാണ് അവരുടെ അഭിപ്രായം. എന്നാൽ ഈ അഭിപ്രായം ശരിയല്ല. കാരണം അയ്യപ്പന്റെ ശക്തികൊണ്ടാണെങ്കിൽ നമ്മുടെ നാട്ടിൽ എത്രയോ അയ്യപ്പക്ഷേത്രങ്ങൾ കിടക്കുന്നു. അവിടെയും ശബരിമലയിലെപ്പോലെ ഭക്തന്മാർ വർദ്ധിക്കേണ്ടേ. എന്തുകൊണ്ട് കഴിയുന്നില്ല. അപ്പോൾ ശബരിമലയിൽ ഭക്തന്മാർ വർദ്ധിക്കുന്നതിന്റെ കാരണം അതല്ലായെന്നുള്ളതാണ്.

മററ് അയ്യപ്പക്ഷേത്രങ്ങൾക്ക് ശബരിമലയ്ക്ക് ലഭിക്കുന്നതുപോലുള്ള പ്രചരണം ലഭിക്കാറില്ല. കേരളത്തിലെ ഭൗതിക ചിന്താപ്രചാരകരായ കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ പ്രമുഖ പത്രങ്ങളിൽപോലും ശബരിമല സീസൺ തുടങ്ങിയാൽ വാർത്തകൾ നിരന്തരം കൊടുക്കുക പതിവാണ്. അതുപോലെ റേഡിയോയും ടെലിവിഷനുമൊക്കെ നല്ല പ്രചരണം കൊടുക്കാറുണ്ട്. പ്രചരണം ആരെയും ആകർഷിക്കാറുണ്ട്. ശബരിമലയ്ക്കു് ലഭിക്കുന്ന ഈ പ്രചരണം വലിയൊരു വിഭാഗം ആൾക്കാരെ അങ്ങോട്ട് ആകർഷിക്കുന്നു.

അതുപോലെ ശബരിമലയിൽ പോകുന്ന ഭൂരിഭാഗം പേരും അയ്യപ്പനെ കണ്ട് തൊഴുന്നതിനുവേണ്ടിയല്ല, മറിച്ച് ശബരിമല കാണുന്നതിന് വേണ്ടിയാണു പോകുന്നതു്. മലകൾ, പുഴകൾ, നദികൾ തുടങ്ങിയ പ്രകൃതിരമണീയമായ കാഴ്ചകൾ കാണുക ആർക്കും ആനന്ദം പകരുന്നതാണ്. ശബരിമലയിൽ നടക്കുന്ന കാര്യങ്ങൾ പത്രത്തിലൂടെയും മററും വായിക്കുകയും കാണുകയും ചെയ്യുന്നവർക്ക് അതൊരു ക്ഷണക്കത്താണു്. ഈ നിരന്തര ക്ഷണക്കത്തുകൾ ശബരിമല കാണുന്നതിനായി മനസ്സിനെ പ്രേരിപ്പിക്കുകയും ആകർഷിക്കുകയും അടുപ്പിക്കുകയും ചെയ്യും. അതിനുള്ള മറെറാരു കാരണം എല്ലാ മനസ്സിലുമടങ്ങിയിരിക്കുന്ന ടൂറിസ്ററ് മനോഭാവമാണു്.

ഉള്ളവനും ഇല്ലാത്തവനും സവർണ്ണനും അവർണ്ണനും ഇക്കാര്യത്തിൽ തുല്യരായി മാറുന്നു. ഈ യാഥാർത്ഥ്യമാണ് ശബരിമലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതു്.

# മാസ്സ് പുസ്തകങ്ങൾ

## കേരള ചരിത്രത്തിൽ സെൻറ് തോമസ് എവിടെ........?

സെൻറ് തോമസ് ചരിത്ര പുരുഷനാണെന്നും നിലയ്ക്കൽ ക്രൈസ്തവരുടേതാണെന്നുമുള്ള അവകാശവാദങ്ങളെ ചരിത്രപരമായ തെളിവുകളിലൂടെ വിശകലനം ചെയ്യുന്നു.

പി. എസ്. തെക്കുംഭാഗം — വില 15 ക.

## ചിരിക്കുന്ന ഭൂമിയും ചിരിക്കാത്ത മനുഷ്യരും

ഭൂമിക്കു് അതിർവരമ്പുകളുണ്ടു്. പക്ഷെ ദുഃഖം അതിർവരമ്പുകളില്ലാതെ് ഇരുളിൻെറ അനന്തതീരങ്ങളിൽ അലയുന്നു. സുഖവും ദുഃഖവുമിടകലർന്ന ജീവിത യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന മികച്ച ലേഖനങ്ങളുടെ സമാഹാരം.

വൈക്കം ചന്ദ്രശേഖരൻ നായർ. — വില 15 ക.

## ജീവനാംശബിൽ '86

കോളിളക്കം സൃഷ്ടിച്ച ഷഹബാനുകേസിൻെറ പശ്ചാത്തലത്തിൽ, പാർലമെൻറിൽ അവതരിപ്പിച്ച ജീവനാംശബില്ലിനെക്കുറിച്ച് ഒരു പഠനം.

മോഹൻ — വില 15 ക.

## എയ്ഡ്സും ലൈംഗികരോഗങ്ങളും

കുത്തഴിഞ്ഞ ലൈംഗിക ജീവിതം വരുത്തിവയ്ക്കുന്ന വലുതും ചെറുതുമായ ലൈംഗികരോഗങ്ങൾ, മാരകമായ എയ്ഡ്സ് ഇവയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട നിരവധി വിവരങ്ങൾ അടങ്ങിയ മികച്ച ഗ്രന്ഥം.

ഒരു സംഘം ഡോക്ടർമാർ — വില 15 ക.

## ഏറനാടിൻെറ ഇതിഹാസം

ചോരപ്പുഴയൊഴുകിയ ഏറനാടൻ കലാപം മലബാറിൻെറ ചരിത്രത്തിലെ അവിസ്മരീയമായ ഒരദ്ധ്യായമാണു്. വില്യം ലോഗൻെറ 'മലബാർ മാനുവലിനു്' ശേഷം ആ ചരിത്ര സംഭവം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു.

പി. എസ്. തെക്കുംഭാഗം — വില 15 ക

## കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും

കേരളത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളിൽ നിലനിൽക്കുന്ന നിരവധി ദിവ്യാത്ഭുതങ്ങളുടെ രഹസ്യങ്ങൾ വെളിച്ചത്താക്കുന്ന ഒരു ജ്വലഗ്രന്ഥം.

ശ്രീനി പട്ടത്താനം — വില 15 ക.

## അനുസരണക്കേടിന്റെ സുവിശേഷം

പ്രമുഖ യുക്തിവാദിയായ ജോൺസൺ ഐരൂരിന്റെ ശ്രദ്ധേയമായ ലേഖനങ്ങളുടെ സമാഹാരം.

ജോൺസൺ ഐരൂർ — വില 15 ക.

## യേശുകൃസ്തു കാശ്മീരിൽ

ഹെരോദാ രാജാവിനെ ഭയന്നു് ബത്ലഹേമിൽ പിറന്നു വീണ യേശുവിനേയും കൂട്ടി മറിയയും ജോസഫും മിസ്രായീമിലേക്കു് ഓടിപ്പോയി. അനന്തരം യുവാവായ യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ യോർദ്ദാൻകരെ എത്തി. തുടർന്നുള്ള ജീവിതം ബൈബിളിൽ വിവരിക്കുന്നു. എന്നാൽ യേശുവിന്റെ രഹസ്യജീവിതം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ? സ്പാനിഷ് സാഹിത്യകാരനായ ആൻഡ്രിയാസ് ഫേബർ കൈസർ എഴുതിയ ഈ പുസ്തകം വിവർത്തനം ചെയ്തിരിക്കുന്നതു് ആന്റണി പുളിക്കൽ

ആൻഡ്രിയാസ് ഫേബർ കെസർ

വിവ: ആന്റണി പുളിക്കൽ — വില 15 ക.

## മൊഴിമുത്തുകൾ

"വിജ്ഞാനിയുടെ ചൊല്ലുകൾ ഇടയന്റെ വടികൾ പോലെയാണു്. ക്രോസീകരിച്ച ചൊല്ലുകൾ അടിച്ചുറപ്പിച്ച ആണികൾ പോലെയും" മഹദ്വചനങ്ങളുടെ മനോഹരമായ സമാഹാരം.

സമ്പാദകൻ-മുളവന സജുമോൻ — വില 10 ക

നിങ്ങൾക്കു് ഈ പുസ്തകങ്ങൾ ലഭിക്കണമെന്നുണ്ടോ?

ബുക്കു് ക്ലബിലൂടെ 30 ശതമാനം വിലക്കുറവിൽ പുസ്തകങ്ങൾ ലഭിക്കാൻ വ്യക്തമായ വിലാസം അംഗത്വഫീസായ 10 രൂപ M. O. യോടുകൂടി അയയ്ക്കുക. മടക്കത്തപാലിൽ നിങ്ങൾക്കു് VPP ആയ പുസ്തകങ്ങൾ ലഭിക്കുന്നു. എഴുതുക.

Manager, Mass Publications, Kilikolloor P.O., Quilon - 691004

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
കൊടികുത്തിവാഴുന്ന നമ്മുടെ നാട്ടിൽ
ജാതിക്കോമരങ്ങൾ പുതിയ കോപ്പുകൾക്കുള്ളിൽ വന്നു
വീണ്ടും നമ്മെ ചൂഷണം ചെയ്യാൻ ശ്രമിക്കുമ്പോൾ
വർഗീയത ഫണം വിടർത്തിയാടുമ്പോൾ
മതനിരപേക്ഷത അക്ഷരങ്ങളായി ചിതലെടുക്കുമ്പോൾ
ആത്മീയദർശനത്തിന്റെ വിഷലിപ്തകണങ്ങൾവീണു
ജീർണിച്ച സമൂഹത്തെ
യുക്തിബോധത്തിന്റെ ശക്തമായ കരങ്ങൾകൊണ്ടു
ശുദ്ധീകരിക്കുവാൻ ഒരു മാധ്യമം

# യുക്തിരാജ്യം

---

**മലയാളത്തിലെ മികച്ച യുക്തിവാദ മാസിക**


---

വാർഷിക വരിക്കാരാകുന്നതിനും
ഏജൻസി വ്യവസ്ഥകൾക്കും എഴുതുക:

മാനേജർ, യുക്തിരാജ്യം, കൊല്ലം-4, കേരളം.



മാസ് പബ്ളിക്കേഷൻസ്
കിളികൊല്ലൂർ P.O.
കൊല്ലം–691004



# ശബരിമല
# അയ്യപ്പൻ
# സങ്കല്പവും
# യാഥാർത്ഥ്യവും

ശ്രീനി പട്ടത്താനം

Indic Digital Archive Foundation
gpura.org